# സമൂഹത്തെ മനസ്സിലാക്കാം

## (സമൂഹശാസ്ത്രം)

ഭാഗം - 2

XI

കേരളസർക്കാർ
പൊതുവിദ്യാഭ്യാസ വകുപ്പ്

തയാറാക്കിയത്
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം
2018

*First Edition*
*March 2006 Chaitra 1928*

***Reprinted***
*June 2014*

**PD 45T MJ**

***© National Council of Educational Research and Training, 2006***

**Rs. 154.00**

*Printed on 80 GSM paper*

Published by the SCERT, Thiruvananthapuram
Department of Education,
Government of Kerala
&
Printed at:
Centre for Advanced Printing and Training (C-apt),
(Government of Kerala), Thiruvananthapuram

**ALL RIGHTS RESERVED**

- No part of this publication may be reproduced, stored in a retrieval system or transmitted, in any form or by any means, electronic, mechanical, photocopying, recording or otherwise without the prior permission of the publisher.
- This book is sold subject to the condition that it shall not, by way of trade, be lent, re-sold, hired out or otherwise disposed of without the publisher's consent, in any form of binding or cover other than that in which it is published.
- The correct price of this publication is the price printed on this page, Any revised price indicated by a rubber stamp or by a sticker or by any other means is incorrect and should be unacceptable.

# ആമുഖം

ഏതു വിജ്ഞാനവും മാതൃഭാഷയിൽ പഠിക്കാനും പ്രകാശനം ചെയ്യാനും സാധിക്കും. അതിനുള്ള അവസരം പഠിതാക്കൾക്ക് ഒരുക്കേണ്ടത്, ഏതൊരു പഠന സമ്പ്രദായത്തിന്റെയും അനിവാര്യതയാണ്. അതിന്റെ തുടക്കമെന്ന നിലയ്ക്കാണ് ഹയർസെക്കന്ററി തലത്തിൽ ഭാഷേതര വിഷയങ്ങളിലെ പാഠപുസ്തകങ്ങൾ മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നത്.

മാതൃഭാഷയിലൂടെയുള്ള വിദ്യാഭ്യാസം, ജ്ഞാനസമ്പാദനത്തിനുള്ള സുഗമമാർഗം എന്നതിനോടൊപ്പം സാംസ്കാരികത്തനിമയുടെ തിരിച്ചറിയൽ കൂടിയാണ്. അതുകൊണ്ടാണ് വികസിതരാജ്യങ്ങൾ മാതൃഭാഷയെ മുഖ്യബോധന മാധ്യമമായി സ്വീകരിച്ചിരിക്കുന്നത്. ഇന്ത്യയിലാകട്ടെ, ദേശീയതലത്തിലുള്ള പ്രധാന പരീക്ഷകളെല്ലാം പ്രാദേശിക ഭാഷകളിൽക്കൂടി നടത്തുന്നതിനുള്ള സംവിധാനവും ഉണ്ടായി വരികയാണ്. ഈയൊരു സാഹചര്യത്തിൽ നമ്മുടെ കുട്ടികളും മാതൃഭാഷയുടെ ശക്തിസൗന്ദര്യങ്ങൾ തിരിച്ചറിഞ്ഞ് വിവിധ വിഷയങ്ങളിൽ ജ്ഞാനനിർമിതിയിൽ ഏർപ്പെടേണ്ടതുണ്ട്. അതിന് അവരെ സജ്ജരാക്കുകയാണ് ഈ പാഠപുസ്തകങ്ങളുടെ മുഖ്യ ലക്ഷ്യം.

പരിഭാഷപ്പെടുത്തിയ പുസ്തകങ്ങളിൽ അതത് വിഷയങ്ങളിലെ സാങ്കേതിക പദങ്ങൾ പരമാവധി മലയാളത്തിലാക്കിയിട്ടുണ്ട്. നമ്മുടെ ഭാഷയിൽ ചിരപരിചിതമായ ഇംഗ്ലീഷ് പദങ്ങളെ അതേപടി സ്വീകരിച്ചിട്ടുമുണ്ട്. വിവർത്തനത്തിന് തീർത്തും വഴങ്ങാത്ത പദങ്ങളെ അതേരീതിയിൽ തന്നെ ഉപയോഗിച്ചിരിക്കുന്നു. മാതൃഭാഷയിൽ പഠിക്കുന്നവർക്ക് ആശയഗ്രഹണം സുഗമമാക്കുന്ന വിധത്തിലാണ് പാഠപുസ്തകരചന നടത്തിയിരിക്കുന്നത്. അതോടൊപ്പം മലയാളഭാഷയുടെ വളർച്ചയ്ക്കും ഈ പ്രവർത്തനം സഹായകമാകുമെന്ന് കരുതുന്നു.

പാഠപുസ്തകവിവർത്തന രംഗത്ത് നമ്മുടെ രാജ്യത്ത് നടന്ന വലിയൊരു കാൽവെപ്പാണ് ഇത്. പ്രഥമ സംരംഭമെന്നനിലയിൽ പല പരിമിതികളും പരിഭാഷയിൽ വന്നിട്ടുണ്ടാകാം. ക്ലാസ്മുറിയിൽ പ്രയോഗത്തിൽ വരുമ്പോഴാണ് അവയെല്ലാം കൂടുതൽ ബോധ്യപ്പെടുക. തുടർന്ന് വരുന്ന ഘട്ടങ്ങളിൽ അവയൊക്കെ പരിഹരിക്കുന്നതിന് എല്ലാ അഭ്യുദയകാംക്ഷികളിൽ നിന്നും വിശിഷ്യ അധ്യാപകർ, വിദ്യാർത്ഥികൾ എന്നിവരിൽ നിന്നും അഭിപ്രായങ്ങളും നിർദേശങ്ങളും പ്രതീക്ഷിക്കുന്നു.

**ഡോ.ജെ. പ്രസാദ്**

ഡയറക്ടർ,

എസ്.സി.ഇ.ആർ.ടി. കേരളം

# FOREWORD

The National Curriculum Framework (NCF) 2005, recommends that children's life at school must be linked to their life outside the school. This principle marks a departure from the legacy of bookish learning which continues to shape our system and causes a gap between the school, home and community. The syllabi and textbooks developed on the basis of NCF signify an attempt to implement this basic idea. They also attempt to discourage rote learning and the maintenance of sharp boundaries between different subject areas. We hope these measures will take us significantly further in the direction of a child-centred system of education outlined in the National Policy on Education (1986).

The success of this effort depends on the steps that school principals and teachers will take to encourage children to reflect on their own learning and to pursue imaginative activities and questions. We must recognise that, given space, time and freedom, children generate new knowledge by engaging with the information passed on to them by adults. Treating the prescribed textbook as the sole basis of examination is one of the key reasons why other resources and sites of learning are ignored. Inculcating creativity and initiative is possible if we perceive and treat children as participants in learning, not as receivers of a fixed body of knowledge.

These aims imply considerable change in school routines and mode of functioning. Flexibility in the daily time-table is as necessary as rigour in implementing the annual calendar so that the required number of teaching days are actually devoted to teaching. The methods used for teaching and evaluation will also determine how effective this textbook proves for making children's life at school a happy experience, rather than a source of stress or boredom. Syllabus designers have tried to address the problem of curricular burden by restructuring and reorienting knowledge at different stages with greater consideration for child psychology and the time available for teaching. The textbook attempts to enhance this endeavour by giving higher priority and space to opportunities for contemplation and wondering, discussion in small groups, and activities requiring hands-on experience.

The National Council of Educational Research and Training (NCERT) appreciates the hard work done by the textbook development committee responsible for this book. We wish to thank the Chairperson of the advisory group in Social Sciences, Professor Hari Vasudevan and the Chief Advisor for this book, Professor Yogendra Singh for guiding the work of this committee. Several teachers contributed to the development of this textbook; we are grateful to their principals for making this possible. We are indebted to the institutions and organisations which have generously permitted us to draw upon their resources, material and personnel. We are especially grateful to the members of the National Monitoring Committee, appointed by the Department of Secondary and Higher Education, Ministry of Human Resource Development under the Chairpersonship of Professor Mrinal Miri and Professor G.P. Deshpande, for their valuable time and contribution. As an organisation committed to systemic reform and continuous improvement in the quality of its products, NCERT welcomes comments and suggestions which will enable us to undertake further revision and refinement.

*Director*
National Council of Educational
Research and Training

New Delhi
*20 December 2005*

# Textbook Development Committee

**Chairperson, Advisory Committee for Social Science Textbooks at the Higher Secondary Level**

Hari Vasudevan, *Professor*, Department of History, University of Kolkata, Kolkata

**Chief Advisor**

Yogendra Singh, *Emeritus Porfessor,* Centre for the Study of Social Systems, Jawaharlal Nehru University, New Delhi

**Members**

Anjan Ghosh, *Fellow*, Centre for Studies in Social Sciences, Kolkata

Arshad Alam, *Lecturer*, Centre for Jawaharlal Nehru Studies, Jamia Milia Islamia, New Delhi

Arvind Chouhan, *Professor*, Department of Sociology, Barkatullah University, Bhopal

**Debal Singh Roy, *Professor*, Department of Sociology, Indira Gandhi National Open University, New Delhi**

Dinesh Kumar Sharma, *Professor*, Department of Education in Social Sciences and Humanities, NCERT

Jitendra Prasad, *Professor*, Department of Sociology, Mahrishi Dayanand University, Rohtak

M.N. Karna, *Professor (Retd.)*, Department of Sociology, North Eastern Hill University, Shillong

Maitrayee Chaudhuri, *Professor*, Centre for the Study of Social Systems, Jawaharlal Nehru University, New Delhi

Manju Bhatt, *Professor*, Department of Education in Social Sciences and Humanities, NCERT

Pushpesh Kumar, *Doctoral Fellow*, Institute of Economic Growth, University of Delhi, Delhi

Rajesh Mishra, *Professor*, Department of Sociology, Lucknow University, Lucknow

Rajiv Gupta, *Professor*, Department of Sociology, University of Rajasthan, Jaipur

S. Srinivasa Rao, *Assistant Professor*, Zakir Husain Centre for Educational Studies, Jawaharlal Nehru University, New Delhi

Satish Deshpande, *Professor*, Department of Sociology, University of Delhi, Delhi

Soumendra Mohan Patnayak, *Professor*, Department of Anthropology, University of Delhi, Delhi

Subhangi Vaidya, *Assistant Director*, Regional Service Division, Indira Gandhi National Open University, New Delhi

**Member-Coordinator**

Sarika Chandrawanshi Saju, *Assistant Professor*, Department of Education in Social Sciences and Humanities, NCERT

# പാഠപുസ്തക വിവർത്തനം

## ശില്പശാലയിൽ പങ്കെടുത്തവർ

**അജിത് ആർ. പിള്ള**
എച്ച്.എസ്.എസ്.ടി, ഡി.ബി.എച്ച്.എസ്.എസ്. പത്തനംതിട്ട

**പ്രവീൺകുമാർ സി.ഡി.**
എച്ച്.എസ്.എസ്.ടി., പി.ടി.എം.എച്ച്.എസ്.എസ്. താഴേക്കോട്, മലപ്പുറം

**ജൻകേഷ് കെ.**
എച്ച്.എസ്.എസ്.ടി., ഇരിട്ടി എച്ച്.എസ്.എസ്. കണ്ണൂർ

**ഫൈസൽ കെ.**
എച്ച്.എസ്.എസ്.ടി., ഇ.എം.ഇ.എ.എച്ച്.എസ്.എസ്. കൊണ്ടോട്ടി, മലപ്പുറം

**സാനു കെ. സുഗതൻ**
എച്ച്.എസ്.എസ്.ടി., ടി.കെ.എം.എച്ച്.എസ്.എസ്. വാണിയംകുളം

**അബ്ദുൽസമദ് കെ. സി.**
എച്ച്.എസ്.എസ്.ടി., ജി.എച്ച്.എസ്.എസ്., വടകര, പുത്തൂർ

**മധുസൂദനൻ എം.**
എച്ച്.എസ്.എസ്.ടി., ജി.വി.എച്ച്.എസ്.എസ്. ഇടയന്നൂർ, കണ്ണൂർ

## വിദഗ്ധർ

**ഡോ. സജി പി. ജേക്കബ്**
പ്രിൻസിപ്പൽ, ലയോള കോളേജ് ഓഫ് സോഷ്യൽ സയൻസ് തിരുവനന്തപുരം

**ഡോ. പുഷ്പം എം.**
ഡിപാർട്ട്മെന്റ് ഓഫ് സോഷ്യോളജി യൂണിവേഴ്സിറ്റി ഓഫ് കേരള

**ഡോ. സുന്ദരരാജ് ടി.**
അസി. പ്രൊഫസർ, ഡിപാർട്ട്മെന്റ് ഓഫ് സോഷ്യോളജി പെരിയാർ യൂണിവേഴ്സിറ്റി, സേലം

**ഡോ. കെ.എം. ഭരതൻ**
പ്രഫസർ, ഡിപാർട്ട്മെന്റ് ഓഫ് കൾചറൽ ഹെറിറ്റേജ് മലയാളം യൂണിവേഴ്സിറ്റി

## പ്രൂഫ്

**പി. യഹിയ**
ജി.ജി.എം.ജി. എച്ച്.എസ്.എസ്., ചാലപ്പുറം, കോഴിക്കോട്

## ചിത്രങ്ങൾ

**സന്തോഷ് വെളിയന്നൂർ**

## അക്കാദമിക് കോഡിനേറ്റർ

**അഞ്ജന വി. ആർ. ചന്ദ്രൻ,** റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി.

K6M4D5

## ഉള്ളടക്കം


1. സമൂഹത്തിലെ ഘടന, ശ്രേണീകരണം, പ്രക്രിയകൾ .............. 1–22

2. ഗ്രാമീണ-നാഗരിക സമൂഹങ്ങളിലെ സാമൂഹികമാറ്റവും സാമൂഹികക്രമവും .............................................................. 23–52

3. പരിസ്ഥിതിയും സമൂഹവും ........................................................... 53–72

4. പാശ്ചാത്യ സമൂഹശാസ്ത്രജ്ഞർ ................................................ 73–94

5. ഇന്ത്യൻ സമൂഹശാസ്ത്രജ്ഞർ .................................................... 95–117

| ഈ പുസ്തകത്തിൽ സൗകര്യത്തിനായി ചില മുദ്രകൾ ഉപയോഗിച്ചിരിക്കുന്നു. | |
|---|---|
|  | പ്രവർത്തനം |
|  | അൽപ്പംകൂടി |
|  | പദാവലി |
|  | ചോദ്യങ്ങൾ |
|  | ആധാരഗ്രന്ഥങ്ങൾ |

# സമൂഹത്തിലെ ഘടന ശ്രേണീകരണം പ്രക്രിയകൾ

# 1

# SOCIAL STRUCTURE, STRATIFICATION AND SOCIAL PROCESSES IN SOCIETY

X5C1G7



## 1. ആമുഖം

സമൂഹശാസ്ത്രത്തെ പരിചയപ്പെടൽ എന്ന ഒന്നാം ഭാഗത്തിൽ (NCERT 2006) വ്യക്തിപരമായ പ്രശ്നങ്ങളും സാമൂഹികപ്രശ്നങ്ങളും എങ്ങനെ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നുവെന്നു നാം ചർച്ചചെയ്തു. വർഗം, ലിംഗം, ജാതി, ഗോത്രം എന്നീ കൂട്ടായ്മകളിൽ വ്യക്തികൾക്കുള്ള സ്ഥാനം നിർണയിക്കപ്പെടുന്നുവെന്നും നാം കണ്ടു. വ്യക്തി നിരവധി കൂട്ടായ്മകളുടെ ഭാഗമാണ്. ഉദാഹരണത്തിന്, സമപ്രായക്കാരുടെ സംഘം, കുടുംബം, ബന്ധുത്വം, വർഗം, ജാതി, രാഷ്ട്രം, മതം എന്നിവ. അതുകൊണ്ട് സാമൂഹികഘടനയിലും സാമൂഹികശ്രേണീകരണത്തിലും ഓരോ വ്യക്തിക്കും കൃത്യമായ സ്ഥാനമുണ്ട്. വ്യത്യസ്തതലത്തിലും തരത്തിലുമാണ് വ്യക്തികൾ സാമൂഹികവിഭവങ്ങൾ നേടിയെടുക്കുന്നത്. ഉദാഹരണത്തിന്, ഒരു വ്യക്തിയുടെ സ്കൂൾപ്രവേശനം തിരഞ്ഞെടുക്കുന്നതിൽ ആ വ്യക്തി ഉൾപ്പെടുന്ന സാമൂഹികശ്രേണിയെ ആശ്രയിക്കുന്നു. അതുപോലെ വ്യക്തി ധരിക്കുന്ന വസ്ത്രം, ഭക്ഷണം, വിശ്രമസമയം, ചികിത്സാസൗകര്യം,

ജീവിതരീതികൾ എന്നിവ തീരുമാനിക്കുന്നതും സാമൂഹികശ്രേണിയാണ്. സാമൂഹികഘടനയിലെന്നപോലെ സാമൂഹികശ്രേണീകരണവും വ്യക്തിയുടെ പ്രവർത്തനങ്ങളെ പരിമിതപ്പെടുന്നു.

വ്യക്തികളും സമൂഹവും തമ്മിലുള്ള വൈരുധ്യാത്മകമായ ബന്ധം മനസ്സിലാക്കാനാണ് സമൂഹശാസ്ത്രവീക്ഷണം ശ്രമിക്കുന്നത്. സമൂഹശാസ്ത്രസങ്കൽപ്പം (Sociological Imagination) എന്ന ആശയം ഉപയോഗിച്ച് സി. റൈറ്റ് മിൽസ് വ്യക്തിയും സമൂഹവും തമ്മിലുള്ള ബന്ധം വിശകലനം ചെയ്തു. മുൻ പാഠഭാഗത്ത് നാം അതു മനസ്സിലാക്കിയിട്ടുണ്ട്. ഈ ബന്ധം മനസ്സിലാക്കുന്നതിന് നമുക്ക് സാമൂഹികഘടന, സാമൂഹികശ്രേണീകരണം, സാമൂഹികപ്രക്രിയ എന്നീ പ്രധാന സങ്കൽപ്പനങ്ങൾ വിശകലനം ചെയ്യേണ്ടതുണ്ട്. അടുത്ത അധ്യായത്തിൽ നാഗരിക-ഗ്രാമീണസമൂഹങ്ങളിലെ സാമൂഹികഘടനയിലെ വ്യത്യസ്തതകൾ പഠിക്കും. അവസാനപാഠഭാഗത്തിൽ പാശ്ചാത്യ സമൂഹശാസ്ത്രജ്ഞരുടെയും ഇന്ത്യൻ സമൂഹശാസ്ത്രജ്ഞരുടെയും സിദ്ധാന്തങ്ങളിലൂടെ സാമൂഹികഘടനയെയും സാമൂഹികശ്രേണീകരണത്തെയും സാമൂഹികപ്രക്രിയകളെയും കൂടുതൽ ആഴത്തിൽ മനസ്സിലാക്കും.

ഏതു പരിധിവരെ വ്യക്തികൾ സാമൂഹികഘടനയാൽ നിയന്ത്രിക്കപ്പെട്ടിരിക്കുന്നു? വ്യക്തി സാമൂഹികഘടനയുടെ നിയന്ത്രണത്തിൽ നിന്നു സ്വതന്ത്രനാണോ? സാമൂഹികശ്രേണിയിലെ സ്ഥാനം ഒരു വ്യക്തിയുടെ അവസരങ്ങളെ എത്രത്തോളം ക്രമീകരിക്കുന്നു? സാമൂഹികഘടനയും സാമൂഹികശ്രേണീകരണവും വ്യക്തികളുടെ പെരുമാറ്റരീതികളെ സ്വാധീനിക്കുന്നുണ്ടോ? സമൂഹത്തിലെ സഹകരണം, മത്സരം, സംഘർഷം എന്നിവ രൂപപ്പെടുത്തുന്നതിൽ സാമൂഹികഘടനയ്ക്ക് പങ്കുണ്ടോ?

ഈ പാഠഭാഗത്ത് സാമൂഹികഘടനയും സാമൂഹികശ്രേണീകരണവുമാണ് പ്രധാന ചർച്ചാവിഷയം. സഹകരണം, മത്സരം, സംഘർഷം എന്നീ സാമൂഹികപ്രക്രിയകളെ ഇവിടെ വിശകലനം ചെയ്യുന്നു. വ്യക്തികളും സംഘങ്ങളും എങ്ങനെയാണ് സഹകരണം, സംഘർഷം, മത്സരം എന്നീ പ്രക്രിയകളിൽ ഏർപ്പെടുന്നതെന്നും സാമൂഹികഘടനയ്ക്കും സാമൂഹികശ്രേണീകരണത്തിനും സാമൂഹികപ്രക്രിയയുമായുള്ള ബന്ധവും നാം ചർച്ചചെയ്യുന്നു.

### സാമൂഹികഘടനയും സാമൂഹിക ശ്രേണീകരണവും (Social Structure and Social Stratification)

സമൂഹം ഒരു പ്രത്യേക രീതിയിലാണ് സംഘടിപ്പിക്കപ്പെട്ടിരിക്കുന്നത്. ജനങ്ങളുടെ പെരുമാറ്റത്തിലും ബന്ധങ്ങളിലും ചില ക്രമങ്ങളും മാതൃകകളുമുണ്ട്. നമ്മുടെ സാമൂഹികചുറ്റുപാട് എന്നത് കേവലം പ്രവൃത്തികളുടെയും സംഭവങ്ങളുടെയും ആകത്തുകയല്ല, കൃത്യമായ നിയന്ത്രണത്തിനും രീതികൾക്കും അനുസരിച്ചുള്ള ക്രമബന്ധിതമായ പെരുമാറ്റങ്ങൾ ഉൾക്കൊള്ളുന്നതാണ്. അത് വ്യക്തികളുടെ പെരുമാറ്റത്തെ നിയന്ത്രിക്കുന്നു. ഈ ക്രമങ്ങളെയാണ് സാമൂഹികഘടന എന്നു പരാമർശിക്കുന്നത്. സാമൂഹികഘടനയെ ഒരു കെട്ടിടത്തോട് ഉപമിക്കാം. തറ, മേൽക്കൂര, ചുമര് എന്നിവ ചേർന്നാണ് കെട്ടിടത്തിന് ഒരു ഘടന രൂപപ്പെട്ടത് (Giddens-2004-667).


ആന്റണി ഗിഡൻസ്

ഈ രൂപകാലങ്കാരം അയവില്ലാതെ ഉപയോഗിക്കുന്നത് തെറ്റിദ്ധാ

രണോജനകമാണ്. മനുഷ്യപ്രയത്നത്താലും ബന്ധങ്ങളാലുമാണ് സാമൂഹികഘടനകൾ നിർമിക്കപ്പെടുന്നത്. അവർക്ക് ഈ മാതൃക ക്രമം ലഭിക്കുന്നത് ദേശകാലാന്തരങ്ങളുടെ പുനരാവർത്തനം മൂലമാണ്. സമൂഹശാസ്ത്ര അപഗ്രഥനത്തിൽ സാമൂഹികഘടനയും സാമൂഹികപ്രത്യുൽപ്പാദനവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. ഉദാഹരണമായി, സ്കൂൾ, കുടുംബം എന്നീ സ്ഥാപനങ്ങളെ അപഗ്രഥിക്കുമ്പോൾ നമുക്ക് ഈ കാര്യം വ്യക്തമാകും. സ്കൂളിൽ നിരവധി പെരുമാറ്റരീതികൾ ആവർത്തിക്കുന്നു. സ്കൂൾ പ്രവേശനം, അച്ചടക്കം, വാർഷിക ചടങ്ങുകൾ, അസംബ്ലി എന്നിവ ആവർത്തിച്ചുകൊണ്ടിരിക്കുന്നു. കുടുംബത്തിലെ പെരുമാറ്റം, വിവാഹം, ആചാരം, ബന്ധങ്ങളുടെ ആശയങ്ങൾ, കടമ, പ്രതീക്ഷകൾ എന്നിവ നിശ്ചയിക്കപ്പെട്ടിരിക്കുന്നു. കുടുംബത്തിൽ പ്രായമായവർ മരിക്കുകയും കുട്ടികൾ ജനിക്കുകയും ചെയ്യുന്നു. എങ്കിലും സ്കൂളും കുടുംബവും സ്ഥാപനങ്ങൾ എന്ന രീതിയിൽ നിലനിൽക്കുന്നു. എന്നാൽ അവയിൽ ചില മാറ്റങ്ങളും രൂപപ്പെടുന്നു. സ്കൂൾ, കുടുംബം എന്നീ സ്ഥാപനങ്ങളിൽ മാറ്റങ്ങൾ കൊണ്ടുവരുകയും മാറ്റങ്ങൾക്കനുസരിച്ച് പുതിയ ക്രമവും ഘടനയും രൂപപ്പെടുകയും ചെയ്യുന്നു.

*എന്റെ ചുമതലകൾ സഹോദരൻ, ഭർത്താവ്, പൗരൻ എന്ന രീതിയിൽ നിർവഹിക്കുമ്പോൾ, സമൂഹം നിർവചിച്ച രീതിയിൽ ഞാനെന്റെ ചുമതലകൾക്കൂടി നിർവഹിക്കുന്നു. അത്തരം ചുമതലകൾ നിറവേറ്റുന്നത് നിർവചിക്കപ്പെട്ട ആചാരങ്ങളുടെയും വഴക്കത്തിന്റെയും നിയമത്തിന്റെയും അടിസ്ഥാനത്തിലാണ്. അവ എനിക്കും എന്റെ ചിന്തയ്ക്കും പ്രവൃത്തിക്കും പുറത്താണ്. എന്റെ ആശയങ്ങൾ പ്രകടിപ്പിക്കാൻ ഞാൻ ഉപയോഗിക്കുന്ന ചിഹ്നങ്ങൾ, കടബാധ്യതകൾ തീർക്കാൻ ഉപയോഗിക്കുന്ന പണപരമായ സംവിധാനങ്ങൾ, എന്റെ തൊഴിലിൽ ഞാൻ ഉപയോഗിക്കുന്ന രീതികൾ എന്നിവ സ്വതന്ത്രമായി ധർമങ്ങൾ നിർവഹിക്കുന്നു. ഞാനവയെ ഉപയോഗിക്കുന്നു.*

(ഉറവിടം: 1933; തൊഴിൽവിഭജനവും സമൂഹവും, ദുർഖീം)



കുടുംബങ്ങളിലും വിദ്യാലയങ്ങളിലും എങ്ങനെയാണു മാറ്റങ്ങൾ ഉണ്ടായതെന്നും മാറ്റങ്ങളുണ്ടാകാതെ ചിലത് എങ്ങനെ നിലനിന്നുവെന്നും മുതിർന്ന തലമുറയിലുള്ള മുത്തശ്ശനോടും മുത്തശ്ശിയോടും ചോദിച്ചറിയുക.

പഴയതും പുതിയതുമായ നോവലുകളിലും സീരിയലുകളിലും സിനിമകളിലുമുള്ള കുടുംബത്തെക്കുറിച്ചുള്ള വിവരണങ്ങൾ താരതമ്യം ചെയ്യുക.

നിങ്ങളുടെ കുടുംബത്തിലെ സാമൂഹികപെരുമാറ്റങ്ങളുടെ ക്രമവും വ്യവസ്ഥകളും നിരീക്ഷിക്കുക. നിങ്ങളുടെ കുടുംബഘടന വിശദീകരിക്കുക.

നിങ്ങളുടെ വിദ്യാലയത്തിന്റെ ഘടനയെപ്പറ്റി അധ്യാപകരുമായി ചർച്ചചെയ്യുക. വിദ്യാലയഘടനയെ നിലനിർത്താനോ പുനർനിർണയിക്കാനോ അധ്യാപകർക്കും നിങ്ങൾക്കും ചില പ്രത്യേക രീതികൾ അവലംബിക്കേണ്ടതുണ്ടോ? നിങ്ങളുടെ കുടുംബത്തിലും വിദ്യാലയത്തിലും മാറ്റങ്ങൾ സംഭവിക്കുന്നതിനെക്കുറിച്ച് ചിന്തിക്കുമ്പോൾ, അവയിൽ ചിലത് തടയപ്പെട്ടത് എന്തുകൊണ്ടായിരിക്കാം? ആരാലായിരിക്കാം?

മുകളിൽ ചർച്ചചെയ്തപോലെ സമൂഹത്തിന്റെ ഓരോ ഘടകവും പുനർനിർമിക്കപ്പെട്ടിരിക്കുന്നു. സ്കൂൾ, കുടുംബം എന്നീ സ്ഥാപനങ്ങളിൽ മാറ്റങ്ങൾ സംഭവിക്കുകയും സാമൂഹികപ്രത്യുൽപ്പാദനം (Social Reproduction ) നടക്കുകയും ചെയ്യുന്നു. സഹകരണം എന്ന പ്രക്രിയ സാമൂഹികപ്രത്യുൽപ്പാദനത്തെ സഹായിക്കുന്നു. മത്സരം, സംഘർഷം എന്നീ പ്രക്രിയകളും സാമൂഹികപ്രത്യുൽപ്പാദനത്തെ

നിർണയിക്കുന്നു. സഹകരണ പ്രക്രിയക്കകത്ത് ചിലപ്പോൾ ഗുരുതരമായ സംഘർഷം ഒളിഞ്ഞിരിക്കുന്നുണ്ടാവും. സഹകരണം സ്വമേധയാ ഉള്ളതോ അടിച്ചേൽപ്പിക്കുന്നവയോ ആവാമെന്ന് ഈ അധ്യായത്തിൽ തുടർന്നു വരുന്ന ഭാഗത്തിൽ കാണാം.



സാമൂഹികഘടന ഏതു രീതിയിലാണ് വ്യക്തികളെ നിയന്ത്രിക്കുന്നത് എന്നു കണ്ടെത്തുക. വ്യക്തികൾ സാമൂഹികഘടനയിൽ പരിവർത്തനം വരുത്തിയതിന് ഉദാഹരണങ്ങൾ കണ്ടെത്തുക.

പ്രസിദ്ധ സമൂഹശാസ്ത്രജ്ഞനായ എമിൽ ദുർഖീമിന്റെ അഭിപ്രായത്തിൽ, അംഗങ്ങളിൽ എപ്പോഴും സമൂഹം സമ്മർദം ഏൽപ്പിക്കുന്നു. വ്യക്തികൾക്കുമേൽ സമൂഹത്തിന് ആധിപത്യമുണ്ട്. വ്യക്തികളുടെ പ്രവൃത്തികളുടെ ആകെത്തുകയേക്കാൾ കൂടുതലാണ് സമൂഹം. അതിന്റെ ഉറപ്പും ബലവും ഭൗതികസാഹചര്യങ്ങളുടെ ഘടനയുമായി താരതമ്യം ചെയ്യാൻ കഴിയുന്നതാണ്.

നിരവധി വാതിലുകളുള്ള മുറിയിൽ അകപ്പെട്ട ഒരു വ്യക്തിയെ സങ്കൽപ്പിക്കുക. ആ മുറിയുടെ ഘടന അയാളുടെ പ്രവർത്തനങ്ങൾക്കു നിയന്ത്രണങ്ങളും പരിധിയും സൃഷ്ടിക്കുന്നു. മുറിയിലെ ചുമരുകളും വാതിലുകളും അകത്തേക്കും പുറത്തേക്കുമുള്ള പ്രവേശനം നിശ്ചയിക്കുന്നു. അതേപോലെത്തന്നെയാണ് ഒരു വ്യക്തിയുടെ പ്രവർത്തനങ്ങളെ സാമൂഹികഘടന നിശ്ചയിക്കുന്നത്. വാതിലുകളും ചുമരുകളുമാണ് മുറിയിൽ വ്യക്തിസ്വാതന്ത്ര്യം നിയന്ത്രിക്കുന്നത്. ദുർഖീമിന്റെ അഭിപ്രായത്തിൽ വീടിന്റെ ചുമരുകളെയും വാതിലുകളെയും പോലെ സാമൂഹികഘടന സമാന്തരമായി വ്യക്തികളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നു.

മറ്റൊരു സമൂഹശാസ്ത്രജ്ഞനായ കാൾ മാക്സിന്റെ അഭിപ്രായത്തിൽ, സാമൂഹികഘടന വ്യക്തിയിൽ നിയന്ത്രണം ഏർപ്പെടുത്തുന്നുണ്ട്. എന്നാൽ വ്യക്തികളുടെ ക്രിയാത്മകതയും സർഗബോധവും സാമൂഹിക ഘടനയെ പരിഷ്കരിക്കുന്നതിലേക്കു നയിക്കുന്നുവെന്ന് അദ്ദേഹം വിശ്വസിച്ചു. മനുഷ്യൻ ചരിത്രം നിർമിച്ചത് അവർക്കാവശ്യമായ രീതിയിലല്ല, അവർ ഉൾപ്പെട്ടിരിക്കുന്ന ഘടനാപരമായ വ്യവസ്ഥയുടെ സാധ്യതയ്ക്കും പരിമിതികൾക്കുമുള്ളിൽനിന്നുകൊണ്ടാണ്.

സാമൂഹികശ്രേണീകരണം സൂചിപ്പിക്കുന്നത് സമൂഹത്തിനും സംഘങ്ങൾക്കും ഇടയിലുള്ള ഘടനാപരമായ അസമത്വത്തെയാണ്. സാമൂഹികസംഘങ്ങളുമായി ബന്ധപ്പെട്ടതാണ് സാമൂഹിക അസമത്വം. സാമൂഹികശ്രേണീകരണം വ്യക്തികളുടെ സാമൂഹികവിഭവങ്ങളിലേക്കും ഭൗതികവിഭവങ്ങളിലേക്കുമുള്ള ചലനാത്മകതയെ നിയന്ത്രിക്കുന്നു. എല്ലാ സമൂഹങ്ങളിലും ഏതെങ്കിലും രീതിയിലുള്ള സാമൂഹികശ്രേണീകരണം കാണാം. അധികാരത്തിന്റെയും ശക്തിയുടെയും വ്യത്യസ്തതകൾ ആധുനികസമൂഹത്തിൽ കൂടുതലായി കാണുന്നു. വർഗവിഭജനം, ജാതി, വംശം, മതം, സമുദായം, ഗോത്രം എന്നിവ സാമൂഹികശ്രേണീകരണത്തിന്റെ വിവിധ രൂപങ്ങളാണ്.

ചില മാതൃകാപരമായ പെരുമാറ്റങ്ങളെയാണ് സാമൂഹികഘടനയെന്ന് സൂചിപ്പിക്കുന്നത്. സാമൂഹികശ്രേണീകരണം വിപുലമായ സാമൂഹികഘടനയിലെ അസമത്വം വിശേഷിപ്പിക്കുന്നു. അസമത്വം അംഗങ്ങൾക്കിടയിൽ യാദൃച്ഛികമായി വിതരണം ചെയ്യപ്പെടുന്നതല്ല. ഇത് സംഘാംഗത്വവുമായി ബന്ധപ്പെട്ടിരിക്കുന്നു. സാമൂഹികശ്രേണിയിലെ ഉയർന്ന പാളിയിലുള്ളവർ സാമൂഹികവും സാമ്പത്തികവുമായ വിഭവങ്ങൾ കൈവശപ്പെടുത്തുകയും നിലനിർത്തുകയും ചെയ്യുന്നു.

അത് അവരുടെ കുട്ടികളിലേക്കു കൈമാറ്റം ചെയ്യുകയും ചെയ്യുന്നു.

(Jayaram 1987, 22)

അസമമായ വിതരണത്തിന്റെ ഭാഗമായുള്ള വ്യത്യസ്ത അവസരങ്ങൾ വേർതിരിച്ച് അറിയേണ്ടത് അത്യാവശ്യമാണ്. വിശേഷ അവകാശങ്ങളുള്ള സംഘങ്ങൾ സമൂഹത്തിലെ താഴെ പറയുന്ന ചില അടിസ്ഥാനരൂപങ്ങളിലുള്ള ആനുകൂല്യങ്ങൾ അനുഭവിക്കുന്നു.

1. ജീവിതാവസരങ്ങൾ (Life Chances): ഭൗതികമായ നേട്ടങ്ങൾ അവരുടെ ജീവിതനിലവാരം ഉയർത്തുന്നു. സമ്പത്ത്, വരുമാനം, സുരക്ഷിതത്വം, വിനോദങ്ങൾ, ആരോഗ്യം എന്നീ ഘടകങ്ങൾ അവരുടെ ഭൗതികജീവിത ഗുണമേന്മ വർധിപ്പിക്കുന്നു.
2. സാമൂഹികപദവി (Social Status): മറ്റുള്ളവരുടെ കാഴ്ചപ്പാടിൽ ഉയർന്ന അന്തസ്സും പദവിയും അവർ അനുഭവിക്കുന്നു.
3. രാഷ്ട്രീയസ്വാധീനം (Political Influence): വിശേഷ അധികാരമുള്ള സംഘങ്ങൾക്ക് മറ്റുള്ളവർക്കുമേൽ സ്വാധീനം സ്ഥാപിക്കാനും തീരുമാനങ്ങൾ രൂപപ്പെടുത്തുന്നതിൽ നിർണായക പങ്കുവഹിക്കാനും കഴിയുന്നു. ആ തീരുമാനങ്ങളിൽനിന്നു മെച്ചമുണ്ടാക്കാനും അവർക്കു സാധിക്കുന്നു.

സാമൂഹികശ്രേണീകരണം സാമൂഹിക പ്രക്രിയകൾക്ക് പരിധികളുണ്ടാക്കുന്നു. വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും മത്സരം, സഹകരണം, സംഘർഷം എന്നിവയിൽ പങ്കെടുക്കാനുള്ള അവസരം രൂപപ്പെടുത്തുന്നത് സാമൂഹികശ്രേണീകരണവും സാമൂഹിക ഘടകങ്ങളുമാണ്. അതേയവസരത്തിൽ മനുഷ്യർ ശ്രേണീകരണത്തിന്റെ ഘടനയും വ്യവസ്ഥയും മെച്ചപ്പെടുത്തുന്നതിനായി പ്രവർത്തിക്കുന്നു.

### സമൂഹശാസ്ത്രത്തിൽ സാമൂഹിക പ്രക്രിയകൾ മനസ്സിലാക്കുന്നതിനുള്ള രണ്ടു വഴികൾ (Two Ways of understanding Social Processes in Sociology)

'സമൂഹശാസ്ത്രത്തിന് ഒരു ആമുഖം' എന്ന ഒന്നാംഭാഗത്തിൽ സാമാന്യബോധംകൊണ്ടുള്ള അറിവിന്റെ പരിമിതി നാം തിരിച്ചറിഞ്ഞു (Class XI, NCERT 2006). സാമാന്യബോധത്തിലെ അറിവ് പരിശോധിക്കപ്പെടാത്തതും ശരിയെന്നു വിശ്വസിക്കുന്നതുമാകുന്നു. എന്നാൽ സമൂഹശാസ്ത്രം സാമാന്യബോധംവഴിയുള്ള അറിവിനെ ചോദ്യംചെയ്യുന്നു. മനശ്ശാസ്ത്രപരമോ പ്രകൃതിശാസ്ത്രപരമോ ആയ വിശദീകരണം സമൂഹശാസ്ത്രം സ്വീകരിക്കുന്നില്ല. മത്സരം, സംഘർഷം, സഹകരണം എന്നീ സാമൂഹികപ്രക്രിയകളെ സാമൂഹിക ഘടനയുടെ അടിസ്ഥാനത്തിൽ സമൂഹശാസ്ത്രം വിശദീകരിക്കുന്നു. 'സമൂഹശാസ്ത്രത്തിന് ഒരാ മുഖം' എന്ന പുസ്തകത്തിൽ സമൂഹത്തിന്റെ വൈവിധ്യങ്ങൾ ചർച്ചചെയ്തു.



സഹകരണം, മത്സരം, സംഘർഷം എന്നിവയ്ക്കുള്ള ഉദാഹരണങ്ങൾ നിങ്ങളുടെ നിത്യജീവിതത്തിൽ നിന്നും കണ്ടെത്തുക.

നിർവഹണവാദികളായ സമൂഹശാസ്ത്രജ്ഞരും (Functionalist) സംഘട്ടനവാദികളായ സമൂഹശാസ്ത്രജ്ഞരും (Conflict theorist) സാമൂഹികപ്രക്രിയകളെ വ്യത്യസ്തരീതിയിലാണ് വിശദീകരിക്കുന്നത്. കാൾമാക്സ് സംഘട്ടനവാദ കാഴ്ചപ്പാടിലൂടെയും ദുർഖീം നിർവഹണവാദ കാഴ്ചപ്പാടിലൂടെയും സാമൂഹികപ്രക്രിയകൾ വിശകലനം ചെയ്യുന്നു. ദുർഖീമിന്റെ അഭിപ്രായത്തിൽ, മനുഷ്യന് അവന്റെ അടിസ്ഥാനപരമായ ആവശ്യങ്ങൾ പൂർത്തീകരിക്കുന്നതിനു സഹകരണം അത്യാവശ്യമാണ്. അത്തരം സഹകരണത്തി





വിവിധതരത്തിലുള്ള സാമൂഹികപ്രക്രിയകൾ

ലൂടെ അവരുടേതായ ലോകത്തെ ഉൽപ്പാദിപ്പിക്കുകയും പുനരുൽപ്പാദിപ്പിക്കുകയും ചെയ്യുന്നു.

ചരിത്രപരമായ കാലഘട്ടങ്ങളിൽ സഹകരണമാണ് സാമൂഹികപ്രക്രിയയ്ക്ക് വന്നിരിക്കുന്ന മാറ്റങ്ങൾക്കു കാരണമെന്ന് സംഘട്ടനവാദികൾ മനസ്സിലാക്കുന്നു. പ്രാചീന ലളിത സമൂഹങ്ങളിൽ മനുഷ്യൻ കൂടുതലൊന്നും ഉൽപ്പാദിപ്പിച്ചിരുന്നില്ല. എന്നാൽ അവിടെ സഹകരണമുണ്ടായിരുന്നു. സമൂഹം കൂടുതൽ ഉൽപ്പാദിപ്പിച്ചപ്പോൾ പ്രബലവിഭാഗം രൂപപ്പെടുകയും അവരുടെ നിയന്ത്രണത്തിലേക്ക് ഉൽപ്പാദന പ്രവർത്തനം മാറുകയും ചെയ്തു. വ്യവസായികളും തൊഴിലാളികളും സഹകരണത്തിൽ ഏർപ്പെടുന്നു. എന്നാൽ ഉൽപ്പാദന ബന്ധങ്ങളിലെ വിരുദ്ധതാൽപ്പര്യങ്ങൾ സഹകരണപ്രക്രിയയെ ബാധിക്കുന്നു.

സംഘട്ടനവാദകാഴ്ചപ്പാടിൽ സമൂഹം ജാതി, വർഗം, പുരുഷാധിപത്യം എന്നീ ഘടകങ്ങ




ളാൽ വിഭജിക്കപ്പെട്ടിരിക്കുന്നു. ചില ഗ്രൂപ്പുകൾ വിവേചനവും അസമത്വവും നേരിടുന്നു. സാംസ്കാരികമൂല്യങ്ങളിലൂടെയും ആക്രമണത്തിലൂടെയും അടിച്ചമർത്തലിലൂടെയും ഉയർന്ന വർഗശ്രേണീവിഭാഗങ്ങൾ താഴ്ന്ന ശ്രേണീവിഭാഗങ്ങളുടെ മുകളിൽ അധീശത്വം ഉറപ്പിക്കുന്നു. എന്നാൽ നിർവഹണവാദ കാഴ്ചപ്പാടുകൾ ഇത്തരം മൂല്യങ്ങൾക്കും അംഗീകാരത്തിനുമുള്ള പ്രാധാന്യം മനസ്സിലാക്കുന്നതിൽ പരാജയപ്പെട്ടു. നിർവഹണവാദികൾ സമൂഹത്തെ പ്രബലവിഭാഗത്തിന്റെ നിയന്ത്രണമായിട്ടല്ല സമൂഹത്തെ മുഴുവനായിട്ടാണ് കണക്കാക്കുന്നത്. നിർവഹണവാദികൾ സാമൂഹികവ്യവസ്ഥയുടെ അനിവാര്യതയ്ക്ക് പ്രാധാന്യം നൽകുന്നു – നിർവഹണത്തിന് അവഗണിക്കാൻ പറ്റാത്തത്, ആവശ്യമുള്ളത്, അത്യാവശ്യമായത് എന്നിവയാണവ. വ്യവസ്ഥിതി തുടർന്നു പോകാനും സാമൂഹിക ഘടന നിലനിൽക്കാനും താഴെപ്പറയുന്ന ചില ഉപാധികൾ അത്യാവശ്യമാണ്.

1. പുതിയ അംഗങ്ങളുടെ സാമൂഹീകരണം.
2. പങ്കുവയ്ക്കപ്പെടുന്ന ആശയവിനിമയവ്യവസറകൾ.
3. വ്യക്തികൾക്ക് പങ്കുകൾ നൽകുന്ന രീതി.

നിർവഹണവാദ കാഴ്ചപ്പാടിൽ സമൂഹത്തിന് വ്യത്യസ്തഭാഗങ്ങളുണ്ട്. സമൂഹത്തെ നിലനിർത്താൻ അവ അതിന്റേതായ ധർമങ്ങൾ നിർവഹിക്കുന്നു. മത്സരം, സംഘർഷം, സഹകരണം എന്നിവ എല്ലാ സമൂഹങ്ങളുടെയും പൊതുസവിശേഷതകളാണ്.

പോകുമ്പോൾ അച്ഛന്റെ
അനുഗ്രഹങ്ങൾ കൊണ്ടുപോകുക.
പോകൂ, നിനക്ക് സന്തോഷമുള്ള
ഭവനം ലഭിക്കും
നിന്റെ അമ്മയുടെ ഭവനം നിനക്ക്
ഓർക്കേണ്ടിവരില്ല.
കാരണം, നിനക്ക് എല്ലാ-
സൗഭാഗ്യങ്ങളും നിന്റെ
ഭർത്തൃവീട്ടിൽനിന്നു ലഭിക്കും.
(Basu 2001:128)



സ്ത്രീകൾ സഹകരണപ്രക്രിയകൾ (Co-opcration) അനുവർത്തിക്കുന്നുണ്ടോ? അതോ, സംഘർഷം ഒഴിവാക്കാൻ ബോധപൂർവം ശ്രമിക്കുകയാണോ?

പുരുഷമേധാവിത്വം നിറഞ്ഞ സമൂഹത്തിന്റെ വഴക്കങ്ങളുമായി, സഹോദരങ്ങളുടെ സ്നേഹം നഷ്ടപ്പെടാതിരിക്കാൻ സ്ത്രീകൾ ബോധപൂർവം സഹകരിക്കുകയാണോ?

മുകളിലെ വിവരണത്തിലുള്ളത് ഒരു പ്രാദേശികപ്രശ്നമാണെങ്കിലും അത് സ്ത്രീകൾ വിവാഹശേഷം ഒഴിവാക്കപ്പെടുന്നതിന് ഉദാഹരണമാണ്.

സാമൂഹീകരണത്തിലെ രീതികളിലൂടെയും വഴക്കങ്ങളിലൂടെയും പ്രത്യേക സാമൂഹികക്രമം നിലനിൽക്കുന്നു. എന്നാൽ അത് ഒരു വിഭാഗത്തിന്റെ താൽപ്പര്യമായി മാറുകയും ചെയ്യും. മറ്റൊരർഥത്തിൽ സഹകരണം, മത്സരം, സംഘട്ടനം എന്നിവ പലപ്പോഴും സങ്കീർണവും വേർതിരിക്കാൻ കഴിയാത്തതുമാണ്.

സംഘർഷത്തിനു തുടർച്ചയായി സഹകരണം വരുന്നതും നിർബന്ധിത സഹകരണവും സ്വമേധയായുള്ള സഹകരണവും തമ്മിലുള്ള വ്യത്യാസവും സ്ത്രീകളുടെ പൈതൃകസ്വത്തിന്റെ കാര്യം അപഗ്രഥിക്കുമ്പോൾ നമുക്ക് മനസ്സിലാകും. നല്ലൊരു വിഭാഗം സ്ത്രീകളും മക്കൾക്ക് അവരോടുള്ള സ്നേഹത്തെക്കുറിച്ചും അവർക്ക് മക്കളോടുള്ള സ്നേഹത്തെക്കുറിച്ചും വാചാലരാണ്. എന്നാൽ അവരുടെ സഹോദരന്മാരുടെ ഇഷ്ടക്കേടിന് പാത്രമാകുമെന്ന ഭയത്താലും സഹോദരന്റെ ഭാര്യയുമായുള്ള സൗഹൃദം നഷ്ടപ്പെടുമെന്ന ഭയത്താലും അവൾ അവൾക്ക് കിട്ടേണ്ട പൈതൃകസ്വത്തിന് അവകാശമുന്നയിക്കു ന്നില്ല. അവകാശപ്പെട്ടാൽ ജന്മഗൃഹത്തിൽ അവ ൾക്ക് പരിഗണനയും സ്നേഹവും നഷ്ടപ്പെടുമോ എന്ന് അവർ ഭയക്കുന്നു. അവകാശ ങ്ങൾ ആവശ്യപ്പെടുന്ന സ്ത്രീയെ ആർത്തി പിടിച്ച സ്ത്രീ എന്നാണ് ചിത്രീകരിക്കുക.

ചിലപ്പോൾ പ്രത്യക്ഷമായി കാണപ്പെടുന്ന സഹകരണത്തോടെയുള്ള പെരുമാറ്റം ആഴത്തിലുള്ള സംഘർഷത്തിന്റെ പ്രകടനമായിരിക്കും. എന്നാൽ അത്തരം സംഘർഷങ്ങൾ പ്രകടിപ്പിക്കാതിരിക്കുമ്പോൾ സംഘർഷം ഇല്ലെന്ന തോന്നലും സൃഷ്ടിക്കപ്പെടുന്നു. ഈ രൂപത്തിൽ സംഘർഷസാഹചര്യം സഹകരണപ്രക്രിയയിലൂടെ പരിഹരിക്കപ്പെടുമ്പോൾ അത്തരം പ്രക്രിയയെ നിർവഹണവാദികൾ 'പൊരുത്തപ്പെടൽ' (Accommodation) എന്നു വിളിക്കുന്നു. സ്ത്രീകൾക്ക് പാരമ്പര്യസ്വത്തിന് അവകാശമുണ്ടെങ്കിലും സംഘർഷസാഹചര്യം ഒഴിവാക്കാൻ അവകാശവാദം ഉന്നയിക്കാതിരിക്കുന്നത് പൊരുത്തപ്പെടലിന് ഉദാഹരണമാണ്.



സഹകരണസ്വഭാവം പ്രകടിപ്പിക്കുന്ന സാമൂഹികപെരുമാറ്റങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള തീവ്രമായ സംഘർഷങ്ങൾ ഒളിഞ്ഞിരിക്കുന്നുണ്ടോ?

## സഹകരണവും തൊഴിൽവിഭജനവും (Co-Operation and Division of labour)

സഹകരണം സാമൂഹികജീവിതത്തിന്റെ അടിസ്ഥാനശിലയാണ്. സഹകരണമില്ലാതെ



ഡോളിയിൽ വരന്റെ വീട്ടിലേക്കു പോകുന്ന വധുവിന്റെ ചിത്രം

സാമൂഹികജീവിതം അസാധ്യമാണ്. ജന്തുലോകത്തുപോലും സഹകരണം അച്ചടക്കത്തോടെ നടക്കുന്നതായി കാണാൻ സാധിക്കും. സസ്തനികൾ, ഉറുമ്പുകൾ, തേനീച്ചകൾ എന്നീ വിഭാഗങ്ങൾക്കിടയിൽ ഉയർന്നരീതിയിലുളള 'സഹകരണം' ദർശിക്കാം. ജന്തുലോകവുമായുള്ള താരതമ്യം സൂക്ഷ്മതയോടെ ചെയ്യേണ്ടതാണ്. എമിൽ ദുർഖീമിന്റെയും കാൾ മാക്സിന്റെയും സമൂഹശാസ്ത്രത്തിലെ വ്യത്യസ്തമായ സൈദ്ധാന്തിക പാരമ്പര്യം ഇവിടെ വിശദമാക്കുകയാണ്.

മനുഷ്യസ്വഭാവം ക്രൂരവും മൃഗീയവും ആണെന്ന് സമൂഹശാസ്ത്രം കരുതുന്നില്ല. അപരിഷ്കൃതസമൂഹത്തിൽ മനുഷ്യനെ അടിസ്ഥാനമായും സ്വാധീനിച്ചത് വിശപ്പും ദാഹവുമാണെന്ന കാഴ്ചപ്പാട് എമിൽ ദുർഖീം നിരാകരിക്കുന്നു.

*അവർ സദാചാരജീവിതത്തിന് കൂടുതൽ പ്രാധാന്യം നൽകി. സമൂഹം വ്യക്തിയിൽ പരിപാകതയുള്ള സ്വാധീനം ചെലുത്തുന്നു. ഈ സ്വാധീനം ചെറുത്തുനിൽപ്പിന്റെയും തിരഞ്ഞെടുക്കലിന്റെയും സന്ദർഭങ്ങളിൽ വ്യക്തികളിലെ മൃഗീയമായ വാസനകളെ നശിപ്പിക്കുകയോ ഇല്ലാതാക്കുകയോ ചെയ്യുന്നു. അതുകൊണ്ടുതന്നെ എപ്പോഴൊക്കെ സമൂഹം ഉണ്ടായിട്ടുണ്ടോ, അവിടെയെല്ലാം പരക്ഷേമകാംക്ഷ (Altruism) ഉണ്ട്. കാരണം സാമൂഹിക ഐക്യം എല്ലാഘട്ടത്തിലും സാമൂഹികജീവിതത്തിൽ ഉണ്ടാകും. അൾട്രുയിസം എന്ന സങ്കൽപ്പനം മാനവികത രൂപപ്പെട്ടതു മുതൽ സമൂഹത്തിന്റെ ഭാഗമാണ്.*

*(ദുർഖീം 1933)*

ദുർഖീമിന്റെ അഭിപ്രായത്തിൽ, ധാർമിക ബലത്തിലൂടെ കൈവരുന്ന ഐക്യദാർഢ്യമാണ്. സമൂഹത്തിന്റെ സഹകരണത്തിന്റെയും അതുവഴി കൈവരുന്ന സാമൂഹിക നിർവാഹകത്വത്തിന്റെയും അടിസ്ഥാനം. അതുകൊണ്ടുതന്നെ സമൂഹത്തിന്റെ പ്രവർത്തനത്തെ സഹകരണത്തെ മനസ്സിലാക്കുന്നതിന് പ്രാധാന്യമർഹിക്കുന്നു. തൊഴിൽവിഭജനം സഹകരണത്തെ സൂചിപ്പിക്കുന്ന പ്രധാന ആശയമാണ്. അത് സാമൂഹികാവശ്യങ്ങളെ പൂർത്തീകരിക്കുന്നു. തൊഴിൽവിഭജനം പ്രകൃതിനിയമവും അതേപോലെ മനുഷ്യപെരുമാറ്റത്തിന്റെ സദാചാരതത്ത്വവുമാകുന്നു.

എമിൽ ദുർഖീം സാമൂഹിക ഐക്യത്തെ രണ്ടായി തരംതിരിച്ചു. യാന്ത്രിക ഐക്യദാർഢ്യവും ജൈവിക ഐക്യവും (Mechanical and Organic solidarity) യഥാക്രമം വ്യാവസായിക പൂർവ സമൂഹങ്ങളുടെയും സങ്കീർണ വ്യാവസായിക സമൂഹങ്ങളുടെയും സവിശേഷതയാണ്. യാന്ത്രിക ഐക്യദാർഢ്യത്തിന്റെ അടിസ്ഥാനം ഒരുമയും സമാധാനവുമാണ്. ലളിതമായ വൈദഗ്ധ്യവൽക്കരണവും പ്രായത്തിന്റെയും ലിംഗത്തിന്റെയും അടിസ്ഥാനത്തിലുള്ള ചെറിയ തൊഴിൽവിഭജനവും സമാനജീവിതരീതിയും ഉള്ളവയായിരിക്കും യാന്ത്രിക ഐക്യദാർഢ്യത്തിലുള്ള സമൂഹങ്ങൾ. ഇത്തരം ഐക്യം അംഗങ്ങൾ തമ്മിൽ പൊതുധാരണയിൽ വിശ്വാസങ്ങളും വൈകാരികതയിൽ ബന്ധിപ്പിക്കുന്നതും ആയിരിക്കും. തൊഴിൽവിഭജനവും അതിന്റെ ഫലമായി അംഗങ്ങൾക്കിടയിൽ ഉണ്ടാകുന്ന പരസ്പരാശ്രയത്വവുമാണ് ജൈവിക ഐക്യദാർഢ്യത്തിന്റെ അടിസ്ഥാനം. വൈവിധ്യവൽക്കരണം പരസ്പരാശ്രയം വർധിപ്പിക്കുന്നു. ചെറിയ കുടുംബത്തിന് മറ്റു കർഷകകുടുംബങ്ങളുടെ സഹായമില്ലാതെ ജീവിക്കാൻ സാധിക്കും. എന്നാൽ വൈവിധ്യവൽക്കരിക്കപ്പെട്ട വസ്ത്രനിർമാണ കമ്പനിയിലോ കാർനിർമാണ കമ്പനിയിലോ ജോലിചെയ്യുന്നവർക്ക് മറ്റുള്ളവരുടെ സഹായമില്ലാതെ ജീവിക്കാൻ കഴിയില്ല.

കാൾ മാക്സ് മനുഷ്യജീവിതത്തെ മൃഗജീവിതത്തിൽനിന്ന് വേർതിരിക്കുന്നു. മനുഷ്യനെ മൃഗത്തിൽനിന്നു വേർതിരിക്കുന്നത് ബോധനിലവാരമാണെന്ന് വിശദീകരിക്കുന്നു.

*മനുഷ്യർ മൃഗങ്ങളിൽനിന്നു വ്യത്യസ്തരാകുന്നത് ബോധനിലവാരത്തിന്റെ*

*അടിസ്ഥാനത്തിലാണ്. നിലനിൽപ്പിനായി ഉൽപ്പാദനം ആരംഭിച്ച ഘട്ടം മുതൽ അവൻ മൃഗത്തിൽനിന്നു വ്യത്യസ്തനായി മാറി. ഭൗതികമായ സംഘടനാസംവിധാനം അവനെ രൂപപ്പെടുത്തി. നിലനിൽപ്പിനു വേണ്ടി മനുഷ്യൻ ഉൽപ്പാദനം ആരംഭിച്ചപ്പോൾത്തന്നെ അവർ പരോക്ഷമായി ഭൗതികലോകവും സൃഷ്ടിച്ചു.*

*(മാക്സ് -1972:37)*

മുകളിൽ ഉദ്ധരിച്ചിരിക്കുന്ന മാക്സിന്റെ വരികളിൽനിന്ന് ജീവിതോപാധികൾ ഉൽപ്പാദിപ്പിച്ച കാലഘട്ടം മുതൽ മനുഷ്യന് ഭൗതികജീവിതം ഉണ്ടാകുന്നു. മനുഷ്യജീവിതത്തിലെ സഹകരണവും ജന്തുജീവിതത്തിലെ സഹകരണവും വ്യത്യസ്തമാണ്. മനുഷ്യൻ സഹകരണത്തോട് പൊരുത്തപ്പെടുകയും സാവധാന പ്രക്രിയയിലൂടെ സമൂഹത്തെ മാറ്റിമറിക്കുകയും ചെയ്തു. പ്രകൃതി ഉയർത്തിയ വെല്ലുവിളികളെ മനുഷ്യന് കാലങ്ങളായി നേരിടുകയും പൊരുത്തപ്പെടുകുയം ചെയ്യേണ്ടിവന്നിട്ടുണ്ട്. സാങ്കേതിക വളർച്ച മനുഷ്യനിൽ ഉണ്ടാക്കിയതുപോലെ പ്രകൃതിയിലും പരിവർത്തനം സൃഷ്ടിച്ചു. മനുഷ്യൻ ഇവയോട് നിഷ്ക്രിയ പൊരുത്തപ്പെടൽ മാത്രമല്ല നടത്തുന്നത്. പകരം അവൻ പ്രകൃതിയെ മാറ്റിമറിച്ചു. 'സാമൂഹീകരണവും സംസ്കാരവും' എന്ന പാഠഭാഗത്ത് കോളനി വാഴ്ചക്കാലത്ത് ജനങ്ങൾ ഇംഗ്ലീഷ് ഭാഷയുമായി സഹകരിച്ചതായും അതുവഴി ഇന്ത്യൻ ഭാഷയുടെയും ഇംഗ്ലീഷ് ഭാഷയുടെയും സങ്കരമായി 'ഹിംഗ്ലീഷ്' ഉയർന്നുവന്നതായും നാം കണ്ടു.

ദുർഖീം നിർവഹണവാദകാഴ്ചപ്പാടിലൂടെയും മാക്സ് സംഘട്ടനവാദകാഴ്ചപ്പാടിലൂടെയും സഹകരണത്തെ വിശകലനം ചെയ്തു. കാൾ മാക്സിനെ സംബന്ധിച്ചിടത്തോളം സഹകരണം സ്വമേധയാ ഉണ്ടാകുന്ന പ്രക്രിയയല്ല. ബാഹ്യമായി നിലകൊള്ളുന്ന ഉൽപ്പാദനശക്തിയുടെ ഫലമായി നിർബന്ധിതമായി സംഭവിക്കുന്ന പ്രക്രിയയാണ് സഹകരണം. തൊഴിൽവിഭജനം സമൂഹത്തിൽ സഹകരണം രൂപപ്പെടുത്തുന്നു. കാൾമാക്സ് അന്യവൽക്കരണം (Alienation) എന്ന സങ്കൽപ്പനത്തിലൂടെ നിർബന്ധിതസഹകരണത്തെ വിശദീകരിക്കുന്നു. അന്യവൽക്കരണംവഴി തൊഴിലാളിക്ക് തൊഴിലിൽനിന്ന് അകൽച്ച, താൽപ്പര്യക്കുറവ്, ഉൽപ്പാദനപ്രക്രിയയിലെ പങ്കാളിത്തമില്ലായ്മ എന്നിവയുണ്ടാകുന്നു. എന്നാൽ ഗ്രാമീണമേഖലയിലെ ജോലിയിൽ ഏർപ്പെടുന്ന മൺപാത്രനിർമാതാവും കൊല്ലപ്പണിക്കാരും നെയ്ത്തുകാരും തൊഴിലിൽ പൂർണസന്തുഷ്ടരും ക്രിയാത്മകമായി ജോലിയിൽ ഏർപ്പെടുന്നവരുമാണ്. ഉൽപ്പാദനപ്രക്രിയയിൽ പൂർണനിയന്ത്രണം അവർക്കുണ്ട്. എന്നാൽ ദിവസം മുഴുവൻ ബട്ടൺ അമർത്തുന്ന തൊഴിലാളികൾക്ക് ഈ വികാരമില്ല. ഇത്തരം സാഹചര്യത്തിൽ സഹകരണം അടിച്ചേൽപ്പിക്കപ്പെടുകയാണ്.

### മത്സരം എന്ന ആശയവും പ്രയോഗവും (Competition as an Idea and Practice)

സഹകരണമെന്ന സങ്കൽപ്പനംപോലെ മത്സരം എന്ന പ്രക്രിയ സാർവത്രികമായ ഒരു പ്രതിഭാസമാണ്. മത്സരരഹിത സമൂഹമെന്നത് മിഥ്യാസങ്കൽപ്പമാണ്. മത്സരം ഒരു പ്രകൃതിദത്തമായ പ്രതിഭാസം എന്നപോലെ സമൂഹശാസ്ത്രപരമായ പ്രക്രിയകൂടിയാണ്. സമൂഹശാസ്ത്രപരമായ വിശദീകരണവും സാമാന്യബോധനവിശദീകരണവും വ്യത്യസ്തമാണെന്ന് നാം മുൻ അധ്യായത്തിൽ മനസ്സിലാക്കി. ഇന്നു സമൂഹത്തിൽ നിലനിൽക്കുന്ന പ്രധാന ആശയമാണ് മത്സരം. മത്സരാധിഷ്ഠിത



മല്ലാതെ പ്രവർത്തിക്കുന്ന ഒരു സമൂഹം ഇന്നു ചിന്തിക്കാൻ അസാധ്യമാണ്. ചരിത്രപരമായ ഒരു ഘട്ടത്തിൽ മത്സരം സാമൂഹികയാഥാർഥ്യമായും സമൂഹത്തിലെ പ്രബല ആശയമായും മാറി.

ആഫ്രിക്കയിലെ ഒരു അധ്യാപികയുടെ അനുഭവം നോക്കാം. കുട്ടികൾക്കായി ടീച്ചർ ഒരു ഓട്ടമത്സരം നടത്തി. മത്സരാവസാനം വിജയിക്കുന്ന കുട്ടിക്ക് മിഠായി സമ്മാനമായി തീരുമാനിച്ചു. എന്നാൽ കുട്ടികൾ മത്സരത്തിൽ യാതൊരു താൽപ്പര്യവും കാണിച്ചില്ല. കാരണമന്വേഷിച്ചപ്പോൾ കുട്ടികൾ നൽകിയ മറുപടി ശ്രദ്ധേയമായിരുന്നു. ചില കുട്ടികൾ ജയിക്കുകയും ഭൂരിഭാഗവും തോൽക്കുകയും ചെയ്യുന്ന മത്സരങ്ങളിൽ അവർക്ക് താൽപ്പര്യമില്ലെന്നും ചിലർ മാത്രം ജയിക്കുമ്പോൾ മറ്റുള്ളവർക്ക് വേദനയുണ്ടാക്കുന്ന മത്സരം അവർക്ക് ഇഷ്ടമല്ല എന്നും മറുപടി പറഞ്ഞു. സഹകരണവും കൂട്ടായ്മയുമുള്ളകളികളാണ് അവർ ഇഷ്ടപ്പെട്ടിരുന്നത്.

ആധുനികസമൂഹം മത്സരത്തിനു പ്രാധാന്യം നൽകുന്നു. കാര്യക്ഷമതയും കഴിവുകളുമാണ് ഇവിടെ പ്രധാനം. മുതലാളിത്ത സമ്പദ്‌വ്യവസ്ഥ മത്സരാധിഷ്ഠിതമാണ്. ദുർഖീം ആധുനികസമൂഹം വ്യക്തിപരതയ്ക്കാണ് കൂടുതൽ പ്രാധാന്യം നൽകുന്നതെന്ന് കരുതുന്നു. എന്നാൽ കാൾ മാക്സ് മത്സരത്തിന് കൂടുതൽ പ്രാധാന്യം നൽകുന്നു. കൂടുതൽ ലാഭത്തിനും കാര്യക്ഷമതയ്ക്കുമാണ് ആധുനിക മുതലാളിത്തലോകം പ്രാധാന്യം നൽകുന്നത്. മുതലാളിത്തം താഴെപ്പറയുന്ന ഘടകങ്ങളെ അടിസ്ഥാനമാക്കിയാണ് പ്രവർത്തിക്കുന്നത്.

1. വ്യാപാരത്തിന്റെ വ്യാപനം (Expansion of Trade)
2. തൊഴിൽവിഭജനം (Division of Labour)
3. വൈദഗ്ധ്യവൽക്കരണം (Specialisation)
4. ഉൽപ്പാദനക്ഷമത വർധിപ്പിക്കൽ (Rising Productivity)



സർക്കാർ ഒ.ബി.സി. വിഭാഗങ്ങൾക്ക് 27 ശതമാനം സംവരണം നൽകിയപ്പോൾ അതിന് അനുകൂലവും പ്രതികൂലവുമായ ഒരുപാടു സംവാദങ്ങൾ നടക്കുകയുണ്ടായി. പത്രങ്ങളിലും മാസികകളിലും ടെലിവിഷനിലുമൊക്കെവന്നിട്ടുള്ള ഇത്തരം സംവാദങ്ങളുടെ വിവരങ്ങൾ ശേഖരിക്കുക.

സ്കൂളുകളിൽ, പ്രത്യേകിച്ച് പ്രൈമറി സ്കൂളുകളിൽനിന്ന് കൊഴിഞ്ഞുപോയ കുട്ടികളുടെ വിവരങ്ങൾ നിങ്ങളുടെ പ്രദേശത്തുനിന്നു ശേഖരിക്കുക.

താഴ്ന്നവരെന്നു പറയപ്പെടുന്ന ജാതിയിൽപ്പെട്ട കുട്ടികൾ സ്കൂളിൽ നിന്നു കൊഴിഞ്ഞുപോകുന്നു. ഉയർന്ന വിദ്യാഭ്യാസസ്ഥാപനങ്ങൾ ഭൂരിഭാഗവും കൈയടക്കിവച്ചിരിക്കുന്നത് ഉയർന്നവർ എന്നവകാശപ്പെടുന്ന ജാതിയിൽപ്പെട്ടവരാണ്. ഈ പ്രശ്നത്തെ സഹകരണം, സംഘർഷം, സഹകരണം, മത്സരം എന്നീ സാമൂഹികപ്രക്രിയകൾ അടിസ്ഥാനമാക്കി വിശദീകരിക്കുക.

മുതലാളിത്ത സമ്പദ്‌വ്യവസ്ഥയുടെ അടിസ്ഥാനാശയം മത്സരമാണ്. മുതലാളിത്തം കരുത്തുള്ളവ അതിജീവിക്കുന്നു എന്ന പ്രത്യയശാസ്ത്രത്തിൽ ഉറച്ചു വിശ്വസിക്കുന്നു. യുക്തിപരമായി ചിന്തിക്കുന്ന വ്യക്തികൾ, വിപണിയിലെ തുറന്ന മത്സരം, പരമാവധി ലാഭം എന്നീ ഘടകങ്ങൾ മുതലാളിത്ത മത്സരസമൂഹത്തിന്റെ സവിശേഷതകളാണ്. ഉദാഹരണം: ഉയർന്ന സ്കോറോടെ പഠനംപൂർത്തിയാക്കിയ വ്യക്തിക്ക് ഉയർന്ന ജോലി ലഭിക്കുന്നതുപോലെയാണ് ഏറ്റവും കഴിവുള്ളതും കാര്യക്ഷമതയുള്ളതും മൽസരത്തിൽ വിജയിക്കുന്നത്. ഏറ്റവും കഴിവുള്ളത് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഭൗതികപ്രതിഫലനമെന്നതാണ്.

മത്സരവും സ്വതന്ത്രവ്യാപാരവും (Laissez-faire) സമ്പദ്‌വ്യവസ്ഥയും അമേരിക്കയിൽ സാമ്പത്തികവളർച്ചയ്ക്ക് കാരണമായി. ആ മത്സരംമൂലം അമേരിക്ക പെട്ടെന്നു വികസിച്ചു. മത്സരവും സാമ്പത്തികവികാസവും തമ്മിലുള്ള ബന്ധം പൂർണമായി വിശദീകരിക്കാൻ ഇപ്പോഴും കൃത്യമായ വിവരങ്ങൾ ലഭ്യമല്ല. മത്സരത്തിന് ഒരുപാടു ദോഷങ്ങളുണ്ട്. പങ്കെടുക്കുന്ന വ്യക്തികൾ എല്ലാവരും തുല്യരല്ലാത്ത അവസ്ഥയിൽ മത്സരം അസമത്വം സൃഷ്ടിക്കുന്നു. മത്സരത്തിന് മറ്റുപല അസ്വീകാര്യഘടകങ്ങളും ഉണ്ടെന്ന് കാണാൻ കഴിയും.

(Bottomore 1975; 174 - 5)

ജെ. എസ്. മില്ലിന്റെ അഭിപ്രായത്തിൽ, മത്സരത്തിന്റെ സ്വാധീനം ദോഷകരമാകുന്നു. ആധുനികമത്സരം എല്ലാവരും എല്ലാവർക്കും എതിരായ പോരാട്ടമാണ് എന്നദ്ദേഹം പറയുന്നു. അതേസമയം എല്ലാവർക്കും വേണ്ടിയുള്ള പൊരുതൽകൂടിയാണ്. സാമ്പത്തിക മത്സരം സൂചിപ്പിക്കുന്നത് കുറഞ്ഞ ചെലവിൽ കൂടുതൽ ലാഭം ഉണ്ടാക്കുക എന്നതാകുന്നു. അത് സമൂഹത്തിൽ വ്യക്തിപരതയുടെ വളർച്ചയ്ക്ക് കാരണമാകുന്നു. മത്സരം സംഘാംഗങ്ങളെ ലക്ഷ്യം നേടുന്നതിൽ ഒന്നിപ്പിക്കുകയും മത്സരബുദ്ധിയോടെ പൊരുതാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു അത്.



മത്സരം സമൂഹത്തിന് ഗുണകരമാണോ? ദോഷകരമാണോ? ചർച്ചചെയ്യുക.

നിങ്ങളുടെ വിദ്യാലയ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ മത്സരം വ്യത്യസ്ത തരത്തിലുള്ള കുട്ടികളെ എങ്ങനെയെല്ലാം ബാധിക്കുന്നു? ഉപന്യാസം തയാറാക്കുക.



വ്യക്തികൾ വ്യത്യസ്ത സാഹചര്യങ്ങളിൽ എങ്ങനെ മത്സരങ്ങളിൽ ഏർപ്പെടുന്നുവെന്ന് കണ്ടെത്തുക.

വിദ്യാലയപ്രവേശനം മുതൽ ജീവിതത്തിന്റെ വ്യത്യസ്തഘട്ടങ്ങളിലെ മത്സരങ്ങൾ വിശദീകരിക്കുക.

## സംഘർഷവും സഹകരണവും (Conflict and Co-operation)

സംഘട്ടനവാദികളുടെ അഭിപ്രായത്തിൽ, സമൂഹത്തിലെ വിഭവങ്ങളുടെ ദൗർലഭ്യമാണ് സംഘർഷത്തിലേക്കു നയിക്കുന്നത്. വിഭവങ്ങൾ നേടിയെടുക്കാനും നിയന്ത്രിക്കാനുമുള്ള ശ്രമം സംഘർഷത്തിനു കാരണമാകുന്നു. വ്യത്യസ്തങ്ങളായ താൽപ്പര്യങ്ങൾ തമ്മിലുള്ള സംഘട്ടനത്തെ നമുക്ക് സംഘർഷം എന്നു വിളിക്കാം. വിഭവങ്ങളുടെ അപര്യാപ്തത സംഘർഷത്തിലേക്കു നയിക്കുന്നു. വർഗം, ജാതി, ഗോത്രം,



ലിംഗം, വംശീയത, മതം എന്നിവ സംഘർഷത്തിനുള്ള വിവിധങ്ങളായ കാരണങ്ങളാണ്. സംഘർഷങ്ങളുടെ കാരണവും സ്വഭാവവും വ്യത്യസ്തമായിരിക്കും. സംഘർഷങ്ങൾ ആധുനികസമൂഹത്തിന്റെ മാത്രം സവിശേഷതയാണെന്ന് സാമാന്യമായ ഒരു ധാരണയുണ്ട്. എന്നാൽ സമൂഹശാസ്ത്രജ്ഞരുടെ അഭിപ്രായത്തിൽ, സാമൂഹികഘട

നയ്ക്കും വികാസത്തിനുമനുസരിച്ച് സംഘട്ടനങ്ങളുടെ സ്വഭാവം മാറുന്നു.



സമൂഹത്തിൽ നിലനിൽക്കുന്ന വിവിധങ്ങളായ സംഘർഷങ്ങൾ ഏതൊക്കെയെന്നു കണ്ടെത്തുക.

രാഷ്ട്രങ്ങൾ തമ്മിലുള്ള സംഘർഷങ്ങൾ വലിയ രൂപത്തിലുള്ള സംഘർഷങ്ങൾക്ക് ഉദാഹരണമാണ്. രാഷ്ട്രത്തിനകത്തും വ്യത്യസ്തങ്ങളായ സംഘർഷങ്ങളുണ്ട്. അത്തരം സംഘർഷങ്ങളുടെ പട്ടിക തയാറാക്കുക. അവയുടെ സാമൂഹിക വ്യത്യാസങ്ങൾ രേഖപ്പെടുത്തുക.

സമൂഹത്തിൽ പുതുതായ ഒന്നാണ് സംഘർഷം എന്നാണ് സാമാന്യമായി കരുതപ്പെടുന്നത്. സംഘർഷത്തിന്റെ രൂപവും ഭാവവും സാമൂഹികവികസനത്തിന്റെ വിവിധ ഘട്ടങ്ങളിൽ മാറിമറിഞ്ഞതാണെന്ന് സമൂഹശാസ്ത്രം ചൂണ്ടിക്കാട്ടുന്നു. സംഘർഷം എല്ലാ കാലത്തും സമൂഹത്തിന്റെ ഭാഗമായിരുന്നു. വിവേചനത്തിന് വിധേയമായ ജനവിഭാഗങ്ങളുടെ നേരെയുള്ള ജനാധിപത്യധ്വംസനവും സാമൂഹികമാറ്റവും ചിലപ്പോഴൊക്കെ സംഘർഷത്തെ കൂടുതൽ പ്രകടിതമാക്കുന്നു. മുൻകാലങ്ങളിൽ സംഘർഷം നിലനിന്നിരുന്നില്ല എന്ന് ഇതിന് അർഥമില്ല. താഴെ തന്നിരിക്കുന്ന ഉദ്ധരണി ഇതിനെ ഉറപ്പിക്കുന്നു.

വികസ്വരരാഷ്ട്രങ്ങളിൽ പഴയതും പുതിയതുമായ സാമൂഹികക്രമങ്ങൾ തമ്മിൽ സംഘർഷത്തിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്നു. പുതിയ ആവശ്യങ്ങളും ആഗ്രഹങ്ങളും പൂർത്തീകരിക്കാൻ പഴയ ക്രമവ്യവസ്ഥയ്ക്ക് സാധിക്കുന്നില്ല. ഇത് സംഘർഷങ്ങളിലേക്കും തർക്കങ്ങളിലേക്കും വിയോജിപ്പിലേക്കും ആശയക്കുഴപ്പത്തിലേക്കും ചിലപ്പോൾ രക്തച്ചൊരിച്ചിലിലേക്കും നയിക്കുന്നു. ഇത്തരം സാഹചര്യങ്ങളിൽ സമൂഹശാസ്ത്രജ്ഞർ പഴയകാല ശാന്തസുന്ദരമായ സമൂഹത്തെ ഗൃഹാതുരതയോടെ വീക്ഷിക്കാൻ പ്രേരിപ്പിക്കുന്നു. പക്ഷേ, വളരെ വേഗത്തിൽത്തന്നെ പഴയകാലസമൂഹം സംഘട്ടനരഹിതമല്ലെന്നും മനുഷ്യത്വരഹിതവും ക്രൂരവുമായ പീഡനങ്ങൾ വലിയ ഒരു വിഭാഗം അനുഭവിച്ചിരുന്നെന്നും സമൂഹശാസ്ത്രജ്ഞർ തിരിച്ചറിയുന്നു. സംഘർഷം സാധാരണ പ്രതിഭാസമാണെന്ന സിദ്ധാന്തമുപയോഗിച്ച് സമൂഹത്തെ അപഗ്രഥിക്കുന്നത് സമൂഹശാസ്ത്രപഠനത്തെ തെറ്റായ ദിശയിലേക്കു നയിക്കും.

എം.എൻ. ശ്രീനിവാസ് 1972
(Social Change in Modern India : 159,160)

പുറമെ പ്രകടമാകുമ്പോൾ മാത്രമേ സംഘർഷം വ്യക്തമാക്കപ്പെടുന്നുള്ളൂ. ഭൂമിയിലെ വിഭവങ്ങളുടെ അസന്തുലിതമായ വിതരണത്തോടുള്ള സംഘർഷമാണ് ഒരു കാർഷിക പ്രസ്ഥാനം. എന്നാൽ ഒരു ബഹുജന പ്രക്ഷോഭം ഇല്ലാത്തതുകൊണ്ട് സമൂഹത്തിൽ സംഘർഷം ഇല്ലെന്ന് അർഥമാക്കേണ്ടതില്ല. ഈ പാഠഭാഗത്തിൽ സംഘർഷത്തിന്റെ വിവിധ വശങ്ങളെക്കുറിച്ചും സ്വമേധയാ അല്ലാത്ത സംഘർഷത്തെക്കുറിച്ചും സംഘർഷത്തിനെതിരെയുള്ള ചെറുത്തുനിൽപ്പിനെക്കുറിച്ചും ചർച്ചചെയ്യുന്നു.

സമൂഹത്തിൽ നിലനിൽക്കുന്ന ചില സംഘർഷങ്ങളെക്കുറിച്ചും സഹകരണം, മത്സരം, സംഘർഷം എന്നീ പ്രക്രിയകൾ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നതിനെ, കുടുംബവും വീട്ടുകാര്യങ്ങളും, ഭൂമി എന്നീ രണ്ടു ഘടകങ്ങൾ അടിസ്ഥാനമാക്കി പരിശോധിക്കാം.

പാരമ്പര്യമായി കുടുംബം സ്വരച്ചേർച്ചയോടുകൂടി നിലനിൽക്കുന്നു. സഹകരണം എന്ന പ്രക്രിയ ഏറ്റവും ശക്തമായി നിൽക്കുന്ന സ്ഥാപനമാണ് കുടുംബം. എന്നാൽ ഈ സങ്കൽപ്പത്തെ സ്ത്രീവാദചിന്തകർ മൂന്നു പതിറ്റാണ്ടായി ചോദ്യംചെയ്തുകൊണ്ടിരിക്കുന്നു. അമർത്യാസെന്നിന്റെ അഭിപ്രായ

ത്തിൽ, കുടുംബത്തിൽ കാണപ്പെടുന്ന സഹകരണം അടിച്ചേൽപ്പിക്കപ്പെടുന്ന സഹകരണത്തിന്റെ സാധ്യത ചൂണ്ടിക്കാണിക്കുന്നു.

> കാര്യമായ തർക്കങ്ങൾ നിലനിൽക്കുന്നുണ്ടെങ്കിൽപ്പോലും പ്രത്യക്ഷപ്രവൃത്തികൾ സഹകരണ സ്വഭാവമുള്ളവയായിരിക്കും. ഈ സഹകരണത്തിൽനിന്നു രണ്ടു കൂട്ടർക്കും ഗുണമുണ്ടാകുന്നു. സാമൂഹിക-സാങ്കേതികവിദ്യ തിരഞ്ഞെടുക്കുന്നതിൽ വലിയ തർക്കങ്ങൾ ഉണ്ടാകാറുണ്ടെങ്കിലും കുടുംബസംഘടനകൾ ഇത് സൗഹാർദ്ദപരമായി കണക്കാക്കുന്നു. ഇവിടെ തർക്കങ്ങളെ അപഭ്രംശമായോ വ്യതിചലനമായോ ആണ് കണക്കാക്കുന്നത്.
>
> (Sen, 1990 : 147)

സംഘർഷം പ്രകടിപ്പിക്കുന്നില്ലെങ്കിലും കുടുംബത്തിൽ സ്ത്രീകളും കാർഷികവൃത്തിയിൽ കർഷകരും സംഘർഷം നേരിടുന്നുണ്ട്. സംഘർഷം പരിഹരിക്കുന്നതിന് ഇവർ സഹകരണം ഉറപ്പാക്കുന്നു. തുറന്നതും മറച്ചു വയ്ക്കപ്പെട്ടതുമായ സംഘർഷങ്ങൾ സമൂഹത്തിൽ കാണാൻ സാധിക്കുന്നു. പരമ്പരാഗത കാർഷികസമൂഹങ്ങളിൽ സാമൂഹികവിഭവങ്ങളിലേക്ക് സ്ത്രീകൾക്കു പുരുഷനു തുല്യമായ പ്രവേശനമില്ലെങ്കിലും, സ്ത്രീകൾ ഭാവിയിൽ അവർക്ക് ലഭ്യമാകേണ്ട സുരക്ഷയെക്കുറിച്ചുള്ള ബോധത്താൽ പ്രത്യക്ഷത്തിൽ സംഘർഷത്തിൽ ഏർപ്പെടാതെ സഹകരിക്കുന്നു.

> ഭൗതികമായ സമ്മർദങ്ങളും നേട്ടങ്ങളും സഹകരണത്തെ സ്വാധീനിക്കുന്നു. വിതരണപ്രക്രിയയുമായി ബന്ധപ്പെട്ട പ്രകടമായ സംഘർഷം കുറവാണ്. എന്നാൽ തീരുമാനങ്ങൾ രൂപപ്പെടുത്തുന്നതിന് ആവശ്യങ്ങൾക്കും മുൻഗണനകൾക്കും കൃത്യമായ ഒരു ശ്രേണിയുണ്ട്. അത് പ്രായം, ലിംഗം, ജീവിതചക്രം എന്നിവയുമായി ബന്ധപ്പെട്ടിരിക്കുന്നു.
>
> സ്ത്രീകൾ വീടിനകത്ത് വിവേചനാത്മകമായ അധികാരവിതരണസംവിധാനത്തെ സ്വീകരിക്കുകയും നിലനിർത്തുകയും ചെയ്യുന്നു. കുടുംബത്തിനകത്തെ ദീർഘകാലത്തെ സുരക്ഷിതത്വം നിലനിർത്തുന്നതിനായി അവൾ വീടിനു പുറത്തേക്കുള്ള ബന്ധവും വിഭവങ്ങളിലേക്കുള്ള പ്രവേശനവും വേണ്ടെന്നു വയ്ക്കുന്നു.
>
> സംസ്കാരത്തിന്റെ സവിശേഷതയായ ആൺകുട്ടികളോടുള്ള പരിഗണന സ്ത്രീ സ്വീകരിക്കുകയും മകനു വേണ്ടി അവളുടെ ജീവിതം സമർപ്പിക്കുകയും ചെയ്യുന്നു. ഇത്തരം സമർപ്പണം നാളെ അവർക്ക് മകനിൽ സ്വാധീനം ഉണ്ടാക്കുമെന്നും അനിശ്ചിതത്വം നിറഞ്ഞ ഭാവിയിൽ അവൾക്ക് പരിരക്ഷയാകും എന്നും കരുതുന്നു. വടക്കേ ഇന്ത്യയിലെ ആൺകുട്ടികളോട് അമ്മമാർക്ക് പക്ഷപാതപരമായ പ്രത്യേകപരിഗണനയുണ്ടെന്നു കാണാൻ സാധിക്കും. ഇത്തരം കുട്ടികളോടുള്ള പ്രത്യേകപരിഗണന പുരുഷമേധാവിത്വസമൂഹത്തിലെ അപകടങ്ങൾ ഒഴിവാക്കാനുള്ള സ്ത്രീകളുടെ സ്വാഭാവികമായ മനോഭാവമാണ്. സ്ത്രീകൾ ദുർബലരല്ല. പുരുഷന്മാരുടെ തീരുമാനങ്ങൾ രൂപപ്പെടുത്തുന്നതിൽ അവർക്ക് പങ്കുണ്ട്. അടുത്ത ബന്ധുക്കളുടെ വിശ്വാസത്തിന്റെ പുറത്ത് അവർ ചെറിയ കച്ചവടങ്ങളും പണമിടപാടുകളും നടത്തുകയും ചെയ്യുന്നു. അതുപോലെ പർദസമ്പ്രദായം, മാതൃത്വം എന്നീ ആശയങ്ങളുമായി ബന്ധപ്പെട്ട ചർച്ചകളിൽ ഏർപ്പെട്ടുകൊണ്ട് പുരുഷമേധാവിത്വസമൂഹത്തെ പ്രതിരോധിക്കുന്ന തന്ത്രങ്ങളും അവർ രൂപപ്പെടുത്തുന്നു. (Abdullah and Zeidenstein 1982; White 1992)
> അവരുടെ പ്രതിരോധം രഹസ്യാത്മകമായി മാത്രമാണ് സംഭവിക്കുന്നത്. അവർ പ്രത്യക്ഷമായി സംഘർഷത്തിലേക്കു പോകുന്നില്ല. തുറന്ന സംഘർഷങ്ങൾവഴി സംഭവിക്കുന്ന അപായസാധ്യതകളെ സ്ത്രീകൾ ഭയപ്പെടുന്നു.
>
> (Kabeer, 1996-129)

സാമാന്യബോധ അനുമാനങ്ങളെ ചോദ്യം ചെയ്യുന്ന സമൂഹശാസ്ത്ര പാരമ്പര്യത്തിൽ നിന്നുകൊണ്ട് ഈ പാഠഭാഗം വിമർശനാത്മകമായി സഹകരണം, മത്സരം, സംഘർഷം എന്നീ സാമൂഹികപ്രക്രിയകൾ വിശകലനം ചെയ്യുന്നു. സമൂഹശാസ്ത്രം സാമൂഹികപ്രക്രിയകളെ സ്വാഭാവികമായ ഒന്നായി കാണാതെ സാമൂഹികവികസനവുമായും ബന്ധപ്പെടുത്തുന്നു. താഴെ പറയുന്ന ഖണ്ഡികയിൽ നിന്ന് ഭൂദാനം-ഗ്രാമദാനം എന്ന പ്രസ്ഥാനത്തെക്കുറിച്ചു നടത്തിയ ഒരു സമൂഹശാസ്ത്രപഠനത്തിലെ വസ്തുതകൾ നിങ്ങൾക്ക് മനസ്സിലാക്കാം.

## ഭൂദാനം-ഗ്രാമദാനം



താഴെ തന്നിരിക്കുന്ന ഭാഗം വായിച്ച് സംഘർഷം സമൂഹശാസ്ത്രപരമായും ഉൽപ്പാദനത്തിന്റെ സാമ്പത്തികക്രമവുമായും എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നുവെന്നു കണ്ടെത്തുക.

**ഭൂസംഘർഷങ്ങൾ (Land Conflicts)**

ഒരേക്കർ ഭൂമി അനൗപചാരികമായി പണയപ്പെടുത്തി അർബഷ് 1950-ൽ നാത്തുഹാർ പട്ടേലിൽനിന്ന് 100 രൂപ കടം വാങ്ങിയിരുന്നു. അർബഷ് ആ വർഷംതന്നെ മരണമടഞ്ഞു. അയാളുടെ പിൻഗാമിയായ ഗണപത് 1958-ൽ 200 രൂപ വാഗ്ദാനം ചെയ്തുകൊണ്ട് ഭൂമി തിരികെ വേണമെന്ന് ആവശ്യപ്പെട്ടു. എന്നാൽ നാത്തു അതു നിരസിച്ചു. കൈമാറ്റങ്ങൾ റവന്യൂരേഖകളിൽ രേഖപ്പെടുത്താതിരുന്നതിനാൽ ഗണപതിന് കോടതിയിൽ പോകാൻ കഴിഞ്ഞില്ല. ഗണപത് അതുകൊണ്ട് ബലപ്രയോഗത്തിലൂടെ 1959-ൽ ഭൂമിയിൽ കൃഷിയിറക്കി. ഗണപത് പോലീസ് കോൺസ്റ്റബിൾ ആയിരുന്നു. പട്ടേൽ പോലീസ്സ്റ്റേഷനിൽ ആവലാതിയുമായി ചെന്നപ്പോൾ ഭൂമി ഗണപതിന് നൽകാൻ തീരുമാനമായി. പിന്നീട് ഗ്രാമസഭയിൽവച്ച് പട്ടേലിന് പണം നൽകി ഗണപത് ഭൂമി തിരികെ വാങ്ങി.

സ്രോതസ്സ്: Oomman T. K., 1972, Charisma, Stability and Change, An analysis of Bhoodan - Gramdan, p - 84, Thomsan Press, New Delhi

ചറാസ്, ജലസേചനത്തിനുള്ള ഒരുപകരണം, പ്രവർത്തിപ്പിക്കാൻ രണ്ടു ജോടി കാളകൾ ആവശ്യമാണ്. ദരിദ്രനായ ഒരു കർഷകന് നാലു കാളകൾ താങ്ങാവുന്നതിനുമപ്പുറമാണ്. അവർ കൃഷിക്കായി അയൽപക്കക്കാരന്റെ കാളകളെ വായ്പയെടുക്കാറാണ് പതിവ്. പേർഷ്യൻ ചക്രം (രെഹത്ത്) മാത്രമേ ഉപയോഗിക്കുന്നുള്ളുവെങ്കിൽ അത് പ്രവർത്തിപ്പിക്കാൻ രണ്ട് ജോടി കാളകളും ഒരാളും മതിയാവും.

രെഹത്തിന് തീർച്ചയായും വിലക്കൂടുതലാണെങ്കിലും ജലസേചനത്തിനുണ്ടായിരുന്ന ഇത്തരത്തിലുള്ള സഹകരണം പുതിയ സാങ്കേതികവിദ്യയുടെയും നിക്ഷേപങ്ങളുടെയും അവതരണത്തിന്റെ ഫലമായി കുറഞ്ഞിരിക്കുന്നു.

സ്രോതസ്സ്: Oomman T. K., 1972, Charisma, Stability and Change, An analysis of Bhoodan - Gramdan, p - 88, Thomsan Press, New Delhi



താഴെ പറയുന്നവയിൽ ഭൂമിയുമായി ബന്ധപ്പെട്ട സംഘർഷം വിശകലനം ചെയ്യുക. ഈ സംഘർഷത്തിൽ ഉൾപ്പെട്ട വ്യത്യസ്തങ്ങളായ ഗ്രൂപ്പുകളെ കണ്ടെത്തുക.



ഈ റിപ്പോർട്ട് വായിച്ച് സാമൂഹികഘടനയും സാമൂഹികശ്രേണീകരണപ്രക്രിയയും തമ്മിലുള്ള ബന്ധം കണ്ടെത്തുക.

സന്തോഷിന്റെയും പുഷ്പയുടെയും സ്വഭാവത്തെ എങ്ങനെ സാമൂഹികഘടനയും ശ്രേണീകരണവും നിയന്ത്രിക്കുന്നു? സഹകരണം, സംഘർഷം, മത്സരം എന്നീ സാമൂഹികപ്രക്രിയകൾ അവരുടെ ജീവിതത്തിൽ ചെലുത്തിയ സ്വാധീനം കണ്ടെത്താനാകുമോ? അവരുടെ വിവാഹം മത്സരാധിഷ്ഠിത സമൂഹത്തിൽ നിലനിൽപ്പിനു വേണ്ടി മാത്രം നടന്നതാണോ? വിവാഹിതരെമാത്രം പരിഗണിക്കുന്നതിൽ സംഘർഷത്തിന്റെ ഏതെങ്കിലും സാധ്യത അവിടെയുണ്ടോ?

ഇത് അതേ പഴയ കഥ. ഭൂരഹിതനായ കർഷകൻ തന്റെ 14 വയസ്സുകാരനായ മകൻ സന്തോഷിന്റെ വിദ്യാഭ്യാസത്തിനായി 8000 രൂപ കടമെടുത്തു. കടം കൊടുത്ത ആൾ പണം തിരികെ ആവശ്യപ്പെടുന്നു. തിരികെ നൽകാൻ പണമില്ലാത്ത ആ രക്ഷകർത്താവ് തനിക്ക് നാട്ടിൽ ജോലി നൽകുന്ന ഒരേ ഒരാളായ പഞ്ചസാരഫാക്ടറി കരാറുകാരനിൽനിന്നു ശമ്പളം മുൻകൂറായി വാങ്ങുന്നു. ഭർത്താവും ഭാര്യയും മകനും മാത്രമായതിനാൽ അവർ മകന് തിരക്കിട്ട് വധുവിനെ കണ്ടുപിടിക്കുന്നു. 14 വയസ്സുള്ള പുഷ്പയെ ആർഭാടരഹിതമായ ചടങ്ങിലൂടെ 14-കാരനായ സന്തോഷ് വിവാഹം കഴിക്കുന്നു.

ഇത്തരം വിവാഹത്തിന് ഒരു പേരുകൂടിയുണ്ട് - ഗേറ്റ് കിൻ (Gate Kin). കരിമ്പുവിളവെടുപ്പുകാലത്ത് ഫാക്ടറിഗേറ്റിനു പുറത്ത് കുടിയേറ്റത്തൊഴിലാളികളുടെ തട്ടിക്കൂട്ടിയ ക്യാമ്പിൽ നിന്നായിരിക്കണം ഒരുപക്ഷേ ആ പേരു വന്നത്. വിവാഹിതരായ ദമ്പതികളായിരിക്കും ഫാക്ടറിയിൽ കൂടുതൽ കാലം നിലനിൽക്കുക. ആയതിനാൽ കരാറുകാർക്ക് വിവാഹിതരോടാണ് അവിവാഹിതരേക്കാൾ താൽപ്പര്യം.

ഈ കാലഘട്ടത്തിൽ ഇന്ത്യയിലെ മൊത്തം പഞ്ചസാര ഉൽപ്പാദനത്തിന്റെ മൂന്നിലൊന്നും ഉൽപ്പാദിപ്പിച്ച പടിഞ്ഞാറൻ മഹാരാഷ്ട്രയിലെ പഞ്ചസാരമില്ലുകളുടെ പ്രവർത്തനം പ്രതിസന്ധിയിലായി. ആയതിനാൽ കുടിയേറ്റത്തൊഴിലാളികളുടെ തൊഴിൽവേതനങ്ങൾ ഇല്ലാതായി. ആകെയുള്ള 177 ഫാക്ടറികളിൽ 120 എണ്ണവും കേന്ദ്രഗവൺമെന്റിന്റെ രക്ഷാപാക്കേജായ 1650കോടി രൂപ സഹായംവാങ്ങാൻ നിർബന്ധിതമായി. എന്നാൽ ആറുമാസം ദൈർഘ്യമുള്ള കരിമ്പുവിളവെടുപ്പുകാലത്ത് പാടത്ത് പരിഭ്രാന്തിയോടെ കരിമ്പ് വെട്ടുന്ന കുടിയേറ്റത്തൊഴിലാളികളുടെ ഒഴുക്കായിരുന്നു. അവർക്ക് ലഭിക്കാവുന്ന തൊഴിൽസാധ്യത കുറയുകയും കൂലി താഴുകയും ചെയ്തു. ഇന്ന് 16 കാരനായ ഗാംഗുലി സന്തോഷ് പത്താംക്ലാസ് പരീക്ഷ എഴുതിക്കഴിഞ്ഞതേയുള്ളൂ. പുഷ്പ പന്ത്രണ്ടാംക്ലാസിലെ പരീക്ഷ എഴുതിക്കഴിഞ്ഞു. നല്ല വിദ്യാർഥിനിയായ പുഷ്പ ഒരു വയസ്സുള്ള മകനെ നോക്കിവളർത്തുകയും പഠനം മുന്നോട്ടു കൊണ്ടുപോവുകയും ചെയ്യുന്നു. പാടത്തെയും വീട്ടിലെയും പണികൾകൂടി അവൾ ചെയ്യുന്നു. തന്റെ വിവാഹം നേരത്തേ കഴിഞ്ഞുവെന്നും എപ്പോഴാണ് വിവാഹിതയായതെന്നും ഇതെല്ലാം എപ്പോഴാണ് സംഭവിച്ചതെന്നുമോർത്ത് അദ്ഭുതപ്പെടാറുണ്ടെന്ന് അവൾ പറയുന്നു. അവളുടെ ആരോഗ്യത്തെ ഇത് ഹാനികരമായി ബാധിച്ചോ എന്ന ചോദ്യത്തിന് മറുപടിയായി യൗവനത്തിൽത്തന്നെ അമ്മയായ അവൾ പറഞ്ഞത്, തനിക്ക് നിയന്ത്രിക്കാനാവാത്ത കാര്യത്തെക്കുറിച്ച് താൻ ചിന്തിക്കാറില്ല, പകരം, ചെയ്യാവുന്ന കാര്യങ്ങളിൽ ഞാൻ ശ്രദ്ധിക്കുന്നു എന്നാണ്. അവളുടെ ഭർതൃപിതാവും അമ്മയും പറയുന്നത് സ്കോളർഷിപ്പ് കിട്ടിയാൽ ഇനിയും അവൾക്ക് പഠിക്കാൻ കഴിയുമെന്നാണ്. അല്ലാത്തപക്ഷം അവർക്ക് മുംബൈയിലെ ഒരു നിർമാണകേന്ദ്രത്തിലേക്കു കുടിയേറേണ്ടിവരും.

(ഔട്ട്ലുക്ക് മേയ് 8, 2006)



താഴെ പറയുന്ന റിപ്പോർട്ടുകൂടി വായിച്ചശേഷം വിക്രമും നിതിനും നേരിട്ട മത്സരവും സന്തോഷും പുഷ്പയും നേരിട്ട മത്സരവും താരതമ്യം ചെയ്യുക.

'The New Workholics; Their Goals Money Risk Health' എന്ന ഫീച്ചർ 'The Week' ൽ പ്രസിദ്ധീകരിച്ചു.

ഇന്ത്യൻ സമ്പദ്വ്യവസ്ഥ അതിവേഗത്തിൽ എട്ടുശതമാനം വളർച്ചനിരക്കിലേക്ക് എത്തിച്ചേർന്നതിന്റെ ഫലമായി പുതിയ ഒരുപാട് തൊഴിലവസരങ്ങൾ ബിസിനസ് മേഖലയിൽ രൂപപ്പെട്ടു. ജോലിയോടുള്ള കാഴ്ചപ്പാടുകൾക്കും ജോലിയുടെ രീതികൾക്കും മാറ്റം വന്നു. പുതിയ യുവപ്രഫഷണലുകൾ പ്രതിഫലം വളരെ പെട്ടെന്നു ലഭിക്കുന്നതും ഉയർന്ന രീതിയിലുള്ള ജോലിക്കയറ്റവും ശമ്പളവർധനവുമുള്ള ജോലികൾ ആഗ്രഹിക്കുന്നു.

27 വയസ്സുള്ള വിക്രം സമന്ത് അടുത്തകാലത്തായി ബി.പി.ഒ. ആയി ജോലിയിൽ പ്രവേശിച്ചു. എന്നാൽ ഉയർന്ന ശമ്പളം ലഭിക്കുന്ന ജോലി ലഭിച്ചതിനാൽ വിക്രം സമന്തിന് ഈ ജോലി നഷ്ടപ്പെടുന്നതിൽ യാതൊരു വിഷമവുമുണ്ടായില്ല. പണം വളരെ പ്രാധാന്യമുള്ളതാണ്. പുതിയ തൊഴിൽദാതാവിന് തനിക്ക് തരുന്ന ശമ്പളം കഴിവിന്റെ അർഹിക്കുന്ന പ്രതിഫലം ആണെന്നറിയാം. വർക്ക്ഹോളിക്കായ യുവപ്രഫഷനലുകൾ കോർപറേറ്റ് കോണിയുടെ മുകളിൽ നടന്നു കയറുന്നതിനുപകരം പറന്നെത്താനാണ് ആഗ്രഹിക്കുന്നത്.

നിതിൻ പറയുന്നു 'അതെ, എനിക്ക് അടുത്ത സ്ഥാനത്ത് വളരെ വേഗത്തിൽ എത്തണം. പ്രായമാകുന്നതുവരെ എനിക്കതിന് കാത്തുനിൽക്കാൻ സമയമില്ല, ബാങ്കിൽ സോണൽ മാനേജറിലേക്ക് ഒരു കുതിച്ചുചാട്ടത്തിനായി അയാൾ തയാറായി നിൽക്കുന്നു.

## ഉപസംഹാരം

ഈ പാഠത്തിൽ ഒരു ഭാഗത്ത് സാമൂഹിക ഘടനയും സാമൂഹികശ്രേണീക രണവും തമ്മിലുള്ള ബന്ധവും മറ്റൊരുഭാഗത്ത് സാമൂഹികപ്രക്രിയകളായ സഹകരണം, മത്സരം, സംഘർഷം എന്നിവയെയും മനസ്സിലാക്കാൻ ശ്രമിക്കുന്നു. സാമൂഹികപ്രക്രിയകൾ വ്യത്യസ്തങ്ങളാണെങ്കിലും അവ പരസ്പരം സഹകരിച്ച് നിലനിൽക്കുന്നുവെന്നു നിർബന്ധിത സഹകരണത്തെക്കുറിച്ചുള്ള ചർച്ചയിൽ ബോധ്യപ്പെടുന്നു. സാമൂഹികസംഘത്തിൽ എങ്ങനെയാണ് സാമൂഹികപ്രക്രിയകൾ നടപ്പിലാക്കപ്പെടുന്നതെന്നും സാമൂഹിക ശ്രേണീകരണത്തിലും ഘടനയിലും സാമൂഹികസംഘങ്ങൾ എങ്ങനെ വ്യത്യസ്തമായി സ്വരിതിചെയ്യുന്നുവെന്നും നാം വിശകലനം ചെയ്തു.



### അൽപ്പംകൂടി...

#### സാമൂഹികപ്രത്യുൽപ്പാദനം

ആനിറ്റേ ലാറിയോയും എറിൻ ഹൊവാറ്റും ചേർന്ന് 'രക്ഷിതാക്കളുടെ പങ്കാളിത്തം കുട്ടികളുടെ വിദ്യാഭ്യാസത്തിൽ', എന്ന കേസ് ഡയറിയിൽ രക്ഷകർത്താവിന്റെ യുക്തമായ ഇടപെടലെന്നത് നിർവചിക്കുമ്പോൾ വംശവും സാമൂഹികവർഗവും അതിനെ സ്വാധീനിക്കുന്നതായി കാണാൻ സാധിച്ചു. ഉയർന്ന അളവിൽ സാംസ്കാരിക മൂലധനം (Cultural Capital) ഉള്ള രക്ഷകർത്താവിന് തന്റെ കുട്ടിയുടെ വിദ്യാഭ്യാസത്തെ കൂടുതലായി സ്വാധീനിക്കാൻ കഴിയുന്നുവെന്ന് അവർ കണ്ടെത്തി. നിലനിൽക്കുന്ന സാമൂഹിക അസമത്വങ്ങളെ വിദ്യാലയങ്ങൾ എങ്ങനെ പ്രതിഫലിപ്പിക്കുന്നുവെന്നതിൽ താൽപ്പര്യമുള്ള പണ്ഡിതർക്ക് സാമൂഹികപുനരുൽപ്പാദനം എന്ന സങ്കൽപ്പനം ഫലപ്രദമായി ഭവിച്ചു. ഇത് ബോർഡിയോയുടെയും സഹപ്രവർത്തകരുടെയും രചനകളിൽ ചൂണ്ടിക്കാണിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ കാഴ്ചപ്പാടിൽ, സാമൂഹികവും സാംസ്കാരികവുമായ മൂലധനം ഉയർന്ന അളവിലുള്ള കുട്ടികൾ അതില്ലാത്തവരേക്കാൾ വിദ്യാലയങ്ങളിലെ പഠനപ്രവർത്തനങ്ങളിൽ ശോഭിക്കുന്നു. വിദ്യാഭ്യാസ അസമത്വം പ്രസരിപ്പിക്കുന്നതിൽ വംശവും വർഗവും എന്ത് സ്വാധീനമാണ് ചെലുത്തുന്നതെന്നു കൂടുതലായി മനസ്സിലാക്കാൻ സാമൂഹികപ്രത്യുൽപ്പാദന കാഴ്ചപ്പാട് സഹായിക്കുന്നതായി തെളിയുന്നു.

**ആധാരഗ്രന്ഥം**

Bourdieu, P. 1974. Cultural Reproducation and Social Re-producation. In J Karabel & A. H. Halsey (Eds), Power and Ideology in Educaiton (pp. 487-511). New York: Oxford Univeristy Press

Lareau, A., & Mc Namara, H. Moments of Social Inclusion and Exclusion: Race, and cultural captial in Family - School Relationship.
Sociology of Education, Vol. 72, No. 1 (Jan., 1999)



**പരക്ഷേമകാംക്ഷ (Altruism)**

സ്വന്തം താൽപ്പര്യത്തിന് അതീതമായി മറ്റുള്ളവർക്കു വേണ്ടി പ്രവർത്തിക്കുന്ന രീതി.

**അന്യവൽക്കരണം (Alienation)**

ഉൽപ്പാദനപ്രക്രിയയിലും തൊഴിലിലും ഉൽപ്പന്നത്തിലും തൊഴിലാളികളുടെ നിയന്ത്രണം നഷ്ടപ്പെടുന്ന അവസ്ഥ.

**അരാജകത്വം (Anomie)**

ദുർഖീമിന്റെ അഭിപ്രായത്തിൽ അരാജകത്വം എന്നതുകൊണ്ട് സൂചിപ്പിക്കുന്നത് സാമൂഹികവഴക്കങ്ങൾ ഇല്ലാതാവുകയും വ്യക്തികൾ സാമൂഹികനിയന്ത്രണങ്ങളിൽനിന്നും സാമൂഹികപ്രതിരോധങ്ങളിൽനിന്നും സ്വതന്ത്രരാവുകയും ചെയ്യുന്ന പ്രക്രിയ എന്നാണ്.

**മുതലാളിത്തം (Capitalism)**

ഉൽപ്പാദനസംവിധാനം പൂർണമായും സ്വകാര്യനിയന്ത്രണത്തിലുള്ളതും ലാഭം ലക്ഷ്യമായിട്ടുള്ളതും വിപണി ലക്ഷ്യമായി പ്രവർത്തിക്കുന്നതുമായ സംവിധാനം. കൂലിയുടെ അടിസ്ഥാനത്തിൽ തൊഴിൽ നിശ്ചയിക്കപ്പെടുന്നു.

**തൊഴിൽവിഭജനം (Division of Labour)**

തൊഴിലിന്റെ വൈദഗ്ധ്യവൽക്കരണം ഉൽപ്പാദനപ്രക്രിയയിലെ വൈവിധ്യമാർന്ന തൊഴിലുകളുമായി ബന്ധപ്പെട്ടിരിക്കുന്നു. എല്ലാ സമൂഹത്തിലും വിവിധതരത്തിലുള്ള തൊഴിൽവിഭജനങ്ങൾ കാണാം. പുരുഷനും സ്ത്രീക്കും വ്യത്യസ്ത തൊഴിലുകൾ തീരുമാനിക്കപ്പെട്ടിരിക്കുന്നു. ആധുനിക വ്യവസായസമൂഹത്തിൽ തൊഴിൽവിഭജനം സങ്കീർണമായ പ്രക്രിയയാണ്.

**അധീശ പ്രത്യയശാസ്ത്രം (Dominant Ideology)**

പ്രബലവിഭാഗവുമായി ബന്ധപ്പെട്ട പ്രത്യയശാസ്ത്രം. സമൂഹത്തിലെ പ്രബലവിഭാഗങ്ങളുടെ താൽപ്പര്യങ്ങളും ആശയങ്ങളും ഈ പ്രത്യയശാസ്ത്രം ന്യായീകരിക്കുന്നു. അധീശ പ്രത്യയശാസ്ത്രം സമൂഹത്തിൽ സംഘടിതമായ അസമത്വം രൂപപ്പെടുത്തുന്നു.

**വ്യക്തിപരത (Individulism)**

സംഘങ്ങളിൽനിന്നു വ്യത്യസ്തമായി സ്വതന്ത്രരായ വ്യക്തികളെയാണ് ഇതു സൂചിപ്പിക്കുന്നത്.

**ലെയ്സെയ്സ് ഫെയർ മിതവാദം (Laissez-Faire Liberalism )**

ഈ സിദ്ധാന്തം സൂചിപ്പിക്കുന്നത് സർക്കാരിന്റെ ഇടപെടലുകൾ ഇല്ലാത്ത സ്വതന്ത്രവിപണികളാണ്. സ്വതന്ത്രരായ ഉടമസ്ഥരും സ്വതന്ത്രമായ വിപണിയും ഉൾക്കൊള്ളുന്നതാണ് ഈ സംവിധാനം.

**യാന്ത്രിക ഐക്യദാർഢ്യം (Mechanical Solidarity)**

കുറഞ്ഞ രീതിയിലുള്ള തൊഴിൽവിഭജനമുള്ളതും ഒരേ രീതിയിലുള്ള ജോലിയിൽ ഏർപ്പെടുന്നവരും ഒരേ രീതിയിലുള്ള വിശ്വാസങ്ങളും ആചാരങ്ങളും അനുഷ്ഠിക്കുന്നവരുമായവരുടെ ഇടയിൽ കാണുന്ന ഐക്യമാണ് യാന്ത്രിക ഐക്യദാർഢ്യമെന്ന് ദുർഖീം വിശദീകരിക്കുന്നു.

**ജൈവ ഐക്യദാർഢ്യം (Organic Solidarity)**

തൊഴിൽവിഭജനം സങ്കീർണമായതും പരസ്പര ആശ്രയത്വമുള്ളതും സാമ്പത്തിക ആശ്രയത്വമുള്ളതും വൈവിധ്യങ്ങൾ നിറഞ്ഞ തൊഴിലുകളും ആചാരാനുഷ്ഠാനങ്ങളും വിശ്വാസങ്ങളുടെ വ്യത്യസ്തതകളുള്ളതുമായ സമൂഹത്തെ ജൈവ ഐക്യദാർഢ്യമുള്ള സമൂഹം എന്ന് ദുർഖീം വിശേഷിപ്പിക്കുന്നു.

**സാമൂഹികപ്രതിബന്ധങ്ങൾ (Social Constraint)**

അംഗമായ സാമൂഹികസംഘത്തിനും സമൂഹത്തിനും വ്യക്തികളുടെ പെരുമാറ്റത്തെ സ്വാധീനിക്കാനും നിയന്ത്രിക്കാനുമുള്ള കഴിവിനെ സൂചിപ്പിക്കുന്നു. സാമൂഹികവസ്തുതയുടെ പ്രധാന സവിശേഷതയായി ദുർഖീം സാമൂഹികപ്രതിബന്ധത്തെ കണക്കാക്കുന്നു.

**ഘടനകൾ (Structures)**

വ്യക്തികളുടെ പെരുമാറ്റത്തെ നിയന്ത്രിക്കാൻ സംഘടിതമായി സൃഷ്ടിക്കപ്പെട്ട രീതികളാണ് ഘടന.



1. കാർഷിക–വ്യാവസായിക പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സഹകരണം ആവശ്യപ്പെടുന്ന പ്രവൃത്തികൾ ഏതെല്ലാമെന്ന് ചർച്ചചെയ്യുക.
2. സഹകരണമെന്നത് സ്വമേധയാ ഉളവാകുന്നതോ നിർബന്ധമായി നടപ്പാക്കുന്നതോ? മാനദണ്ഡങ്ങളും അംഗീകാരവും സഹകരണം ഉറപ്പുവരുത്തുന്നുണ്ടോ? ഉദാഹരണസഹിതം വിശദീകരിക്കുക.
3. ഇന്ത്യൻ സമൂഹത്തിലെ സംഘർഷവുമായി ബന്ധപ്പെട്ട ഉദാഹരണങ്ങൾ കണ്ടെത്തുക. ഇത്തരം സംഘർഷങ്ങളുടെ കാരണങ്ങൾ കണ്ടെത്തുക.
4. സംഘർഷങ്ങൾ എങ്ങനെ പരിഹരിക്കപ്പെടുന്നു? ഉദാഹരണസഹിതം ഉപന്യസിക്കുക.
5. മത്സരമില്ലാത്ത ഒരു സമൂഹമെന്നത് സത്യമോ മിഥ്യയോ? എന്തുകൊണ്ട്?
6. ആധുനികസമൂഹം മുമ്പുള്ള സമൂഹത്തെ അപേക്ഷിച്ച് മത്സരാധിഷ്ഠിതമാണോ, സംഘർഷാധിഷ്ഠിതമാണോ എന്ന് നിങ്ങളുടെ രക്ഷിതാക്കളോടും മറ്റു മുതിർന്ന വരോടും ചർച്ചചെയ്യുക. നിങ്ങൾ അങ്ങനെ കരുതുന്നുണ്ടോ? എന്തുകൊണ്ട്?



ABDULLAH, T. and S. ZEIDENSTEIN. 1982. *Village Men of Bangladesh: Prospects for Change*. Pergamon Press, Oxford

BASU SRIMATI. 2001. *She Comes to Take Her Rights: Indian Women, Property and Propriety.* Kali for Women, New Delhi

BOTTOMORE, T.B. 1975. *Sociology as Social Criticism.* George Allen and Unwin Ltd., London

DURKHEIM EMILE, 1933. *The Division of Labour in Society.* A Free Press (Paperback), The MacMillan Company, New York

JAYARAM, N. 1987. *Introductory Sociology.* MacMillan India Ltd, Delhi

HALE SYLVIA, M. 1990. *Controversies in Sociology: A Canadian Introduction.* Longman Groups, London

MARX, KARL and FREDERICK ENGELS. 1974. *The German Ideology.* Selected Works, Vol. 1. Peoples Publishing House, Moscow

SEN, AMARTYA. 1990. 'Gender and Cooperative Conflicts' in *Persistent Inequalities* (ed) H.Tinker, pp.123-49. Oxford University Press, Oxford

SINGH, YOGENDRA. 1973. *Modernization of Indian Tradition.* Thomson Press, Delhi

SRINIVAS, M.N. 1972. *Social Change in Modern India.* Orient Longman, New Delhi


OOMMEN, T.K. 1972. *Charisma, Stability and Change; An Analysis of Bhoodan-Gramdan Movement in India.* Thomson Press, New Delhi

WHITE, S.C. 1992. *Arguing With the Crocodile, Gender and Class in Bangladesh*, Zed Books, London

# 2

# ഗ്രാമീണ-നാഗരിക സമൂഹങ്ങളിലെ സാമൂഹികമാറ്റവും സാമൂഹികക്രമവും

# SOCIAL CHANGE AND SOCIAL ORDER IN RURAL AND URBAN SOCIETY



C6B9B2

സമൂഹത്തിൽ മാറ്റമില്ലാത്തതായി മാറ്റം മാത്രമേയുള്ളൂ. ആധുനികസമൂഹത്തിന്റെ ശാശ്വതസവിശേഷതയാണ് തുടർച്ചയായ മാറ്റങ്ങൾ. പതിനേഴാം നൂറ്റാണ്ടിനും പത്തൊമ്പതാം നൂറ്റാണ്ടിനും മധ്യേ പാശ്ചാത്യ-യൂറോപ്യൻ സമൂഹങ്ങളിൽ ദ്രുതഗതിയിലുള്ള മാറ്റങ്ങൾ സമൂഹശാസ്ത്രത്തിന്റെ ഉത്ഭവത്തിന് കാരണമായി.

ആധുനികസമൂഹത്തിന്റെ സ്പഷ്ടവും സാധാരണവുമായൊരു വസ്തുതയാണ് സാമൂഹികമാറ്റം. സാമൂഹികമാറ്റം താരതമ്യേന പുതിയതും അടുത്ത കാലത്തു സംഭവിച്ചതുമാണ്. ഏകദേശം അഞ്ചുലക്ഷം വർഷങ്ങൾക്കുമുമ്പാണ് മനുഷ്യജീവിതം ആരംഭിച്ചത് എന്നു കണക്കാക്കുന്നു. എന്നാൽ പരിഷ്കൃതസമൂഹമായി മാറിയത് 6000 വർഷങ്ങൾക്കുമുമ്പു മാത്രമാണ്. കഴിഞ്ഞ 400 വർഷങ്ങൾക്കിടയിലാണ് മാറ്റങ്ങളുടെ വേഗം വർധിച്ചത്. ഇതിൽ അവസാന 100 വർഷത്തിലാണ് ദ്രുതഗതിയിലുള്ള മാറ്റങ്ങൾ സംഭവിക്കുന്നത്. അവസാനവർഷങ്ങളിലാണ് മാറ്റത്തിന്റെ വേഗം കൂടിയത്. അവസാന 50 വർഷങ്ങളിൽ ആദ്യ 30 വർഷത്തേക്കാൾ മാറ്റം സംഭവിച്ചത് പിന്നീടുവന്ന 20 വർഷങ്ങളിലാണ്.

**മാനവചരിത്രത്തിന്റെ ഘടികാരം**

ഏകദേശം അഞ്ചുലക്ഷം വർഷത്തോളമായി മനുഷ്യൻ ഭൂമിയിൽ നിലനിൽക്കുന്നു. മനുഷ്യരുടെ സ്ഥിരതാമസത്തിന് കാരണമായ കൃഷിയാരംഭിച്ചത് 12000 വർഷങ്ങൾക്കുമുമ്പു മാത്രമാണ്. പരിഷ്കൃത സമൂഹമായി മാറിയത് 6000 വർഷങ്ങൾക്കുമുമ്പാണ്. മനുഷ്യവംശത്തിന്റെ നിലനിൽപ്പിന്റെ കാലഘട്ടത്തെ ഒരു ദിവസമായി കണക്കാക്കുകയാണെങ്കിൽ കൃഷി നിലവിൽ വന്നത് 11.56 pm-നും പരിഷ്കൃതസമൂഹം നിലവിൽ വന്നത് 11.57-നുമാണ്. ആധുനികസമൂഹത്തിന്റെ വികാസം സംഭവിച്ചത് 11.59-നുശേഷം 30 നിമിഷങ്ങൾ കഴിഞ്ഞാണ്. അതായത് ഏറ്റവും കൂടുതൽ മാറ്റങ്ങൾ ഉണ്ടായത് അവസാനത്തെ മുപ്പതു നിമിഷങ്ങളിലാണെന്നു കാണാം.

(Anthony Giddens: 2004, Sociology 4th edition, p 40)



രക്ഷിതാക്കളോടും മറ്റു മുതിർന്നവരോടും സംസാരിച്ച് അവരുടെ ചെറുപ്പകാലത്ത് ഇല്ലാത്തതും ഇപ്പോൾ ഉള്ളതുമായ വസ്തുക്കളുടെ പട്ടിക തയാറാക്കുക. ഉദാഹരണത്തിന് ടി.വി, പ്ലാസ്റ്റിക് ബക്കറ്റ്, പ്ലാസ്റ്റിക് ബാഗിലെ പാൽ, മൊബൈൽ ഫോൺ.

## സാമൂഹികമാറ്റം (Social Change)

സാമ്പത്തിക-രാഷ്ട്രീയമാറ്റങ്ങളെ മാത്രമല്ല, സമൂഹത്തിലുണ്ടാകുന്ന ഏതൊരു മാറ്റത്തെയും സൂചിപ്പിക്കുന്ന ഒരു പൊതുപദമാണ് സാമൂഹികമാറ്റം. ഈ പദം കൂടുതൽ കൃത്യതയോടെ സാമൂഹികസിദ്ധാന്തങ്ങൾക്കു യോജിച്ച രീതിയിൽ മാറ്റിയെടുക്കുന്നതിൽ സമൂഹശാസ്ത്രം കഠിനാധ്വാനം ചെയ്തിട്ടുണ്ട്. സാമൂഹികമാറ്റം ഏറ്റവും അടിസ്ഥാനതലത്തിൽ സൂചിപ്പിക്കുന്നത് പ്രബലമായ മാറ്റങ്ങളെയാണ്. ഒരു നിശ്ചിത കാലഘട്ടത്തിൽ ഒരു വസ്തുവിന്റെ അടിസ്ഥാനപരമായ ഘടനയെ അല്ലെങ്കിൽ സാഹചര്യത്തെ രൂപാന്തരപ്പെടുത്തുന്ന മാറ്റങ്ങളാണത് (Giddens 2005:42). അതായത് എല്ലാ മാറ്റങ്ങളും സാമൂഹികമാറ്റമല്ല. അടിസ്ഥാനപരമായ പരിവർത്തനങ്ങൾ കൊണ്ടുവരുന്ന വലിയ മാറ്റങ്ങളെയാണ് സാമൂഹികമാറ്റമായി കണക്കാക്കുന്നത്. മാറ്റത്തിന്റെ വലുപ്പം അളക്കുന്നത് അത് എത്രമാത്രം മാറ്റം കൊണ്ടുവന്നു എന്നതിനെമാത്രം കണക്കാക്കിയല്ല. അഥവാ മാറ്റത്തിന്റെ തോത് സമൂഹത്തിലെ ഒരു വിഭാഗത്തെ എത്രകണ്ട് സ്വാധീനിച്ചിരിക്കുന്നു എന്നുകൂടി പരിഗണിക്കുന്നു. മറ്റൊരർഥത്തിൽ, മാറ്റങ്ങൾ തീവ്രവും വ്യാപകവുമായിരിക്കണം. സമൂഹത്തിലെ വലിയൊരു മേഖലയെ അത് സ്വാധീനിക്കുമ്പോൾ മാത്രമാണ് സാമൂഹികമാറ്റമായി കണക്കാക്കുന്നത്.

ഇത്തരം വിശദീകരണങ്ങൾ നിലനിൽക്കുന്നുണ്ടെങ്കിലും സാമൂഹികമാറ്റം എന്ന പദത്തിന് ഒരു വിശാല അർഥമുണ്ട്. സാധാരണയായി സാമൂഹികമാറ്റത്തെ വേർതിരിക്കുന്നത് അതിന്റെ സ്വഭാവം, സമൂഹത്തിലുള്ള സ്വാധീനം, മാറ്റത്തിന്റെ വേഗം എന്നിവയെ അടിസ്ഥാനമാക്കിയാണ്.

ഉദാഹരണത്തിന്, ദീർഘകാലംകൊണ്ടുണ്ടാകുന്നതും സാവധാനത്തിൽ സംഭവിക്കുന്നതുമായ മാറ്റത്തെയാണ് പരിണാമം (Evolution) എന്നു പറയുന്നത്. ജീവവർഗങ്ങളുടെ ഉൽപ്പത്തിയെക്കുറിച്ചുള്ള ചാൾസ് ഡാർവിന്റെ സിദ്ധാന്തത്തോടെയാണ് പരിണാമം എന്ന പദം പ്രസിദ്ധമായത്. ജീവജാലങ്ങൾ ചുറ്റുപാടുകളുമായി ഇണങ്ങി സാവധാനം മാറ്റങ്ങളുണ്ടാകുന്നുവെന്ന് ഡാർവിൻ ചൂണ്ടിക്കാണിച്ചു. അർഹതയുള്ളവരുടെ അതിജീവനത്തിന് (Survival of the fittest) ഡാർവിന്റെ സിദ്ധാന്തം കൂടുതൽ ഊന്നൽ നൽകി. തങ്ങളുടെ പരിസ്ഥിതിയുമായി നന്നായി ഇണങ്ങിച്ചേരുന്ന ജീവരൂപങ്ങൾ അതിജീവിക്കുമെന്നും അല്ലാത്തവ കാലക്രമത്തിൽ നശിച്ചുപോകുമെന്നുമാണ് ഇതിന്റെ

അർഥം. മനുഷ്യൻ കടലിലെ ജീവരൂപങ്ങളിൽ നിന്ന് (വ്യത്യസ്ത മത്സ്യങ്ങൾ) പരിണാമ പ്രക്രിയയുടെ പലഘട്ടങ്ങളിലൂടെ കടന്ന് കരയിലെ സസ്തനികളായും കുരങ്ങുകളായും ചിമ്പാൻസികളായും അവസാനകണ്ണികളായ ഹോമോസാപിയൻ അഥവാ മനുഷ്യ രൂപങ്ങളായും പരിണമിക്കുന്നതുവരെ ഈ പ്രക്രിയ നീണ്ടുനിന്നു. ഡാർവിന്റെ പരിണാമസിദ്ധാന്തം പ്രകൃതിയിലെ പരിണാമപ്രക്രിയകളെയാണ് പരാമർശിക്കുന്നത്. ഇത് സാമൂഹികസാഹചര്യങ്ങളിലേക്ക് അനുരൂപീകരണം സംഭവിച്ചാണ് 'സാമൂഹിക ഡാർവനിസം' (Social Darwinism) ഉരുത്തിരിഞ്ഞത്. പരിണാമപരമായ മാറ്റങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വേഗത്തിലും പെട്ടെന്നും ഉണ്ടാകുന്ന മാറ്റങ്ങളാണ് 'വിപ്ലവങ്ങൾ' (Revolution). ഇത് പ്രധാനമായും രാഷ്ട്രീയപശ്ചാത്തലത്തിലാണ് ഉപയോഗിക്കുന്നത്. ഭരണവർഗത്തെ എതിരാളികൾ അട്ടിമറിച്ച് സമൂഹത്തിലെ അധികാരഘടനയിൽ അതിവേഗത്തിൽ നടത്തുന്ന മാറ്റങ്ങളാണിത്. ഫ്രഞ്ച് വിപ്ലവം (1789–93), റഷ്യൻവിപ്ലവം (1917) എന്നിവ ഉദാഹരണങ്ങളാണ്. എന്നാൽ സമൂഹത്തിലെ തീവ്രവും പെട്ടെന്നുള്ളതും സമ്പൂർണവുമായ പരിവർത്തനങ്ങൾ സൃഷ്ടിച്ച വ്യാവസായിക വിപ്ലവം (Industrial Revolution), വാർത്താ വിനിമയവിപ്ലവം (Telecommunication Revolution) തുടങ്ങിയവയെക്കൂടി സൂചിപ്പിക്കാനും ഈ പദം ഉപയോഗിക്കുന്നു.




ഫ്രഞ്ച് വിപ്ലവം, വ്യാവസായിക വിപ്ലവം എന്നിവയെക്കുറിച്ചു നാം മനസ്സിലാക്കി. ഈ രണ്ടു വിപ്ലവങ്ങളും സമൂഹത്തിൽ കൊണ്ടുവന്ന മാറ്റങ്ങളെന്തെല്ലാം? ഇവ സാമൂഹികമാറ്റങ്ങളാണോ? ഈ മാറ്റങ്ങളെ വിപ്ലവമെന്നു വിളിക്കാമോ? ഈ പുസ്തകത്തിൽ പ്രതിപാദിക്കുന്ന മറ്റു മാറ്റങ്ങൾ കണ്ടെത്തുക.

സാമൂഹികഘടനയിലും ആശയങ്ങൾ, വിശ്വാസങ്ങൾ, മൂല്യങ്ങൾ എന്നിവയെ സ്വാധീനിക്കുന്ന മാറ്റങ്ങളുണ്ട്. സമൂഹത്തിന്റെ ഘടനയിലുണ്ടാകുന്ന പരിവർത്തനങ്ങളെയാണ് ഘടനാപരമായ മാറ്റങ്ങൾ എന്നു പറയുന്നത്. ഇത് സമൂഹത്തിലെ സ്ഥാപനങ്ങളിലും അവയെ നിയന്ത്രിക്കുന്ന ചട്ടങ്ങളിലും മാറ്റങ്ങളുണ്ടാക്കുന്നു. ഉദാഹരണത്തിന്, കടലാസുപണത്തിന്റെ (Paper money) ആവിർഭാവം സാമ്പത്തികവിപണികളിലും (Economic Market) ഇടപാടുകളിലും ഘടനാപരമായ മാറ്റമുണ്ടാക്കി. ഇത്തരം മാറ്റം വരുന്നതിനുമുമ്പ് വിലപിടിപ്പുള്ള സ്വർണ നാണയങ്ങളും വെള്ളിനാണയങ്ങളുമാണ് കറൻസിയായി ഉപയോഗിച്ചിരുന്നത്. നാണയത്തിന്റെ മൂല്യം അതിൽ അടങ്ങിയിട്ടുള്ള സ്വർണത്തിന്റെയും വെള്ളിയുടെയും മൂല്യവുമായി ബന്ധപ്പെട്ടിരിക്കുന്നു. എന്നാൽ കടലാസുപണത്തിന്റെ മൂല്യത്തിന് അത് അച്ചടിച്ചിട്ടുള്ള കടലാസിന്റെ മൂല്യവുമായോ അല്ലെങ്കിൽ അതിന്റെ അച്ചടിച്ചെലവുമായോ ഒരു ബന്ധവുമില്ല. സാധനങ്ങളുടെയും സേവനങ്ങളുടെയും കൈമാറ്റത്തിന് സുഖകരമായ ഒരു മാധ്യമം വിലപിടിച്ചതാകണമെന്നില്ലെന്ന ആശയമാണ് കടലാസുപണത്തിനു പിന്നിലുള്ളത്. വിശ്വാസ്യത നിലനിൽക്കുന്നിടത്തോളം ഇതു നിലനിൽക്കും. വിപണിക്ക് അടിസ്ഥാനമായതും ബാങ്കിങ്, ധനകാര്യം എന്നിവയുടെ ഘടന മാറുന്നതിനും അതു കാരണമായി. ഇതു സാമ്പത്തികജീവിതത്തിലും മാറ്റമുണ്ടാക്കി.

മൂല്യങ്ങളിലും വിശ്വാസങ്ങളിലുമുള്ള മാറ്റം സാമൂഹികമാറ്റത്തിലേക്കു നയിച്ചു. ഉദാഹരണത്തിന് ബാല്യകാലത്തെക്കുറിച്ചുള്ള ആശയങ്ങളിലുള്ള മാറ്റങ്ങൾ വളരെ പ്രധാനപ്പെട്ട സാമൂഹികമാറ്റം കൊണ്ടുവന്നു. കുട്ടികളെ മുതിർന്നവരെപ്പോലെ (Small adult) കണ്ടിരുന്ന ഒരു കാലഘട്ടമുണ്ടായിരുന്നു.



പഠനമുറിയിലിരിക്കുന്ന കുട്ടികൾ




ജോലി ചെയ്യുന്ന കുട്ടി

കുട്ടികൾക്ക് വേണ്ട യാതൊരു പരിഗണനയും ലഭിച്ചിരുന്നില്ല. അവരെക്കൊണ്ട് പണിയെടുപ്പിക്കുന്നത് ശരിയും അനുയോജ്യവും ആയാണ് കണക്കാക്കിയിരുന്നത്. അഞ്ചോ ആറോ വയസ്സു തികയുന്ന കാലം മുതൽ കുട്ടികൾ അവരുടെ കുടുംബങ്ങളെ തൊഴിലുകളിൽ സഹായിച്ചിരുന്ന ഒരു സ്ഥിതിയാണ് പത്തൊൻപതാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ പോലും ഉണ്ടായിരുന്നത്. ആദ്യകാല ഫാക്ടറികൾ ബാലവേലയെ ആശ്രയിച്ചാണ് നിലനിന്നിരുന്നത്. ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കം മുതൽ ബാല്യത്തെ ജീവിതത്തിന്റെ ഒരു പ്രത്യേക കാലഘട്ടമായി കണക്കാക്കിത്തുടങ്ങി. കുട്ടികൾ പണിയെടു ക്കുന്നതു ചിന്തിക്കാൻ പോലും പറ്റാത്ത വിഷയമായി. പല രാജ്യങ്ങളിലും ബാലവേല നിരോധിക്കുന്ന നിയമങ്ങൾ നിലവിൽവന്നു. അതേസമയത്തുതന്നെ നിർബന്ധിതവിദ്യാഭ്യസം നൽകണമെന്ന ആശയവും ഉയർന്നു. കുട്ടികളെ വിദ്യാലയത്തിൽ എത്തിക്കാനുള്ള ധാരാളം നിയമങ്ങൾ നിലവിൽവന്നു. എങ്കിലും നമ്മുടെ രാജ്യത്ത് ഇപ്പോഴും ചവിട്ടിനിർമാണം, ചായക്കട, ഭക്ഷണശാലകൾ, തീപ്പെട്ടിക്കമ്പനി, പടക്കനിർമാണം എന്നിവിടങ്ങളിൽ ബാലവേല നടക്കുന്നുണ്ട്. ബാലവേല നിയമ വിരുദ്ധവും കുറ്റകരവുമാണ്.

സാമൂഹികമാറ്റങ്ങളെ അവയുടെ കാരണങ്ങളുടെയും സ്രോതസ്സുകളുടെയും അടിസ്ഥാനത്തിൽ തരംതിരിക്കാറുണ്ട്. കാരണങ്ങൾ ആന്തരികമോ (Endogenous) ബാഹ്യമോ (Exogenous) ആവാം. സാമൂഹികമാറ്റത്തിന്റെ കാരണങ്ങൾ അല്ലെങ്കിൽ സ്രോതസ്സുകളെ സാമ്പത്തികം, സാങ്കേതികം, പാരിസറിതികം, രാഷ്ട്രീയം, സാംസ്കാരികം എന്നിങ്ങനെ അഞ്ചായി തിരിക്കാം.

**പരിസ്ഥിതി (Environment)**

സമൂഹത്തിന്റെ ഘടനയിലും രൂപത്തിലും, പ്രകൃതിയും പരിസ്ഥിതിയും ഭൗതികചുറ്റുപാടുകളും സുപ്രധാനമായ സ്വാധീനം ചെലു



ത്തുന്നുണ്ട്. മനുഷ്യന് പ്രകൃതിയെ നിയന്ത്രിക്കാനും മറികടക്കാനും കഴിയാത്ത കാലത്ത് ഇതു വളരെ ശരിയായിരുന്നു. ഉദാഹരണത്തിന്, സമതലങ്ങളിലും നദീതീരങ്ങളിലും താമസിച്ചിരുന്നവരെപ്പോലെ കൃഷിചെയ്യാൻ മരുഭൂമിയിൽ ജീവിച്ചിരുന്നവർക്കു കഴിഞ്ഞിരുന്നില്ല. അതിനാൽ ഭക്ഷണരീതി, വസ്ത്രരീതി, ഉപജീവനമാർഗങ്ങൾ, സാമൂഹികപാരസ്പര്യം തുടങ്ങിയവ നിർണയിച്ചിരുന്നത് അവരുടെ ഭൗതികചുറ്റുപാടും കാലാവസ്ഥയുമാണ്. അതിശൈത്യ കാലാവസ്ഥയിലും തുറമുഖപട്ടണങ്ങളിലും ഫലഭൂയിഷ്ഠമായ നദീതീരങ്ങളിലും ജീവിക്കുന്നവരുടെ അവസ്ഥയും ഇതുതന്നെയാണ്. എന്നാൽ സാങ്കേതികവിദ്യയുടെ വളർച്ച സമൂഹത്തിനുമേൽ പരിസ്ഥിതിക്കുള്ള സ്വാധീനത്തിന്റെ വ്യാപ്തി കുറച്ചു. പ്രകൃതിയുയർത്തുന്ന വെല്ലുവിളികൾ തരണംചെയ്യാൻ സാങ്കേതികവിദ്യ നമ്മെ സഹായിക്കുന്നതിനാൽ വ്യത്യസ്ത പരിസ്ഥിതികളിൽ ജീവിക്കുന്നവർ തമ്മിലുള്ള വ്യത്യാസം കുറഞ്ഞു. മറ്റൊരു രീതിയിൽ പറഞ്ഞാൽ സാങ്കേതികവിദ്യ പ്രകൃതിയിലും പ്രകൃതിയുമായുള്ള നമ്മുടെ ബന്ധങ്ങളിലും മാറ്റങ്ങൾ വരുത്തുന്നു. കൃത്യമായി പറഞ്ഞാൽ സമൂഹത്തിലുള്ള പ്രകൃതിയുടെ സ്വാധീനം കുറയുകയല്ല, മാറിക്കൊണ്ടിരിക്കുകയാണ്.

സമൂഹത്തെ രൂപപ്പെടുത്തുന്നതിൽ പരിസ്ഥിതി പ്രധാന പങ്കുവഹിച്ചിട്ടുണ്ട്. എന്നാൽ സാമൂഹികമാറ്റം കൊണ്ടുവരുന്നതിൽ അതിന് എന്തെങ്കിലും പങ്കുണ്ടോ? പ്രകൃതിദുരന്തങ്ങളുമായി ബന്ധപ്പെട്ട് ഈ ചോദ്യങ്ങൾക്ക് ഏറ്റവും എളുപ്പവും ശരിയായതുമായ ഉത്തരം കണ്ടെത്താൻ കഴിയും. പെട്ടെന്നുണ്ടാകുന്ന അത്യാഹിതങ്ങളായ ഭൂചലനങ്ങൾ, അഗ്നിപർവതസ്ഫോടനങ്ങൾ, പ്രളയം, സുനാമി (ഇന്തോനേഷ്യ, ശ്രീലങ്ക, ആൻഡമാൻ ദ്വീപുകൾ, തമിഴ്നാട്, കേരളം എന്നീ സ്ഥലങ്ങളിൽ 2004 ഡിസംബറിൽ നാശം വിതച്ചു) തുടങ്ങിയവ സമൂഹങ്ങളിൽ സമൂലമാറ്റങ്ങളുണ്ടാക്കി. ഇത് തിരിച്ചുപോക്കില്ലാത്ത മാറ്റങ്ങളാണ്. ഇവയ്ക്ക് പഴയ അവസ്ഥയിലേക്കു തിരിച്ചുപോകാൻ കഴിയില്ല. ഉദാഹരണത്തിന്, പല തീരപ്രദേശങ്ങളിലെയും സാമൂഹികഘടന സുനാമിദുരന്തത്തിന്റെ ഫലമായി പൂർണമായും മാറുകയുണ്ടായി. പ്രകൃതിദുരന്തങ്ങൾ പലപ്പോഴും സമൂഹത്തിലും ചരിത്രത്തിലും സമ്പൂർണമാറ്റത്തിനോ പൂർണനാശത്തിനോ കാരണമാകുന്നു. പാരിസ്ഥിതികപ്രശ്നങ്ങൾ പലപ്പോഴും നശീകരണംമാത്രമല്ല, നിർമാണാത്മകവുമാണ്. പശ്ചിമേഷ്യയിലെ മരുപ്രദേശങ്ങളിലെ എണ്ണയുടെ കണ്ടുപിടിത്തം ഇതിനുദാഹരണമാണ്. 19-ാംനൂറ്റാണ്ടിൽ കാലിഫോർണിയയിൽ സ്വർണംകണ്ടെത്തിയതും പശ്ചിമേഷ്യയിൽ എണ്ണ കണ്ടെത്തിയതും ആ സമൂഹങ്ങളെ പൂർണമായും മാറ്റുകയുണ്ടായി. എണ്ണസമ്പത്ത് ഇല്ലായിരുന്നെങ്കിൽ സൗദിഅറേബ്യ, കുവൈത്ത്, യു.എ.ഇ. എന്നീ രാജ്യങ്ങൾ ഇന്നുള്ളതിൽനിന്ന് വ്യത്യസ്ത സമൂഹമായിത്തീരുമായിരുന്നു.

### സാങ്കേതികവിദ്യയും സമ്പദ്ഘടനയും (Technology and Economy)

സാങ്കേതികമാറ്റത്തിന്റെയും സാമ്പത്തികമാറ്റത്തിന്റെയും സംയോജനം വലിയ സാമൂഹികമാറ്റങ്ങൾക്ക്, ആധുനികകാലഘട്ടത്തിൽ പ്രത്യേകിച്ചും കാരണമായി. സാങ്കേതികവിദ്യ സമൂഹത്തെ പലവിധത്തിൽ സ്വാധീനിക്കുന്നു. അതു പ്രകൃതിയെചെറുത്തുനിൽക്കാനും നിയന്ത്രിക്കാനും ഇണക്കിച്ചേർക്കാനും അല്ലെങ്കിൽ ഒത്തുകഴിയാനും പലരീതിയിൽ നമ്മെ സഹായിക്കുന്നു. വിപണിയുമായി ചേർന്ന് സാങ്കേതികവിദ്യ സൃഷ്ടിച്ച മാറ്റങ്ങൾ പ്രകൃതിഘടകങ്ങളായ സുനാമി എണ്ണയുടെ കണ്ടുപിടിത്തം എന്നിവ കൊണ്ടുവന്ന മാറ്റങ്ങളെപ്പോലെ ശ്രദ്ധേയമായ സ്വാധീനമുണ്ടാക്കിയിട്ടുണ്ട്. സാങ്കേതികവിദ്യ കൊണ്ടുണ്ടായ ഏറ്റവും കൃത്യമായ വലിയമാറ്റമാണ് വ്യാവസായികവിപ്ലവം.

ആവിയന്ത്രത്തിന്റെ സാമൂഹികസ്വാധീനത്തെക്കുറിച്ച് നിങ്ങൾ കേട്ടിരിക്കുമല്ലോ. ആവിശക്തി മൃഗങ്ങളുടെയും മനുഷ്യന്റെയും ഊർജത്തേക്കാൾ ശക്തിയുള്ളതും വിശ്രമമില്ലാതെ തുടർച്ചയായി പ്രവർത്തിപ്പിക്കാൻ കഴിയുന്നതുമാണ്. അതിനാൽ ആവിയന്ത്രം വൻകിട ഫാക്ടറികളിൽ ഒരു ഊർജസ്രോതസ്സായി ഉപയോഗിക്കപ്പെട്ടു. ആവിയന്ത്രത്തിൽ പ്രവർത്തിക്കുന്ന തീവണ്ടിയും ആവിക്കപ്പലും ഗതാഗതരീതിയെ മാത്രമല്ല ലോകത്തിന്റെ സമ്പദ്ഘടനയും സാമൂഹികഭൂമിശാസ്ത്രവും മാറ്റിമറിച്ചു. റെയിൽഗതാഗതം അമേരിക്കൻ ഭൂഖണ്ഡത്തിലെയും ഏഷ്യയിലെയും വാണിജ്യവ്യവസായ വികസനത്തെ സഹായിച്ചു. 1853-ൽ ഇന്ത്യയിൽ റെയിൽഗതാഗതം വന്നത് (പ്രത്യേകിച്ചും ആദ്യനൂറ്റാണ്ടിൽ) സമ്പദ്ഘടന രൂപപ്പെടുത്തുന്നതിൽ വലിയ പങ്കുവഹിച്ചു. ആവിക്കപ്പൽ സമുദ്രയാത്ര, അന്താരാഷ്ട്ര വാണിജ്യം, കുടിയേറ്റം എന്നിവയെ കൂടുതൽ ചലനാത്മകമാക്കിത്തീർത്തു. ഈ രണ്ടു വികസനവും സൃഷ്ടിച്ച വലിയ തരംഗങ്ങൾ സമ്പദ്ഘടനയെ മാത്രമല്ല, ലോകസമൂഹത്തിലെ സാമൂഹികവും സാംസ്കാരികവും ജനസംഖ്യാപരവുമായ തലങ്ങളിലും വലിയ സ്വാധീനമുണ്ടാക്കി.

ആവിയന്ത്രത്തിന്റെ പ്രാധാന്യവും സ്വാധീനവും വളരെ പെട്ടെന്നു കാണാൻ കഴിഞ്ഞു. എന്നാൽ സാങ്കേതികവിദ്യയുടെ സാമൂഹിക സ്വാധീനങ്ങൾ ചിലപ്പോൾ പിന്നീടു മാത്രമേ അനുഭവപ്പെടുകയുള്ളൂ. ഒരു സാങ്കേതിക വിദ്യയുടെ കണ്ടുപിടിത്തം അല്ലെങ്കിൽ നൂതനസൃഷ്ടി പെട്ടെന്നുണ്ടാക്കുന്ന ഫലങ്ങൾ പരിമിതമായിരിക്കും. എന്നാൽ സാമ്പത്തിക പശ്ചാത്തലത്തിൽ പിന്നീടു സൃഷ്ടിക്കുന്ന മാറ്റങ്ങൾ ഈ കണ്ടുപിടിത്തങ്ങളുടെ സാമൂഹികപ്രാധാന്യം വർധിപ്പിക്കുകയും ചരിത്രസംഭവമാക്കി മാറ്റുകയും ചെയ്യുന്നു. ഉദാഹരണത്തിന്, ചൈനയിലെ വെടിമരുന്നിന്റെയും കടലാസിന്റെയും കണ്ടുപിടിത്തം നൂറ്റാണ്ടുകളോളം പരിമിതമായ സ്വാധീനം മാത്രമാണുണ്ടാക്കിയത്. എന്നാൽ പാശ്ചാത്യയൂറോപ്പിന്റെ നവീകരണത്തിനായി ഉപയോഗിക്കപ്പെട്ടപ്പോഴാണ് അവയുടെ സ്വാധീനം ലോകം അറിയുന്നത്. വെടിമരുന്ന് യുദ്ധസാങ്കേതികതയെ മാറ്റിയപ്പോൾ പേപ്പർ അച്ചടിവിപ്ലവം കൊണ്ടുവന്നു. സാങ്കേതികമായ കണ്ടുപിടിത്തങ്ങൾക്ക് മറ്റൊരുദാഹരണമാണ് ബ്രിട്ടനിലെ തുണിവ്യവസായം. ലോകത്തിൽ ത്തന്നെ മുൻപന്തിയിലായിരുന്ന ഇന്ത്യൻ കൈത്തറിവ്യവസായത്തെ സാമ്രാജ്യത്വവും വിപണിയും കൂടിച്ചേർന്നതിന്റെ ഭാഗമായിവന്ന പുത്തൻ നെയ്ത്തുയന്ത്രങ്ങൾ തകർത്തു.

പ്രത്യക്ഷമായി സാങ്കേതികമല്ലാത്ത സമ്പദ്ഘടനയിലെ മാറ്റങ്ങൾ ചിലപ്പോൾ സമൂഹത്തെ മാറ്റാറുണ്ട്. ചരിത്രപരമായ ഉദാഹരണങ്ങളായ തോട്ടക്കൃഷി, കരിമ്പ്, തേയില, പരുത്തി തുടങ്ങിയ നാണ്യവിളകളുടെ കൃഷി തൊഴിലാളികളുടെ ആവശ്യകത വൻതോതിൽ വർധിക്കുന്നതിനു കാരണമായി. ഇത് പതിനേഴാം നൂറ്റാണ്ടിന്റെയും പത്തൊമ്പതാം നൂറ്റാണ്ടിന്റെയും മധ്യത്തിൽ അടിമത്തവ്യവസ്ഥയും ആഫ്രിക്ക, അമേരിക്ക, യൂറോപ്പ് രാജ്യങ്ങൾക്കിടയിൽ അടിമവ്യാപാരവും വളരുന്നതിനു കാരണമായി. കിഴക്കേ ഇന്ത്യയിൽനിന്ന് (ജാർഖണ്ഡ്, ഛത്തീസ്ഗഡ് എന്നിവിടങ്ങളിലെ ആദിവാസിമേഖലയിൽ) ആസാമിലെ തേയിലത്തോട്ടങ്ങളിലേക്ക് തൊഴിലാളികളുടെ നിർബന്ധിത കുടിയേറ്റമുണ്ടായി. ഇന്ന് ലോകവ്യാപാര സംഘടന (WTO) പോലുള്ള സ്ഥാപനങ്ങൾ കൊണ്ടുവന്ന അന്താരാഷ്ട്ര ഉടമ്പടികൾ ലോകത്തിന്റെ പലഭാഗത്തും ചുങ്കങ്ങളിലും തീരുവകളിലും മാറ്റങ്ങൾ കൊണ്ടുവന്നുകൊണ്ടിരിക്കുകയാണ്. അവ മുഴുവൻ വ്യവസായങ്ങളെയും തൊഴിലുകളെയും മാറ്റുകയോ അഭിവൃദ്ധിയുണ്ടാക്കുകയോ ചെയ്തേക്കാം.



സാങ്കേതികവിദ്യയുടെ മാറ്റങ്ങൾ സാമൂഹികജീവിതത്തെ സ്വാധീനിച്ചത് നിങ്ങളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പകർപ്പെടുക്കുന്ന യന്ത്രത്തിലും ടെലിഫോണിലും മറ്റും വന്ന മാറ്റങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽപ്പെട്ടുകാണുമല്ലോ. ടെലിഫോൺബൂത്തുകളുടെ പ്രചാരത്തിനുമുമ്പുള്ള വാർത്താവിനിമയ രീതികളെക്കുറിച്ച് ഒരു കുറിപ്പ് തയാറാക്കുക.

## രാഷ്ട്രീയം (Politics)

സാമൂഹികമാറ്റത്തിന്റെ ഏറ്റവും പ്രധാന ശക്തികളായി രാജാക്കന്മാരുടെയും രാജ്ഞിമാരുടെയും പ്രവർത്തനങ്ങളെ ചിത്രീകരിക്കുന്ന രീതിയാണ് പഴയ ചരിത്രരചനയിൽ കാണുന്നത്. രാഷ്ട്രീയ-സാമൂഹിക-സാമ്പത്തിക രീതികളുടെ പ്രതിനിധികൾ മാത്രമാണ് രാജാവും രാജ്ഞിയുമെന്ന് നമുക്കറിയാം. സാമൂഹികമാറ്റം കൊണ്ടുവരുന്നതിൽ വ്യക്തികൾക്കുള്ള പങ്ക് വലിയൊരു പശ്ചാത്തലത്തിന്റെ ഭാഗം മാത്രമാണ്. ഈ അർഥത്തിൽ രാഷ്ട്രീയശക്തികൾ സാമൂഹികമാറ്റത്തിന് കാരണങ്ങളാണ്. യുദ്ധചരിത്രം ഉദാഹരണമായെടുത്താൽ ഒരു സമൂഹം മറ്റൊരു സമൂഹത്തിനുമേൽ യുദ്ധം ചെയ്യുമ്പോഴോ, ഒരാൾ പരാജയപ്പെടുകയോ പരാജയപ്പെടുത്തുകയോ ചെയ്യുമ്പോഴോ അവിടങ്ങളിൽ സാമൂഹികമാറ്റം ഉണ്ടാകുന്നു. വിജയികൾ പോകുന്നിടത്തെല്ലാം മാറ്റത്തിന്റെ വിത്തു പാകുന്നു. മറ്റു ചിലപ്പോൾ പരാജിതർ വിജയികൾക്കിടയിൽ മാറ്റത്തിന്റെ വിത്തുവിതയ്ക്കും. അമേരിക്കയും ജപ്പാനും ഇതിന് നല്ല ഉദാഹരണങ്ങളാണ്.

രണ്ടാം ലോകയുദ്ധത്തിൽ അമേരിക്ക ജപ്പാനുമേൽ വിജയം നേടി. ലോകം മുമ്പു കാണാത്തവിധത്തിൽ നാശംവിതച്ച ആറ്റം ബോംബ് വർഷിച്ചാണ് ഭാഗികമായി അമേരിക്ക വിജയം നേടിയെടുക്കുന്നത്. അമേരിക്ക ജപ്പാനെ കീഴടക്കി വർഷങ്ങളോളം ആ രാജ്യത്തെ ഭരിക്കുകയും ചെയ്തു. ഇക്കാലത്ത് ജപ്പാനിൽ ഭൂപരിഷ്കരണനിയമം കൊണ്ടുവന്നു. ജപ്പാൻകാർ അമേരിക്കൻ വ്യവസായനയം അനുകരിക്കാനും അതിൽ നിന്ന് പഠിക്കാനും ശ്രമിച്ചു. 1970കളോടെ ജപ്പാൻ വ്യവസായസാങ്കേതികവിദ്യകൊണ്ട്, പ്രത്യേകിച്ചും കാർ ഉൽപ്പാദനമേഖലയിൽ അമേരിക്കയെ പിന്നിലാക്കി. 1970-കൾക്കും 1990-കൾക്കും മധ്യേ ജപ്പാന്റെ വ്യവസായം ലോകത്ത് ആധിപത്യം സ്ഥാപിക്കുകയും യൂറോപ്പിന്റെയും അമേരിക്കയുടെയും വ്യാവസായികഘടനയിൽ വലിയ മാറ്റങ്ങൾ വരുത്തുകയും ചെയ്തു. ജപ്പാന്റെ വ്യാവസായിക സാങ്കേതികവിദ്യയുടെയും ഉൽപ്പാദന സംവിധാനത്തിന്റെയും സ്വാധീനം അമേരിക്കയുടെ വ്യാവസായികമേഖലയെ ആകെ മാറ്റി. വൻകിട പാരമ്പര്യവ്യവസായങ്ങളായ സ്റ്റീൽ, ഓട്ടോമോബൈൽ, ഹെവി എൻജിനീയറിങ് വ്യാവസായങ്ങളും ഗുരുതരമായ തിരിച്ചടികൾ നേരിട്ടു. ഈ വ്യവസായങ്ങളെല്ലാം ജാപ്പനീസ് സാങ്കേതികവിദ്യക്കും മാനേജ്മെന്റ് തത്ത്വങ്ങൾക്കുമനുസരിച്ച് പുനസ്സംഘടിപ്പിക്കാൻ അമേരിക്ക നിർബന്ധിതമായി. ഉയർന്നുവരുന്ന 'ഇലക്ട്രോണിക്' സാങ്കേതിക വിദ്യയിലും ജപ്പാൻ മുന്നിട്ടുനിന്നു. ചുരുക്കിപ്പറഞ്ഞാൽ, നാലു പതിറ്റാണ്ടുകൊണ്ട് ജപ്പാൻ അമേരിക്കയെ യുദ്ധത്തിലൂടെയല്ലാതെ സാമ്പത്തികവും സാങ്കേതികവുമായ മാർഗങ്ങളിലൂടെ പരാജയപ്പെടുത്തി.

രാഷ്ട്രീയമാറ്റങ്ങൾ അന്തർദേശീയ തലത്തിൽ മാത്രമല്ല സാമൂഹികമാറ്റങ്ങൾ കൊണ്ടുവന്നത്. അത് ദേശീയതലത്തിലും വലിയ മാറ്റങ്ങളുണ്ടാക്കി. ഇന്ത്യൻ സ്വാതന്ത്ര്യസമരം ബ്രിട്ടിഷ്ഭരണം അവസാനിപ്പിക്കുക വഴി രാഷ്ട്രീയമാറ്റങ്ങൾക്ക് ഒപ്പം ഇന്ത്യൻ സമൂഹത്തിൽ നിർണായകമായ മാറ്റങ്ങളുമുണ്ടാക്കി. ഏറ്റവും അടുത്തകാലത്ത്, 2006-ൽ നേപ്പാളിലെ ജനങ്ങൾ ഏകാധിപത്യം തിര

സ്കരിച്ചു. പൊതുവെ പറഞ്ഞാൽ രാഷ്ട്രീയ മാറ്റങ്ങൾ വിവിധ സാമൂഹികസംഘങ്ങൾക്കും വർഗങ്ങൾക്കുമിടയിൽ അധികാര പുനക്രമീകരണം ചെയ്തുകൊണ്ട് സാമൂഹിക മാറ്റങ്ങൾ കൊണ്ടുവന്നു.

ഈ കാഴ്ചപ്പാടിൽ സാർവത്രിക പ്രായപൂർത്തി വോട്ടവകാശം (ഒരു വ്യക്തിക്ക് ഒരു വോട്ട്)എന്ന ആശയം ചരിത്രത്തിലെ ഏറ്റവും വലിയ രാഷ്ട്രീയമാറ്റമായി കരുതാം. വോട്ടവകാശത്തിലൂടെ ജനാധിപത്യം ശക്തിപ്പെടുന്നതുവരെയും തിരഞ്ഞെടുപ്പ് നിർബന്ധമാകുന്നതുവരെയും സമൂഹത്തിന്റെ ഘടന വ്യത്യസ്തമായിരുന്നു. രാജാവും രാജ്ഞിയും ദൈവദത്തമെന്നപേരിൽ അവകാശം പ്രഖ്യാപിച്ചു ഭരണം നടത്തിയതിനാൽ അവർക്ക് ജനങ്ങളോട് യാതൊരുത്തരവാദിത്വവുമുണ്ടായിരുന്നില്ല. വോട്ടവകാശം ആദ്യമായി നടപ്പിലാക്കിയപ്പോഴും വോട്ട്ചെയ്യാനും സർക്കാർ രൂപീകരിക്കുന്നതിൽ പങ്കാളികളാകാനുമുള്ള അവകാശം എല്ലാവർക്കും ഉണ്ടായിരുന്നില്ല. അത് ചെറിയ വിഭാഗത്തിനു മാത്രമായി ചുരുങ്ങി. തുടക്കത്തിൽ വോട്ടവകാശം ഉയർന്ന സാമൂഹികപദവിയുള്ള വംശ ജർക്കും ധനാഢ്യർക്കും മാത്രമായിരുന്നു. സ്ത്രീകൾ, അടിസ്ഥാന വർഗത്തിലുള്ള പുരുഷന്മാർ, ദരിദ്രർ, തൊഴിലാളികൾ എന്നിവർക്ക് വോട്ടവകാശം നിഷേധിക്കപ്പെട്ടിരുന്നു.

സാർവത്രിക പ്രായപൂർത്തി വോട്ടവകാശം (Universal adult franchise) സുദീർഘമായ സമരങ്ങളിലൂടെ സ്ഥാപിക്കപ്പെട്ടു. മുൻകാലങ്ങളിലെ എല്ലാ അസമത്വ ങ്ങളും ഇല്ലാതാക്കാൻ ഇനിയും സാധിച്ചിട്ടില്ല. ഇപ്പോഴും ജനാധിപത്യം സ്വീകരിച്ചിട്ടില്ലാത്ത രാജ്യങ്ങളുണ്ട്. തിരഞ്ഞെടുപ്പ് നടക്കുന്ന പല രാജ്യങ്ങളിലും അനധികൃത ഇടപെടലുകളും കൃത്രിമങ്ങളും സാധാരണമാണ്. സർക്കാറിന്റെ 'തീരുമാനങ്ങളെ' സ്വാധീനിക്കാനുള്ള ജനങ്ങളുടെ അധികാരം ഇല്ലാതാകുന്നു. സാർവത്രിക പ്രായപൂർത്തി വോട്ടവകാശം എന്ന സങ്കൽപ്പനം ഓരോ സമൂഹത്തിലും ഗവൺമെന്റിലും സമ്മർദം ചെലുത്തുന്ന ശക്തമായൊരു വഴക്കമായി മാറിയിട്ടുണ്ട്. ഗവൺമെന്റുകൾ നിയമാനുസൃതമാണെന്ന് കാണിക്കാൻ വേണ്ടിയെങ്കിലും ജനങ്ങളുടെ അംഗീകാരം നേടേണ്ടതുണ്ട്. ഇത് സമൂഹത്തിൽ വലിയ മാറ്റങ്ങൾ കൊണ്ടുവരുകയും ചെയ്യുന്നു.

### സംസ്കാരം (Culture)

ജനങ്ങളുടെ ജീവിതത്തെ രൂപപ്പെടുത്തുന്നതിൽ പ്രധാനപ്പെട്ടവയായ ആശയങ്ങൾ, മൂല്യങ്ങൾ, വിശ്വാസങ്ങൾ എന്നിവ സൂചിപ്പിക്കുന്ന പദമാണ് സംസ്കാരം. അത്തരം ആശയങ്ങളിലും വിശ്വാസങ്ങളിലുമുള്ള മാറ്റം സ്വാഭാവികമായും സാമൂഹികജീവിതത്തിലും മാറ്റങ്ങളുണ്ടാക്കും. സാമൂഹികജീവിതത്തെ അതിയായി സ്വാധീനിക്കുന്ന ഒരു സാമൂഹിക-സാംസ്കാരിക സ്ഥാപനത്തിനുദാഹരണമാണ് മതം. സമൂഹത്തെ സംഘടിപ്പിക്കുന്ന മതവിശ്വാസങ്ങളും വഴക്കങ്ങളും മാറുമ്പോൾ വലിയ പരിവർത്തനങ്ങൾ ഉണ്ടാകും. ചില പണ്ഡിതൻമാർ സംസ്കാരത്തെ മതാടിസ്ഥാനത്തിൽ നിർവചിക്കാൻ ശ്രമിക്കുന്നതിനാലാണ് മതത്തിന് വലിയ പ്രാധാന്യം ലഭിക്കുന്നത്. ചരിത്രത്തെ മതങ്ങളുടെ പരസ്പരപ്രവർത്തനപ്രക്രിയയായാണ് അവർ കാണുന്നത്. എന്നാൽ മറ്റുള്ള സാമൂഹികമാറ്റഘടകങ്ങളെപ്പോലെ മതവും സാന്ദർഭികമാണ്; ചില സമയങ്ങളിൽ മാറ്റമുണ്ടാകുന്നു. എന്നാൽ മറ്റ് ചിലപ്പോൾ മാറ്റമുണ്ടാകുന്നതുമില്ല. മാക്സ് വെബറുടെ 'The Protestant Ethics and Spirit of Capitalism' എന്ന പുസ്തകത്തിൽ ക്രിസ്ത്യൻ പ്രൊട്ടസ്റ്റന്റ് വിഭാഗത്തിന്റെ മതവിശ്വാസങ്ങൾ എങ്ങനെ മുതലാളിത്ത സാമൂഹികവ്യവസ്ഥയുടെ ഉത്ഭവത്തിനു കാരണമായെന്നു വിശകലനം ചെയ്യുന്നുണ്ട്.

സാംസ്കാരികമൂല്യങ്ങൾക്കു സാമ്പത്തികവും സാമൂഹികവുമായ മാറ്റങ്ങളിൽ സ്വാധീനം ചെലുത്തുന്ന ഏറ്റവും നല്ല ഉദാഹരണമാണിത്. ഇന്ത്യയിലും മതം സാമൂഹികമാറ്റം കൊണ്ടുവന്നതിന്റെ ഉദാഹരണങ്ങളുണ്ട്. പുരാതന ഇന്ത്യയുടെ സാമൂഹിക-രാഷ്ട്രീയ ജീവിതത്തിൽ ബുദ്ധമതത്തിന്റെ സ്വാധീനം ഇതിന് ഏറ്റവും നല്ല ഉദാഹരണമാണ്. മധ്യകാലഘട്ടത്തിലെ 'ഭക്തിപ്രസ്ഥാനം' (Bhakti Movement) ജാതി വ്യവസ്ഥ ഉൾപ്പെടെ സാമൂഹികഘടനയെ വ്യാപകമായി സ്വാധീനിച്ചിട്ടുണ്ട്.

സാംസ്കാരികമാറ്റം സാമൂഹികമാറ്റത്തിലേക്കു നയിക്കുന്നതിന്റെ ഒരുദാഹരണമാണ് സ്ത്രീകളുടെ സ്ഥാനം എന്ന ആശയത്തിന്റെ വികാസം. ആധുനികകാലഘട്ടത്തിൽ, സ്ത്രീകൾ സമത്വത്തിനു വേണ്ടി ശ്രമിക്കുന്നത് സമൂഹത്തിൽ പല രീതിയിലുള്ള മാറ്റങ്ങൾക്കു കാരണമായിട്ടുണ്ട്. ചില ചരിത്രസാഹചര്യങ്ങൾ സ്ത്രീകളുടെ പോരാട്ടങ്ങളെ സഹായിക്കുകയോ തടസ്സപ്പെടുത്തുകയോ ചെയ്തിട്ടുണ്ട്. ഉദാഹരണമായി, രണ്ടാം ലോകയുദ്ധ കാലത്തു പാശ്ചാത്യരാജ്യങ്ങളിൽ സ്ത്രീകൾ ഫാക്ടറികളിൽ മുൻപൊരിക്കലും ചെയ്തിട്ടില്ലാത്ത, പുരുഷൻമാർ മാത്രം ചെയ്തിരുന്ന പല തൊഴിലും ചെയ്തു തുടങ്ങി. അവർക്ക് കപ്പലുകൾ പണിയാനും വൻയന്ത്രങ്ങൾ പ്രവർത്തിപ്പിക്കാനും ആയുധങ്ങൾ നിർമിക്കാനും സാധിച്ചത് സമത്വത്തിനുവേണ്ടിയുള്ള അവരുടെ അവകാശവാദങ്ങൾ സ്ഥാപിക്കാൻ സഹായിച്ചു. യുദ്ധമില്ലാതിരുന്നെങ്കിൽ തുല്യതയ്ക്ക് വേണ്ടിയുള്ള അവരുടെ പോരാട്ടം ദീർഘകാലം തുടരേണ്ടിവരുമായിരുന്നു എന്നത് ഒരു സത്യമാണ്. സ്ത്രീകളുടെ പദവി കൊണ്ടുവന്നിട്ടുള്ള മാറ്റങ്ങൾക്ക് മറ്റൊരുദാഹരണം ഉപഭോക്തൃപരസ്യങ്ങളിൽ കാണാൻ കഴിയും. മിക്ക നഗരസമൂഹങ്ങളിലും വീട്ടുസാധനങ്ങൾ വാങ്ങുന്നതടക്കമുള്ള ദൈനംദിന തീരുമാനങ്ങളെടുക്കുന്നതു സ്ത്രീകളാണ്. ഇതിനാൽ പരസ്യക്കാർ സ്ത്രീകളുടെ അഭിപ്രായങ്ങളെയും വീക്ഷണങ്ങളെയും പരാമർശിക്കുന്ന പരസ്യങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകി. ഇത് മാധ്യമങ്ങളുടെമേൽ വലിയ സ്വാധീനമുണ്ടാക്കാനും പരസ്യത്തിന്റെ ചെലവിന്റെ വലിയ ഭാഗവും സ്ത്രീകളെ ലക്ഷ്യമാക്കുന്നതിനും കാരണമായി. ചുരുക്കിപ്പറഞ്ഞാൽ, സ്ത്രീകളുടെ സാമ്പത്തികപങ്ക്, സാമൂഹികസ്വാധീനമുള്ള മാറ്റങ്ങൾക്ക് ആരംഭം കുറിച്ചു. പരസ്യങ്ങളിൽ സ്ത്രീകളാണ് തീരുമാനങ്ങളെടുക്കുന്നവരും പ്രധാനപ്പെട്ടവരുമെന്ന ആശയം വ്യക്തമാക്കുന്നതിലൂടെ മുമ്പെങ്ങും കിട്ടാത്ത പരിഗണനയും പ്രോത്സാഹനവും അവർക്ക് ലഭിക്കുന്നുണ്ട്. സാധാരണയായി പരസ്യങ്ങൾ പുരുഷപ്രാധാന്യമുള്ളവയായിരുന്നു. എന്നാലിപ്പോൾ അത് സ്ത്രീകളെ സംബോധനചെയ്യാൻ തുടങ്ങി. പ്രത്യേകിച്ച് ഗൃഹോപകരണങ്ങളുടെയും ഉപഭോഗവസ്തുക്കളുടെയും മേഖലയിൽ. അതിനാൽ ഉൽപ്പാദകർക്കും പരസ്യക്കമ്പനിക്കാർക്കും സ്ത്രീകൾ എന്തു ചിന്തിക്കുന്നു എന്ന കാര്യം വളരെ പ്രധാനപ്പെട്ടതായിത്തീർന്നു.

കായികചരിത്രത്തിൽ സാമൂഹികമാറ്റത്തിന്റെ മറ്റൊരുദാഹരണം കാണാം. കായികവിനോദങ്ങളും കളികളും ജനകീയസംസ്കാരത്തിന്റെ ആവിഷ്കാരമാണെന്നത് വലിയ പ്രാധാന്യം അർഹിക്കുന്നതാണ്. ബ്രിട്ടിഷുകാരുടെ നേരമ്പോക്കിന്റെ കളിയായി തുടങ്ങിയ ക്രിക്കറ്റ് പിന്നീട് അവിടത്തെ ഇടത്തരക്കാർക്കും തൊഴിലാളിവർഗത്തിനുമിടയിലും അവിടെ നിന്ന് ലോകത്തെമ്പാടുമുള്ള ബ്രിട്ടിഷ് കോളനികളിലും പ്രചരിക്കുകയുണ്ടായി. ബ്രിട്ടന് പുറത്ത് വേരുറപ്പിച്ച കളി എന്ന നിലയിൽ അത് താമസിയാതെ ദേശീയവും വംശീയവുമായ അഭിമാനത്തിന്റെ അടയാള

മായി. ക്രിക്കറ്റ് മൽസരത്തിലെ സ്പർധ കായികമൽസരത്തിലെ സാമൂഹികപ്രാധാന്യത്തെ കാണിക്കുന്നു. ഇംഗ്ലണ്ടും ആസ്ത്രേലിയയും തമ്മിലുള്ള സ്പർധ, ഇംഗ്ലണ്ടിന്റെ കോളനിയായിരുന്ന ആസ്ത്രേലിയ ഇംഗ്ലണ്ടിലെ ഉപരിവർഗത്തിന് പ്രാമുഖ്യമുള്ള അധികാരഘടനയോടുള്ള തങ്ങളുടെ എതിർപ്പ് ക്രിക്കറ്റിലൂടെയാണ് പ്രകടിപ്പിച്ചത്. അതുപോലെ 1970-കളിലും 1980-കളിലും വെസ്റ്റ് ഇൻഡീസ് ക്രിക്കറ്റ് ടീം നേടിയ ലോകാധിപത്യം കോളനിവൽക്കരിക്കപ്പെട്ട ഒരു ജനതയുടെ വംശീയാഭിമാനത്തിന്റെ പ്രകടനമായിരുന്നു. സ്വാതന്ത്ര്യം ലഭിക്കുന്നതിനുമുമ്പ് ക്രിക്കറ്റിൽ ഇംഗ്ലണ്ടിനെ തോൽപ്പിക്കുക എന്നതിൽ ഇന്ത്യയും വലിയ താൽപ്പര്യം കാണിച്ചു. മറ്റൊരുതരത്തിൽ ക്രിക്കറ്റിന്റെ സ്വീകാര്യത ഉപഭൂഖണ്ഡത്തിന്റെ കമ്പോളചിത്രത്തിൽ ഏറെ സ്വാധീനിച്ചത് ഇന്ത്യക്കാരെയാണ്.

ഒരു പ്രത്യേക ഘടകത്തിനോ സിദ്ധാന്തത്തിനോ സാമൂഹികമാറ്റം വിശദീകരിക്കാൻ കഴിയില്ലെന്ന് മുകളിൽ നടത്തിയ ചർച്ചയിൽ നിന്ന് വ്യക്തമായി. സാമൂഹികമാറ്റത്തിന്റെ കാരണം ആന്തരികമോ ബാഹ്യമോ ആവാം. അവ ബോധപൂർവപ്രവർത്തനത്തിന്റെ ഫലമോ യാദൃച്ഛിക സംഭവങ്ങളോ ആവാം. കൂടാതെ മാറ്റത്തിന്റെ കാരണങ്ങൾ പരസ്പരബന്ധിതമാണ്. സാമ്പത്തിക-സാങ്കേതിക കാരണങ്ങളിൽ ഒരു സാംസ്കാരികഘടകമുണ്ടായിരിക്കും. രാഷ്ട്രീയകാരണത്തെ പരിസ്ഥിതി സ്വാധീനിക്കാം. സാമൂഹിക മാറ്റത്തിന്റെ വ്യത്യസ്തരൂപങ്ങളെക്കുറിച്ചും മാനങ്ങളെക്കുറിച്ചും ഒരു അവബോധ മുണ്ടായിരിക്കേണ്ടത് അത്യാവശ്യമാണ്. ആധുനികകാലഘട്ടത്തിലെ, പ്രത്യേകിച്ച് വർത്തമാന കാലഘട്ടത്തിലെ മാറ്റത്തിന്റെ വേഗം മുമ്പുണ്ടായിരുന്നതിനേക്കാൾ കൂടുതലാണ്. സാമൂഹികമാറ്റത്തെ മനസ്സിലാക്കുന്നതിന് അതിന്റെ ഭൂതകാലം മനസ്സിലാക്കുകയും ഒരു മാറ്റത്തിനുവേണ്ടി തയാറെടുക്കുകയും വേണ്ടതുണ്ട്.

## സാമൂഹികക്രമം (Social Order)

ഒരു പ്രതലത്തിലെ അക്ഷരം നിങ്ങൾക്കു വ്യക്തമാകുന്നത് അതിന്റെ പശ്ചാത്തലം വ്യത്യസ്തമായതിനാലാണെന്നപോലെ സാമൂഹികസംഭവങ്ങളുടെയും പ്രക്രിയകളുടെയും അർഥം നമുക്ക് വ്യക്തമാകുന്നത് വൈരുധ്യങ്ങളിലൂടെയാണ്. ഇതുപോലെ സാമൂഹിക മാറ്റത്തിന് അർഥം ലഭിക്കുന്നത് തുടർച്ച അല്ലെങ്കിൽ മാറ്റമില്ലായ്മയുടെ പശ്ചാത്തലത്തിലാണ്. ഇത് അസാധാരണമെന്ന് തോന്നിയേക്കാമെങ്കിലും മാറ്റമെന്ന ആശയത്തിന് അർഥമുണ്ടാകുന്നത് ചില സംഗതികൾ മാറ്റമില്ലാതെ തുടരുമ്പോഴാണ്. അതുകൊണ്ട് അവയെ താരതമ്യം ചെയ്യാനോ വ്യത്യാസം മനസ്സിലാക്കാനോ സാധിക്കും. സാമൂഹിക ക്രമം മാറ്റങ്ങളെ തടയുകയും ക്രമീകരിക്കുകയും ചെയ്യും. സാമൂഹികമാറ്റം മനസ്സിലാക്കേണ്ടത് സാമൂഹികക്രമത്തിന്റെ അടിസ്ഥാനത്തിലാണ്.

സമൂഹം എന്തിനാണ് മാറ്റങ്ങളെ തടയുകയോ നിരുത്സാഹപ്പെടുത്തുകയോ നിയന്ത്രിക്കുകയോ ചെയ്യുന്നത് എന്നു മനസ്സിലാക്കുന്നതിലൂടെ സാമൂഹികക്രമവും സാമൂഹിക മാറ്റവും തമ്മിലുള്ള ബന്ധം മനസ്സിലാക്കാൻ സാധിക്കും. ശക്തവും പ്രായോഗികവുമായ ഒരു സാമൂഹികവ്യവസ്ഥ നിലനിൽക്കണമെങ്കിൽ അത് സുസ്ഥിരമായിരിക്കണം. സ്ഥിരത ഉണ്ടാകണമെങ്കിൽ കാര്യങ്ങൾ ഒരേപോലെ തുടരണം. അതായത് ജനങ്ങൾ ഒരേ നിയമങ്ങൾ പിന്തുടരുകയും ഒരേ പ്രവൃത്തിക്ക് ഒരേ ഫലം ഉണ്ടാവുകയും വ്യക്തിയും സ്ഥാപനവും പ്രവചിക്കാവുന്ന രീതിയിൽ പെരുമാറുകയും വേണം.




മാറ്റങ്ങൾ രസാവഹവും മാറ്റമില്ലായ്മ വിരസവുമാണ്. നിങ്ങൾക്ക് ഒരേതരത്തിലുള്ള ഉച്ചഭക്ഷണം ലഭിക്കുന്നതാണോ വ്യത്യസ്തഭക്ഷണങ്ങൾ ലഭിക്കുന്നതാണോ താൽപ്പര്യം? രക്ഷിതാക്കളും സഹോദരങ്ങളും മാറുന്നതിനെക്കുറിച്ച് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? നിങ്ങളുടെ ഇഷ്ടവിനോദങ്ങളായ കാൽപ്പന്തുകളി, ക്രിക്കറ്റ്, ഹോക്കി തുടങ്ങിയവ കളിക്കുമ്പോൾ ഓരോ ദിവസവും നിയമങ്ങൾ മാറിയാൽ എന്തു തോന്നും?

വളരെ സാവകാശം മാറ്റങ്ങളുണ്ടാകുന്ന സ്ഥലങ്ങളെക്കുറിച്ചും വളരെവേഗത്തിൽ മാറ്റങ്ങൾ നടക്കുന്ന സ്ഥലങ്ങളെക്കുറിച്ചും നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? നിങ്ങൾക്ക് ചില സന്ദർഭങ്ങളിൽ മാറ്റങ്ങൾ വേണ്ട എന്ന ചിന്തയും മറ്റു സന്ദർഭങ്ങളിൽ മാറ്റം വേണമെന്ന ചിന്തയും ഉണ്ടാകുന്നതിനു കാരണമെന്ത്?

സമൂഹം എന്തിനാണ് മാറ്റങ്ങളെ പ്രതിരോധിക്കുന്നത് എന്നതിന്റെ ചുരുക്കമാണ് മുകളിൽ പറഞ്ഞിരിക്കുന്നത്. ഇതിന് വ്യക്തമായ കാരണങ്ങളുണ്ട്. ഒന്നാമത്തെ അധ്യായത്തിൽ പ്രതിപാദിച്ച ഘടന, ശ്രേണീകരണം എന്നീ പദങ്ങൾ ഇവിടെ പ്രസക്തമാണ്. സാമ്പത്തികവിഭവങ്ങൾ, സാമൂഹികപദവി, രാഷ്ട്രീയാധികാരം എന്നിവയുടെ അടിസ്ഥാനത്തിൽ ജനങ്ങളെ പല അടുക്കുകളായി അഥവാ പാളികളായി വിഭജിക്കുന്നത് എല്ലാ സമൂഹങ്ങളിലും കാണാൻ സാധിക്കും. സാമൂഹികശ്രേണിയിൽ ഉയർന്ന സ്ഥാനത്തിരിക്കുന്നവർ നിലവിലുള്ള സ്ഥിതി തുടരാനും അവശതയും കഷ്ടപ്പാടുകളും അനുഭവിക്കുന്നവർ അവ മാറ്റാനും ശ്രമിക്കുന്നു.

ഭരണവർഗത്തിനും പ്രബലവിഭാഗത്തിനും സ്ഥാപിതതാൽപ്പര്യങ്ങളുള്ളതിനാൽ അവരുടെ പദവികളിൽ മാറ്റംവരുത്തുന്ന എല്ലാ സാമൂഹികമാറ്റങ്ങളെയും അവർ പ്രതിരോധിക്കുന്നു. കീഴാളരും അടിച്ചമർത്തപ്പെട്ടവരും മാറ്റങ്ങൾ ആഗ്രഹിക്കുന്നു. എന്നാൽ പണക്കാരും അധികാരമുള്ളവരും മാറ്റങ്ങളെ ചെറുക്കുന്നതിനാൽ സമൂഹത്തിൽ ഒരുതരം സ്ഥിരത ഉണ്ടാകുന്നു.

സാമൂഹികക്രമം മാറ്റങ്ങളെ തടയുക എന്ന അർഥത്തിൽ മാത്രം കാണാതെ അതിന്റെ ഗുണപരമായ അർഥംകൂടി കാണേണ്ടതാണ്. പ്രത്യേക സാമൂഹികബന്ധങ്ങളുടെ രീതികൾ, മൂല്യങ്ങൾ, വഴക്കങ്ങൾ എന്നിവ നിലനിർത്തുകയും പുനരുൽപ്പാദിപ്പിക്കുകയും ചെയ്യുക എന്നത് സാമൂഹികക്രമത്തെ സൂചിപ്പിക്കുന്നു. വിശാലമായി പറഞ്ഞാൽ സാമൂഹികക്രമം രണ്ടു മാർഗങ്ങളിലൂടെ സാധ്യമാകും.




ജനങ്ങൾ സ്വമേധയാ മാനദണ്ഡങ്ങളും നിയമങ്ങളും അനുസരിക്കുമ്പോഴും അനുസരിക്കാൻ നിർബന്ധിതരാകുമ്പോഴും സാമൂഹികക്രമം ഉണ്ടാകുന്നു. എല്ലാ സമൂഹ ങ്ങളിലും ഈ രണ്ടു രീതിയുടെ സംയോജനമാണ് സാമൂഹികക്രമം നിലനിർത്തുന്നത്. സാമൂഹീകരണ പ്രക്രി യയുടെ ഭാഗമായിട്ടാണ് ജനങ്ങൾ മാനദണ്ഡങ്ങളും നിയമങ്ങളും സ്വമേധയാ അനുസരിക്കുന്നത്.

സാമൂഹീകരണം (Socialisation) എത്രതന്നെ കാര്യക്ഷമമായാലും വ്യക്തിയുടെ ഇച്ഛയെ പൂർണമായും ഇല്ലാതാക്കാൻ അതിന് കഴിയില്ല. മറ്റൊരർഥ ത്തിൽ എല്ലാ സമയവും എല്ലാ നിയമങ്ങളും വഴക്കങ്ങളും പൂർണമായി അനുസരിക്കുന്ന ചിട്ടപ്പെടുത്തിയ യാന്ത്രിക മനുഷ്യരായി ജനങ്ങളെ മാറ്റാൻ സാമൂഹീ

കരണത്തിനു കഴിയുകയില്ല. ഒരു കാല ഘട്ട ത്തിൽ ശരിയാണെന്നു തോന്നുന്ന നിയമങ്ങളും വിശ്വാസങ്ങളും മറ്റൊരു കാലഘട്ടത്തിൽ ശരി യാകണമെന്നില്ല. ഭൂതകാലത്തിൽ വിശ്വസിച്ചി രുന്ന പലകാര്യങ്ങളെയും നാം ചോദ്യം ചെയ്യുകയും ശരി തെറ്റുകൾ മനസ്സിലാക്കി മാറ്റാറുമുണ്ട്. ഒരിക്കൽ വിശ്വസിക്കുകയും പിന്നീട് ഉപേക്ഷിക്കുകയും ചെയ്ത വിശ്വാസ ങ്ങളിലേക്കു നാം മടങ്ങിപ്പോയേക്കാം. സാമൂ ഹികക്രമം സൃഷ്ടിക്കുന്നതിൽ സാമൂഹീ കരണം മുഖ്യപങ്ക് വഹിക്കുന്നുണ്ടെങ്കിലും മതിയായ രീതിയിൽ പര്യാപ്തമല്ല.

സ്ഥാപിതവൽക്കരിക്കപ്പെട്ട (Institutiona-lised) സാമൂഹിക മാനദണ്ഡങ്ങൾ വ്യക്തികളും സ്ഥാപനങ്ങളും അനുസരിക്കുന്നതുറപ്പാക്കാൻ ആധുനിക സമൂഹം ശക്തിയോ അധികാരമോ ഉപയോഗിക്കുന്നു. മറ്റുള്ളവരുടെ ആഗ്രഹത്തിന് വിരുദ്ധമായി അവരെക്കൊണ്ട് നിങ്ങളാഗ്രഹി ക്കുന്നത് പ്രവർത്തിപ്പിക്കാനുള്ള കഴിവിനെ ശക്തി (Power) എന്നു പറയുന്നു. ശക്തി സുസ്ഥിരവും മറ്റുള്ളവർക്ക് അതിനോടുള്ള അനുസരണശീലവുമാകുമ്പോൾ അതിനെ അധീശത്തം (Dominance) എന്നു വിളിക്കുന്നു. ഒരു സാമൂഹിക അസ്തിത്വം (Social entity) (മനുഷ്യൻ, സ്ഥാപനം അല്ലെങ്കിൽ സംഘം) സ്വാഭാവികമായി അധികാരത്തിലേക്കു വരുമ്പോൾ അതിനെ മേധാവിത്വശക്തി എന്നു പറയുന്നു. മേധാവിത്വശക്തികൾ ചോദ്യം ചെയ്യപ്പെടുന്നത് സാധാരണ സംഭവിക്കാറില്ല. ബലപ്രയോഗത്തിലൂടെ ജനങ്ങൾക്ക് താൽ പ്പര്യമില്ലാത്ത കാര്യങ്ങൾ അവരെക്കൊണ്ടു ചെയ്യാൻ പ്രേരിപ്പിക്കുന്നു എന്നാണ് ഇതിന്റെ അർഥം. സാധാരണയായി സമ്മർദമോ ഉരസലോ ഇല്ലാതെ ആധിപത്യം നേടിയെടു ക്കുന്നു. ഉദാഹരണമായി, സ്ത്രീകൾ അവരുടെ അവകാശം കുടുംബങ്ങളിൽനിന്ന് ചോദിക്കാതെ പുരുഷമേധാവിത്വ കുടുംബങ്ങ ളുമായി യോജിച്ചു പോകുന്നു.

### അധീശത്വം, അധികാരം, നിയമങ്ങൾ (Domination, Authority, Law)

പലതരത്തിലുള്ള അസമത്വങ്ങളുണ്ടാ യിരുന്നിട്ടും മേധാവിത്വത്തിനെതിരെ എന്തു കൊണ്ട് എതിർപ്പുണ്ടാകുന്നില്ല? മേധാവിത്വ സമൂഹത്തിനുള്ള ശക്തിയാണ് ഭാഗികമായി ഇതിനു കാരണം. എങ്ങനെയാണ് ഈ അധി കാരം പ്രവർത്തിക്കുന്നത്? ബലപ്രയോഗ ഭീഷണികൊണ്ടു മാത്രമാണോ? 'നിയമ സാധുത്വം' (Legitimation) എന്ന പദത്തിന് സമൂഹശാസ്ത്രത്തിൽ വലിയ പ്രാധാന്യമുണ്ട്.

സ്വീകാര്യതയെ നിയമാനുസൃതം (Legiti-macy) എന്ന് സമൂഹശാസ്ത്രത്തിൽ സൂചിപ്പി ക്കുന്നു. ചിലപ്പോൾ നിയമാനുസരണമെന്നത് ഉചിതവും സാമൂഹിക കരാറുകളുടെ (Social contract) ഭാഗമായും കണക്കാക്കാം. നിയമാ നുസൃതമായി നിലനിൽക്കുന്ന വഴക്കങ്ങളുടെ ശക്തിയോടും നീതിയോടുമുള്ള യോജിപ്പിനെ യുമാണ് ഇതു സൂചിപ്പിക്കുന്നത്. ശക്തി നിയമാനുസൃതമോ അല്ലാത്തതോ ആകാം. നിയമാനുസൃത ശക്തിയെയാണ് മാക്സ് വെബർ (Max Weber) 'അധികാരമായി' സൂചിപ്പിക്കുന്നത്. അതായത് അധികാരം നീതി യുക്തവും ഉചിതവുമാണ്. ഉദാഹരണമായി, ഒരു പോലീസുദ്യോഗസ്ഥനോ ന്യായാധിപനോ സ്കൂൾ അധ്യാപികയോ അവരുടെ തൊഴി ലിന്റെ ഭാഗമായി വ്യത്യസ്ത അധികാരങ്ങൾ പ്രയോഗിക്കുന്നു. ഇത്തരം അധികാരങ്ങൾ അവരിൽ ഔദ്യോഗികമായി നിക്ഷിപ്ത മാക്കുന്നു. എന്തെല്ലാം പ്രവർത്തിക്കാം, എന്തെല്ലാം പ്രവർത്തിക്കാൻ പാടില്ല എന്നത് ലിഖിത പ്രമാണത്തിന്റെ അടിസ്ഥാനത്തിൽ തീരുമാനിക്കുന്നു.

അധികാരത്തിന്റെ നിയമങ്ങളെയും നിയ ന്ത്രണങ്ങളെയും അധികാരപരിധിയിൽ അനുസരിക്കേണ്ടത് സമൂഹത്തിലെ മറ്റ് അംഗങ്ങളുടെ ബാധ്യതയാണ്. കോടതിയുടെ അകത്ത് ജനങ്ങൾ ന്യായാധിപനെ അനു

സരിക്കാൻ ബാധ്യസ്ഥരാണെങ്കിലും കോട തിക്ക് പുറത്ത് ന്യായാധിപൻ സാധാരണ പൗരൻ മാത്രമാണ്. തെരുവിൽ അദ്ദേഹവും പോലീസുകാരന്റെ നിയമപരമായ അധി കാരത്തെ അനുസരിക്കണം. ജോലിയിലുള്ള പോലീസുകാരന് മേലുദ്യോഗസ്ഥനൊഴികെ എല്ലാ പൗരരുടെയും പൊതുപ്രവൃത്തിയിലും അധികാരമുണ്ടാകും. എന്നാൽ നിയമ വിരുദ്ധ പ്രവർത്തനത്തിൽ സംശയിക്കുന്നതുവരെ പൗരരുടെ സ്വകാര്യതയിൽ പോലീസുകാരന് യാതൊരു അധികാരവുമു ണ്ടായിരിക്കില്ല.

ഒരു ക്ലാസിൽ അധ്യാപകന് വിദ്യാർഥിയിൽ അധികാരമുണ്ടാകുമെങ്കിലും വീട്ടിൽ അധി കാരം രക്ഷിതാക്കൾക്കാണ്. കൃത്യമായി നിർവചിക്കപ്പെടാത്തതും ജനങ്ങളുടെ സഹകര ണവും സമ്മതവും നേടിയെടുക്കുന്ന തുമായ അധികാരങ്ങളുണ്ട്. അതിന് മത നേതാക്കൾ നല്ല ഉദാഹരണമാണ്. സ്ഥാപിതവൽക്കരിക്ക പ്പെട്ട ചില മതങ്ങളിൽ ഭാഗിക ഔപചാരിക അധികാരം കാണാം. എന്നാൽ സ്ഥാപിത വൽക്കരിക്കപ്പെടാത്ത ചെറിയ മതസംഘ ങ്ങളിൽ അനൗപചാരിക അധികാരങ്ങൾ ധാരാളം കാണാം. ഇതുപോലെ എഴു ത്തുകാർ, പണ്ഡിതർ, കലാകാരർ, ബുദ്ധി ജീവികൾ എന്നിവർ അനൗപചാരിക അധികാര ങ്ങൾ തങ്ങളുടേതായ മേഖലകളിൽ കൈയാളുന്നവ രാണ്. അനൗപചാരികമായി സമ്പൂർണ അധികാരം കൈയാളുന്നവരാണ് കുറ്റ കൃത്യസംഘമേധാവികളും കുറ്റവാളികളും.

ക്രോഡീകരിക്കപ്പെട്ട അധികാരങ്ങളും ക്രോഡീകരിക്കപ്പെടാത്ത അധികാരങ്ങളും തമ്മിലുള്ള വ്യത്യാസം ആദ്യത്തേത് നിയമ വ്യവസ്ഥയ്ക്ക് പ്രാധാന്യം നൽകുന്നു എന്ന താണ്. വ്യക്തമായി ക്രോഡീ കരിക്കപ്പെട്ട ചട്ട ങ്ങളെയാണ് നിയമമെന്നു പറയുന്നത്. സാധാരണയായി നിയമങ്ങൾ എഴുതപ്പെട്ടവ യാണ്. അവ എങ്ങനെ നിർമിക്ക ണമെന്നും ലംഘിക്കുന്നവരെ എന്തു ചെയ്യണ മെന്നും വ്യക്തമായി ചട്ടങ്ങളിൽ പ്രതിപാദിക്കു ന്നുണ്ട്. ആധുനിക ജനാധിപത്യസമൂഹത്തിൽ തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ ഉൾപ്പെട്ട നിയമനിർമാണസഭയാണ് നിയമങ്ങൾ നിർമിക്കുന്നത്. ഒരു പ്രദേശത്തെ ജനങ്ങളുടെ നാമത്തിലാണ് ജനപ്രതിനിധികളാൽ നിയമം നടപ്പിലാക്കുന്നത്. സമൂഹം നിയന്ത്രിക്ക പ്പെടുന്നത് ഈ ഔപചാരികനിയമത്തിനടി സ്ഥാനത്തിലാണ്. നിയമങ്ങളോട് യോജിപ്പു ണ്ടെങ്കിലും ഇല്ലെങ്കിലും നിയമം എല്ലാ പൗര ർക്കും ബാധകമാണെന്നപോലെ, അനുസരി ക്കാനുള്ള ബാധ്യതയുമുണ്ട്.

ആധിപത്യം പ്രാവർത്തികമാക്കുന്നത് ശക്തിയിലൂടെയോ അധികാരത്തിലൂടെയോ ആണ്. ഈ അധികാരമാണ് നിയമപരമായ അധികാരം. അതിൽ ഭൂരിഭാഗവും ക്രോഡീക രിച്ചവയാണ്. നിയമാനുസൃത ഘടനയുടെയും ഔപചാരികസ്ഥാപനങ്ങളുടെയും പിന്തുണയു ള്ളതിനാലാണ് ജനങ്ങളുടെ സമ്മതവും സഹകരണവും നേടിയെടുക്കാൻ കഴിയുന്നത്. നിയമസാധുത്വം അധികാരത്തെയോ ആധി പത്യത്തെയോ തളർത്തുന്നില്ല. സാമൂഹിക വ്യവസ്ഥയും അതിന്റെ ചലനാത്മകതയും തീരുമാനിക്കുന്നത് നിയമാനുസൃത അധികാ രത്തിന്റെയും മറ്റ് അധികാരത്തിന്റെയും മിശ്ര ണമാണ്.

### എതിർപ്പ്, കുറ്റം, ഹിംസ (Contestation, Crime, Violence)

ആധിപത്യം, നിയമാനുസൃത അധികാരം, നിയമം എന്നിവ ജനങ്ങളിൽ എല്ലായ്പ്പോഴും അനുസരണയും യോജിപ്പും സൃഷ്ടിച്ചുകൊള്ള ണമെന്നില്ല. സംഘട്ടനവും മത്സരവും എല്ലാ സമൂഹങ്ങളിലും കാണുമെന്ന് നമ്മൾ മനസ്സി ലാക്കി. ഇതുപോലെ സമൂഹത്തിൽ കാണുന്ന മറ്റൊന്നാണ് എതിർപ്പ് (Contestation). സംഘട്ടനവും മത്സരവും വളരെ കൃത്യതയുള്ള പദങ്ങളാണെങ്കിൽ, എതിർപ്പ് ദൃഢമായ വിയോജിപ്പിനെ സൂചിപ്പിക്കുന്ന പദമാണ്.

പ്രതിസംസ്കാരം (Counter culture) അഥവാ യുവവിപ്ലവം (Youth rebellion) എതിർപ്പിന് ഏറ്റവും നല്ല ഉദാഹരണമാണ്. ഇവയെല്ലാം സാമൂഹികവഴക്കങ്ങൾക്കെതിരെ നിലനിൽക്കുന്ന പ്രതിഷേധങ്ങളാണ്. കേശാലങ്കാരം, വസ്ത്രരീതി, ഭാഷ, ജീവിതശൈലി എന്നിവയിലൂടെ യുവജനങ്ങൾ പ്രതിഷേധം പ്രകടിപ്പിക്കുന്നു. എതിർപ്പിന്റെ മാനദണ്ഡം അഥവാ ഉടമ്പടിയനുസരിച്ചുള്ള രൂപമാണ് തിരഞ്ഞെടുപ്പ്. അത് രാഷ്ട്രീയമത്സരത്തിന്റെ ഒരു രൂപമാണ്. നിയമങ്ങളോടും നിയമവിധേയമായ അധികാരങ്ങളോടുമുള്ള വിയോജിപ്പും എതിർപ്പായി കാണുന്നു. ജനാധിപത്യ സമൂഹങ്ങൾ എതിർപ്പിനെ വ്യത്യസ്ത അളവിൽ അനുവദിക്കുന്നുണ്ടെങ്കിലും പരിധി കടന്നാൽ സമൂഹത്തിൽനിന്ന് പ്രതികര ണങ്ങളുണ്ടാകും.

ഇന്ത്യക്കാർ എന്ന രീതിയിൽ ഐക്യപ്പെട്ടിരിക്കുമ്പോഴും പരസ്പരവിയോജിപ്പിന് അത് ഒരു തടസ്സമല്ല. ഒരേ ഭരണഘടനയെ ആദരിക്കുന്ന ഇന്ത്യയിലെ വ്യത്യസ്ത രാഷ്ട്രീയ പ്പാർട്ടികൾക്ക് വ്യത്യസ്ത അജണ്ടകളുണ്ട്. ഒരേ ട്രാഫിക് നിയമങ്ങളിലുള്ള അറിവ് റോഡിലെ തർക്കങ്ങൾ ഇല്ലാതാക്കുന്നില്ല. സാമൂഹിക ക്രമത്തിന് ഏകതയോ ഐക്യരൂപ്യമോ ഉണ്ടാ കണമെന്നില്ല. സമൂഹത്തിൽ വിയോജിപ്പിനോടും ഭിന്നാഭിപ്രായങ്ങളോടും എത്രകണ്ട് സഹിഷ്ണത കാട്ടാം എന്നതാണ് മറ്റൊരു പ്രശ്നം. ഇതിന്റെ ഉത്തരം, സാമൂഹികവും ചരിത്ര പരവുമായ ചുറ്റുപാടിനെ ആശ്രയിച്ചിരി ക്കുന്നതിന് ഒരു പരിധിയുണ്ട് എന്നതാണ്. നിയമപരവും നിയമവിരുദ്ധവും സ്വീകാര്യവും അസ്വീകാര്യവും നിയമാനുസൃതവും അല്ലാത്തതും തമ്മിലുള്ള അതിർത്തികൾ കൃത്യമായി നിർണയിക്കേണ്ടതുണ്ട്.

കുറ്റകൃത്യം എന്ന സങ്കൽപ്പനം നിലവിലുള്ള നിയമത്തിൽ നിന്നാണുണ്ടാകുന്നത്. നിലവിലുള്ള നിയമത്തെ ലംഘിക്കുന്ന പ്രവൃത്തിയാണ് കുറ്റകൃത്യം. ഒരു പ്രവൃത്തിയുടെ സദാചാരമൂല്യം (Moral worth) തീരുമാനിക്കുന്നത് നിയമ ലംഘനത്തെമാത്രം അടിസ്ഥാനപ്പെടുത്തിയല്ല. നിലവിലുള്ള നിയമം നീതിയുക്തമല്ലെങ്കിൽ, ഒരു വ്യക്തിനിയമത്തെ സദാചാര മൂല്യത്തിനടിസ്ഥാനത്തിൽ ലംഘിച്ചതായി അവകാശപ്പെടുന്നു. സ്വാതന്ത്ര്യസമരത്തിൽ നേതാക്കൾ സിവിൽ നിയമലംഘനം നടത്തിയതും ഗാന്ധിജി ബ്രിട്ടിഷ് ഗവൺമെന്റിന്റെ ഉപ്പുനിയമം ലംഘിച്ചതും കുറ്റകൃത്യമായി കണക്കാക്കി. ഗാന്ധിജിയെ അറസ്റ്റ് ചെയ്യുകയും ചെയ്തു. എന്നാൽ ഗാന്ധിജി ഇങ്ങനെ പ്രവർത്തിച്ചത് ബോധപൂർവവും അഭിമാനത്തോടും കൂടിയാണ്. മുഴുവൻ ഇന്ത്യക്കാരും ഗാന്ധിജിയുടെ ആ പ്രവർത്തനത്തിൽ അഭിമാനം കൊണ്ടു. സമൂഹത്തിൽ ഇത്തരം നിരവധി കുറ്റ കൃത്യങ്ങൾ മാത്രമല്ല നടക്കുന്നത്. സദാചാര മൂല്യമില്ലാത്ത കുറ്റകൃത്യങ്ങളും സമൂഹത്തിൽ നടക്കുന്നുണ്ട്. അതിനാൽ നിയമം അനുശാസിക്കുന്ന പരിധിക്കപ്പുറം നടക്കുന്ന വിയോജിപ്പിനെ കുറ്റകൃത്യമായി കണക്കാക്കുന്നു.

രാഷ്ട്രത്തിന്റെ അടിസ്ഥാനനിർവചനത്തിൽ ഹിംസയ്ക്ക് ബന്ധമുണ്ട്. അധികാര പരിധിയിൽ, നിയമാനുസൃത ഹിംസയ്ക്കുള്ള അധികാരം രാഷ്ട്രത്തിനുണ്ടെന്നുള്ളത് ആധുനിക രാഷ്ട്രത്തിന്റെ സവിശേഷതയാണ്. അതായത് നിയമപരമായ ഹിംസയ്ക്കുള്ള അധികാരം രാഷ്ട്രത്തിനു മാത്രമേയുള്ളുവെന്നും മറ്റുള്ളവ നിയമവിരുദ്ധമാണെന്നും മനസ്സിലാക്കാം. സാങ്കേതികമായി പറഞ്ഞാൽ ഹിംസാപരമായ ഏതൊരു പ്രവർത്തനത്തെയും രാഷ്ട്ര വിരുദ്ധമായി കണക്കാക്കാം (പ്രത്യേക സന്ദർഭങ്ങളും സ്വരക്ഷയ്ക്കായി ചെയ്യുന്നതും ഒഴിവാക്കിയിട്ടുണ്ട്). ഒരു വ്യക്തി നടത്തുന്ന കൈയേറ്റവും കൊലപാതകവും രാഷ്ട്രത്തിന്റെ ഹിംസയ്ക്കുള്ള അധികാരത്തെ ചോദ്യം ചെയ്യുന്നതിനാൽ കുറ്റകൃത്യമായി കണക്കാ ക്കുന്നു. അവർക്കെതിരെ കേസെടുക്കുന്നു.

ഹിംസ സാമൂഹികക്രമത്തിന്റെ ശത്രുവും എതിർപ്പിന്റെ തീവ്രരൂപവും നിയമത്തെ മാത്രമല്ല, പ്രധാനപ്പെട്ട സാമൂഹിക മാനദണ്ഡ ത്തെയും മറികടക്കുന്നതുമാണ്. സമൂഹ ത്തിലെ ഗുരുതരപ്രശ്നമായ സാമൂഹിക പിരിമുറുക്കങ്ങളാണ് ഹിംസയുടെ കാരണം. ഹിംസ രാഷ്ട്രത്തിന്റെ അധികാരത്തിന് വെല്ലു വിളിയാണ്. രാഷ്ട്രത്തിന്റെ നിയമവാഴ്ചയുടെ പരാജയത്തെയും തുറന്ന സംഘർഷങ്ങ ളെയുമാണ് ഹിംസ സൂചിപ്പിക്കുന്നത്.

### സാമൂഹികക്രമവും ഗ്രാമം, പട്ടണം, നഗരം എന്നിവിടങ്ങളിലെ മാറ്റവും (Social order and change in Village, Town and Ctiy)

മിക്ക സമൂഹങ്ങളെയും നഗരം, ഗ്രാമം എന്നീ രണ്ടു മേഖലകളായി തരംതിരി ച്ചിരിക്കുന്നു. നഗരം, ഗ്രാമം എന്നിവിടങ്ങളിലെ ജീവിതസാഹചര്യവും സാമൂഹികസംഘട നകളും വ്യത്യസ്തമാണ്. നഗര-ഗ്രാമങ്ങളിലെ സാമൂഹികക്രമം വ്യത്യസ്തമായതിനാൽ ഇവിടത്തെ സാമൂഹികമാറ്റങ്ങൾക്ക് പ്രത്യേക പ്രാധാന്യമുണ്ടാകുന്നു.

നഗരം, ഗ്രാമം, പട്ടണം എന്നിവയുടെ അർഥം നമുക്കറിയാമെന്നു നാം കരുതും. എന്നാൽ ഇവയെ എങ്ങനെ കൃത്യമായി വേർതിരിക്കാം? (അധ്യായം 5-ലെ എം.എൻ. ശ്രീനിവാസിന്റെ ഗ്രാമങ്ങളെക്കുറിച്ചുള്ള പഠനം എന്ന ഭാഗം കാണുക). വേട്ടയാടൽ, സ്ഥായിയല്ലാത്ത കൃഷി, ഭക്ഷണം ശേഖ രിക്കൽ എന്നിവയിൽ അടിസ്ഥാനമായ നാടോടിജീവിതത്തിന്റെ സാമൂഹികഘടനയിൽ മാറ്റങ്ങൾ സംഭവിച്ചാണ് ഗ്രാമസമൂഹങ്ങൾ ആവിർഭവിച്ചത് എന്ന് 'സമൂഹശാസ്ത്ര കാഴ്ച' (Sociological eye) യിൽ മനസ്സിലാക്കാൻ കഴിയും. സ്ഥിരകാർഷികവ്യവസ്ഥ ആരംഭിച്ച തോടെ സാമൂഹികഘടനയിൽ മാറ്റം വന്നു. ഭൂമിയിലെ നിക്ഷേപവും സാങ്കേതികവിദ്യ യിലെ പുരോഗതിയും കൃഷിയിൽ ഉപയോ ഗിക്കാൻ തുടങ്ങിയപ്പോൾ, നിലനിൽപ്പിനാവശ്യ മുള്ളതിനേക്കാൾ ഉൽപ്പാദിപ്പിക്കാൻ തുടങ്ങി. സ്ഥിരകാർഷികവ്യവസ്ഥ സമ്പത്ത് സ്വരുക്കൂട്ടു ന്നതിനും സാമൂഹികവേർതിരിവുണ്ടാകുന്ന തിനും കാരണമായി. തൊഴിൽ വിഭജനം ജോലികളിൽ സവിശേഷവൽക്കരണം കൊണ്ടുവന്നു. ഇത്തരം സാമൂഹികമാറ്റങ്ങൾ ഗ്രാമത്തിൽ പ്രത്യേക സാമൂഹികഘടനയുടെ രൂപീകരണത്തിനു കാരണമായി.

ജനസാന്ദ്രത, കൃഷിയുമായി ബന്ധപ്പെട്ട സാമ്പത്തികപ്രവർത്തനങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഗ്രാമ-നഗരജീവിതം വ്യത്യാസപ്പെട്ടിരിക്കുന്നു (വലിയ ഗ്രാമങ്ങ ളെയും ചെറിയ പട്ടണങ്ങളെയും ജനസംഖ്യാ ടിസ്ഥാനത്തിൽ താരതമ്യം ചെയ്യുന്നത് ഉചിതമല്ല.) പട്ടണത്തിനും നഗരത്തിനും ഗ്രാമത്തിനേക്കാൾ ജനസാന്ദ്രതയുണ്ടായി രിക്കും. ജനങ്ങളുടെ എണ്ണത്തിൽ ചെറുതാണെ ങ്കിലും ഗ്രാമങ്ങൾ താരതമ്യേന വലിയ സ്ഥലത്ത് വ്യാപിച്ചുകിടക്കുന്നു. നഗരങ്ങളിൽ നിന്നും പട്ടണത്തിൽനിന്നും ഗ്രാമങ്ങളെ വ്യത്യസ്തമാക്കുന്ന മറ്റൊരു ഘടകം കാർഷിക സാമ്പത്തികപ്രവർത്തനങ്ങളാണ്. ഗ്രാമത്തിലെ ശ്രദ്ധേയമായ വിഭാഗം ജനങ്ങളും കാർഷിക വൃത്തിയുമായി ബന്ധപ്പെട്ടു ജീവിക്കുന്നു. കൂടുതലും കാർഷികവിഭവങ്ങൾ ഉൽപ്പാദിപ്പി ക്കുന്നതിനാൽ അവരുടെ മുഖ്യവരുമാനം കൃഷിയിൽനിന്നാണ്.

പട്ടണവും ഗ്രാമവും ഭരണപരമായി വ്യത്യാസപ്പെട്ടിരിക്കുന്നു. പട്ടണത്തിലും ഗ്രാമത്തിലും ഒരേപോലെയുള്ള അധിവാസ കേന്ദ്രമാണെങ്കിലും അവ വലുപ്പത്തിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. നഗരവും ചുറ്റുമുള്ള ഉപനഗരപ്രദേശങ്ങളും ആശ്രിത പ്രദേശങ്ങളും ഉൾപ്പെടുന്ന പ്രദേശത്തെ നാഗരികസഞ്ചയം (Urban agglomeration) എന്നു പറയുന്നു (ഈ

പദം ഔദ്യോഗിക കണക്കെടുപ്പിലാണ് സാധാരണ ഉപയോഗിക്കുന്നത്). ഒന്നിലധികം നഗരങ്ങളോ അല്ലെങ്കിൽ നഗരത്തിന്റെ പലമടങ്ങ് വലുപ്പമുള്ള നഗര പ്രദേശങ്ങളോ ഉൾപ്പെടുന്നതിനെ മഹാനഗര പ്രദേശങ്ങളെന്നു (Metropolitian area) പറയുന്നു.

ആധുനികസമൂഹത്തിന്റെ വികാസം നഗരവൽക്കരണ (Urbanisation) പ്രക്രിയക്ക് ആക്കംകൂട്ടി. രാജ്യത്തിന്റെ വലിയൊരു ജനവിഭാഗം പടിപടിയായി നഗരങ്ങളിലേക്കു ജീവിതം മാറ്റുന്ന പ്രക്രിയയെ നഗരവൽക്കരണമെന്നു പറയുന്നു. മിക്ക വികസിത രാജ്യങ്ങളും നഗരവൽകൃതങ്ങളാണ്. ഏതെങ്കിലും രീതിയിൽ തടയുന്നില്ലെങ്കിൽ, വേഗത്തിലോ സാവകാശത്തിലോ നടക്കുന്ന നഗരവൽക്കരണപ്രക്രിയ വികസ്വരരാഷ്ട്രങ്ങളിലും സംഭവിക്കും. ചരിത്രത്തിലാദ്യമായി ലോകത്തിലെ നഗരജനസംഖ്യ ഗ്രാമജനസംഖ്യയെ 2007-ൽ മറികടക്കുമെന്ന് ഐക്യരാഷ്ട്രസഭ 2006-ൽത്തന്നെ പ്രവചിച്ചിരുന്നു. ഇന്ത്യയിലും നഗരവൽക്കരണം സംഭവിക്കുന്നുണ്ട്. 1901-ൽ 11 ശതമാനത്തിൽ അൽപ്പം കുറവായിരുന്നു നഗരജനസംഖ്യയെങ്കിൽ 1951ൽ ജനസംഖ്യ 17 ശതമാനത്തിൽ അൽപ്പം താഴെയായി വർധിച്ചു. 2011-ലെ കണക്കനുസരിച്ച് 35 ശതമാനം ജനങ്ങൾ നഗരങ്ങളിൽ ജീവിക്കുന്നു.

### ഗ്രാമപ്രദേശങ്ങളിലെ സാമൂഹികക്രമവും സാമൂഹികമാറ്റങ്ങളും (Social order and Social change in Rural Areas)

ഗ്രാമങ്ങളിലെ അവസ്ഥ വ്യത്യസ്തമായതിനാൽ സാമൂഹികക്രമവും സാമൂഹികമാറ്റങ്ങളും വ്യത്യസ്തമായിരിക്കും. ഗ്രാമങ്ങൾ ചെറുതായതിനാൽ വ്യക്തികൾ തമ്മിൽ പരസ്പര വ്യക്തിബന്ധമുണ്ടായിരിക്കുകയും കാഴ്ചയിൽത്തന്നെ അവർ പരസ്പരം തിരിച്ചറിയുകയും ചെയ്യുന്നു. എല്ലാറ്റിലുമുപരി ഗ്രാമങ്ങളിലെ സാമൂഹികഘടന പാരമ്പര്യമാതൃക പിന്തുടരുന്നു. ജാതി മത തുടങ്ങിയ സാമൂഹികസ്ഥാപനങ്ങൾ ഗ്രാമത്തിൽ ശക്തമായതിനാൽ പ്രത്യേക കാരണങ്ങളില്ലെങ്കിൽ നഗരത്തെയപേക്ഷിച്ച് ഗ്രാമങ്ങളിൽ മാറ്റങ്ങൾ സംഭവിക്കുന്നത് വളരെ സാവകാശമായിരിക്കും.

നഗരങ്ങളെ അപേക്ഷിച്ച് ഗ്രാമങ്ങളിൽ കീഴാളവിഭാഗങ്ങൾക്ക് അവരുടെ അഭിപ്രായങ്ങളും താൽപ്പര്യങ്ങളും പ്രകടിപ്പിക്കാനുള്ള സാധ്യത കുറവാണ്. അപരിചിതത്വവും അകലവും ഇല്ലാത്തതിനാൽ കീഴാളവിഭാഗങ്ങൾ വിയോജിപ്പു പ്രകടിപ്പിച്ചാൽ അവരെ എളുപ്പത്തിൽ തിരിച്ചറിയുകയും പ്രബലവിഭാഗങ്ങൾ കീഴാളരെ ശിക്ഷിക്കുകയും ചെയ്യുന്നു. പ്രബലവിഭാഗങ്ങൾ ശക്തരായതിനാൽ എല്ലാത്തരം തൊഴിൽമേഖലകളെയും വിഭവങ്ങളെയും നിയന്ത്രിക്കുന്നു. പാവങ്ങൾക്ക് മറ്റൊരു തൊഴിൽസാധ്യതയോ സഹായമോ ലഭിക്കാത്തതിനാൽ പ്രബലവിഭാഗത്തെ ആശ്രയിക്കേണ്ടിവരുന്നു. ജനസംഖ്യ കുറവായതിനാൽ വലിയതോതിൽ അംഗങ്ങളെ സംഘടിപ്പിക്കാനോ ഇതിനുള്ള ശ്രമം മറച്ചുവയ്ക്കാനോ സാധിക്കില്ല. അതിനാൽ സംഘടിപ്പിക്കപ്പെട്ടവർ എളുപ്പത്തിൽ അടിച്ചമർത്തപ്പെടുന്നു. ചുരുക്കത്തിൽ, ഗ്രാമങ്ങളിൽ എളുപ്പത്തിൽ തകർക്കാൻ കഴിയാത്ത ശക്തമായ ഒരു ഘടനയുണ്ട്. ഗ്രാമത്തിൽ സാമൂഹികമാറ്റം സാവകാശം മാത്രം സംഭവിക്കുന്നതിനു കാരണം അവിടത്തെ സാമൂഹികക്രമം ശക്തവും അടുക്കാൻ ഇഷ്ടപ്പെടാത്തതിനാലുമാണ്.

ഗ്രാമത്തിൽ മാറ്റം സാവകാശം മാത്രം സംഭവിക്കുന്നത് അവ ചിതറി കിടക്കുന്നതിനാലും ലോകത്തിലെ മറ്റു ഭാഗങ്ങളുമായി ബന്ധമില്ലാത്തതിനാലുമാണ്. പുതിയ

വാർത്താവിനിമയരീതികൾ, പ്രത്യേകിച്ച് ടെലിഫോൺ, ടെലിവിഷൻ തുടങ്ങിയവ ഗ്രാമങ്ങളിൽ വലിയ മാറ്റമുണ്ടാക്കി. ഇത് ഗ്രാമങ്ങളും പട്ടണങ്ങളും തമ്മിലുള്ള സാംസ്കാരികചലനമാന്ദ്യം (Cultural lag) കുറയ്ക്കുകയോ ഇല്ലാതാക്കുകയോ ചെയ്തിട്ടുണ്ട്. ഒറ്റപ്പെട്ടത്, വിദൂരം എന്നീ ഗ്രാമത്തിന്റെ മുഖച്ഛായ ഗതാഗതമാർഗങ്ങളായ റോഡ്, റെയിൽവേ തുടങ്ങിയവയുടെ മുന്നേറ്റം അപ്രസക്തമാക്കി. ഇതു മാറ്റത്തിന്റെ വേഗം വർധിപ്പിക്കുന്നു.

കൃഷിയിലും കാർഷികബന്ധത്തിലുമുള്ള മാറ്റങ്ങൾ ഗ്രാമീണസമൂഹങ്ങളുടെ മാറ്റത്തെ കാര്യമായി സ്വാധീനിച്ചു. ഭൂപരിഷ്കരണങ്ങൾ, ഭൂമിയിലെ ഉടമസ്ഥതയിൽ ഉണ്ടാക്കിയ മാറ്റം ഗ്രാമീണസമൂഹങ്ങളെ കാര്യമായി സ്വാധീനിച്ചു. ഇന്ത്യയിൽ സ്വാതന്ത്ര്യാനന്തരം നടപ്പിലാക്കിയ ഒന്നാംഘട്ട ഭൂപരിഷ്കരണം അസന്നിഹിത ഭൂവുടമകളുടെ (Absentee landlords) സ്വത്തവകാശം മാറ്റുകയും ഭൂമിയും അതിലെ കൃഷിയും അവ യഥാർഥത്തിൽ കൈകാര്യം ചെയ്തിരുന്നവർക്കു നൽകുകയും ചെയ്തു. കൃഷിയുമായി ബന്ധമില്ലാത്ത ഇടത്തരം വിഭാഗത്തിൽപ്പെട്ടവർക്കാണ് ഭൂമിയുടെ അധികാരം കൂടുതലും ലഭിച്ചത്. ഇത്തരം ആളുകളുടെ വോട്ടുകൾ നിർണായകമായതിനാൽ ഇവർക്ക് സാമൂഹിക പദവിയും രാഷ്ട്രീയപദവിയും വർധിച്ചു. എം. എൻ. ശ്രീനിവാസ് ഈ വിഭാഗത്തെ അധീശജാതികൾ (Dominant castes) എന്നു വിളിച്ചു. നാട്ടിൻപുറത്ത് പ്രബലജാതികൾ സാമ്പത്തികമായി ശക്തികളായതിനാൽ തിരഞ്ഞെടുപ്പുരാഷ്ട്രീയത്തിലും അവർ ആധിപത്യം സ്ഥാപിച്ചു. എന്നാൽ ഈ അടുത്തകാലത്തായി കീഴാളജാതിക്കാരുടെയും പിന്നാക്കജാതിക്കാരുടെയും എതിർപ്പു നേരിടേണ്ടിവരുന്നുണ്ട്. ആന്ധ്രപ്രദേശ്, ബിഹാർ, ഉത്തർപ്രദേശ്, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളിൽ ഇത് വലിയ സാമൂഹിക കലാപങ്ങൾക്കു വഴിയൊരുക്കി.

കൃഷിയിലെ സാങ്കേതികമുന്നേറ്റം ഗ്രാമങ്ങളിൽ വലിയതും പെട്ടെന്നുള്ളതുമായ സ്വാധീനമുണ്ടാക്കി. പുതിയ യന്ത്രോപകരണങ്ങളുടെയും പുതിയ വിത്തിനങ്ങളുടെയും ഉപയോഗം അധ്വാനത്തിന്റെ ആവശ്യകത ഗണ്യമായി കുറയ്ക്കുകയും വ്യത്യസ്ത സാമൂഹികവിഭാഗങ്ങളായ തൊഴിലാളികൾ, ഭൂവുടമകൾ എന്നിവർക്കിടയിലെ വിലപേശലിനെ മാറ്റുകയും ചെയ്തു. സാങ്കേതികവും സാമ്പത്തികവുമായ മാറ്റങ്ങൾ തൊഴിൽ ആവശ്യങ്ങളെ നേരിട്ടു ബാധിക്കുന്നില്ലെങ്കിലും, വ്യത്യസ്തവിഭാഗങ്ങളുടെ സാമ്പത്തികശക്തിയിൽ മാറ്റങ്ങളുടെ ഒരു ശൃംഖലയ്ക്ക് തുടക്കം കുറിക്കാൻ കഴിഞ്ഞു. കാർഷികോൽപ്പന്നങ്ങളുടെ വിലയിലെ മാറ്റങ്ങൾ, വരൾച്ച, വെള്ളപ്പൊക്കം തുടങ്ങിയവ ഗ്രാമീണസമൂഹത്തിന്റെ നാശത്തിനു കാരണമായി. ഈയടുത്തകാലത്ത് ഇന്ത്യയിലുണ്ടായ ആത്മഹത്യകൾ ഇതിനുദാഹരണമാണ്. ഗ്രാമീണദരിദ്രരെ ലക്ഷ്യമാക്കിയുള്ള വികസനപരിപാടികൾ ഗ്രാമങ്ങളിൽ വലിയ മാറ്റങ്ങളുണ്ടാക്കി. 2005-ലെ ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി ഇതിനുദാഹരണമാണ്.




ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയെക്കുറിച്ച് പഠിച്ച് അതിന്റെ ചരിത്രം, ലക്ഷ്യം, പ്രാധാന്യം, പദ്ധതി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ, ഫലങ്ങൾ എന്നിവ വിശദീകരിക്കുന്ന പ്രബന്ധം തയാറാക്കുക.

## നഗരപ്രദേശങ്ങളിലെ സാമൂഹികക്രമവും സാമൂഹികമാറ്റവും (Social order and Social Change in Urban Area)

പുരാതനസമൂഹത്തിൽപ്പോലും നഗരങ്ങളുണ്ടായിരുന്നു. എന്നാൽ നഗരജീവിതമെന്ന ജീവിതരീതി (Urbanism) ഒരു ആധുനിക പ്രതിഭാസമാണ്. ആധുനികകാലത്തിനുമുമ്പ് വ്യാപാരം, മതം, യുദ്ധം എന്നിവ നഗരങ്ങളുടെ സ്ഥാനവും പ്രാധാന്യവും തീരുമാനിച്ചിരുന്നു. പ്രധാനപ്പെട്ട വ്യാപാരപാതകൾ, യോജിച്ച തുറമുഖങ്ങൾ എന്നിവിടങ്ങളിൽ സ്വാഭാവികമായും നഗരങ്ങളുണ്ടായി. യുദ്ധതന്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ, തീർഥാടകരെ ആകർഷിക്കുന്ന മതകേന്ദ്രങ്ങൾ എന്നിവയും നഗരങ്ങളായി മാറി. ആസാമിലെ ബ്രഹ്മപുത്രാനദിക്കരയിലെ തെസ്പുർ, വടക്കൻ കേരളത്തിലെ അറബിക്കടലിന്റെ തീരത്തുള്ള കോഴിക്കോട് എന്നിവ മധ്യകാലഘട്ടത്തിലെ ഇന്ത്യൻ നഗരങ്ങൾക്ക് ഉദാഹരണങ്ങളാണ്. രാജസ്ഥാനിലെ അജ്മീർ, ഉത്തർപ്രദേശിലെ വാരണാസി (ബനാറസ്, കാശി എന്നീ പേരിലും അറിയപ്പെടുന്നു). തമിഴ്നാട്ടിലെ മധുര തുടങ്ങിയവ ഇന്ത്യയിലെ ക്ഷേത്ര നഗരങ്ങൾക്ക് ഉദാഹരണങ്ങളാണ്.

സമൂഹശാസ്ത്ര കാഴ്ചപ്പാടിൽ നഗരജീവിതവും ആധുനികതയും ഒരുമിച്ചു പോകുന്നു, ഒന്ന് മറ്റൊന്നിന്റെ പ്രകടനമായി കണക്കാക്കാം. വലിയ ജനസാന്ദ്രതയുള്ള നഗരങ്ങൾ ബഹുജനരാഷ്ട്രീയത്തിന്റെ കേന്ദ്രങ്ങളായാണ് ചരിത്രത്തിലുടനീളം അറിയപ്പെടുന്നത്. അവ ആധുനികമനുഷ്യന്റെ പ്രവർത്തനമണ്ഡലം കൂടിയാണ്. നഗരത്തിലെ അജ്ഞാതത്വവും സൗകര്യങ്ങളും സ്ഥാപനങ്ങളും വ്യക്തികൾക്ക് അതിരുകളില്ലാത്ത സാധ്യതകൾ തുറന്നുകൊടുത്തു. വ്യക്തിപരതയെ നിരുത്സാഹപ്പെടുത്തുന്ന ഗ്രാമത്തിൽ നിന്ന് വ്യത്യസ്തമായി നഗരങ്ങളിൽ അതിനെ പ്രോത്സാഹിപ്പിക്കുന്നു.



ഗ്രാമീണ ജീവിതം




കൂടപ്പിറപ്പിനെ പരിപാലിക്കുന്ന പെൺകുട്ടി

ധാരാളം കലാകാരും എഴുത്തുകാരും നഗരത്തെ വ്യക്തികളുടെ പറുദീസയായി കണക്കാക്കിയതിൽ തെറ്റില്ല. നഗരത്തിൽ സ്വാതന്ത്ര്യങ്ങളും അവസരങ്ങളും കുറച്ചു വ്യക്തികൾക്കുമാത്രമേ ലഭിക്കുകയുള്ളൂ. കൃത്യമായി പറഞ്ഞാൽ സാമൂഹികമായും സാമ്പത്തികമായും ഉന്നതനിലവാരം പുലർത്തുന്ന ഒരു ന്യൂനപക്ഷത്തിനു മാത്രമേ നഗരജീവിതത്തിന്റെ സ്വാതന്ത്ര്യവും ആർഭാടവും ആസ്വദിക്കാൻ കഴിയുകയുള്ളൂ. നഗരത്തിൽ ജീവിക്കുന്ന ഭൂരിഭാഗം ജനതയ്ക്കും പരിമിതമായ സ്വാതന്ത്ര്യം മാത്രമാണു ലഭിക്കുന്നത്. അവർക്ക് സമ്മർദങ്ങളുടെ ഫലമായി നിയന്ത്രിതവും ആപേക്ഷികവുമായ സ്വാതന്ത്ര്യം മാത്രമേയുള്ളൂ. വ്യക്തികൾ ഉൾപ്പെടുന്ന സാമൂഹികസംഘങ്ങൾ ചെലുത്തുന്ന സാമൂഹിക-സാമ്പത്തിക സമ്മർദങ്ങൾ ഇതിന് കാരണമാകുന്നു. നഗരജീവിതത്തിൽ ജാതി, മതം, വംശം, പ്രദേശം, വർഗം എന്നിവയുടെ അടിസ്ഥാനത്തിലാണ് സ്വത്വങ്ങൾ സൃഷ്ടിക്കപ്പെടുന്നത്. ചെറിയൊരു സ്ഥലത്ത് അനേകം പേർ കേന്ദ്രീകരിക്കുമ്പോൾ അവരുടെ സ്വത്വങ്ങളെ ശക്തിപ്പെടുത്തുന്നതോടൊപ്പം നിലനിൽപ്പിനും ചെറുത്തുനിൽപ്പിനും അവകാശങ്ങൾക്കും വേണ്ടി പദ്ധതികളും തയാറാക്കപ്പെടുന്നു.


പട്ടണത്തിലെയും നഗരത്തിലെയും സാമൂഹികക്രമത്തിലെ ഏറ്റവും വലിയ പ്രശ്നം സ്ഥലദൗർലഭ്യമാണ്. നഗരങ്ങൾക്ക് ഉയർന്ന ജനസാന്ദ്രത ഉൾക്കൊള്ളാനാകാത്തത് വലിയ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ലഭ്യമായ സ്ഥലം കൃത്യമായി ഉപയോഗിക്കുന്നതായിരിക്കണം നഗരസമൂഹത്തിന്റെ പ്രാഥമിക കർത്തവ്യം. പാർപ്പിടസൗകര്യം, തൊഴിലാളികൾക്ക് ഗതാഗതസൗകര്യം, പൊതുസ്ഥലങ്ങൾ, വ്യവസായകേന്ദ്രങ്ങൾ, പൊതുജനാരോഗ്യം, ശുചിത്വം, സമാധാനം, പൊതുസുരക്ഷ എന്നിവയെല്ലാം ഉൾപ്പെടുന്നതാണ് പ്രാഥമിക കർത്തവ്യം. ഓരോ പ്രാഥമിക



നഗരത്തിലെ വാണിജ്യസമുച്ചയം



കാർഷികവൃത്തി



നഗരപ്രദേശത്തെ യാത്രാസൗകര്യങ്ങൾ

കർത്തവ്യം ആസൂത്രണം ചെയ്യുമ്പോഴും നടപ്പിലാക്കുമ്പോഴും നിലനിർത്തിക്കൊണ്ടു പോകുമ്പോഴും വലിയ വെല്ലുവിളികൾ നേരിടേണ്ടിവരുന്നു. ജാതി, മതം, ദേശം എന്നിവയുടെ അടിസ്ഥാനത്തിൽ ഭിന്നതയും പിരിമുറുക്കവും നിലനിൽക്കുന്ന പശ്ചാത്തലം വെല്ലുവിളികളുടെ സങ്കീർണത വർധിപ്പിക്കുന്നു.

പാർപ്പിടപ്രശ്നം ഉദാഹരണമായെടുക്കാം. പാർപ്പിടദൗർലഭ്യം ദരിദ്രരെ പാർപ്പിടരഹിതരാക്കുന്നതിനാൽ അവർ തെരുവുകളിലും നടപ്പാതകളിലും പാലങ്ങൾക്കടിയിലും മേൽപ്പാലങ്ങൾക്കടിയിലും ഉപയോഗിക്കാത്ത കെട്ടിടങ്ങളിലും ഒഴിഞ്ഞ ഇടനാഴികളിലും ജീവിക്കേണ്ടിവരുന്നു. തെരുവുജനത (Street people) എന്ന ഈ പ്രതിഭാസം ചേരികളുയർന്നുവരുന്നതിന് (Slums) കാരണമാകുന്നു. ജനനിബിഡമായതും ശുചീകരണം, ജലവിതരണം, വൈദ്യുതി തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങൾ ഇല്ലാത്തതും പ്ലാസ്റ്റിക്ഷീറ്റ് മുതൽ കാർഡ്ബോർഡ് വരെയുള്ള സാമഗ്രികൾകൊണ്ടു നിർമിച്ച വീടുകളുള്ളതുമായ സ്ഥലത്തെ 'ചേരി' (Slums) എന്നു വിളിക്കുന്നു. സ്ഥിര സ്വത്തവകാശമില്ലാത്തതിനാൽ ചേരികളിലെ ജനങ്ങളുടെമേൽ ദാദാ' (Dadas) മാരുടെ ആധിപത്യം ഉണ്ടാകുന്നു. ഇത്തരത്തിലുള്ള ആധിപത്യം മറ്റു കുറ്റകൃത്യ പ്രവർത്തനങ്ങൾക്കു കാരണമാകുന്നു.

നഗരത്തിൽ എവിടെ, എങ്ങനെ ജീവിക്കണമെന്നു തീരുമാനിക്കുന്നത് സാമൂഹിക സ്വത്വത്തിന്റെ (Social Identity) അടിസ്ഥാനത്തിലാണ്. വർഗം, വംശം, മതം എന്നിവയുടെ അടിസ്ഥാനത്തിലാണ് ലോകത്തെല്ലായി

ടത്തും വാസസ്ഥലങ്ങൾ തീരുമാനിക്കുന്നത്. ഇത്തരം വേർതിരിവുകളും സ്വത്വങ്ങൾക്കിടയിലെ പിരിമുറുക്കങ്ങളും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ഉദാഹരണത്തിന്, ഇന്ത്യ യിലെ ഹിന്ദുക്കളും മുസ്ലിങ്ങളും തമ്മിലുള്ള പിരിമുറുക്കങ്ങൾ അയൽപക്കങ്ങളെ ഏക സമുദായമാക്കുന്നു (Single-communtiy). വർഗീയസംഘർഷങ്ങൾ എവിടെയെല്ലാം സംഭവിച്ചിട്ടുണ്ടോ, അവിടെയെല്ലാം ഏക സമുദായവൽക്കരണ പ്രക്രിയ (Ghettoisation) ശക്തിപ്പെട്ടു. 2002-ലെ ഗുജറാത്ത് കലാപം ഇന്ത്യയിലെ ഏകസമുദായവൽക്കരണ പ്രക്രിയയ്ക്ക് ഉദാഹരണമാണ്. ലോകവ്യാപക പ്രതിഭാസമായ ബന്ധിതസമുദായങ്ങൾ (Gated communities) ഇന്ത്യൻ നഗരങ്ങളിലും കാണുന്നു. സമ്പന്ന അയൽപക്കങ്ങൾ മതിലുകളും കവാടങ്ങളും നിർമിച്ച് ചുറ്റുപാടിൽ നിന്ന് വേർതിരിഞ്ഞു നിൽക്കുന്നതോടൊപ്പം അവിടേക്കുള്ള പ്രവേശനവും നിർഗമനവും നിയന്ത്രിക്കപ്പെടുന്നു. ഇത്തരത്തിലുള്ള സമുദായങ്ങൾക്ക് സമാന്തരവും സ്വന്തവുമായ ജലവിതരണം, വൈദ്യുതിവിതരണം, സമാധാന - സുരക്ഷാസംവിധാനം എന്നിവ ഉണ്ടായിരിക്കും.




നിങ്ങളുടെ ശ്രദ്ധയിൽ വന്നിട്ടുള്ള ബന്ധിതസമുദായങ്ങളെക്കുറിച്ച് ഉദാഹരണസഹിതം കുറിപ്പ് തയാറാക്കുക. എപ്പോഴാണ് അവിടെ ഗേറ്റും മതിലും ഉയർന്നു വന്നത്.
അതിന് എതിർപ്പുകളുണ്ടായിരുന്നോ? ആരിൽ നിന്ന്? എന്തു കാരണങ്ങളാലാണ് ജനങ്ങൾ ഇത്തരം ഇടങ്ങളിൽ താമസിക്കുന്നത്? എന്തു സ്വാധീനമാണ് അയൽപക്കങ്ങളിലും സമൂഹത്തിലും ഉളവാക്കുന്നത്?

നഗരത്തിലെ പാർപ്പിടരീതികൾ അവിടത്തെ സാമ്പത്തികസ്ഥിതിയുമായി ബന്ധപ്പെട്ടു കിടക്കുന്നു. തൊഴിലിടങ്ങളുടെ സ്ഥാനവും വാസപ്രദേശങ്ങളുടെ സ്ഥാനവും നഗരത്തിലെ ഗതാഗതപ്രശ്നത്തിന്റെ മുഖ്യകാരണങ്ങളാണ്. തൊഴിലിടങ്ങളുടെ സ്ഥാനം വളരെ ദൂരെയാണെങ്കിൽ വിപുലമായ ഗതാഗത സംവിധാനം ആവശ്യമാണ്. നഗരത്തിലെ ജോലിക്കാരുടെ ജീവിതനിലവാരത്തിന് ഗതാഗതസംവിധാനവുമായി നേരിട്ടു ബന്ധമുണ്ട്. റോഡ്ഗതാഗതത്തിൽ പൊതു വാഹനങ്ങളേക്കാൾ സ്വകാര്യവാഹനങ്ങൾ ഉപയോഗിക്കുന്നത് വായുമലിനീകരണത്തിനും ഗതാഗതക്കുരുക്കിനും കാരണമാകുന്നു. മുകളിൽ പറഞ്ഞ വിശദീകരണത്തിൽനിന്ന് വാസപ്രദേശങ്ങളുടെ വിതരണം നഗര സമൂഹത്തിൽ സങ്കീർണവും ബഹുമുഖ സ്വഭാവപ്രശ്നങ്ങൾ സൃഷ്ടിക്കുന്നതുമാണെന്ന് മനസ്സിലാക്കാൻ കഴിയും

*ദൂരസ്ഥലത്തുനിന്നു സ്ഥിരമായി ജോലിസ്ഥലത്തേക്കു വരുന്നവർ രാഷ്ട്രീയമായി സ്വാധീനിക്കുന്ന ഉപസംസ്കാരമായി വളരുന്നു. ഉദാഹരണത്തിന്, ഉപനഗരങ്ങളിൽനിന്നുള്ള തീവണ്ടികളിൽ വരുന്നവർ പ്രാദേശികർ എന്നറിയപ്പെടുകയും (Locals) അവർ പ്രത്യേക സമാജങ്ങളുണ്ടാക്കുകയും ചെയ്യുന്നു. അവർ തീവണ്ടിയിൽവച്ച് പാട്ടുപാടുകയും ആഘോഷങ്ങൾ നടത്തുകയും ബോർഡ് കളികൾ (മത്സരങ്ങൾ ഉൾപ്പെടെ) അല്ലെങ്കിൽ ചില നേരം പോക്കുകളിൽ ഏർപ്പെടുകയും ചെയ്യുന്നു.*

നഗരത്തിലെ ചില സ്ഥലങ്ങളിൽ സംഭവിക്കുന്ന ഉയർച്ചതാഴ്ചകൾ വ്യത്യസ്ത രൂപത്തിലും ഭാവത്തിലും അവിടെ സംഭവിക്കുന്ന മാറ്റങ്ങൾക്ക് ഉദാഹരണങ്ങളാണ്. ലോകത്തെല്ലായിടത്തും നഗരകേന്ദ്രങ്ങൾക്കുമാറ്റങ്ങളുണ്ടായിട്ടുണ്ട്. പത്തൊമ്പതാം നൂറ്റാണ്ടിലും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിലും നഗരകേന്ദ്രങ്ങൾ അധികാരകേന്ദ്രങ്ങളായിരുന്നെങ്കിൽ ഇരുപതാം നൂറ്റാണ്ടിന്റെ അവസാന പകുതിയിൽ അധികാരകേന്ദ്രങ്ങളുടെ ശക്തി ക്ഷയിച്ചു. ഈ കാലഘട്ടത്തിലാണ് നഗരപ്രാന്തങ്ങൾ വളർച്ചപ്രാപിച്ചു തുടങ്ങിയത്.




നഗരവിപണി

നഗരകേന്ദ്രങ്ങളിൽ താമസിച്ചിരുന്ന സമ്പന്ന വിഭാഗങ്ങൾ പലകാരണങ്ങളാൽ അവിടം ഉപേക്ഷിച്ച് നഗരപ്രാന്തങ്ങളിൽ ചേക്കേറാൻ തുടങ്ങിയതാണിതിനു കാരണം. എന്നാൽ പാശ്ചാത്യരാജ്യങ്ങളിൽ പഴയപ്രതാപത്തിലേക്കു തിരിച്ചുവന്ന ധാരാളം നഗരകേന്ദ്രങ്ങൾ കാണാം. ഇതുമായി ബന്ധപ്പെട്ട ഒരു പ്രതിഭാസമാണ് 'കുലീനവൽക്കരണം' (Gentrification). താഴ്ന്ന വർഗത്തിൽപ്പെട്ട ഒരു സമൂഹം ഉയർന്ന വർഗമായോ മധ്യവർഗമായോ മാറുന്ന പ്രക്രിയയെ കുലീനവൽക്കരണം എന്നു പറയുന്നു. ഭൂമിവില വർധിക്കുമ്പോൾ നിർമാണരംഗത്തുള്ളവർ അതിനെ ലാഭകരമാക്കാൻ ശ്രമിക്കുന്നത് താഴ്ന്ന വർഗത്തിൽപ്പെട്ടവർക്കു സഹായകമായിത്തീരും. വാടകമൂല്യം വർധിക്കുന്നത് താഴ്ന്ന വർഗത്തിന് ഉയർന്ന വർഗമാകാൻ സഹായകമാണ്. നേർവിപരീതമായും സംഭവിക്കാറുണ്ട്. താഴ്ന്നവിഭാഗത്തിന്റെ പരിശ്രമം പരാജയപ്പെടുകയും അവർ പഴയ സ്ഥാനത്തേക്കു തിരിച്ചെത്തുകയും ചെയ്യുന്നു.



നിങ്ങളുടെ ചുറ്റുപാടിലുണ്ടായ കുലീനവൽക്കരണത്തിന് ഉദാഹരണം കണ്ടെത്തി വിശദീകരിക്കുക.

കുലീനവൽക്കരണം സംഭവിക്കുന്നതിന് മുമ്പ് ആ പ്രദേശം എങ്ങനെയായിരുന്നു? വിവിധ സാമൂഹികസംഘങ്ങളെയും വർഗങ്ങളെയും എങ്ങനെയാണ് ഇത് സ്വാധീനിച്ചത്? ആർക്കാണ് ഇതുകൊണ്ട് ഗുണം? ആർക്കാണ് നഷ്ടം? ആരാണ് ഈ മാറ്റത്തിന് ആഗ്രഹിച്ചത്?

ഗതാഗതരീതിയിലുള്ള മാറ്റങ്ങൾ നഗരങ്ങളിൽ പ്രധാനപ്പെട്ട വ്യതിയാനങ്ങൾ കൊണ്ടുവന്നു. താങ്ങാവുന്നതും സുരക്ഷിതവും കാര്യക്ഷമവുമായ പൊതുഗതാഗതസംവിധാനം നഗരജീവിതത്തിൽ വ്യത്യാസ മുണ്ടാക്കുകയും നഗരജീവിതം രൂപപ്പെടു ത്തുകയും ചെയ്യുന്നു. പൊതുഗതാഗതത്തെ ആശ്രയിക്കുന്ന നഗരങ്ങളും (ലണ്ടൻ, ന്യൂയോർക്ക്) സ്വകാര്യവാഹനങ്ങളെ ആശ്രയിക്കുന്ന നഗരങ്ങളും (ലോസ് ആഞ്ചലസ്) തമ്മിലുള്ള വ്യത്യാസങ്ങളെക്കുറിച്ച് പല പണ്ഡിതരും സൂചിപ്പിച്ചിട്ടുണ്ട്. ഡൽഹിയിലെ മെട്രോ റെയിൽ അവിടത്തെ സാമൂഹികജീവി തത്തെ മാറ്റിമറിച്ചു. എന്നാൽ ഇന്ത്യയിൽ സ്വാഭാവിക ജനസംഖ്യാപെരുപ്പവും കുടിയേറ്റവും നഗരവൽക്കരണപ്രക്രിയയിൽ വലിയ പ്രശ്നങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു.



**അൽപ്പംകൂടി...**

**സാമൂഹികക്രമം**

പരസ്പരം പങ്കുവയ്ക്കപ്പെടുന്നതും സ്ഥിരതയാർന്നതുമായ (പ്രവചിക്കപ്പെടാവുന്നതും) മനുഷ്യപെരുമാറ്റങ്ങളുടെ മാതൃകയാണ് സാമൂഹികക്രമം എന്നു നിർവചിക്കപ്പെട്ടിരിക്കുന്നു. മനുഷ്യപെരുമാറ്റങ്ങൾക്കു വഴികാട്ടിയാവുന്ന പ്രമാണങ്ങളും നിയന്ത്രണങ്ങളും സാമൂഹികക്രമങ്ങൾ ലഭ്യമാക്കുന്നു.

- **നിർവഹണവാദ കാഴ്ചപ്പാടിൽ സാമൂഹികക്രമം**

  സ്വാർഥബുദ്ധിയും മത്സരോത്സുകതയും സഹജമായുള്ളവരാണ് മനുഷ്യരെന്ന് 17-ാംനൂറ്റാണ്ടിലെ ദാർശികനായിരുന്ന തോമസ് ഹോബ്സ് ചൂണ്ടിക്കാട്ടി. ഇവയെ നേരിടാൻ ഉറപ്പാർന്ന പ്രമാണങ്ങളും ശക്തമായ ഭരണകൂടവും അനിവാര്യമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ശക്തമായ ഭരണകൂടത്തേക്കാൾ സമൂഹം അതിന്റെ അംഗങ്ങൾക്കിടയിൽ മൂല്യങ്ങളുടെയും വിശ്വാസങ്ങളുടെയും ഒരു ആന്തരികരൂപം സൃഷ്ടിച്ചെടുക്കേണ്ടതാണെന്ന് നിർവഹണവാദിയായ ദുർഖീം ചൂണ്ടിക്കാട്ടി. പൊതുഅവബോധം (Collective conscience) ഭരണകൂട നിയമവാഴ്ചയേക്കാൾ പ്രാധാന്യം നേടിയതാണെന്നും അദ്ദേഹം വാദിച്ചു. സമൂഹത്തിൽ ഏകീകരണത്തിന്റെ ശക്തിയായി പ്രവർത്തിക്കുന്ന പൊതുഅവബോധം പരസ്പരം പങ്കുവയ്ക്കുന്ന വിശ്വാസങ്ങളെയും സദാചാരമനോഭാവങ്ങളെയും സൂചിപ്പിക്കുന്നു. ആധുനികസമൂഹത്തിന്റെ നിലനിൽപ്പിന് മൂല്യങ്ങളിൽ ചില അടിസ്ഥാന പൊരുത്തപ്പെടലുകൾ അനിവാര്യമാണെന്നും ദുർഖീം വിശ്വസിച്ചു.

  സാമൂഹികക്രമം നിലനിർത്തുന്നതിൽ മതം, വിദ്യാഭ്യാസം, കുടുംബം എന്നീ സാമൂഹികസ്ഥാപനങ്ങളുടെ പ്രാധാന്യം ടാൽക്കോട് പാർസൺസ് ചൂണ്ടിക്കാട്ടി. സമൂഹം അംഗീകരിച്ച പെരുമാറ്റ മാതൃകകളെ (Behaviour patterns) സാമൂഹീകരണത്തിലൂടെ പുനരുൽപ്പാദിപ്പിക്കാൻ സാമൂഹികസ്ഥാപനങ്ങൾ ഉത്തരവാദികളാണെന്ന് വിശ്വസിച്ചു.

- **സാമൂഹികക്രമം സംഘർഷവാദ കാഴ്ചപ്പാട്**

  സാമൂഹികക്രമത്തെ നിർവഹണവാദികൾ മൂല്യസമവാക്യത്തിന്റെ അടിസ്ഥാനത്തിൽ കണ്ടപ്പോൾ സംഘർഷവാദികൾ അതിനെ പരസ്പരപ്രതിയോഗികളായി നിലനിൽക്കുന്ന സംഘങ്ങൾക്കിടയിലെ അധികാരബന്ധങ്ങളെ അടിസ്ഥാനപ്പെടുത്തി നോക്കിക്കാണുന്നു.

  ലൂയീസ് അൽത്തൂസറിന്റെ വിലയിരുത്തലിൽ സാമൂഹികക്രമത്തിൽ ലക്ഷ്യം വർഗ അസമത്വത്തെ നിലനിർത്തുകയും നിയമവിധേയമാക്കുകയും ചെയ്യുക എന്നതാണ്. ഭരണകൂടവർഗത്തിന്റെ മാനദണ്ഡങ്ങളും മൂല്യങ്ങളും സ്വാഭാവികവും സാധാരണവുമാണെന്ന സന്ദേശം സാമൂഹികക്രമത്തിലൂടെ നൽകാൻ അവർ ശ്രമിക്കുന്നു.

- **പാരസ്പര്യസിദ്ധാന്തകരുടെ (Interactionist) കാഴ്ചപ്പാടിൽ സാമൂഹികക്രമം**

  പാരസ്പര്യസിദ്ധാന്തകരുടെ കാഴ്ചപ്പാടിൽ ഓരോ സാഹചര്യത്തിനും അനുഗുണമായി വ്യക്തികൾ തങ്ങളെടുക്കേണ്ട സദാചാര മാനദണ്ഡങ്ങളെക്കുറിച്ച് ധാരണയുണ്ടാക്കുന്നു.

**സാമൂഹികനിയന്ത്രണം**

സ്വീകരിക്കപ്പെടുന്നതും അംഗീകൃതവുമായ പെരുമാറ്റരീതികളെ അംഗങ്ങളെക്കൊണ്ട് അനുസരിപ്പിക്കുകയും അതിനോടവരെ ചേർത്തുനിർത്തുകയും ചെയ്യുന്നതിന് സമൂഹം ഉപയുക്തമാക്കുന്ന വിഭിന്നമാർഗങ്ങളാണ് സാമൂഹികനിയന്ത്രണം. സമൂഹത്തിന്റെ സംസ്കാരം ഒരു വ്യക്തി സാമൂഹീകരണത്തിലൂടെ ആർജിക്കുന്നു. എന്നാൽ മാനദണ്ഡങ്ങളും മൂല്യങ്ങളും അറിഞ്ഞതുകൊണ്ടുമാത്രം അയാൾ അവയോടു ചേർന്നുപോകണമെന്നില്ല. അതുകൊണ്ടുതന്നെ അംഗങ്ങളെ പ്രതീക്ഷിത മാർഗങ്ങളിലൂടെ നയിക്കാൻ സമൂഹം സാമൂഹികനിയന്ത്രണമാർഗങ്ങൾ നിർമിക്കുന്നു. സാമൂഹികനിയന്ത്രണത്തിന്റെ ഏറ്റവും പ്രധാന രൂപം ആനുഷംഗികമാണ് (Informal). സാമൂഹീകരണം അതിന്റെ അടിസ്ഥാനമാർഗമാണ്. നിയമപരവും പൊതുവായതുമായ ചില നിർവാഹകരുടെ നേതൃത്വത്തിൽ സമൂഹത്തിലെ അംഗങ്ങൾ നിയന്ത്രിക്കപ്പെടുന്നത് ഔപചാരിക സാമൂഹികനിയന്ത്രണമാണ്.

- **നിർവഹണവാദികളുടെ കാഴ്ചപ്പാടിൽ സാമൂഹികനിയന്ത്രണം**

  ജനങ്ങൾ സാമൂഹികനിയന്ത്രണത്തിനുവേണ്ടി പരിശ്രമിക്കുന്നു. തങ്ങളുടെതന്നെ താൽപ്പര്യസംരക്ഷണത്തിന് സാമൂഹികനിയന്ത്രണം സഹായിക്കുമെന്ന തിരിച്ചറിവ് അതിന്റെ അനിവാര്യത അവർക്കു ബോധ്യപ്പെടുത്തുന്നു. സമൂഹത്തിലെ അംഗങ്ങൾക്കിടയിൽ നിലനിൽക്കുന്ന സമവായത്തെ അടിസ്ഥാനപ്പെടുത്തിയാണ് സാമൂഹികനിയന്ത്രണം നിലനിൽക്കുന്നതെന്ന് നിർവഹണവാദികൾ വിശ്വസിക്കുന്നു.

- **സംഘർഷവാദ കാഴ്ചപ്പാടിൽ സാമൂഹികനിയന്ത്രണം**

  ഭരണവർഗതാൽപര്യം സംരക്ഷിക്കാനാണ് സാമൂഹികനിയന്ത്രണ നിർവാഹകർ പ്രവർത്തിക്കുന്നത് എന്നതാണ് സംഘർഷവാദ കാഴ്ചപ്പാട്. നിയമവും പോലീസും ഭരണവർഗത്തിന്റെ ആജ്ഞാനുവർത്തികളും ഭരണകൂട വിമർശകരെ ഉന്മൂലനം ചെയ്യാൻ അധികാരമുള്ളവരുമാകുന്നു. മനുഷ്യൻ സാമൂഹികനിയന്ത്രണത്തെ ഭയത്തോടെ കാണുന്നു. അൽത്തൂസറിന്റെ അഭിപ്രായത്തിൽ നിയമവും സാമൂഹികനിയന്ത്രണങ്ങളും രാഷ്ട്രത്തിന്റെ ചൂഷണോപാധികളാണ്. പലപ്പോഴും ബലപ്രയോഗത്തിലൂടെയാണ് സാമൂഹികനിയന്ത്രണം സാധ്യമാകുന്നതെന്ന് സംഘർഷവാദികൾ ചൂണ്ടിക്കാട്ടുന്നു.

- **പാരസ്പര്യവാദ കാഴ്ചപ്പാടിൽ - സാമൂഹികനിയന്ത്രണം**

  എല്ലാ പെരുമാറ്റങ്ങളും സാമൂഹികനിർമിതികളാണെന്നപോലെ സാമൂഹികനിയന്ത്രണങ്ങളും. വ്യക്തിഗതതലത്തിലാണ് പ്രവർത്തിക്കുന്നത്.

- **സ്ത്രീപക്ഷവാദ (Feminist) കാഴ്ചപ്പാടിൽ - സാമൂഹികനിയന്ത്രണം**

  സമൂഹം പുരുഷകേന്ദ്രീകൃതമാണ്, അത് പുരുഷസമുദായത്തെ ഭരണവർഗത്തെയും നിലനിർത്താനും അവയുടെ താൽപ്പര്യം സംരക്ഷിക്കാനും ഉതകുന്ന രീതിയിൽ സാമൂഹികനിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നു.

**ആധാരഗ്രന്ഥം**

httpps://zeitgeist77.wordpress.com
The Nature of Social Orders, Social Control and Social Change



**പ്രബലജാതികൾ (Dominant Castes)**

ജനസംഖ്യാബാഹുല്യത്തിന്റെ അടിസ്ഥാനത്തിൽ ഒരു പ്രദേശത്തെ രാഷ്ട്രീയാധിപത്യം ആസ്വദിക്കുന്ന മധ്യവർഗജാതിയെ സൂചിപ്പിക്കുന്നു. എം.എൻ. ശ്രീനിവാസുമായി ബന്ധപ്പെട്ടിരിക്കുന്നു.

**ബന്ധിതസമുദായങ്ങൾ (Gated Communities)**

മതിലുകളും കവാടങ്ങളും നിർമിച്ച് ചുറ്റുപാടിൽനിന്ന് വേർതിരിഞ്ഞു നിൽക്കുന്നതോടൊപ്പം അവിടേക്കുള്ള പ്രവേശനവും നിർഗമനവും നിയന്ത്രിക്കുന്ന, നഗരങ്ങളിലെ ഉയർന്ന വിഭാഗങ്ങളെ സൂചിപ്പിക്കുന്നു.

**കുലീനവൽക്കരണം (Gentrification)**

നഗരങ്ങളിൽ താഴ്ന്ന വർഗത്തിൽപ്പെട്ട ഒരു സമൂഹം ഉയർന്ന വർഗമായോ മധ്യവർഗമായോ മാറുന്ന പ്രക്രിയയെ കുലീനവൽക്കരണം എന്നു സൂചിപ്പിക്കുന്നു.

**ഏകസമുദായവൽക്കരണപ്രക്രിയ (Ghettoisation)**

ജൂതർ ജീവിച്ചിരുന്ന മധ്യകാല യൂറോപ്യൻ നഗരങ്ങളിലാണ് ഈ പദം ആദ്യം ഉപയോഗിക്കപ്പെട്ടത്. അയൽപക്കങ്ങൾ മതം, ജാതി, വംശം അല്ലെങ്കിൽ പൊതുസ്വത്വബോധം എന്നിവയുടെ അടിസ്ഥാനത്തിൽ ഏകസമുദായമായി മാറുന്ന പ്രക്രിയയാണിത്.

**ബഹുജനഗമനം (Mass Transit)**

പട്ടണങ്ങളിലെ വലിയ ജനവിഭാഗം ആശ്രയിക്കുന്ന ഗതാഗതരീതി.

**നിയമസാധുകരണം (Legitimation)**

നിയമപരമാക്കുന്ന പ്രക്രിയ

**കസ്റ്റംസ് തീരുവ (Customs Duty Tariff)**

രാജ്യത്തിൽനിന്നു പുറത്തേക്കും അകത്തേക്കും കടക്കുമ്പോൾ ഉണ്ടാകുന്ന ഉൽപ്പന്നനികുതിയുടെ ഉയർച്ചയും അത് പ്രാദേശിക ഉൽപ്പന്നങ്ങളിൽ ഉണ്ടാക്കുന്ന വെല്ലുവിളിയും.



1. മനുഷ്യരാശിയുടെ ചരിത്രത്തിൽ സാമൂഹികമാറ്റം പുതിയ പ്രതിഭാസമാണെന്ന പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ? വിശദമാക്കുക.
2. സാമൂഹികമാറ്റത്തെ മറ്റു മാറ്റങ്ങളിൽനിന്ന് എങ്ങനെ വേർതിരിക്കാം?
3. ഘടനാപരമായ മാറ്റം വിശദീകരിക്കുക. ഇതിന് പാഠഭാഗത്തിനു പുറത്തുനിന്ന് ഉദാഹരണങ്ങൾ കണ്ടെത്തുക.
4. പാരിസ്ഥിതിക സാമൂഹികമാറ്റം വിശദീകരിക്കുക.
5. സാങ്കേതിക-സാമ്പത്തിക ഘടകങ്ങൾ സമൂഹത്തിൽ വരുത്തിയ മാറ്റങ്ങൾ വിശദീകരിക്കുക.
6. സാമൂഹികക്രമം എന്നാലെന്ത്? ഇവ എങ്ങനെ നിലനിർത്തുന്നു?
7. അധികാരം എന്നാലെന്ത്? ആധിപത്യം, നിയമം എന്നിവയുമായി അധികാരം എങ്ങനെ ബന്ധപ്പെട്ടുകിടക്കുന്നു?
8. ഗ്രാമം, പട്ടണം, നഗരം എന്നിവ എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നുവെന്നു വിശദമാക്കുക.
9. ഗ്രാമീണസാമൂഹികക്രമത്തിന്റെ സവിശേഷതകൾ എന്തെല്ലാം?
10. നഗരകേന്ദ്രങ്ങളിൽ സാമൂഹികക്രമം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെന്തെല്ലാം?



GIDDENS, Antony. Sociology. 4th edition

GERTH, HANS and C. WRIGHT MILLS. (eds) *from Max Weber*

KHILNANI, SUNIL. 2002. *The Idea of India*, Penguin Books, New Delhi

Patel, Sujata and Kushal Deb (eds). 2006. *Urban Sociology*, Readings in Sociology and Social Anthropology series). Oxford University Press, New Delhi


SRINIVAS, M.N. *Social Change in Modern India*

# പരിസ്ഥിതിയും സമൂഹവും

# 3

# ENVIRONMENT AND SOCIETY

B9Y4Z6



എന്താണ് പരിസറിതി? മനുഷ്യനെ സ്വാധീനിക്കുന്ന ചുറ്റുപാടുകളിലെ വിവിധ ഘടകങ്ങളെല്ലാം ചേർന്നതാണ് പരിസ്ഥിതി. അതിൽ ജൈവവും അജൈവവുമായ എല്ലാ ഘടകങ്ങളും തമ്മിൽ അഭേദ്യമായ ബന്ധമാണുള്ളത്. നാം ഉപയോഗിക്കുന്ന ഭൗതികവസ്തുക്കളുടെയെല്ലാം ഉറവിടം പ്രകൃതിയാണ്. ഭക്ഷണം, സ്കൂൾ യൂണിഫോം തുണി, ഫർണിച്ചർ, സ്കൂൾബാഗ്, പെൻസിൽ, പെട്ടി, വൈദ്യുതി തുടങ്ങിയവയെല്ലാം പ്രകൃതിവിഭവങ്ങളാൽ ഉണ്ടാക്കിയവയാണ്. ക്ലാസ്മുറിയിലെ മേശ അവിടെ എത്തുന്നതിനുമുൻപ് നിരവധി പേരുടെ കൈകളിലൂടെ കടന്നുപോകുന്നുണ്ട്. മരംവെട്ടുകാരൻ, മരപ്പണിക്കാരൻ, മേസ്തിരിമാർ, ചരക്കു നീക്കക്കാർ, വ്യാപാരികൾ, സ്കൂൾ ഫർണിച്ചർ വാങ്ങാൻ

ചുമതലയുള്ളവർ എന്നിങ്ങനെ നിരവധിപേർ അതിന്റെ ഭാഗഭാക്കുകളാണ്. ഈ ഉൽപ്പാദകരും വിതരണക്കാരും പ്രകൃതിയിൽനിന്നുള്ള ധാരാളം സാധനങ്ങളും സേവനങ്ങളും ഉപയോഗിക്കുന്നു. മനുഷ്യർ ജീവിക്കുന്നതുതന്നെ പ്രകൃതിയെ ആശ്രയിച്ചാണ്.

ഈ അധ്യായം സമൂഹത്തിന് പരിസ്ഥിതിയുമായുള്ള ബന്ധങ്ങളെക്കുറിച്ചാണു ചർച്ചചെയ്യുന്നത്. ഈ ബന്ധം സ്ഥലകാലങ്ങൾക്കനുസരിച്ച് മാറിക്കൊണ്ടിരിക്കുന്ന ഒന്നാണെന്നും പഠിക്കുന്നു. നമ്മുടെ അടിയന്തര ശ്രദ്ധ പതിയേണ്ട ഗുരുതരമായ പല പ്രശ്നങ്ങളുമുണ്ട്. ഈ പ്രതിസന്ധികളെ ഫലപ്രദമായി കൈകാര്യം ചെയ്യണമെങ്കിൽ അവ എന്തുകൊണ്ടാണ് സംഭവിക്കുന്നതെന്നും എങ്ങനെ തടയാം, അല്ലെങ്കിൽ പരിഹരിക്കാമെന്നതിനെക്കുറിച്ചുമൊക്കെ സമൂഹശാസ്ത്രപരമായ ഒരു അവബോധം ഉണ്ടായിരിക്കേണ്ടത് ആവശ്യമാണ്.

എല്ലാ സമൂഹങ്ങൾക്കും പാരിസ്ഥിതികമായ അടിത്തറയുണ്ട്. ഭൗതികവും ജീവശാസ്ത്രപരവുമായ വ്യവസ്ഥകളുടെയും പ്രക്രിയകളുടെയും ശൃംഖലയെയാണ് പരിസ്ഥിതിശാസ്ത്രം (Ecology) എന്നു പറയുന്നത്. മനുഷ്യൻ അതിലെ ഒരു ഘടകം മാത്രമാണ്. പർവതങ്ങളും നദികളും സമുദ്രങ്ങളും സസ്യങ്ങളും ജീവജാലങ്ങളുമെല്ലാം പരിസ്ഥിതിയുടെ ഭാഗമാണ്. ഒരു സ്ഥലത്തിന്റെ പരിസ്ഥിതി അതിന്റെ ഭൂമിശാസ്ത്രവും ജലലഭ്യതയുമനുസരിച്ചിരിക്കും. ഉദാഹരണത്തിന്, മരുഭൂമിയിൽ കാണുന്ന സസ്യങ്ങളും മൃഗങ്ങളും അവിടത്തെ കഠിനമായ ചൂടുള്ള കാലാവസ്ഥയുമായും മണൽപ്പരപ്പുമായും വല്ലപ്പോഴും മാത്രം ലഭിക്കുന്ന മഴയുമായും ഇണങ്ങി ജീവിക്കുന്നു. അതുപോലെയുള്ള പാരിസ്ഥിതികഘടകങ്ങളാണ് ഏതു സ്ഥലത്തു ജീവിക്കാനും മനുഷ്യരെ പ്രാപ്തരാക്കുന്നത്.

എന്നാൽ മനുഷ്യന്റെ ഇടപെടലുകൾമൂലം (Human Actions) പരിസ്ഥിതിക്ക് സാരമായ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുകയാണ്. ഉദാഹരണത്തിന്, വരൾച്ചയും വെള്ളപ്പൊക്കവും പലപ്പോഴും ഉണ്ടാകുന്നത് മനുഷ്യന്റെ ഇടപെടലുകൾ മൂലമാണ്. ഒരു നദിയുടെ മുകൾഭാഗഭൂപ്രദേശങ്ങളിലെ വനനശീകരണം നദിയിലെ പ്രളയസാധ്യത വർധിപ്പിക്കുന്നു. ആഗോളതാപനത്തിന്റെ ഭാഗമായി ഉണ്ടാകുന്ന കാലാവസ്ഥ വ്യതിയാനം പ്രകൃതിയിൽ മനുഷ്യന്റെ ഇടപെടൽ കാരണമുണ്ടായ മറ്റൊരു ഭീഷണിയാണ്.



1951-കളിൽ ബ്രിട്ടിഷുകാർ നട്ടുപിടിപ്പിച്ച 'റിഡ്ജ്വനങ്ങൾ' ഒരു പ്രകൃതിദത്ത ആവാസവ്യവസ്ഥയല്ലെന്ന് നിങ്ങൾക്കറിയാമോ? ഇതിൽ കൂടുതലും തെക്കൻ ആഫ്രിക്കയിൽനിന്ന് ഇന്ത്യയിൽ കൊണ്ടുവന്ന 'പ്രോസോപിസ് ജൂലിഫ്ളോർ' (വിലായതി ബാബുൽ) എന്നയിനം മരമാണ്. പിന്നീട് ഉത്തരേന്ത്യയിൽ ഇതു വ്യാപകമായി.

ഉത്തർപ്രദേശിലെ കോബെറ്റ് ദേശീയ ഉദ്യാനത്തിലെ ചോഴ്സ് പുൽമൈതാനം പണ്ട് ഒരു കൃഷിഭൂമിയായിരുന്നുവെന്ന് നിങ്ങൾക്കറിയാമോ? ഈ പ്രദേശത്തെ ഗ്രാമങ്ങൾ അകളങ്കിതമായ വനഭൂമിയായി ഇപ്പോൾ മാറിക്കൊണ്ടിരിക്കുന്നു.

സാംസ്കാരിക ഇടപെടൽവഴി പ്രകൃതിയെ രൂപപ്പെടുത്തിയതിന് മറ്റ് ഉദാഹരണങ്ങൾ കണ്ടെത്തുക.

പരിസ്ഥിതിയിലെ ജൈവ-ഭൗതികസ്വഭാവങ്ങൾക്കും പ്രക്രിയകൾക്കും മനുഷ്യപ്രവൃത്തിമൂലം നിരവധി മാറ്റങ്ങൾ സംഭവിക്കുന്നതിനുദാഹരണമാണ്, നദിയുടെ പ്രവാഹവും വനത്തിലെ ജീവവർഗങ്ങളുടെ അനുപാതത്തിൽ സംഭവിക്കുന്ന മാറ്റങ്ങളും. മനുഷ്യ


നിർമിതമായ മറ്റു പാരിസരിതികഘടകങ്ങളും നമുക്കു ചുറ്റും കാണാൻ കഴിയും. ഒരു കൃഷിയിടം സംരക്ഷിക്കാനുള്ള പ്രവർത്തനങ്ങൾ. കാർഷികവിളകൾ, വളർത്തുമൃഗങ്ങൾ, കൃത്രിമവളങ്ങൾ, കീടനാശിനി എന്നിവയെല്ലാം മനുഷ്യൻ പ്രകൃതിയിൽ നടത്തുന്ന ഇടപെടലുകൾക്ക് ഉദാഹരണങ്ങളാണ്. അതുപോലെ മനുഷ്യൻ ഒരു നഗരനിർമാണം നടത്തുകയാണെങ്കിൽ അതിനുപയോഗിക്കുന്ന സിമന്റ്, കോൺക്രീറ്റ്, ഇഷ്ടിക, ടാർ, ഗ്ലാസ് തുടങ്ങിയ മനുഷ്യനിർ മിതവസ്തുക്കളെല്ലാം പ്രകൃതിവിഭവങ്ങൾ തന്നെയാണ്. എങ്കിലും അവ മനുഷ്യസൃഷ്ടികളാണ്.

ഇനി **സാമൂഹികപരിസ്ഥിതികൾ** (Social environments) ആവിർഭവിക്കുന്നത് എങ്ങനെയാണെന്നു നോക്കാം. ജൈവ-ഭൗതിക പരിസരിതിയും മനുഷ്യന്റെ ഇടപെടലുകളും തമ്മിലുള്ള പരസ്പരപ്രവർത്തനത്തിൽ നിന്നാണ് സാമൂഹികപരിസരിതി ഉണ്ടാകുന്നത്. ഇത് ഉഭയദിശാ പ്രക്രിയയാണ്. പ്രകൃതി സമൂഹത്തെ രൂപപ്പെടുത്തുന്നതുപോലെ സമൂഹം പ്രകൃതിയെയും രൂപപ്പെടുത്തുന്നു. സിന്ധു-ഗംഗാസമതല ത്തിലെ ഫലഭൂയിഷ്ഠമായ മണ്ണ് കൃഷിയുടെ വളർച്ചയെ സഹായിക്കുകയും അതിന്റെ ഉയർന്ന ഉൽപ്പാദനക്ഷമത ജനസാന്ദ്രതയുള്ള അധിവാസകേന്ദ്രങ്ങളുടെ രൂപീകരണത്തിന് കാരണമായിത്തീരുകയും ചെയ്തു. അവിടത്തെ പരിസ്ഥിതിയുടെ മികച്ച ഉൽപ്പാദനക്ഷമത ജനസാന്ദ്രതയുള്ള അധിവാസ കേന്ദ്രങ്ങളുടെ രൂപീകരണത്തിനു കാരണമായി. അവിടത്തെ മിച്ചോൽപ്പാദനം കാർഷികേതരപ്രവർത്തനങ്ങളെ സഹായിക്കുകയും പല തട്ടുകളിലുള്ള സങ്കീർണമായ സമൂഹങ്ങളുടെയും രാഷ്ട്രങ്ങളുടെയും ആവിർഭാവത്തിനു വഴിയൊരുക്കുകയും ചെയ്തു. രാജസ്ഥാനിലെ മരുഭൂപ്രദേശത്ത് കന്നുകാലികളെ മേച്ചുകൊണ്ട് ഒരിടത്തുനിന്നു മറ്റൊരിടത്തേക്കു സഞ്ചരിക്കുന്നവരുണ്ടായിരുന്നു. ഇത് പ്രകൃതിയുടെ സ്വാധീനംമൂലം സമൂഹത്തെ രൂപപ്പെടുത്തുന്നതിന്റെ ഉദാഹരണമാണ്.

മുതലാളിത്തത്തിന്റെ സാമൂഹികഘടന ലോകമെമ്പാടുമുള്ള പ്രകൃതിയെ ഉടച്ചുവാർക്കുകയുണ്ടായി. മുതലാളിത്തത്തിന്റെ ഒരു പ്രധാന വിൽപ്പനച്ചരക്കായ സ്വകാര്യ വാഹനങ്ങൾ ജീവിതത്തെയും ഭൂപ്രകൃതിയെയും മാറ്റിമറിച്ചത് ഉദാഹരണമാണ്. വായുമലിനീകരണം, നഗരങ്ങളിലെ തിക്കും തിരക്കും, പെട്രോളിയത്തെ ചൊല്ലിയുള്ള പ്രാദേശിക കലഹങ്ങളും യുദ്ധങ്ങളും, ആഗോളതാപനം തുടങ്ങിയവ വാഹനങ്ങൾ പരിസരിതിയിൽ ഉണ്ടാക്കുന്ന ഫലങ്ങൾ തന്നെയാണ്. മനുഷ്യന്റെ ഇടപെടലുകൾക്ക് പലപ്പോഴും പരിസ്ഥിതിയിൽ സ്ഥിരമായതോ അല്ലാത്തതോ ആയ മാറ്റങ്ങളുണ്ടാക്കാനുള്ള ശക്തിയുണ്ടായിരുന്നു.

> ബ്രിട്ടനിൽ സംഭവിച്ച വ്യാവസായികവിപ്ലവത്തിന്റെ ഫലം ലോകത്തെല്ലായിടത്തും പാരിസ്ഥിതികഫലങ്ങളുണ്ടാക്കി. ലങ്കാഷയറിലെ പരുത്തിമില്ലുകളുടെ ആവശ്യത്തിനായി തെക്കുവടക്കേ അമേരിക്കയും കരീബിയയും വലിയ തോട്ടങ്ങളായി മാറി. ഇത്തരം തോട്ടങ്ങളിൽ അടിമവേലയ്ക്കായി ആഫ്രിക്കൻ യുവാക്കളെ അമേരിക്കയിൽ കൊണ്ടുവന്നു. ഈ ജനസംഖ്യക്കുറവ് പശ്ചിമ ആഫ്രിക്കയിൽ കാർഷികസമ്പദ്‌വ്യവസ്ഥ തകരുന്നതിന് കാരണമായി. ഇവിടത്തെ കൃഷിഭൂമി ഉപയോഗശൂന്യമാകുന്നതിനും ഇതു കാരണമായി. ബ്രിട്ടനിൽ തൊഴിൽശാലകളിൽ നിന്നുള്ള പുക വായുമലിനീകരണമുണ്ടാക്കി. ഗ്രാമങ്ങളിൽനിന്നു വന്ന കൃഷിക്കാരും തൊഴിലാളികളും നഗരത്തിൽ ദുരിതപൂർണമായ സാഹചര്യത്തിൽ ജീവിച്ചു. ഗ്രാമങ്ങളുടെയും നഗരങ്ങളുടെയും പരിസരിതിയിൽ പരുത്തിവ്യവസായത്തിന്റെ കറുത്തപാടുകൾ കാണാൻ സാധിക്കും.

പരിസ്ഥിതിയും സമൂഹവും തമ്മിലുള്ള പരസ്പരപ്രവർത്തനം രൂപപ്പെടുത്തുന്നത്





ജലസംഭരണി

**സാമൂഹികസംഘടനയാണ്** (Social organisation). പ്രകൃതിവിഭവങ്ങൾ ആര്, എങ്ങനെ ഉപയോഗിക്കണം എന്നു തീരുമാനിക്കുന്നത് സ്വത്തുക്കളുടെ മേലുള്ള ഉടമസ്ഥാവകാശമാണ്. ഉദാഹരണത്തിന്, ഒരു സർക്കാർ തങ്ങളുടെ ഉടമസ്ഥതയിലുള്ള വനങ്ങളിൽ എന്തു ചെയ്യണമെന്നു തീരുമാനിക്കാനുള്ള അധികാരം ഉപയോഗിക്കുന്നു. അത് കമ്പനിക്കാർക്ക് പാട്ടത്തിനു കൊടുക്കുകയോ വനവിഭവങ്ങൾ ശേഖരിക്കാൻ ഗ്രാമീണരെ അനുവദിക്കുകയോ ആവാം. എന്നാൽ ഭൂമിയും ജലസ്രോതസ്സുകളും സ്വകാര്യ ഉടമസ്ഥതയിൽ ആണെങ്കിൽ മറ്റുള്ളവർക്ക് ഈ വിഭവങ്ങളിലേക്കുള്ള പ്രവേശനം നിയന്ത്രണങ്ങൾക്കു വിധേയമായിരിക്കും. കാരണം, അവ എങ്ങനെ ഉപയോഗിക്കണം എന്നു തീരുമാനിക്കാനുള്ള അധികാരം സ്വകാര്യ ഉടമകൾക്കാണ്. ഉടമസ്ഥാവകാശത്തിന് വിഭവങ്ങളുടെ മേലുള്ള നിയന്ത്രണവുമായും ഉൽപ്പാദനപ്രക്രിയയിലെ തൊഴിൽവിഭജനവുമായും ബന്ധമുണ്ട്.

ഭൂരഹിതരായ തൊഴിലാളികൾക്കും സ്ത്രീകൾക്കും പ്രകൃതിവിഭവങ്ങളുമായുള്ള ബന്ധം പുരുഷന്മാരുടേതിൽനിന്നും വ്യത്യസ്തമാണ്. ഇന്ത്യയിലെ ഗ്രാമപ്രദേശങ്ങളിൽ വിറക് (വിഭവം) ശേഖരിക്കാനും കൊണ്ടുവരാനുമുള്ള ചുമതല സമൂഹം സ്ത്രീകൾക്കാണ് ഏൽപ്പിച്ചിട്ടുള്ളത്. എന്നാൽ വിഭവങ്ങളുടെ മേൽ അവർക്ക് യാതൊരു നിയന്ത്രണവുമില്ല. ഗ്രാമങ്ങളിൽ സ്ത്രീകൾ വലിയ വിഭവദൗർലഭ്യം അനുഭവിക്കുന്നുണ്ട്. പരിസ്ഥിതിയുമായുള്ള ബന്ധം രൂപപ്പെടുത്തുന്നതിൽ സാമൂഹികസംഘടന പ്രധാന പങ്കുവഹിക്കുന്നു എന്ന് ഉദാഹരണങ്ങൾ കാണിച്ചുതരുന്നു.

പരിസ്ഥിതിയും സമൂഹവും തമ്മിലുള്ള വ്യത്യസ്തബന്ധങ്ങളിൽ **സാമൂഹികമൂല്യങ്ങളും മാനദണ്ഡങ്ങളും** (Social values and Norms) പ്രതിഫലിക്കുന്നുണ്ട്. മുതലാളിത്ത മൂല്യങ്ങൾ പ്രകൃതിയെ ഒരു വിൽപ്പനച്ചരക്കാക്കി മാറ്റുന്നു. ലാഭത്തിനായി വാങ്ങുകയും വിൽക്കുകയും ചെയ്യുന്ന വസ്തുക്കളായി അത് പ്രകൃതിയെ മാറ്റിയെടുക്കുന്നു. ഒരു മുതലാളിത്ത സംരംഭകൻ നദിയുടെ സാംസ്കാരിക അർഥത്തെ പാരിസ്ഥിതിക, പ്രയോജനവാദ, ആത്മീയ, സൗന്ദര്യശാസ്ത്രങ്ങളുടെ പ്രാധാന്യത്തെ മാറ്റിനിർത്തിയാണ് പരിഗണിക്കുന്നത്. സോഷ്യലിസ്റ്റ് മൂല്യങ്ങളായ സമത്വവും നീതിയും പിന്തുടർന്ന് പല രാജ്യങ്ങളും വലിയ ഭൂവുടമകളിൽ നിന്ന് ഭൂമി പിടിച്ചെടുത്ത് ഭൂരഹിതരായ കർഷകർക്കിടയിൽ വിതരണം ചെയ്യുകയുണ്ടായി. വിശുദ്ധവനങ്ങളെയും (Groves) ജീവജാലങ്ങളെയും സംരക്ഷിക്കുന്നതിന് മതമൂല്യങ്ങൾ ചില സമൂഹങ്ങളിൽ പ്രേരണയായി. പരിസരിതിയും സമൂഹവും തമ്മിലുള്ള ബന്ധങ്ങളെ രൂപപ്പെടുത്തുന്നതിൽ മുതലാളിത്തമൂല്യങ്ങളും സോഷ്യലിസ്റ്റ്മൂല്യങ്ങളും മതമൂല്യങ്ങളും പ്രധാന പങ്കുവഹിച്ചിട്ടുണ്ട്. സോഷ്യലിസ്റ്റ് മൂല്യങ്ങൾ ഭൂമിയെ പുനർവിതരണം ചെയ്തു. മതമൂല്യങ്ങൾ വിശുദ്ധവനങ്ങളെയും (കാവുകൾ) ജീവജാലങ്ങളെയും സംരക്ഷിച്ചു.

പരിസരിതിയെക്കുറിച്ചും അതിനു സമൂഹവുമായുള്ള ബന്ധത്തെക്കുറിച്ചും പലതരത്തിലുള്ള വീക്ഷണങ്ങളുണ്ട്. അതിൽ ഒന്നാണ് പ്രകൃതി-പരിപാലനസംവാദം (Nature - Nurture debate). വ്യക്തിപരമായ സവിശേഷതകൾ ജന്മസിദ്ധമാണ്. അല്ലെങ്കിൽ പാരിസ്ഥിതികഘടകങ്ങളാൽ സ്വാധീനിക്കപ്പെട്ടതാണ്. പ്രാപ്തിക്കുറവ്, കഠിനാധ്വാനമില്ലായ്മ, പ്രതികൂലസാഹചര്യങ്ങൾ, അവസരങ്ങളുടെ അഭാവം തുടങ്ങിയവയാണ് ജനങ്ങൾ ദരിദ്രരാവുന്നതിന്റെ കാരണങ്ങളെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. ഇതിൽ ജന്മസിദ്ധമായ കാരണങ്ങൾക്ക് ചിലർ പ്രാധാന്യം നൽകുമ്പോൾ മറ്റുചിലർ പാരിസ്ഥിതിക കാരണങ്ങളാണ് മുറുകെപ്പിടിക്കുന്നത്.

പരിസറിതിയെയും സമൂഹത്തെയും കുറിച്ചുള്ള സിദ്ധാന്തങ്ങളെ സാമൂഹിക സാഹചര്യങ്ങൾ സ്വാധീനിച്ചിട്ടുണ്ട്. സ്ത്രീകൾ പുരുഷന്മാരെക്കാളും കറുത്തവർഗക്കാർ നൈസർഗികമായി വെള്ളക്കാരെക്കാളും കഴിവു കുറഞ്ഞവരാണ് എന്ന ധാരണ പരക്കെ നില നിന്നിരുന്നു; എന്നാൽ സമത്വത്തിൽ മുറുകെ പിടിച്ചുകൊണ്ടുള്ള പതിനെട്ടാം നൂറ്റാണ്ടിലെ സാമൂഹിക രാഷ്ട്രീയ വിപ്ലവങ്ങൾ (അമേരിക്കൻ വിപ്ലവം, ഫ്രഞ്ച്വിപ്ലവം) ഈ ധാരണകളെ വെല്ലുവിളിച്ചു. പരിസറിതിയെ ക്കുറിച്ചും സമൂഹത്തെക്കുറിച്ചുമുള്ള ധാരാളം അറിവുകൾ കൊളോണിയലിസം സൃഷ്ടിച്ചി ട്ടുണ്ട്. സാമ്രാജ്യത്വശക്തികൾക്കു വേണ്ടി പ്രകൃതിവിഭവങ്ങളുടെ നിയന്ത്രണവും നടത്തിപ്പും സൗകര്യപ്രദമാക്കുന്നതിന് ധാരാളം പഠനവിഷയങ്ങൾ സൃഷ്ടിക്കപ്പെ ടുകയും സ്ഥാപനവൽക്കരിക്കപ്പെടുകയും ചെയ്തു. ഭൂഗർഭശാസ്ത്രം, ഭൂമിശാസ്ത്രം, സസ്യശാസ്ത്രം, വനശാസ്ത്രം, ഹൈഡ്രോ ളിക് എൻജിനീയറിങ് തുടങ്ങിയ വിഷയങ്ങൾ ഇതിൽ ഉൾപ്പെടുന്നു.

പാരിസറിതികനിയന്ത്രണവും നടത്തിപ്പും വളരെ പ്രയാസമേറിയ കാര്യമാണ്. പരി സറിതിയെ പ്രവചിക്കുകയും നിയന്ത്രിക്കു കയും ചെയ്യുന്ന ജൈവ-ഭൗതിക പ്രക്രിയകളെ ക്കുറിച്ച് നമുക്കു വേണ്ടത്ര അറിവൊന്നുമില്ല. കൂടാതെ മനുഷ്യനും പ്രകൃതിയുമായുള്ള ബന്ധം ഇന്നു വളരെ സങ്കീർണമായിട്ടുമുണ്ട്. വ്യവസായവൽക്കരണത്തിന്റെ വ്യാപന ത്തോടെ വിഭവചൂഷണം വർധിക്കുകയും വ്യാപകമാവുകയും ചെയ്തു. ഇതു പരി സ്ഥിതിയെ പലവിധത്തിൽ ബാധിച്ചു.

പരിസ്ഥിതിയെ നശിപ്പിച്ചുകൊണ്ടുള്ള വ്യവ സായവൽക്കരണത്തിന്റെ പ്രത്യാഘാതങ്ങൾ നാം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. പൂർണമായും മനസ്സിലാക്കാൻ കഴിഞ്ഞി ട്ടില്ലാത്ത അപകടസാധ്യതയുള്ള സമൂഹങ്ങളി ലാണ് (Risk Society) നാം ജീവിക്കുന്നത്. ചെർണോബില്ലിലെ ആണവദുരന്തവും ഭോപ്പാ ലിലെ വ്യവസായ അത്യാഹിതവും യൂറോ പ്പിലെ ഭ്രാന്തിപ്പശുരോഗവും (Mad cow) വ്യവ സായ പരിസ്ഥിതിയിൽ അന്തർലീന മായിരി ക്കുന്ന അപകടങ്ങൾക്കുദാഹരണങ്ങളാണ്.

**ഭോപ്പാൽ ദുരന്തം – ആരെയാണ് കുറ്റപ്പെടുത്തേണ്ടത്?**



1984 ഡിസംബർ 3-ന് രാത്രി ഭോപ്പാലിൽ വിഷവാതകം പരക്കു കയും 4000 ആളുകൾ മരണപ്പെടുകയും 200000 പേർക്ക് സ്ഥിര മായി ശേഷികൾ നഷ്ടപ്പെടുകയും ചെയ്തു. നഗരത്തിലെ യൂണിയൻ കാർബൈഡ് കീടനാശിനി തൊഴിൽശാല അപ്രതീ ക്ഷിതമായി പുറത്തുവിട്ട മീഥൈൽ ഐസോസയനേറ്റ് (MIC) വാതകമാണിതിനു കാരണമായതെന്ന് പിന്നീടു കണ്ടെത്തി. "ഇന്ത്യയുടെ പരിസ്ഥിതിയുടെ അവസ്ഥ രണ്ടാമത്തെ പൗരത്വം", എന്ന കുറിപ്പിൽ ശാസ്ത്രപരിസ്ഥിതികേന്ദ്രം ഈ അപകടത്തിന്റെ കാരണം പരിശോധിച്ചു. 1977-ൽ ഭോപ്പാലിൽ യൂണിയൻ കാർബൈഡ് തൊഴിൽശാല വരുന്നതിനെ, ഹരിതവിപ്ലവത്തിനു ശേഷമുള്ള കീടനാശിനിയുടെ ലഭ്യത, തൊഴിലവസരം, സാമ്പത്തികപുരോഗതി എന്നീ കാരണ ങ്ങളാൽ ജനങ്ങൾ സ്വാഗതം ചെയ്തു. തുടക്കത്തിൽത്തന്നെ മീഥൈൽ ഐസോസയനേറ്റ് ചോരു കയും ഒരു വിദഗ്ധൻ മരണമടയുകയും ചെയ്തിരുന്നു. സർക്കാർ ഇതു പൂർണമായും അവഗ ണിച്ചു. എന്നാൽ ഭോപ്പാൽ നഗരസഭ യൂണിയൻ കാർബൈഡിന് ഭോപ്പാൽ വിട്ടുപോകാൻ നോട്ടീ സയച്ചു. തൊഴിൽശാലയുടെ ഇടപെടൽമൂലം നേതൃസ്ഥാനത്തിരുന്ന ഉദ്യോഗസ്ഥനെ സ്ഥലമാ റ്റി. മാത്രമല്ല, യൂണിയൻ കാർബൈഡ് നൽകിയ 25000 രൂപകൊണ്ട് ഭോപ്പാൽ നഗരസഭയിൽ ഒരു 'കുട്ടികളുടെ പാർക്ക്' നിർമിക്കുകയും ചെയ്തു.



1982-ൽ അമേരിക്കയിൽനിന്നു വന്ന വിദഗ്ധർ യൂണിയൻ കാർബൈഡിൽ പരിഭ്രമിപ്പിക്കുന്ന ചില ന്യൂനതകൾ കണ്ടെത്തിയിരുന്നു. പ്രാദേശിക ആഴ്ചപ്പതിപ്പായ `റാപ്പറ്റ്` (Rapat) ലാണ് ഇത് ആദ്യം അച്ചടിച്ചുവന്നത്. അതേസമയം തൊഴിലാളിസംഘടനകൾ മുഖ്യമന്ത്രിക്കും പ്രധാനമന്ത്രിക്കും ഈ കാര്യം എഴുതിയറിയിച്ചിരുന്നു. തൊഴിൽമന്ത്രി നിയമസഭാംഗങ്ങൾക്ക് തൊഴിൽശാല അപായരഹിതമാണെന്നു പലപ്രാവശ്യം ഉറപ്പുനൽകി. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് അപകടത്തിനൊരാഴ്ച മുമ്പാണ് തൊഴിൽശാലയ്ക്ക് പരിസ്ഥിതിതടസ്സം നീക്കൽപ്രമാണം നൽകിയത്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തൊഴിൽശാലയെ സഹായിക്കുന്നതിൽ മത്സരിച്ചു. പരിസ്ഥിതിനിയമങ്ങൾ പാലിക്കാതെയാണ് അപകടസാധ്യതയുള്ള തൊഴിൽശാലയ്ക്ക് അനുമതി നൽകിയിരുന്നത്.

തൊഴിൽശാല രാഷ്ട്രീയക്കാർക്കും ഉദ്യോഗസ്ഥർക്കും തൊഴിൽ നൽകിയതും നിയമ ഉപദേഷ്ടാവായി രാഷ്ട്രീയനേതാവിനെ നിയമിച്ചതും പൊതുജനസമ്പർക്ക ഉദ്യോഗസ്ഥനായി മന്ത്രിയുടെ ബന്ധുവിനെ നിയമിച്ചതുമാണ് അപായസൂചനകൾ അവഗണിക്കാനുള്ള കാരണങ്ങൾ. തൊഴിൽശാലയുടെ അഗതിമന്ദിരം രാഷ്ട്രീയക്കാർക്ക് തുറന്നുകൊടുത്തു. മുഖ്യമന്ത്രിയുടെ ഭാര്യക്ക് അമേരിക്കൻ സന്ദർശനത്തിന് വലിയ സഹായങ്ങൾ ലഭിച്ചു. മാത്രവുമല്ല, തൊഴിൽശാല 1.5 ലക്ഷംരൂപ മുഖ്യമന്ത്രിയുടെ മണ്ഡലത്തിൽ ക്ഷേമപ്രവർത്തനത്തിനു നൽകി.

യൂണിയൻ കാർബൈഡ് തൊഴിൽശാല അപകടമുണ്ടാകുന്നതുവരെ പ്രവർത്തിച്ചു. അമേരിക്കയിലുള്ളപോലെ കമ്പ്യൂട്ടർവൽകൃത മുന്നറിയിപ്പുസംവിധാനം ഇവിടെ ഉണ്ടായിരുന്നില്ല. പ്രാദേശികസമൂഹത്തെ ഒഴിപ്പിക്കുന്ന രീതി അവലംബിച്ചിരുന്നില്ല. തൊഴിൽശാല അതിന്റെ ശേഷിക്കുമധികം ഉൽപ്പാദനം നടത്തിപ്പോന്നു. അതിന്റെ വിശ്വാസവും അച്ചടക്കവും വളരെ താഴ്ന്ന നിലയിലായിരുന്നു. തൊഴിലാളികളുടെ എണ്ണം വെട്ടിക്കുറച്ചതുമൂലം എല്ലാ പ്രവർത്തനങ്ങളും കൃത്യമായി നിരീക്ഷിക്കാൻ ആളില്ലാതെവന്നു. പല ഉപകരണങ്ങളും കേടുവന്നിരുന്നു.

ചർച്ച: *ഏതു സാമൂഹികസ്ഥാപനങ്ങളും സംഘടനകളുമാണ് ഭോപ്പാൽ പോലുള്ള വ്യാവസായികദുരന്തങ്ങളിൽ പങ്കുവഹിക്കുന്നത്? ഇത്തരം ദുരന്തങ്ങൾ തടയാനുള്ള മാർഗങ്ങൾ എന്തെല്ലാം?*

## പ്രധാനപ്പെട്ട പരിസ്ഥിതിപ്രശ്നങ്ങളും അപകടസാധ്യതകളും (Major Environmental Problems and Risks)

ലോകത്തിന്റെ നിലനിൽപ്പിനുതന്നെ ഭീഷണിയുയർത്തുന്ന അനേകം പരിസറിതി പ്രശ്നങ്ങൾ ആഗോളസമൂഹം നേരിടുന്നുണ്ട്. അവയുടെ പ്രാധാന്യവും തീവ്രതയും രാജ്യങ്ങൾക്കും സാഹചര്യങ്ങൾക്കുമനുസരിച്ചു വ്യത്യാസപ്പെട്ടിരിക്കുന്നു. വിഭവശോഷണം, മലിനീകരണം, ആഗോളതാപനം, ജനിതകമാറ്റം വരുത്തിയ ജീവാണുക്കൾ, പ്രകൃതിദത്തവും മനുഷ്യനിർമിതവുമായ പാരിസ്ഥിതികദുരന്തങ്ങൾ എന്നിവയാണ് ആഗോളമായി അംഗീകരിക്കപ്പെട്ട പരിസ്ഥിതിപ്രശ്നങ്ങൾ.

### വിഭവശോഷണം (Resource depletion)

പുതുക്കാനും പുനർസൃഷ്ടിക്കാനും കഴിയാത്ത പ്രകൃതിവിഭവങ്ങളുടെ അമിതമായ ഉപയോഗമാണ് പ്രധാനപ്പെട്ട പ്രശ്നം. ഭൂമിക്കടിയിൽനിന്ന് കുഴിച്ചെടുക്കുന്ന ഇന്ധനം, പ്രത്യേകിച്ച് പെട്രോളിയം ഉൽപ്പന്നങ്ങൾ ഉപയോഗിച്ചു തീർന്നുകൊണ്ടിരിക്കുകയാണ്. ജലത്തിന്റെയും ഭൂമിയുടെയും ചൂഷണവും നാശവും അതിലും വേഗത്തിലാണു സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഭൂഗർഭജലനിരപ്പ് ക്രമാതീതമായി താഴുന്നത് എല്ലായിടത്തുമുള്ള ഗുരുതരമായ ഒരു പ്രശ്നമാണ്. പ്രത്യേകിച്ച് പഞ്ചാബ്, ഹരിയാന, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ. പാറക്കെട്ടുകൾ നിറഞ്ഞ ജലസംഭരണപ്രദേശങ്ങളിൽ ജല



വനനശീകരണം

ഭൃതം (Aquifers) ആയിരക്കണക്കിന് വർഷങ്ങളായി സംരക്ഷിക്കപ്പെട്ടിട്ടുള്ള ജലം ഏതാനും പതിറ്റാണ്ടുകൾക്കുള്ളിൽ കാർഷിക-വ്യാവസായിക -നാഗരിക ആവശ്യങ്ങൾക്കായി ഉപയോഗിച്ചു തീരും.

നദികളിൽ അണകെട്ടി ജലം വഴിതിരിച്ചു വിടുന്നത് നദീതടങ്ങളിലെ പരിസ്ഥിതിക്ക് വലിയ നാശനഷ്ടങ്ങൾ വരുത്തിയിട്ടുണ്ട്. നഗരങ്ങളിലെ തണ്ണീർത്തടങ്ങൾ (Water bodies) എല്ലാം നികത്തി കെട്ടിടങ്ങൾ പണിതീർക്കുകയും പ്രകൃതിദത്തമായ ജലനിർഗമന മാർഗങ്ങൾ ഏറെക്കുറേ നശിപ്പിക്കുകയും ചെയ്തിരിക്കുന്നു. ആയിരക്കണക്കിന് വർഷങ്ങൾകൊണ്ട് രൂപപ്പെട്ട വിഭവങ്ങൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്.

പാരിസ്ഥിതികനിയന്ത്രണത്തിലും നടത്തിപ്പിലുമുള്ള പരാജയമാണ് മേൽമണ്ണാകുന്ന കാർഷികവിഭ വത്തിന്റെ നഷ്ടത്തിനു കാരണം. വെള്ളക്കെട്ടിനും ലവണവൽക്കരണത്തിനും ഇതു വഴിയൊരുക്കി. വീടുനിർമാണത്തിനാവശ്യമായ ഇഷ്ടിക ഉൽപ്പാദനമാണ് മേൽമണ്ണ് നഷ്ട പ്പെടാനുള്ള മറ്റൊരു പ്രധാന കാരണം.

അതിവേഗം ശോഷണം നേരിട്ടുകൊണ്ടിരിക്കുന്ന മറ്റൊരു പ്രധാന വിഭവമാണ് 'ജൈവവൈവിധ്യ ആവാസകേന്ദ്രങ്ങൾ' (Bio diversity habitats) വനങ്ങൾ, പുൽമേടുകൾ, ഈർപ്പപ്രദേശങ്ങൾ (Forest, Grasslands, Wetlands) എന്നി വയെല്ലാം ഇതിൽ ഉൾപ്പെടുന്നു. കൃഷിയിടങ്ങളുടെ വ്യാപനമാണ് ഈ വിഭവത്തിന്റെ ശോഷണത്തിനു വഴിവച്ചത്.

### മലിനീകരണം (Pollution)

നഗരപ്രദേശങ്ങളിലും ഗ്രാമപ്രദേശങ്ങളിലും ഒരു പ്രധാന പ്രശ്നമാണ് വായുമലിനീകരണം. ശ്വാസകോശസംബന്ധമായ അസുഖങ്ങൾക്കും മറ്റു മാരകരോഗങ്ങൾക്കും മരണത്തിനു പോലും ഇതു കാരണമാകുന്നു. വ്യവസായശാലകളിൽനിന്നും വാഹനങ്ങളിൽനിന്നും വമിക്കുന്ന പുകയും വാതകങ്ങളുമാണ് വായുമലി



വ്യാവസായിക മലിനീകരണം

നീകരണത്തിന്റെ ഉറവിടം. ഒപ്പം, കത്തിക്കുന്ന കൽക്കരിയും വിറകും വായുമലിനീകരണം ഉണ്ടാക്കുന്നു. ഫാക്ടറികളിൽനിന്നും വാഹനങ്ങളിൽനിന്നുമുണ്ടാകുന്ന മലിനീകരണത്തെക്കുറിച്ച് നമുക്കറിയാം. വീടുകളിൽ ഉണ്ടാകുന്ന (Indoor pollution) മലിനീകരണത്തിന്റെ അപകടങ്ങളെക്കുറിച്ച് നാം വേണ്ടത്ര ബോധമുള്ളവരല്ല. വീടുകളിൽ ഭക്ഷണം പാചകം ചെയ്യാനുപയോഗിക്കുന്ന ഇന്ധനങ്ങളിൽനിന്നുണ്ടാകുന്ന മലിനീകരണം വളരെ അപകടസാധ്യതയുള്ളതാണെന്നു തെളിഞ്ഞിട്ടുണ്ട്. ഗ്രാമപ്രദേശങ്ങളിലെ വീടുകളിൽ കത്തിക്കുന്ന പച്ചവിറകും അശാസ്ത്രീയമായ അടുപ്പുകളും വായുസഞ്ചാരമില്ലാത്ത അടുക്കളയും ഗ്രാമീണസ്ത്രീകളുടെ ജീവിതം അപകടത്തിലാക്കുന്നു. കാരണം, പാചകപ്രവൃത്തികൾ ചെയ്യുന്നത് ഏറെയും സ്ത്രീകളാണ്.

വീടിനകത്തെ മലിനീകരണംമൂലം ഇന്ത്യയിൽ ആറുലക്ഷത്തോളം പേർ മരിച്ചിട്ടുണ്ടെന്നാണു കണക്ക്. അതിൽ അഞ്ചുലക്ഷത്തോളംപേർ ഗ്രാമപ്രദേശങ്ങളിൽ ഉള്ളവരാണെന്ന് ലോകാരോഗ്യസംഘടനയുടെ 1998-ലെ കണക്കുകൾ സൂചിപ്പിക്കുന്നു (ഗിഡൻസ് 2004: Table 19.1 Taken from the Human Development Report 1998).

വായുമലിനീകരണത്തെപ്പോലെത്തന്നെ ഗുരുതരമായ മറ്റൊരു പരിസ്ഥിതിപ്രശ്നമാണ് ജലമലിനീകരണം. വീടുകളിൽനിന്നും ഫാക്ടറികളിൽനിന്നും പുറത്തേക്ക് ഒഴുക്കുന്ന മലിനജലം, കൃഷിയിടങ്ങളിൽനിന്നു ബഹിർഗമിക്കുന്ന രാസവളവും കീടനാശിനികളും കലർന്ന ജലം എന്നിവയാണ് ജലമലിനീകരണത്തിൽപ്രധാനപ്പെട്ടവ. നദികളിലെയും ജലാശയങ്ങളിലെയും മലിനീകരണം വളരെ പ്രാധാന്യമർഹിക്കുന്ന പ്രശ്നമാണ്. മലിനീകരിക്കപ്പെട്ട ജലം മനുഷ്യന്റെ ആരോഗ്യത്തിന് കനത്ത ഭീഷണി ഉയർത്തുന്നു. ലോകത്തിലെ വലിയൊരു വിഭാഗം ജനങ്ങൾക്ക് ഇതുമൂലം ശുദ്ധജലം

ലഭിക്കുന്നില്ല. ഓരോ വർഷവും മൂന്നു ദശലക്ഷത്തിലേറെ കുട്ടികളുടെ മരണത്തിന് ഇതു കാരണമാകുന്നു. ജലസ്രോതസ്സുകളുടെ മലിനീകരണം പച്ചപ്പിന്റെ സ്രോതസ്സുകളുടെ നാശത്തിനു കാരണമാവുന്നു. ഭക്ഷ്യോൽപ്പാദനത്തെയും ഇതു സാരമായി ബാധിച്ചിട്ടുണ്ട്.

ശബ്ദമലിനീകരണമാണ് ഗുരുതരമായ മറ്റൊരു പ്രശ്നം. നഗരപ്രദേശങ്ങളിലാണ് ഇതു വലിയ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നത്. പല നഗരങ്ങളിലും ശബ്ദമലിനീകരണം തടയുന്നതിന് കോടതി ഉത്തരവുകളുണ്ട്. മതപരവും സാംസ്കാരികവുമായ ചടങ്ങുകളിലും രാഷ്ട്രീയസംഘടനകളുടെ യോഗത്തിലും ഉച്ചഭാഷിണികൾ ഉപയോഗിക്കുന്നത് സാരമായ പ്രശ്നമാണ്. വാഹനങ്ങളുടെ ശബ്ദകോലാഹലങ്ങൾ, നിർമാണപ്രവർത്തനത്തിൽ ഉണ്ടാക്കുന്ന ശബ്ദങ്ങൾ എന്നിവയാണ് മറ്റു പ്രധാന ശബ്ദ ഉറവിടങ്ങൾ. ഇത് മനുഷ്യർക്ക് പലതരത്തിലുള്ള ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നു

### ആഗോളതാപനം (Global Warming)

ഹരിതഗൃഹവാതകങ്ങളാണ് ആഗോളതാപനത്തിനു കാരണമാകുന്നത്. അന്തരീക്ഷത്തിലേക്കു പുറന്തള്ളപ്പെടുന്ന ഹരിതഗൃഹവാതകങ്ങൾ കാർബൺ ഡൈഓക്സൈഡ്, മീഥേൻ തുടങ്ങിയവ സൂര്യതാപത്തെ ആഗിരണം ചെയ്യുന്നു. ഇത് ആഗോള താപനിലയെ ചെറിയതോതിൽ വർധിപ്പിക്കുന്നു. അതുമൂലമുണ്ടാകുന്ന കാലാവസ്ഥാമാറ്റം ധ്രുവപ്രദേശങ്ങളിലെ മഞ്ഞുരുകുന്നതിന് കാരണമാകുന്നു. ഇതോടെ സമുദ്രനിരപ്പ് ഉയരുകയും തീരപ്രദേശങ്ങൾ വെള്ളത്തിനടിയിലാവുകയും ചെയ്യും. ആഗോളതാപനം പാരിസ്ഥിതിക സന്തുലിതാവസ്ഥയെ ബാധിക്കുന്നതോടൊപ്പം ലോകമെങ്ങുമുള്ള കാലാവസ്ഥയിൽ അനിശ്ചിതാവസ്ഥയും ഏറ്റക്കുറച്ചിലുകളും സൃഷ്ടിക്കുന്നു. കാർബണും ഹരിതഗൃഹവാതകങ്ങളും പുറന്തള്ളുന്ന കാര്യത്തിൽ ചൈനയും ഇന്ത്യയും പ്രധാന പങ്കുവഹിക്കുന്നുണ്ട്.



തോട്ടത്തിൽ മരുന്നടിക്കുന്നു

### ജനിതകമാറ്റം വരുത്തിയ ജീവജാലങ്ങൾ (Genetically Modified Organisms)

ഒരു ജീവജാലത്തിന്റെ ജീനുകളിൽ മറ്റൊരു ജീവജാലത്തിന്റെ ജീനുകൾ സന്നിവേശിപ്പിച്ച് പുതിയ സവിശേഷതകളുള്ളവയെ ഉൽപ്പാദിപ്പിക്കുന്ന പ്രക്രിയയാണ് ജനിതകമാറ്റം. ഉദാഹരണത്തിന്, ബാസിലസ്സ് തുറിഞ്ചീനീയസ് എന്ന ബാക്ടീരിയ ഇനത്തിന്റെ ജീനുകൾ പരുത്തിവർഗത്തിൽ സന്നിവേശിപ്പിച്ചപ്പോൾ കീടത്തിന്റെ ആക്രമണത്തെ ചെറുക്കാനുള്ള അതിന്റെ ശേഷി വർധിച്ചു. ജനിതകമാറ്റത്തിലൂടെ വിളകളുടെ വളർച്ച വർധിപ്പിക്കാനും വലുപ്പം വർധിപ്പിക്കാനും കഴിയും എന്നു തെളിയിക്കപ്പെട്ടു. എന്നാൽ ജനിതകമാറ്റം വരുത്തി ഉൽപ്പാദിപ്പിക്കുന്ന ഭക്ഷ്യവസ്തുക്കൾ കഴിക്കുന്നവരിൽ അത് എന്തെല്ലാം മാറ്റങ്ങളുണ്ടാക്കും എന്നു വ്യക്തമായി അറിവായിട്ടില്ല. അതുപോലെ പാരിസറിതിക അവസറയെ എങ്ങനെ ബാധിക്കുമെന്നും പഠിച്ചുകൊണ്ടിരിക്കുന്നു. ജനിതകമാറ്റത്തിലൂടെ പ്രത്യുൽപ്പാദനശേഷിയില്ലാത്ത വിത്തുകൾ ഉൽപ്പാദിപ്പിക്കാൻ കാർഷിക കമ്പനികൾക്ക് സാധിക്കും. ഇതു വിത്തുകളുടെ പുനരുപയോഗം തടയും. ഒരു വിത്ത് ഒന്നിൽകൂടുതൽ പ്രാവശ്യം കർഷകർക്ക് ഉപയോഗിക്കാൻ പറ്റാതെവരും. കൂടാതെ ലാഭം ഉണ്ടാക്കുന്ന ഉൽപ്പന്നമായി ഇവ മാറുകയും കമ്പനികളെ ആശ്രയിക്കാൻ കർഷകർ നിർബന്ധിതരാവുകയും ചെയ്യും.

### പ്രകൃതിദത്തവും മനുഷ്യനിർമിതവുമായ പാരിസ്ഥിതികദുരന്തങ്ങൾ (Natural and Man Made Environmental Disasters)

1984-ൽ ഭോപ്പാലിലെ യൂണിയൻ കാർബൈഡ് കമ്പനിയിൽനിന്ന് വിഷവാതകം ചോർന്ന് നാലായിരംപേർ മരിക്കുകയുണ്ടായി. ഭോപ്പാൽ ദുരന്തം മനുഷ്യനിർമിതമായ പാരിസറിതിക ദുരന്തമാണ്. ആയിരക്കണക്കിന് ആളുകളുടെ മരണത്തിനിടയാക്കിയ 2004-ലെ സുനാമിദുരന്തം പ്രകൃതിദത്തമായ പാരിസറിതികദുരന്തത്തിന് ഉദാഹരണമാണ്.

### പാരിസ്ഥിതികപ്രശ്നങ്ങൾ സാമൂഹിക പ്രശ്നങ്ങളായി മാറുന്നതെന്തുകൊണ്ട്? (Why environmental problems are also social problems?)

പാരിസ്ഥിതികപ്രശ്നങ്ങൾ സാമൂഹിക പ്രശ്നങ്ങൾതന്നെയാണ്. സാമൂഹിക അസമത്വവുമായി (Social inequality) അതിന് അടുത്ത ബന്ധമുണ്ട്. അതിനാൽ പാരിസറിതികപ്രശ്നങ്ങൾ വ്യത്യസ്ത സാമൂഹിക സംഘങ്ങളിൽ വ്യത്യസ്തമായ പ്രത്യാഘാതങ്ങളാണ് സൃഷ്ടിക്കുന്നത്. പാരിസറിതിക പ്രതിസന്ധികളിൽനിന്ന് രക്ഷപ്പെടാനും അവയെ അതിജീവിക്കാനും ജനങ്ങളെ പ്രാപ്തരാക്കുന്നത് അവരുടെ സാമൂഹിക പദവിയും അധികാരവുമാണ്. പാരിസ്ഥിതിക പ്രതിസന്ധികൾക്ക് ഉയർന്ന വിഭാഗങ്ങളിൽപ്പെട്ടവർ കണ്ടെത്തുന്ന പരിഹാരങ്ങൾ പലപ്പോഴും സാമൂഹിക അസമത്വം വർധിപ്പിക്കുന്നു. ഉദാഹരണത്തിന്, ജലക്ഷാമം നേരിടുന്ന ഗുജറാത്തിലെ കച്ചിൽ (Cutch) ധനികരായ കർഷകർ അവരുടെ കൃഷിയിടങ്ങളിൽ ജലസേചനം നടത്തുന്നതിനും നാണ്യവിളകൾ കൃഷിചെയ്യുന്നതിനുമായി കുഴൽക്കിണറുകൾ നിർമിച്ചു. എന്നാൽ മഴയില്ലാതെയാകുമ്പോൾ പാവപ്പെട്ട ഗ്രാമീണരുടെ കിണറുകൾ പൂർണമായി വറ്റുകയും കുടിവെള്ളംപോലും ഇല്ലാതെ അവർ കഷ്ടപ്പെടുകയും ചെയ്യുന്നു. ജലക്ഷാമം നേരിടുന്ന കാലങ്ങളിൽ ധനികരായ കൃഷിക്കാരുടെ പച്ചപുതച്ച വയലുകൾ ധനികരും പാവപ്പെട്ടവരും തമ്മിലുള്ള അന്തരം വിളിച്ചോതുംപോലെ തോന്നും. ചില പാരിസ്ഥിതിക പ്രശ്നങ്ങൾ സാർവത്രികമാണ്. അവ ചില പ്രത്യേക സാമൂഹികവിഭാഗങ്ങളെ മാത്രമല്ല ബാധിക്കുന്നത്. എല്ലാവരെയും ബാധിക്കുന്ന ഇത്തരം പ്രശ്നങ്ങളിൽ പൊതുവായി എല്ലാ

വർക്കും താൽപ്പര്യമുണ്ടായിരിക്കും. ഉദാഹരണത്തിന്, വായുമലിനീകരണം കുറയ്ക്കുന്നതും ജൈവവൈവിധ്യം സംരക്ഷിക്കുന്നതും പൊതുതാൽപ്പര്യപ്രകാരമാണ്.

എല്ലാ പൊതുതാൽപ്പര്യങ്ങളും സംരക്ഷിക്കുന്നതിനുള്ള ശ്രമങ്ങൾ എല്ലാവർക്കും പ്രയോജനപ്പെടുന്നില്ല എന്നാണ് സമൂഹശാസ്ത്രപരമായ വിശകലനം കാണിക്കുന്നത്. താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ എന്ന പേരിൽ നടത്തുന്ന പ്രവർത്തനങ്ങൾ യഥാർഥത്തിൽ രാഷ്ട്രീയമായും സാമ്പത്തികമായും ശക്തരായ വിഭാഗങ്ങളുടെ താൽപ്പര്യങ്ങളാണ് സംരക്ഷിക്കുന്നത്. പാവപ്പെട്ടവരുടെയും അശക്തരായവരുടെയും താൽപ്പര്യങ്ങളെ അവ മുറിവേൽപ്പിക്കുകയാണ് ചെയ്യുന്നത്. പൊതുതാൽപ്പര്യങ്ങൾ മുൻനിർത്തി നിർമിക്കുന്ന വൻകിട അണക്കെട്ടുകൾ, സംരക്ഷിതവനങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവാദങ്ങൾ പൊതുതാൽപ്പര്യത്തിലെ വർഗതാൽപ്പര്യങ്ങൾ വെളിച്ചത്തുകൊണ്ടുവരുന്നതാണ്. സാമൂഹികബന്ധങ്ങൾ പാരിസ്ഥിതികവീക്ഷണങ്ങൾ രൂപപ്പെടുത്തുന്നതിൽ പ്രധാന പങ്കുവഹിക്കുന്നുണ്ടെന്ന് സമൂഹപരിസ്ഥിതി ശാസ്ത്രം (Social ecology) ചൂണ്ടിക്കാണിക്കുന്നു. വ്യത്യസ്ത സാമൂഹിക വിഭാഗങ്ങൾക്ക് പരിസറിതിയോട് വ്യത്യസ്ത ബന്ധങ്ങളും സമീപനങ്ങളുമാണുള്ളത്. ഉദാഹരണമായി, കടലാസ്‌വ്യവസായത്തിന് പരമാവധി വരുമാനമുണ്ടാക്കാനുള്ള വനം വകുപ്പിന്റെ കാടിനോടുള്ള സമീപനം കുട്ട നെയ്യാൻ മുള വാങ്ങുന്ന ഒരു കൈത്തൊഴിലുകാരനിൽനിന്നു തികച്ചും വ്യത്യസ്തമായിരിക്കും.

ഇത്തരം വ്യത്യസ്ത താൽപ്പര്യങ്ങളും തത്ത്വശാസ്ത്രങ്ങളും കാഴ്ചപ്പാടുകളും പാരിസറിതികസംഘർഷങ്ങൾ സൃഷ്ടിക്കുന്നു. പ്രതിസന്ധികൾ ഉത്ഭവിക്കുന്നത് സാമൂഹിക അസമത്വത്തിൽനിന്നാണ്. സമൂഹ-പരിസറിതി ബന്ധങ്ങളിലെ മാറ്റങ്ങളിലൂടെ മാത്രമേ പാരിസറിതികപ്രശ്നങ്ങൾ വിശദീകരിക്കാൻ സാധിക്കുകയുള്ളൂ. വ്യത്യസ്ത സാമൂഹികവിഭാഗങ്ങൾ–പുരുഷന്മാരും സ്ത്രീകളും ഗ്രാമീണരും നഗരവാസികളും ഉടമകളും തൊഴിലാളികളും തമ്മിലുള്ള ബന്ധങ്ങളിലും മാറ്റമുണ്ടാകണം.

സാമൂഹികബന്ധങ്ങളിൽ മാറ്റമുണ്ടാകുമ്പോൾ വ്യത്യസ്തമായ ജ്ഞാനവ്യവസ്ഥകളും (Knowledge systems) പരിസ്ഥിതി നിയന്ത്രിക്കാനുള്ള രീതികളും ഉയർന്നുവരും.

> സമൂഹപരിസറിതിശാസ്ത്രത്തെ എങ്ങനെ നിർവചിക്കാൻ സാധിക്കും?
> *നിലവിലുള്ള എല്ലാ പാരിസ്ഥിതിക പ്രശ്നങ്ങളും ഉയർന്നുവരുന്നത് ആഴത്തിലുള്ള സാമൂഹികപ്രശ്നങ്ങളിൽ നിന്നാണെന്ന് സമൂഹപരിസ്ഥിതിശാസ്ത്രം ചൂണ്ടിക്കാണിക്കുന്നു. സ്വാഭാവികമായും സമൂഹത്തിലെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാതെ ഇപ്പോഴത്തെ പാരിസ്ഥിതിക പ്രശ്നങ്ങൾ മനസ്സിലാക്കാനും പരിഹരിക്കാനും കഴിയുകയില്ല. നാമിന്ന് നേരിട്ടുകൊണ്ടിരിക്കുന്ന പാരിസ്ഥിതികപ്രശ്നങ്ങളുടെ മൂലകാരണം സാമ്പത്തികവും സാംസ്കാരികവും ലിംഗപരവുമായ സംഘർഷങ്ങളാകുന്നു.*
> Muray Bookechin
> (Political Philosopher and founder of the Institute for Social Ecology)

പരിസ്ഥിതിയും സമൂഹവും തമ്മിലുള്ള സംഘർഷത്തിന്റെ രണ്ടുദാഹരണങ്ങളാണ് താഴെ ചർച്ചചെയ്യുന്നത്.

**മഴയില്ല, എന്നാൽ ഹിമ ഉദ്യാനവും ജലോദ്യാനവുമുണ്ട്!**

**(No Rain, but Snow and Water Parks!)**

വെള്ളത്തിനുവേണ്ടി ദാഹിക്കുന്ന മഹാരാഷ്ട്രയിലെ വിദർഭയിൽ ധാരാളം ജലോദ്യാനങ്ങളും വിനോദകേന്ദ്രങ്ങളുമുണ്ട്. 47 ഡിഗ്രി താപനിലയിൽ ചുട്ടുപൊള്ളുന്ന വിദർഭയിലെ ബസർഗോൺ എന്ന ഗ്രാമത്തിൽ, ഫൺ

ആൻറ് ഫുഡ് വില്ലേജ് അമ്യൂസ്മെന്റ് പാർക്ക് (Fun and Food village Water and Amusement park) എന്ന പേരിൽ ഒരു വിനോദ കേന്ദ്രമുണ്ട്. 40 ഏക്കർ സ്ഥലത്ത് സ്ഥിതിചെയ്യുന്ന ജലോദ്യാനത്തിൽ കൊടുംതണുപ്പുണ്ട്. ഇവിടെയാണ് ഇന്ത്യയുടെ ആദ്യത്തെ മഞ്ഞുകൊണ്ടുള്ള കുംഭഗോപുരം രൂപപ്പെടുത്തിയിട്ടുള്ളത്. മഞ്ഞുകൊണ്ടുള്ള ഈ കുംഭഗോപുരം അലിഞ്ഞുപോകാതെ നിലനിർത്താൻ വൻതുകയാണ് വൈദ്യുതിക്ക് മാത്രമായി ചെലവാക്കേണ്ടിവരുന്നത്.

ഈ ഉദ്യാനത്തിലേക്കു വരുന്നവരെ സ്വാഗതം ചെയ്യുന്നത് ഗാന്ധിജിയുടെ ഒരു ഛായാചിത്രമാണ്. അവിടെ ദിവസവും ഡിസ്കോനൃത്തമുണ്ട്. മഞ്ഞിലൂടെ കളിക്കാനുള്ള സൗകര്യമുണ്ട്. പോരാത്തതിന് പലതരം മദ്യങ്ങൾ ലഭിക്കുന്ന ഒരു മദ്യശാലയുമുണ്ട്. 40 ഏക്കർ വിസ്തീർണമുള്ള ഈ പാർക്കിൽ അനേകം തരത്തിലുള്ള ജലവിനോദ ങ്ങളിൽ ഏർപ്പെടാനുള്ള സംവിധാനങ്ങളുണ്ട്. മൂവായിരത്തോളം പേർ താമസിക്കുന്ന ബസർഗോൺ കടുത്ത ജലക്ഷാമമാണ് നേരിടുന്നത്. കിലോമീറ്ററുകളോളം നടന്നാണ് ഗ്രാമത്തിലെ സ്ത്രീകൾ വെള്ളം കൊണ്ടുവരുന്നത്. ഗ്രാമത്തിൽ ഒരു പൊതുകിണർ മാത്രമാണുള്ളത്. ദിവസങ്ങൾക്കിടയിൽ വല്ലപ്പോഴുമാണ് അവർക്ക് വെള്ളം കിട്ടുന്നത്. 2004-ൽ ഈ ഗ്രാമത്തെ ക്ഷാമബാധിതപ്രദേശമായി പ്രഖ്യാപിക്കുകയുണ്ടായി. ഇതിനുപുറമേ മണിക്കൂറുകളോളം പവർകട്ടും ഗ്രാമം നേരിടേണ്ടിവന്നു. ഇവ ആരോഗ്യത്തെയും കുട്ടികളുടെ പഠനത്തെയും സാരമായി ബാധിക്കുന്നു. 47 ഡിഗ്രി സെൽഷ്യസ് വരെയുള്ള വേനൽച്ചൂട് കാര്യങ്ങൾ കൂടുതൽ വഷളാക്കി. എന്നാൽ ഈവക പ്രശ്നങ്ങളൊന്നും ജല വിനോദപാർക്കിന് ബാധകമായിരുന്നില്ല. ബസർഗോണിലെ ജനങ്ങൾക്ക് സ്വപ്നം കാണാൻപോലും കഴിയാത്ത അത്രയും വെള്ളം സ്വകാര്യ ഉദ്യാനത്തിലുണ്ട്. അവിടെ ഒരു നിമിഷംപോലും വൈദ്യുതിവിതരണം തടസ്സപ്പെടുകയില്ല.

പാർക്കിന്റെ മാസവൈദ്യുതി ബിൽ യമുനബായിയുടെ ഗ്രാമപഞ്ചായത്തിന്റെ വാർഷിക വരുമാനത്തിന് തുല്യമാണ്. വൈരുധ്യമെന്നു പറയട്ടെ ഗ്രാമത്തിന്റെ വൈദ്യുതി പ്രശ്നം പാർക്കിന്റെ വരവോടുകൂടി കുറഞ്ഞു. ഒരു വർഷം അമ്പതിനായിരം രൂപയാണ് റവന്യൂ കരമായി പാർക്ക് നൽകുന്നത്.

ജലക്ഷാമം നേരിടുന്ന വിദർഭയിൽ ധാരാളം ഉല്ലാസോദ്യാനങ്ങൾ വളർന്നുവന്നു. ഷെഗോണിലെ ബുൽധാനയിലെ മതസ്ഥാപനം നടത്തുന്ന ധ്യാനകേന്ദ്രം മുപ്പത് ഏക്കർവരുന്ന മനുഷ്യനിർമിതതടാകം വേനൽക്കാലത്തുപോലും നിലനിർത്തുന്നുണ്ട്. ഇവിടെ പ്രവേശനത്തിന് സംഭാവന നൽകേണ്ടതുണ്ട്. യവത്മൽ എന്ന സ്ഥലത്ത് ഒരു സ്വകാര്യസ്ഥാപനം ഒരു തടാകം വിനോദസഞ്ചാരത്തിനായി സ്ഥാപിച്ചിട്ടുണ്ട്. അമരാവതിയിൽ ഇതുപോലുള്ള രണ്ടോ അതിലധികമോ സ്ഥലങ്ങളുണ്ട്. നാഗ്പൂരിനടുത്തും നമുക്ക് ഇത്തരം ഉദ്യാനങ്ങൾ കാണാം.

> *വ്യവസായവൽക്കരണം പാശ്ചാത്യലോകത്തു സംഭവിക്കുന്നതുപോലെ ഇന്ത്യയിൽ സംഭവിക്കുന്നതു ദൈവം തടയും. ഒരു ചെറിയ ദ്വീപുരാജ്യമായ (ഇംഗ്ലണ്ടിന്റെ) സാമ്പത്തിക സാമ്രാജ്യത്വം ലോകത്തെ ഒരു ചങ്ങലയ്ക്കിട്ടിരിക്കുന്നു. ലോകത്തെ 300 ദശലക്ഷം ആളുകൾ ഈ സാമ്പത്തിക ചൂഷണരീതി അവലംബിക്കുകയാണെങ്കിൽ വെട്ടുകിളികണക്കെ അത് ലോകത്തെ വിവസ്ത്രമാക്കും.*
>
> **മഹാത്മാഗാന്ധി**

15 ദിവസത്തിലൊരിക്കൽ മാത്രം വെള്ളം കിട്ടുന്ന ഒരു ഗ്രാമത്തിലാണ് ഇതെല്ലാമുള്ളത്. മഹാരാഷ്ട്രയിലെ കാർഷികപ്രതിസന്ധിയെത്തുടർന്ന് ഏറ്റവും കൂടുതൽ കർഷകർ ആത്മഹത്യചെയ്തതും ഇവിടെയാണ്. ഏതെങ്കിലും ഒരു പ്രധാന കുടിവെള്ള പദ്ധതിയോ

ജലസേചനപദ്ധതിയോ ദശാബ്ദങ്ങളായി വിദർഭയിൽ മുഴുവനാക്കിയിട്ടില്ല. ജനങ്ങളുടെ അടിസ്ഥാന ആവശ്യമായ കുടിവെള്ളം ലഭ്യമാക്കാൻ സാധിക്കാത്ത ഈ നാട്ടിൽ സ്വകാര്യവ്യക്തികൾ ലാഭമുണ്ടാക്കാനായി വെള്ളംകൊണ്ട് ധാരാളിത്തം നടത്തുകയാണ് എന്ന് ഗ്രാമീണർതന്നെ അഭി പ്രായപ്പെടുന്നു, P. Sainath in the Hindu, June 22, 2005.

ജലോദ്യാനങ്ങളുടെ വികസനം ചെറുകിടകർഷകരുടെ ജീവിതം ദുസ്സഹമാക്കി ത്തീർത്തു. ഏതാനും വർഷങ്ങൾക്കിടയിൽ മാത്രം ആന്ധ്രപ്രദേശിലെയും കർണാടകയി ലെയും മഹാരാഷ്ട്രയിലെയും ആയിരക്കണ ക്കിന് കർഷകരാണ് ആത്മഹത്യ ചെയ്തി ട്ടുള്ളത്. കർഷകരുടെ ആത്മഹത്യയെക്കുറിച്ച് അന്വേഷണം നടത്തിയ പ്രഗത്ഭ പത്രപ്രവർത്ത കനായ പി. സായിനാഥ്, പാരിസ്ഥിതികവും സാമ്പത്തികവുമായ കാരണങ്ങളാണ് കർഷ കരെ ആത്മഹത്യയിലേക്കു നയിച്ചതെന്ന് ചൂണ്ടിക്കാണിക്കുന്നു. ആഗോളവൽക്കരണ ത്തിന്റെ ഫലമായി കാർഷികമേഖലയിലെ സ്ഥിരത നഷ്ടപ്പെട്ടു. ലോകവിപണിയിലെ ചാഞ്ചാട്ടങ്ങൾ കർഷകരുടെ ഉൽപ്പന്നങ്ങളെയും അതിന്റെ വിപണിയെയും ബാധിച്ചു. ഉദാര വൽക്കരണനയങ്ങളുടെ ഭാഗമായി ചെറുകിട കർഷകർക്ക് നൽകിയ സഹായം ഗവൺമെന്റ് വെട്ടിക്കുറച്ചതോടെ കർഷകരുടെ ജീവിതം ദുസ്സഹമായിത്തീർന്നു. പരുത്തിക്കർഷ കരാവട്ടെ, വലിയ പ്രതിസന്ധികളാണ് നേരിട്ടത്. പരുത്തിക്കൃഷിക്ക് നല്ലതോതിൽ ജലസേചനം ആവശ്യമാണ്. അത് പെട്ടെന്ന് കീടാക്രമണത്തിന് ഇരയാവുകയും ചെയ്യുന്നു. ജലസേചനത്തിനും കീടാക്രമണം തടയുന്നതി നുമായി പരുത്തിക്കർഷകർക്ക് വൻ മുടക്ക് മുതൽ ആവശ്യമാണ്. ജലത്തിന്റെ അമിത ഉപയോഗം സ്വാഭാവിക ജലസ്രോതസ്സുകൾ ശൂന്യമാക്കി. ഇതോടെ ആഴമുള്ള കിണറു കളിലെ ജലം കുടിക്കാൻ കർഷകർ നിർബ ന്ധിതരായി. പല കീടനാശിനികളെയും കീട ങ്ങൾ പ്രതിരോധിക്കാൻ തുടങ്ങിയതോടെ പുതിയ കീടനാശിനികൾ ഉപയോഗിക്കേണ്ടി വന്നതും കർഷകരെ കൂടുതൽ ബുദ്ധിമുട്ടി ലാക്കി. അതോടെ അവർക്ക് അമിതപലിശ യ്ക്ക് പണം കടംകൊടുക്കുന്ന സ്വകാര്യ പണ മിടപാടുകാരെയും കച്ചവടക്കാരെയും ആശ്ര യിക്കേണ്ടിവന്നു. ഇക്കൂട്ടർ വൻതുക പലിശ യായി ഈടാക്കിക്കൊണ്ട് കർഷകരെ ചൂഷണം ചെയ്തു.

വിളനാശം വരുകയോ മറ്റോ ചെയ്താൽ വായ്പ തിരിച്ചുനൽകാൻ സാധിക്കാതെ വരുന്നു. അങ്ങനെ ഈ കർഷകരുടെ കുടുംബം പട്ടിണിയിലാവുന്നു. മക്കളുടെ വിദ്യാഭ്യാസമോ വിവാഹമോ കുടുംബപരമായ ചുമതലകളോ നിർവഹിക്കാൻ പറ്റാത്തവരായി അവർ മാറുന്നു. പണമിടപാടുകാരുടെ ഭീഷണിക്കു മുമ്പിൽ ജീവിതം താളംതെറ്റുന്ന കർഷകർക്ക് ഒടുവിൽ ആത്മഹത്യയിൽ അഭയം പ്രാപി ക്കേണ്ടിവരുന്നു.

**ചർച്ച:** ജലക്ഷാമം പ്രകൃതിദത്തമാണോ? അതോ മനുഷ്യനിർമിതമോ?

ജലം പലതരത്തിലുള്ള ഉപഭോ ക്താക്കൾക്കിടയിൽ വീതംവയ് ക്കുന്നതിനെ സ്വാധീനിക്കുന്ന സാമൂഹികഘടകങ്ങൾ എന്തെല്ലാ മാണ്?

വിവിധ സാമൂഹികവിഭാഗങ്ങൾ ഏതെല്ലാം രീതിയിലാണ് ജലം ഉപയോഗിക്കുന്നത്?



നിങ്ങളുടെ വീട്ടിൽ ഒരുദിവസം ഉപ യോഗിക്കുന്ന ജലത്തിന്റെ അളവ് എത്രയാണ്? വ്യത്യസ്ത സാമ്പ ത്തികനിലയിലുള്ളവർ ഉപയോഗി ക്കുന്ന ജലത്തിന്റെ അളവുമായി താരതമ്യം ചെയ്യുക. ജനങ്ങൾ വെള്ളത്തിനായി ചെല വാക്കുന്ന പണം, സമയം എന്നിവ കണ ക്കാക്കുക. വിവിധ വിഭാഗങ്ങൾക്ക് സർ ക്കാർ നൽകുന്ന ജലത്തിന്റെ അളവ് കണ ക്കാക്കുക.

### നാഗരികപരിസ്ഥിതി - രണ്ടു നഗരങ്ങളുടെ കഥ (Urban environment - A Tale of Two Cities)

നഗരത്തിന്റെ സാമൂഹികപരിസറിതിയിൽ സംഭവിക്കുന്ന ഒരു സംഘർഷത്തെ ഉദാഹരിക്കുകയാണ് ഇവിടെ.

വടക്കൻ ഡൽഹിയിലെ അശോക് വിഹാർ ഏറെയും ധനികർ താമസിച്ചുപോരുന്ന നഗരപ്രദേശമാണ്. ഇവിടെ ആകെയുള്ള ഒരു തുറസ്സായ പാർക്കിലാണ് ധനികരായ നഗരവാസികൾ പ്രഭാതസവാരിക്കിറങ്ങുന്നത്. ഈ നഗരത്തിന്റെ പ്രാന്തപ്രദേശങ്ങളിൽ കുടിൽകെട്ടി ചേരികളായി താമസിച്ചു പോരുന്ന പതിനായിരക്കണക്കിന് തൊഴിലാളിക്കുടുംബങ്ങൾ തങ്ങൾക്ക് ആവശ്യത്തിനു ശൗചാലയങ്ങൾ ഇല്ലാത്തതിനാൽ പ്രഭാതകൃത്യങ്ങൾക്കുള്ള ഇടമായി ഇതേ തുറസ്സായ പാർക്കിനെ ആശ്രയിക്കാൻ നിർബന്ധിതരായി.

1995-ൽ റിപ്പബ്ലിക്ദിന പരേഡ് കാണാൻ ഡൽഹിയിലെത്തിയതാണ് 18 വയസ്സുള്ള ദിലീപ് എന്ന യുവാവ്. അശോക്വിഹാറിൽ റെയിൽവേ ട്രാക്കിനോടു ചേർന്ന ഒരു കുടിലിൽ ബന്ധുവിനൊപ്പമാണ് താമസിച്ചത്. പ്രഭാതകൃത്യങ്ങൾക്കായി പാർക്കിൽ പ്രവേശിച്ച ദിലീപിനെ കുപിതരായ ധനികരായ ഒരുകൂട്ടം പ്രദേശവാസികളും രണ്ട് പൊലീസുകാരും ചേർന്ന് മർദിക്കുകയും യുവാവ് മരണപ്പെടുകയും ചെയ്തു.

പതിനായിരത്തിലേറെ തൊഴിലാളിക്കുടുംബങ്ങൾ താമസിച്ചിരുന്ന ഈ പ്രദേശത്ത് കേവലം ഇരുപത്തിയഞ്ചിൽ താഴെ പൊതുശൗചാലയങ്ങളാണ് ഉണ്ടായിരുന്നത്. ഈ സാഹചര്യത്തിലാണ് ചേരിനിവാസികൾക്ക് വിസർജനാവശ്യങ്ങൾക്കായി തുറസ്സായ സ്ഥലങ്ങളെ ആശ്രയിക്കേണ്ടിവന്നത്. അത് പലപ്പോഴും അശോക്വിഹാറിലെ സമ്പന്നർക്കും തൊഴിലാളികൾക്കുമിടയിൽ സംഘർഷങ്ങൾക്കു കാരണമായി.

ദിലീപ് എന്ന ചെറുപ്പക്കാരന്റെ മരണം ഇരുകൂട്ടരും തമ്മിലുള്ള ദീർഘകാലത്തെ സംഘർഷം മൂർധന്യത്തിലെത്തിച്ചു. പാർക്കിനെ വിശ്രമത്തിനും വിനോദത്തിനുമുള്ള കേന്ദ്രമായി കണ്ട സമ്പന്നരായ നഗരവാസികൾ ഒരുഭാഗത്തും അവിടം ശൗചാലയമായിക്കണ്ട ചേരിനിവാസികൾ മറുഭാഗത്തുമായി ഉണ്ടായ സംഘർഷം വളരുകയും പ്രതിഷേധസമരങ്ങൾക്കിടയിൽ നടന്ന വെടിവെപ്പിൽ നാലു ചേരിനിവാസികൾ കൊല്ലപ്പെടുകയും ചെയ്തു.



നിങ്ങൾ ചേരിയിൽ താമസിക്കുന്ന ഒരു 15 വയസ്സുള്ള കുട്ടിയാണെന്ന് കരുതുക. നിങ്ങളുടെ കുടുംബവും നിങ്ങളും എങ്ങനെ ജീവിക്കും? വിവരണം തയാറാക്കുക.

തൊഴിൽതേടി നഗരങ്ങളിലെത്തുന്ന കുടിയേറ്റക്കാർക്ക് നിയമാനുസൃതമായി വീടെടുത്ത് താമസിക്കാനുള്ള സാമ്പത്തികശേഷി ഉണ്ടായിരിക്കുകയില്ല. അതിനാൽ പൊതുസ്ഥലങ്ങളിൽ താമസിക്കാൻ അവർ നിർബന്ധിതരായിത്തീരുന്നു.

പൊതുസ്ഥലങ്ങൾ ഏറെയും സമൂഹത്തിലെ സമ്പന്നവിഭാഗങ്ങളുടെ ആവശ്യാർഥമുള്ള വാണിജ്യസമുച്ചയങ്ങളും ഹോട്ടലുകളും വിനോദകേന്ദ്രങ്ങളും നിർമിക്കുന്നതിനായി ഉപയോഗപ്പെടുത്തുന്നു. അതിനായി നഗരകേന്ദ്രങ്ങളിൽനിന്ന് തൊഴിലാളികളെയും അവരുടെ കുടുംബങ്ങളെയും കുടിയൊഴിപ്പിക്കുകയും അവരുടെ പാർപ്പിടങ്ങൾ നശിപ്പിക്കുകയും ചെയ്യുന്നു. ഭൂമിക്കുവേണ്ടിയുള്ള പോരാട്ടം മാത്രമല്ല നാഗരികപരിസറിതിയെ സംഘർഷഭരിതമാക്കുന്നത്. ശുദ്ധവായുവിനും വെള്ളത്തിനുംവരെ ഇവിടെ സംഘർഷങ്ങളുണ്ടാവുന്നു.

*(അമിറ്റ ഭാവിസ്കർ: ആക്രമണത്തിനും ആഗ്രഹങ്ങൾക്കുമിടയിൽ; ഡൽഹിയെന്ന മഹാനഗരത്തിന്റെ നിർമാണത്തിൽ ശക്തിയും സ്വത്വവും: അന്തർദേശീയ സമൂഹശാസ്ത്ര പ്രസിദ്ധീകരണം, 175: 89–98, 2005)*

**ചർച്ച:** നഗരത്തിലെ പാവപ്പെട്ടവർ ചേരിയിൽ താമസിക്കാനുള്ള കാരണമെന്ത്?

ഏതു സാമൂഹികസംഘമാണ് നഗരത്തിലെ ഭൂസ്വത്തും അധിവാസസ്വത്തും കൈവശപ്പെടുത്തിയിരിക്കുന്നത്? ശുചിത്വസൗകര്യം, ജലം എന്നിവയുടെ ലഭ്യതയെ സ്വാധീനിക്കുന്ന സാമൂഹികഘടകങ്ങൾ ഏതെല്ലാം?



**അൽപ്പംകൂടി...**

**ഹരിതകേരള മിഷൻ: ശുചിത്വ – മാലിന്യസംസ്കരണ ഉപമിഷൻ മാർഗനിർദേശങ്ങൾ**

കേരളസംസ്ഥാനത്തിന്റെ സമഗ്രമായ വികസനം ലക്ഷ്യമാക്കിക്കൊണ്ട് നാലു വികസന മിഷനുകൾ ഉൾപ്പെടുന്ന നവകരേളം കർമപദ്ധതിക്ക് തുടക്കമായി. ശുചിത്വം-മാലിന്യസംസ്കരണം, സുസ്ഥിര കൃഷിവികസനം, ജലവിഭവസംരക്ഷണം എന്നിവ ഉൾക്കൊള്ളുന്ന 'ഹരിതകേരളം' മിഷൻ, പൊതു ആരോഗ്യമേഖലയിൽ രോഗീസൗഹൃദപരവും ഗുണമേന്മയുള്ളതുമായ ആരോഗ്യസേവനങ്ങൾ ഉറപ്പാക്കുന്ന 'ആർദ്രം' മിഷൻ, ഭൂരഹിതർക്കും ഭവനരഹിതർക്കും സുരക്ഷിതപാർപ്പിടവും ജീവനോപാധിയും ഉറപ്പാക്കുന്ന 'ലൈഫ് മിഷൻ', 'പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം' എന്നിവയാണ് നവകേരളം കർമപദ്ധതിയിൽ ഉൾപ്പെടുന്ന മിഷനുകൾ.

ശുചിത്വ-മാലിന്യസംസ്കരണം, ജലവിഭവസംസ്കരണം, സുസ്ഥിര കൃഷിവികസനം എന്നിവ ഹരിതകേരളം മിഷന്റെ ഉപ മിഷനുകളായിരിക്കും. ഈ ഉപ മിഷനുകളുടെ പദ്ധതികൾ പ്രാവർത്തികമാക്കുക എന്ന ചുമതലയാണ് ഹരിതകേരളം മിഷൻ നിർവഹിക്കുന്നത്.

**ശുചിത്വ-മാലിന്യ സംസ്കരണ ഉപ മിഷൻ**

നിർമിക്കപ്പെടുന്ന ഏതൊരു മാലിന്യവും എത്രയും വേഗത്തിലും സുരക്ഷിതമായും സംസ്കരിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കുകയെന്നത് പ്രകൃതിവിഭവസംരക്ഷണത്തിനും ജനങ്ങളുടെ ആരോഗ്യപരിപാലനത്തിനും അനുപേക്ഷണീയമാണ്. പ്രാദേശികതലത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അതത് പ്രദേശത്തെ മാലിന്യമുക്തമാക്കുന്നതിന് വ്യക്തമായ ഒരു നിർവഹണസംവിധാനം തയാറാക്കുകയും നടപ്പാക്കുകയും ചെയ്യേണ്ടതുണ്ട്. ഇതാണ് ശുചിത്വ-മാലിന്യസംസ്കരണ ഉപ മിഷന്റെ ലക്ഷ്യം.

**ശുചിത്വ-മാലിന്യസംസ്കരണ ഉപമിഷന്റെ കാഴ്ചപ്പാട്**

കേരളസംസ്ഥാനത്തെ മാലിന്യമുക്തമാക്കുക എന്നതിലൂടെ ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുകയും രോഗാതുരതയിൽ കുറവുവരുത്തി പൊതുജനാരോഗ്യം മെച്ചപ്പെടുത്തുകയും പരിസ്ഥിതിസൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്യുക.

**ശുചിത്വ-മാലിന്യസംസ്കരണ ഉപ മിഷന്റെ പൊതുസമീപനം**

ഓരോ തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെയും പരിധിയിൽവരുന്ന ഭൂപ്രദേശം മാലിന്യമുക്തമാക്കണം. ചീഞ്ഞളിയാനിടയുള്ള ജൈവമാലിന്യം ഉറവിടത്തോട് ഏറ്റവുമടുത്ത് അതത് ദിവസംതന്നെ സംസ്കരിക്കുകയും പുനചംക്രമണത്തിലൂടെ സംസ്കരിക്കപ്പെടേണ്ട പ്ലാസ്റ്റിക്കും ചില്ലും ലോഹവുമടക്കമുള്ള മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരണകേന്ദ്രങ്ങളിലേക്ക് അയക്കുകയും ചെയ്യുക എന്നതാണ് പൊതുസമീപനം. ഇത് ഉൽപ്പാദിപ്പിക്കുന്നവരുടെ പങ്കാളിത്തത്തോടെ സംസ്കരിക്കപ്പെടണം. പൊതുസമൂഹമാകെ ഇതിനായി കൈകോർക്കുന്ന പ്രവർത്തനങ്ങളാണ് മിഷൻ വിഭാവനം ചെയ്യുന്നത്.

മാലിന്യത്തിന്റെ അളവു കുറയ്ക്കുന്നതിനായി അജൈവവസ്തുക്കളുടെ ഉപയോഗം കുറയ്ക്കുക (Reduce), പുനരുപയോഗം വർധിപ്പിക്കുക (Re-use), പുനചംക്രമണം (Recycle) പ്രോത്സാഹിപ്പിക്കുക എന്നിവ ജനജീവിതത്തിന്റെ ഭാഗമായും സംസ്കാരമായും മാറണം.

**ഹരിതചട്ടം**

ഹരിതകേരള മിഷന്റെ ഒരു പ്രധാനപ്പെട്ട വശമാണ് ഹരിതചട്ടം. മാലിന്യ ഉൽപ്പാദനത്തിന്റെ അളവു കുറയ്ക്കുന്നതു ലക്ഷ്യമാക്കി, പൊതുചടങ്ങുകളിൽ ഉപയോഗിച്ച ശേഷം കളയുന്ന സാധനങ്ങൾ ഒഴിവാക്കാൻ തീരുമാനിച്ചു. ചടങ്ങുകളും ആഘോഷങ്ങളും പരിപൂർണമായും മാലിന്യമുക്തമാകത്തക്കരീതിയിൽ 'സീറോ വേസ്റ്റ്' സമീപനം സ്വീകരിക്കാൻ നടപടി സ്വീകരിച്ചു. ഭൂമിയിൽനിന്ന് ഉൽപ്പാദിപ്പിക്കുന്ന എല്ലാ വസ്തുക്കളും സുരക്ഷിതമായി ഭൂമിയിലേക്കു തിരികെപ്പോകുന്ന അവസ്ഥ സംജാതമാക്കുന്നതാണ് സീറോവേസ്റ്റ് സംവിധാനം.

ഹരിതചട്ടമെന്നത് ഉപയോഗശേഷം വലിച്ചെറിയാവുന്ന വസ്തുക്കൾ ഒഴിവാക്കുകയും ഗ്ലാസ്, സ്റ്റീൽ തുടങ്ങിയ പുനരുപയോഗസാധ്യതയുള്ള വസ്തുക്കൾ ഉപയോഗിച്ചും നിർണായക അളവിൽ മാലിന്യ ഉൽപ്പാദനം കുറച്ചുകൊണ്ടുവരുന്നതിലേക്കുള്ള നടപടിക്രമങ്ങളാണ്.

G.O. No. 2700/2017 LSGD, Dated 04.08.2017, G.O. 2420/2017/LSGD, Dated 15.07.2017



**ഹൈഡ്രോളജി (Hydrology)**

ജലം, ജലത്തിന്റെ ഒഴുക്ക്, രാജ്യത്തിന്റെ വിവിധഭാഗങ്ങളിൽ ജലത്തിന്റെ ലഭ്യത എന്നിവ പഠിക്കുന്ന ശാസ്ത്രശാഖ.

**വനനശീകരണം (Deforestation)**

വൃക്ഷങ്ങൾ മുറിച്ചുകളഞ്ഞ്, വനഭൂമി കൃഷിയാവശ്യത്തിനായി ഉപയോഗിക്കുമ്പോൾ വനം നഷ്ടപ്പെടുന്നതിനെ സൂചിപ്പിക്കുന്നു.

**ചെടികൾ വളർത്താനുള്ള ചെറിയ വീട് (Green House)**

മോശം കാലാവസ്ഥയിൽനിന്ന്, പ്രത്യേകിച്ചു തണുപ്പിൽനിന്ന് ചെടികൾ സംരക്ഷിക്കാനുപയോഗിക്കുന്ന സംവിധാനം. പുറത്തെ താപവുമായി താരതമ്യം ചെയ്യുമ്പോൾ ഉള്ളിലെ താപം നിലനിർത്താൻ ഈ സംവിധാനം ഉപയോഗിക്കുന്നു.

**പ്രസരണം (Emission)**

മനുഷ്യപ്രവർത്തനങ്ങളുടെ ഭാഗമായി പുറന്തള്ളപ്പെടുന്ന അനാവശ്യ വാതകം. വ്യവസായസ്ഥാപനങ്ങളിൽനിന്നും വാഹനങ്ങളിൽനിന്നും സാധാരണയായി സംഭവിക്കുന്നു.

**മലിനവസ്തുക്കൾ (Effluents)**

വ്യവസായശാലകളിൽനിന്നു പുറന്തള്ളപ്പെടുന്ന ദ്രാവക മലിനവസ്തുക്കൾ.

**ജലഭൃതം (Aquifers)**

ജലത്തെ ഉൾക്കൊള്ളാൻ സാധിക്കുന്ന ഭൂമിക്കടിയിലെ സ്ഥലം.

**ഏകവിളക്കൃഷി (Mono-culture)**

ഒരു പ്രദേശത്തെ സസ്യജാലം ഒരു പ്രത്യേക ഇനത്തിലേക്കു ചുരുങ്ങുന്നു.



1. ‘പരിസറിതിവിജ്ഞാനം’ എന്ന പദം വിശദീകരിക്കുക.
2. പരിസറിതിവിജ്ഞാനം എന്തുകൊണ്ട് പ്രകൃതിശക്തികളിൽമാത്രം ഒതുങ്ങുന്നില്ല?
3. സാമൂഹികപരിസറിതിയുടെ രൂപീകരണത്തിലുള്ള ദ്വിമാനപ്രക്രിയ വിശദീകരിക്കുക.
4. പരിസ്ഥിതിയും സമൂഹവും തമ്മിലുള്ള ബന്ധങ്ങൾ സാമൂഹികസംഘടനകൾ മാറ്റിമാറിക്കുന്നത് എന്തിന്? എങ്ങനെ?
5. എന്തുകൊണ്ടാണ് പരിസ്ഥിതി പരിപാലനം സമൂഹത്തിന് സങ്കീർണവും ഭീമവുമായ കർത്തവ്യവുമാകുന്നത്?
6. മലിനീകരണവുമായി ബന്ധപ്പെട്ട പ്രധാന പാരിസ്ഥിതിക അപകടങ്ങൾ എഴുതുക.
7. വിഭവശോഷണവുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട പാരിസ്ഥിതികപ്രശ്നങ്ങൾ ഏതെല്ലാം?
8. സാമൂഹികപ്രശ്നങ്ങൾക്കൊപ്പം സംഭവിക്കുന്ന പാരിസറിതികപ്രശ്നങ്ങൾ വിശദീകരിക്കുക.
9. സാമൂഹികപരിസറിതിശാസ്ത്രം എന്നാലെന്ത്?
10. പരിസറിതിയുമായി ബന്ധപ്പെട്ടു നിങ്ങൾക്കറിയാവുന്ന സംഘർഷങ്ങൾ വിശദീകരിക്കുക (പുസ്തകത്തിൽ വിശദീകരിക്കാത്ത ഉദാഹരണങ്ങൾ).



Centre for Science and Environment. 1982. *The State of India's Environment: The Citizens' Report*. CSE, New Delhi

Davis, Mike. 2004. 'Planet of Slums: Urban Involution and the Informal Proletariat' in *New Left Review,* 26: 5-34

Davis, Mike. 2004. 'The Political Ecology of Famine: The Origins of the Third World' in Richard Peet and Michael Watts (eds) *Liberation Ecologies: Environment, Development, Social Movements*. Routledge, (second edition), London

Gadgil, Madhav and Ramachandra Guha. 1995. *Ecology and Equity: The Use and Abuse of Nature in Contemporary India*. Penguin, New Delhi

Guha, Ramachandra. 1997. 'The Environmentalism of the Poor' in Ramachandra Guha and J. Martinez-Alier. *Varieties of Environmentalism: Essays North and South.* Oxford University Press, Delhi

Pollan, Michael. 2001. *The Botany of Desire: A Plant's-Eye View of the World.* Random House, New York

# 4

# പാശ്ചാത്യ സമൂഹശാസ്ത്രജ്ഞർ

# WESTERN SOCIOLOGISTS

S2L3A7



സമൂഹശാസ്ത്രത്തെ വിപ്ലവയുഗകാലഘട്ടത്തിന്റെ (Age of revolution) ശിശുവെന്നു വിളിക്കാറുണ്ട്. മൂന്നു പതിറ്റാണ്ടായി സംഭവിച്ച വിപ്ലവകരമായ മുന്നേറ്റങ്ങൾ സാമൂഹിക ജീവിതത്തിൽ വലിയ മാറ്റങ്ങളുണ്ടാക്കിയ പത്തൊമ്പതാം നൂറ്റാണ്ടിൽ പടിഞ്ഞാറൻ യൂറോപ്പിൽ ജന്മംകൊണ്ടതിനാലാണ് സമൂഹശാസ്ത്രത്തെ ഇങ്ങനെ വിളിക്കുന്നത്. സമൂഹശാസ്ത്രത്തിന്റെ ഉത്ഭവത്തിന് വഴിയൊരുക്കിയത് മൂന്നു വിപ്ലവങ്ങളാണ്. ജ്ഞാനോദയം അഥവാ ശാസ്ത്രവിപ്ലവം (The Enlightenment or Scientific Revolution), വ്യാവസായിക വിപ്ലവം (Industrial Revolution) ഫ്രഞ്ച്‌വിപ്ലവം എന്നിവയാണവ. ഈ പ്രക്രിയകൾ യൂറോപ്യൻ സമൂഹത്തിൽ മാത്രമല്ല, യൂറോപ്പുമായി ബന്ധം പുലർത്തുന്ന ലോകത്തിലെ മറ്റു പ്രദേശങ്ങളിലും മാറ്റമുണ്ടാക്കി.

ഈ അധ്യായത്തിൽ പാശ്ചാത്യസമൂഹശാസ്ത്രജ്ഞരായ കാൾ മാക്സ്, എമിൽ ദുർഖീം, മാക്സ് വെബർ എന്നീ ചിന്തകരുടെ പ്രധാന ആശയങ്ങളാണ് പ്രതിപാദിച്ചിരിക്കുന്നത്. സമൂഹശാസ്ത്രത്തിന് അടിത്തറ

പാകിയത് ഇവരുടെ പ്രാമാണികസമൂഹ ശാസ്ത്രത്തിന്റെ (Classical Sociology) ആശയങ്ങളാണെങ്കിലും ഈ ആശയങ്ങളും ഉൾക്കാഴ്ചകളും വർത്തമാനകാലത്തും പ്രസക്തമാണ്. അവ വിമർശനങ്ങൾക്ക് വിധേയമാക്കപ്പെടുകയും പ്രധാനപ്പെട്ട ചില പരിവർത്തനങ്ങളിലൂടെ കടന്നുപോവുകയും ചെയ്തിട്ടുണ്ട്. സമൂഹത്തെക്കുറിച്ചുള്ള ആശയങ്ങൾ രൂപപ്പെടുന്നതിൽ സാമൂഹികസാഹചര്യങ്ങൾ സ്വാധീനം ചെലുത്തുന്നു. സമൂഹശാസ്ത്രം ഉദയംചെയ്ത സാഹചര്യങ്ങൾ നമുക്കൊന്നു പരിശോധിക്കാം.

## സമൂഹശാസ്ത്രത്തിന്റെ പശ്ചാത്തലം (The Context of Sociology)

യൂറോപ്പിൽ ആധുനികയുഗവും ആധുനികതയുടെ പശ്ചാത്തലവും കൊണ്ടുവന്നത് മൂന്നു പ്രക്രിയകളാണ്. ജ്ഞാനോദയത്തിലെ യുക്തിചിന്ത, ഫ്രഞ്ച്‌വിപ്ലവത്തിലെ രാഷ്ട്രീയ പരമാധികാരം, വ്യാവസായികവിപ്ലവം തുടക്കംകുറിച്ച വൻതോതിലുള്ള ഉൽപ്പാദന സമ്പ്രദായം എന്നിവയാണവ. ഇത് 'സമൂഹശാസ്ത്രത്തെ പരിചയപ്പെടൽ', എന്ന ഒന്നാം അധ്യായത്തിൽ സവിസ്തരം പ്രതിപാദിച്ചതിനാൽ, ഇവിടെ ഈ സുപ്രധാന മാറ്റങ്ങളുടെ ധൈഷണികമായ അനന്തരഫലങ്ങൾ മാത്രമാണു ചർച്ചചെയ്യുന്നത്.



'സമൂഹശാസ്ത്രത്തെ പരിചയപ്പെടൽ' എന്ന അധ്യായത്തിൽ യൂറോപ്പിലെ ആധുനികയുഗത്തിലെ സാമൂഹികസവിശേഷതകളെക്കുറിച്ചു മനസ്സിലാക്കിയല്ലോ. അവ എപ്രകാരമാണ് മുകളിൽ പ്രസ്താവിച്ച മൂന്നു പ്രക്രിയകളുമായി ബന്ധപ്പെട്ടിരിക്കുന്നത് എന്നു ചർച്ചചെയ്യുക.

### ജ്ഞാനോദയം (The Enlightenment)

പതിനേഴാംനൂറ്റാണ്ടിന്റെ ഉത്തരാർധത്തിലും പതിനെട്ടാംനൂറ്റാണ്ടിന്റെ പ്രാരംഭത്തിലും പശ്ചിമയൂറോപ്പ് ലോകത്തെക്കുറിച്ചുള്ള വിപ്ലവകരമായ പല ചിന്താരീതികൾക്കും സാക്ഷ്യം വഹിച്ചതിനെ ജ്ഞാനോദയം എന്നു പറയുന്നു. ജ്ഞാനോദയം മനുഷ്യനെ പ്രപഞ്ചത്തിന്റെ കേന്ദ്രസ്ഥാനത്തു പ്രതിഷ്ഠിക്കുകയും യുക്തിചിന്തയാണ് മനുഷ്യന്റെ മുഖ്യസവിശേഷതയെന്നു സ്ഥാപിക്കുകയും ചെയ്തു. യുക്തിപരമായും വിമർശനാത്മകമായും ചിന്തിക്കാനുള്ള കഴിവ് മനുഷ്യനെ അറിവിന്റെ ഉൽപ്പാദകനും ഉപഭോക്താവുമാക്കി മാറ്റി. മറ്റൊരർഥത്തിൽ, ചിന്തിക്കാനും യുക്തിവിചാരം ചെയ്യാനും കഴിയുന്നവരെ മാത്രമേ സമ്പൂർണമനുഷ്യരായി കണക്കാക്കാൻ കഴിയുകയുള്ളൂ. അല്ലാത്തവർ പ്രാകൃതസമൂഹങ്ങളിലെ തദ്ദേശീയരെപ്പോലെ, അല്ലെങ്കിൽ കിരാതരെപ്പോലെ (Savages) അപൂർണരും കഴിവു കുറഞ്ഞവരുമായിരിക്കും. സമൂഹം മനുഷ്യസൃഷ്ടിയായതുകൊണ്ടുതന്നെ സമൂഹത്തെ യുക്തിപരമായി അപഗ്രഥിക്കാനും മനസ്സിലാക്കാനും മനുഷ്യർക്കു സാധിക്കും. ഇതിനായി മുമ്പു ലോകത്തെ മനസ്സിലാക്കുന്നതിന് ഉപയോഗിച്ചിരുന്ന പ്രകൃതി, മതം, ദൈവങ്ങളുടെ അമാനുഷിക പ്രവർത്തനങ്ങൾ എന്നിവയും കേന്ദ്രസ്ഥാനത്തുനിന്നു മാറ്റി പ്രതിഷ്ഠിക്കണം. അങ്ങനെ ജ്ഞാനോദയം മനുഷ്യമനസ്സുകളിൽ മതേതരവും ശാസ്ത്രീയവും മാനവികവുമായ മനോഭാവം വളർന്നുവരുന്നതിനു സഹായകമായി.

### ഫ്രഞ്ച്‌വിപ്ലവം (The French Revolution)

1789-ലെ ഫ്രഞ്ച്‌വിപ്ലവം വ്യക്തികൾക്കിടയിലും ദേശരാഷ്ട്രങ്ങളിലും രാഷ്ട്രീയ പരമാധികാരം എന്ന ആശയം വിളംബരം ചെയ്തു. ഈ മനുഷ്യാവകാശപ്രഖ്യാപനം എല്ലാ പൗരരുടെയും സമത്വത്തിന് ഊന്നൽ നൽകുകയും ജന്മസിദ്ധമായ പ്രത്യേകാവകാശങ്ങളെ ചോദ്യംചെയ്യുകയും ചെയ്തു. വിപ്ലവത്തിനു മുമ്പ് ഫ്രാൻസിൽ ആധിപത്യം

പുലർത്തിയ മത-ഫ്യൂഡൽ സ്ഥാപനങ്ങളുടെ അടിച്ചമർത്തൽഭരണത്തിൽ നിന്ന് വ്യക്തികളെ മോചിപ്പിക്കുന്നതിന് ഇത് കാരണമായി. കുലീനരുടെ ഉടമസ്ഥതയിലുള്ള എസ്റ്റേറ്റു കളിൽ അടിമവേല (കരാറധിഷ്ഠിത തൊഴിൽ) ചെയ്തിരുന്ന കർഷകർ സ്വതന്ത്രരാക്ക പ്പെടുകയും ഭൂപ്രഭുക്കന്മാർക്കും ചർച്ചുകൾക്കും നൽകിയിരുന്ന അന്യായമായ നികുതികൾ റദ്ദാക്കപ്പെടുകയും ചെയ്തു. സ്വതന്ത്രപൗരർ എന്ന നിലയിൽ പരമാധികാരമുള്ള വ്യക്തി കൾക്ക് അനേകം അവകാശങ്ങൾ ലഭിച്ചു. നിയമത്തിനു മുമ്പിലും രാഷ്ട്രത്തിലെ മറ്റു സ്ഥാപനങ്ങളിലും അവർക്ക് തുല്യത ലഭിച്ചു. വ്യക്തിയുടെ സ്വകാര്യതയെ മാനിക്കാൻ രാഷ്ട്രം തയാറായി. അതിന്റെ നിയമങ്ങൾക്കു ജനങ്ങളുടെ കുടുംബജീവിതത്തിൽ കടന്നു കയറാൻ കഴിയാതായി. രാഷ്ട്രത്തിന്റെ പൊതുമണ്ഡലവും കുടുംബത്തിന്റെ സ്വകാര്യ മണ്ഡലവും വ്യക്തമായി നിർവചിക്കപ്പെട്ടു. പൊതുമണ്ഡലത്തിനും സ്വകാര്യമേഖലയ്ക്കും യോജിച്ച തരത്തിലുള്ള പുതിയ ആശയങ്ങൾ വളർച്ച പ്രാപിച്ചു. ഉദാഹരണത്തിന്, മതവും കുടുംബവും സ്വകാര്യമണ്ഡലത്തിലും വിദ്യാഭ്യാസം പൊതുമണ്ഡലത്തിലുമായി. അതിലുപരി ഒരു കേന്ദ്രീകൃത സർക്കാരും പരമാധികാരവുമുള്ള ഒന്നായി ദേശരാഷ്ട്രവും പുനർനിർവചിക്കപ്പെട്ടു. ഫ്രഞ്ച്‌വിപ്ലവത്തിന്റെ പ്രതീകങ്ങളായ സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നിവ ആധുനികരാഷ് ട്രത്തിന്റെ മുദ്രാവാക്യങ്ങളായിത്തീർന്നു.

### വ്യാവസായികവിപ്ലവം (The Industrial Revolution)

പതിനെട്ട്, പത്തൊൻപത് നൂറ്റാണ്ടുകളിൽ ബ്രിട്ടനിൽ ആരംഭിച്ച വ്യാവസായികവിപ്ലവ മാണ് ആധുനികവ്യവസായത്തിന് അടിത്തറ പാകിയത്. ഇതിന് പ്രധാനപ്പെട്ട രണ്ടു തലങ്ങ ളുണ്ട്. ഒന്നാമതായി, വ്യാവസായിക ഉൽ പ്പാദനത്തിൽ ശാസ്ത്രസാങ്കേതികവിദ്യയുടെ ഉപയോഗം. പ്രത്യേകിച്ച് പുതിയ യന്ത്രങ്ങളുടെ കണ്ടുപിടിത്തവും പുതിയ ഊർജസ്രോതസ്സു കളുടെ ഉപയോഗവും. രണ്ടാമതായി, വ്യാവ സായികവിപ്ലവം മുൻകാലത്തെക്കാളും കൂടുതലായി തൊഴിലിനെ സംഘടിപ്പിക്കാനും വിപണികൾ വികസിപ്പിക്കാനും പുത്തൻ രീതികൾ കണ്ടെത്തി. തുണിവ്യവസായ രംഗത്ത് ഉൽപ്പാദനം വർധിപ്പിച്ച സ്പിന്നിങ് ജെന്നി പോലുള്ള യന്ത്രങ്ങളും ആവി യന്ത്രങ്ങൾ പോലുള്ള പുതിയ ഊർജ സ്രോതസ്സുകളും ഉൽപ്പാദനപ്രക്രിയയിൽ വിപ്ലവകരമായ മുന്നേറ്റങ്ങൾ കൊണ്ടുവന്നു. ഫാക്ടറിസമ്പ്രദായത്തിന്റെ ഉത്ഭവത്തിനും സാധനങ്ങളുടെ വൻതോതിലുള്ള ഉൽപ്പാ ദനത്തിനും ഇതു കാരണമായിത്തീർന്നു. ലോകത്തെമ്പാടുമുള്ള വിപണികളിലായി സാധനങ്ങൾ വൻതോതിൽ ഉൽപ്പാദിപ്പിക്കപ്പെ ടാൻ തുടങ്ങി. അവയുടെ ഉൽപ്പാദനത്തി നാവശ്യമായ അസംസ്കൃതവസ്തുക്കൾ ലോകത്തിന്റെ പലഭാഗങ്ങളിൽനിന്നു ശേഖരി ക്കപ്പെട്ടു. അങ്ങനെ വൻതോതിലുള്ള ആധു നികവ്യവസായം ഒരു ലോകവ്യാപക പ്രതിഭാ സമായിത്തീർന്നു.

ഉൽപ്പാദനരംഗത്തെ ഈ മാറ്റങ്ങളുടെ ഫലമായി സാമൂഹികജീവിതത്തിലും സുപ്രധാന മാറ്റങ്ങളുണ്ടായി. നഗരങ്ങളിൽ സ്ഥാപിക്കപ്പെട്ട ഫാക്ടറികളിൽ ഗ്രാമങ്ങളിൽ നിന്നു പിഴുതെറിയപ്പെട്ട് തൊഴിൽതേടി നഗരങ്ങളിലെത്തിച്ചേരുന്ന തൊഴിലാളി കളായിരുന്നു ജോലിചെയ്തിരുന്നത്. തൊഴിലാളികൾക്ക് തുച്ഛമായ വേതനമാണ് ലഭിച്ചിരുന്നത്. അതിനാൽ ജീവിക്കുന്നതിനായി പുരുഷന്മാരും സ്ത്രീകളും കുട്ടികളുമെല്ലാം ഫാക്ടറികളിലെ അപകടകരമായ സാഹ ചര്യങ്ങളിൽ മണിക്കൂറുകളോളം തുടർച്ചയായി ജോലിയെടുക്കാൻ നിർബന്ധിതരായി. അങ്ങനെ ആധുനികവ്യവസായം ഗ്രാമങ്ങളുടെ മേൽ ആധിപത്യം സ്ഥാപിക്കാൻ നഗരങ്ങളെ സഹായിച്ചു. നഗരങ്ങളും പട്ടണങ്ങളും മനുഷ്യ വാസത്തിന്റെ പ്രധാന കേന്ദ്രങ്ങളായിത്തീ


ർന്നു. ജനസാന്ദ്രതയേറിയ ചെറിയ നഗരപ്രദേശങ്ങളിൽ വലിയ ജനസമൂഹങ്ങൾ താമസിക്കാൻ തുടങ്ങി. അവരിൽ സമ്പന്നരും ദരിദ്രരുമുണ്ടായിരുന്നു. സമ്പന്നരും ശക്തരും നഗരങ്ങളിൽ സുഖജീവിതം നയിച്ചു. എന്നാൽ തൊഴിലാളികൾ ദാരിദ്ര്യത്തിനും മാലിന്യങ്ങൾക്കുമിടയിൽ നഗരത്തിലെ ചേരികളിൽ ജീവിതം കഴിച്ചുകൂട്ടി. ആധുനികഭരണരൂപങ്ങൾ നിലവിൽവന്ന തോടെ ആരോഗ്യം, ശുചിത്വം, കുറ്റകൃത്യങ്ങളുടെ നിയന്ത്രണം, പൊതുവികസനം എന്നീ കർത്തവ്യങ്ങൾ രാഷ്ട്രത്തിന്റെ അധീനതയിലായി. ഇത് പുതിയതരത്തിലുള്ള അറിവുകൾ നിർമിക്കേണ്ടതിന്റെ ആവശ്യകത വർധിപ്പിച്ചു. ഈ ആവശ്യങ്ങളോടുള്ള പ്രതികരണമായാണ് സാമൂഹ്യശാസ്ത്രങ്ങൾ, പ്രത്യേകിച്ച് സമൂഹശാസ്ത്രം രൂപമെടുത്തത്.

വ്യവസായസമൂഹത്തിലെ വികസനങ്ങളെ ശാസ്ത്രീയമായി വിശകലനം ചെയ്യാൻ തുടക്കം മുതൽതന്നെ സമൂഹശാസ്ത്രം ശ്രദ്ധിച്ചിരുന്നു. അതിനാൽ സമൂഹശാസ്ത്രത്തെ പുതിയ വ്യവസായസമൂഹത്തിന്റെ ശാസ്ത്രം എന്നു നിരീക്ഷകർ വിശേഷിപ്പിക്കുകയുണ്ടായി. സാമൂഹികവ്യവഹാരങ്ങളിലെ പ്രവണതകളെക്കുറിച്ച് ശാസ്ത്രീയചർച്ചകൾ ആരംഭിച്ചത് ആധുനിക വ്യാവസായിക സമൂഹത്തിന്റെ ആഗമനത്തോടുകൂടിയാണ്. ജനസമൂഹത്തിന്റെ ആരോഗ്യപരിപാലനത്തിന് രാഷ്ട്രം നിർമിച്ച അറിവുകൾ സമൂഹത്തെക്കുറിച്ചുള്ള ചിന്തകളുടെ പ്രതി ഫലനമായിത്തീർന്നു. ഈ സ്വയംപ്രതിഫലനത്തിന്റെ ഫലമായിട്ടാണ് സമൂഹശാസ്ത്രസിദ്ധാന്തങ്ങൾ രൂപപ്പെട്ടത്.

**കാൾ മാക്സ് (Karl Marx 1818-1883)**

**ജീവചരിത്രം**

ധനികനായ ഒരു അഭിഭാഷകന്റെ മകനായി ജർമനിയിലെ പ്രഷ്യ പ്രദേശമായ റൈലാന്റിലെ ട്രയർ എന്ന സ്ഥലത്ത് 1818 മെയ് 5ന് ജനിച്ചു.



1834-36: ബോൺ സർവകലാശാലയിലും പിന്നീട് ബെർലിൻ സർവകലാശാലയിലുമായി നിയമം പഠിച്ചു. അവിടെ വച്ച് അദ്ദേഹം യുവ ഹെഗലിയന്മാരാൽ സ്വാധീനിക്കപ്പെട്ടു.

1841: ജെന സർവകലാശാലയിൽ തത്വശാസ്ത്രത്തിൽ ഗവേഷണപ്രബന്ധം സമർപ്പിച്ചു.

1843: ജെന്നിവോൻ വെസ്റ്റ്ഫാലനെ വിവാഹം കഴിച്ച് പാരിസിലേക്കു താമസം മാറ്റി.

1844: പാരിസിൽ വച്ച് ഫ്രെഡറിക് ഏംഗൽസിനെ കണ്ടുമുട്ടുകയും ആജീവനാന്ത സുഹൃത്തായിത്തീരുകയും ചെയ്തു.

1847: അന്താരാഷ്ട്ര വർക്കിങ് മെൻസ് അസോസിയേഷൻ എന്ന സംഘടന അവരുടെ ലക്ഷ്യങ്ങളുടെയും കർത്തവ്യങ്ങളുടെയും ഒരു രേഖ തയാറാക്കാൻ മാക്സിനെ ക്ഷണിച്ചു. മാക്സും ഏംഗൽസും ചേർന്നു തയാറാക്കിയ ഈ രേഖ 1948-ൽ 'മാനിഫെസ്റ്റോ ഓഫ് കമ്മ്യൂണിസ്റ്റ് പാർട്ടി' എന്ന പേരിൽ പ്രസിദ്ധീകരിക്കപ്പെട്ടു.

1849: ഇംഗ്ലണ്ടിലേക്കു നാടുകടത്തപ്പെടുകയും മരണംവരെ അവിടെ കഴിയുകയും ചെയ്തു.

| | |
|---|---|
| 1852: | The Eighteenth Brumaire of Louis Bonaparte പ്രസിദ്ധീകരിച്ചു. |
| 1859: | A Contribution to the Critique of Political Economy പ്രസിദ്ധീകരിച്ചു. |
| 1867 : | മൂലധനം (വാല്യം1) പ്രസിദ്ധീകരിച്ചു. |
| 1881: | ജെന്നി വോൻ വെസ്റ്റ്ഫാലൻ മരണമടഞ്ഞു. |
| 1883: | മാക്സ് അന്തരിച്ചു, ലണ്ടനിലെ ഹൈഗെയ്റ്റ് സെമിത്തേരിയിൽ അടക്കം ചെയ്യപ്പെട്ടു. |

കാൾ മാക്സ് ജർമൻകാരനാണെങ്കിലും അദ്ദേഹത്തിന്റെ ധൈഷണികജീവിതത്തിന്റെ നല്ലൊരു ഭാഗവും ബ്രിട്ടനിലാണ് ചെലവഴിച്ചത്. വിപ്ലവകരമായ രാഷ്ട്രീയ അഭിപ്രായങ്ങളുടെ പേരിൽ അദ്ദേഹം ജർമനിയിൽനിന്നും ഫ്രാൻസിൽനിന്നും ആസ്ട്രിയയിൽനിന്നും പുറത്താക്കപ്പെട്ടു. തത്ത്വശാസ്ത്രം പഠിച്ചിരുന്നുവെങ്കിലും തത്ത്വശാസ്ത്രജ്ഞനായിരുന്നില്ല. മർദ്ദനവും ചൂഷണവും അവസാനിപ്പിക്കാൻ വേണ്ടി വാദിച്ച ഒരു സാമൂഹികചിന്തകനാണ് അദ്ദേഹം. ശാസ്ത്രീയസോഷ്യലിസത്തിന് ഈ ലക്ഷ്യം കൈവരിക്കാനാവുമെന്ന് അദ്ദേഹം വിശ്വസിച്ചു. മുതലാളിത്തത്തിന്റെ ദൗർബല്യങ്ങൾ തുറന്നുകാണിക്കാനും അതിന്റെ തകർച്ചയ്ക്കു വേണ്ടിയും മാക്സ് പ്രവർത്തിച്ചു. മനുഷ്യസമൂഹം മുന്നേറിയത് വ്യത്യസ്തഘട്ടങ്ങളിലൂടെയാണെന്ന് അദ്ദേഹം വാദിച്ചു. പ്രാകൃതകമ്മ്യൂണിസം (Primitive communism), അടിമത്തം (Slavery), നാടുവാഴിത്തം (Feudalism), മുതലാളിത്തം (Capitalism) എന്നിവയാണ് ആ ഘട്ടങ്ങൾ. മുതാലാളിത്തമാണ് മനുഷ്യപുരോഗതിയുടെ അവസാനഘട്ടം. എന്നാൽ മുതലാളിത്തം സോഷ്യലിസത്തിനു വഴിമാറുമെന്ന് മാക്സ് വിശ്വസിച്ചു.

മുതലാളിത്തസമൂഹം നിരവധി തലങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന എക്കാലത്തെയും തീവ്രമായ അന്യവൽക്കരണപ്രക്രിയയാൽ ശ്രദ്ധേയമാണ്. ഒന്നാമതായി, മനുഷ്യർ പ്രകൃതിയിൽനിന്ന് അന്യവൽക്കരിക്കപ്പെടുന്നു. രണ്ടാമതായി, മനുഷ്യർ പരസ്പരം അന്യവൽക്കരിക്കപ്പെടുന്നു. മുതലാളിത്തം പണ്ടത്തെ സാമൂഹികകൂട്ടായ്മയെ ഇല്ലാതാക്കുകയും മനുഷ്യരെ വ്യക്തിവൽക്കരിക്കുകയും ചെയ്യുന്നു. കൂടാതെ, ബന്ധങ്ങൾ കൂടുതൽ കൂടുതൽ കമ്പോളവൽക്കരിക്കപ്പെടുകയും ചെയ്യുന്നു. മൂന്നാമതായി, തൊഴിലാളിവർഗം അവരുടെ അധ്വാനഫലത്തിൽനിന്ന് അന്യവൽക്കരിക്കപ്പെടുന്നു. തൊഴിലാളികൾ ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങൾ അവരുടെ സ്വന്തമല്ല. സ്വന്തം അധ്വാനത്തിനുമേലും അവർക്കു യാതൊരു നിയന്ത്രണവുമില്ല. അവരുടെ പ്രവൃത്തിദിവസങ്ങൾ തീരുമാനിക്കുന്നത് മാനേജ്മെന്റാണ്. അവസാനമായി, ഈ അന്യവൽക്കരണങ്ങളുടെയെല്ലാം സംയുക്തഫലമായി മനുഷ്യർ അവരിൽനിന്ന് അന്യവൽക്കരിക്കപ്പെടുന്നു. അവർക്ക് തങ്ങളുടെ ജീവിതത്തിൻമേലുള്ള നിയന്ത്രണം കുറഞ്ഞുവന്ന്, തങ്ങളുടെ ജീവിതം അർഥവത്താക്കുന്നതിന് പോരാടേണ്ടിവരുന്നു.

മുതലാളിത്തം ഒരു മർദ്ദക-ചൂഷകസമ്പ്രദായമാണെങ്കിലും അതിനു പുരോഗമനപരമായ ചില വശങ്ങളുണ്ടെന്ന് മാക്സ് വിശ്വസിച്ചു. മുതലാളിത്തം മാനവചരിത്രത്തിലെ അനിവാര്യവും പുരോഗമനപരവുമായ ഒരു ഘട്ടമാണ്. കാരണം, ചൂഷണവും ദാരിദ്ര്യവുമില്ലാത്ത സമത്വസുന്ദരമായ ഒരു ഭാവിസമൂഹം കെട്ടിപ്പടുക്കുന്നതിന് അടിത്തറ പാകിയത് മുതലാളിത്തമാണ്. മുതലാളിത്ത സമൂഹത്തെ അതിന്റെ ഇരകളായ തൊഴിലാളിവർഗംതന്നെ മാറ്റിമറിക്കും. തൊഴിലാളികൾ ഒരു സംഘടിതവിപ്ലവത്തിലൂടെ മുതലാളി

ത്തത്തെ തകർത്തെറിയുകയും സ്വതന്ത്രവും സമത്വസുന്ദരവുമായ ഒരു സോഷ്യലിസ്റ്റ് സമൂഹം സ്ഥാപിക്കുകയും ചെയ്യും. മുതലാളിത്തത്തിന്റെ പ്രവർത്തനങ്ങൾ മനസ്സിലാക്കുന്നതിന് മാക്സ് അതിന്റെ രാഷ്ട്രീയവും സാമൂഹികവും പ്രത്യേകിച്ച് സാമ്പത്തികവുമായ വശങ്ങളെക്കുറിച്ച് ഗഹനമായ പഠനം നടത്തുകയുമുണ്ടായി.

സമ്പത്തിനെക്കുറിച്ചുള്ള മാക്സിന്റെ സങ്കൽപ്പനത്തിന്റെ അടിസ്ഥാനം ഉൽപ്പാദന ഉപാധി എന്ന ആശയമാണ്. വ്യത്യസ്ത ചരിത്ര കാലഘട്ടങ്ങളിൽ നിലനിന്ന വിശാലമായ ഉൽപ്പാദനസമ്പ്രദായമാണത്. പ്രാകൃത കമ്മ്യൂണിസം, അടിമത്തം, നാടുവാഴിത്തം, മുതലാളിത്തം എന്നിവയെല്ലാം ഉൽപ്പാദന രീതികളാണ്. ഒരു കാലഘട്ടത്തിലെ സമസ്ത ജീവിതരീതികളെയും നിർണയിക്കുന്നത് ഉൽപ്പാദനരീതിയാണ്. ഉൽപ്പാദനരീതിയെ ഒരു കെട്ടിടത്തോട് ഉപമിക്കാം. ഒരു കെട്ടിടത്തിന് അടിത്തറയും മേൽപ്പുരയും (Basc and super structure) ഉള്ളതുപോലെ ഓരോ ഉൽപ്പാദന രീതിക്കും അടിത്തറയും മേൽപ്പുരയുമുണ്ട്. അടിത്തറ പ്രധാനമായും സാമ്പത്തികമാണ്. അതിനാൽ അടിത്തറയെ സാമ്പത്തിക അടിത്തറ (Economic base) എന്നാണ് പറയുന്നത്. അതിൽ ഉൽപ്പാദനശക്തികളും ഉൽപ്പാദനബന്ധങ്ങളും ഉൾപ്പെടുന്നു. ഭൂമി, അധ്വാനം, സാങ്കേതികവിദ്യ, ഊർജസ്രോതസ്സുകൾ (വൈദ്യുതി, കൽക്കരി, പെട്രോളിയം മുതലായവ) തുടങ്ങിയ ഉൽപ്പാദന ഉപാധികളെയാണ്, അഥവാ ഉൽപ്പാദനഘടകങ്ങളെയാണ് ഉൽപ്പാദനശക്തികൾ എന്നു പറയുന്നത്. ഉൽപ്പാദനബന്ധത്തിൽ ഏർപ്പെട്ടിരിക്കുന്ന സാമ്പത്തികബന്ധങ്ങൾ, തൊഴിൽ സംഘാടന രീതികൾ എന്നിവയാണ് ഉൽപ്പാദനബന്ധങ്ങൾ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഉൽപ്പാദനബന്ധങ്ങൾ സാമ്പത്തികബന്ധങ്ങളുമാണ്. അഥവാ ഉൽപ്പാദനരീതികളെ നിയന്ത്രിക്കുന്ന ഉടമസ്ഥാവകാശത്തെ അടിസ്ഥാനമാക്കിയുള്ള ബന്ധങ്ങൾ.

ഉദാഹരണത്തിന്, പ്രാകൃത കമ്മ്യൂണിസം എന്ന ഉൽപ്പാദനരീതിയിൽ പ്രകൃതിയും (വനങ്ങൾ, ഭൂമി, മൃഗങ്ങൾ മുതലായ) പ്രാകൃത സാങ്കേതികവിദ്യയുമാണ് (ശിലോപകരണങ്ങൾ, നായാട്ടിനുള്ള ആയുധങ്ങൾ) ഉൽപ്പാദനശക്തികളിൽ ഉൾപ്പെട്ടിരിക്കുന്നത്. ആ കാലത്തെ ഉൽപ്പാദനബന്ധങ്ങളുടെ അടിസ്ഥാനം സാമുദായികസമ്പത്തായിരുന്നു (സ്വകാര്യസ്വത്ത് ആ കാലത്ത് നിലനിന്നിരുന്നില്ല). ഗോത്രരീതിയിലുള്ള നായാട്ടും ഭക്ഷ്യശേഖരണവുമായിരുന്നു പ്രധാന അധ്വാന സംഘടനാരൂപങ്ങൾ.

ഉൽപ്പാദനശക്തികളും ഉൽപ്പാദനബന്ധങ്ങളും അടങ്ങുന്നതാണ് സാമ്പത്തിക അടിത്തറ. ഈ അടിത്തറയിലാണ് സാമൂഹിക-സാമ്പത്തിക-രാഷ്ട്രീയസ്ഥാപനങ്ങൾ നിലകൊള്ളുന്നത്. അതിനാൽ മതം, കല, നിയമം, സാഹിത്യം, വിവിധതരത്തിലുള്ള വിശ്വാസങ്ങൾ, ആശയങ്ങൾ എന്നിവ അടിത്തറയുടെ മേൽ കെട്ടിപ്പൊക്കിയ മേൽപ്പുരയുടെ (Super Structure) ഭാഗമാണ്. മനുഷ്യൻ എങ്ങനെയാണ് അവന്റെ ഉപജീവനമാർഗം സമ്പാദിക്കുന്നത് എന്നത് അവൻ എങ്ങനെ ചിന്തിക്കണമെന്നു നിർണയിക്കുന്നു. ഭൗതികജീവിതമാണ് ആശയങ്ങളെ രൂപപ്പെടുത്തുന്നത്. മറിച്ച്, ആശയങ്ങൾ ഭൗതികജീവിതത്തെ രൂപപ്പെടുത്തുന്നില്ല. മാക്സിന്റെ ഈ വാദഗതി അക്കാലത്തു നിലനിന്നിരുന്ന ചിന്താരീതികൾക്കെതിരായിരുന്നു. മനുഷ്യൻ അവൻ ആഗ്രഹിക്കുന്ന തരത്തിൽ സ്വതന്ത്രമായി ചിന്തിക്കുന്നു, ആശയങ്ങൾ ലോകത്തെ രൂപപ്പെടുത്തുന്നു എന്നുള്ള സർവസാധാരണമായ വാദഗതികൾക്ക് എതിരായിരുന്നു മാക്സിന്റെ വാദങ്ങൾ.

മാക്സ് പ്രധാനമായും ഊന്നൽനൽകിയത് സാമ്പത്തികഘടനകൾക്കും പ്രക്രിയകൾക്കു

മാണ്. കാരണം, ചരിത്രത്തിലുടനീളം ഓരോ സാമൂഹികവ്യവസ്ഥയുടെയും അടിത്തറ രൂപീകരിച്ചത് അവയാണെന്ന് അദ്ദേഹം വിശ്വസിച്ചു. സമ്പദ്‌വ്യവസ്ഥ എങ്ങനെയാണ് പ്രവർത്തിക്കുന്നതെന്നും ഭൂതകാലത്തിൽ അതിന് എങ്ങനെയാണ് മാറ്റങ്ങളുണ്ടായതെന്നും നാം മനസ്സിലാക്കുകയാണെങ്കിൽ ഭാവിയിൽ സമൂഹത്തെ എങ്ങനെ മാറ്റാമെന്നും നമുക്കു മനസ്സിലാക്കാൻ കഴിയുമെന്ന് അദ്ദേഹം വാദിച്ചു. പക്ഷേ, എങ്ങനെ അപ്രകാരമുള്ള മാറ്റം കൊണ്ടുവരാൻ സാധിക്കും? മറുപടി വർഗസമരത്തിലൂടെ എന്നായിരുന്നു.

## വർഗസമരം (Class Struggle)

ജനങ്ങളെ സാമൂഹികവിഭാഗങ്ങളായി തരംതിരിക്കുന്നത് ഉൽപ്പാദനപ്രക്രിയുടെ അടിസ്ഥാനത്തിലായിരിക്കണമെന്നും മതം, ഭാഷ, ദേശീയത തുടങ്ങിയവ ഇതിന് മാനദണ്ഡങ്ങളാവരുതെന്നും മാക്സ് അഭിപ്രായപ്പെട്ടു. ഉൽപ്പാദനപ്രക്രിയയിൽ ഒരേ പദവിയിലുള്ളവർ കാലക്രമത്തിൽ ഒരു വർഗമായിത്തീരുമെന്ന് അദ്ദേഹം വാദിച്ചു. ഉൽപ്പാദനപ്രക്രിയയിലെ സ്ഥാനങ്ങൾക്കനുസരിച്ചും ഉടമസ്ഥബന്ധങ്ങൾക്കനുസരിച്ചും ഓരോ വർഗവും അവരുടേതായ താൽപ്പര്യങ്ങളും ലക്ഷ്യങ്ങളും പങ്കിടുന്നു. ചരിത്രപരമായ പ്രക്രിയയിലൂടെ വർഗങ്ങൾ രൂപീകൃതമാവുകയും സാഹചര്യങ്ങളുടെയും ഉൽപ്പാദനശക്തികളുടെയും പരിണതഫലമായി നേരത്തേയുള്ള വർഗങ്ങൾ തമ്മിലുള്ള സംഘർഷങ്ങളിലൂടെ മാറ്റങ്ങൾക്കു വിധേയമാവുകയും ചെയ്യുന്നു. ഉൽപ്പാദനരീതികൾ മാറ്റങ്ങളുണ്ടാക്കുമ്പോൾ വ്യത്യസ്ത വർഗങ്ങൾ തമ്മിൽ സംഘർഷങ്ങൾ ആരംഭിക്കുകയും അത് സമരത്തിനു കാരണമാവുകയും ചെയ്യുന്നു. ഉദാഹരണത്തിന്, മുതലാളിത്ത ഉൽപ്പാദനരീതി തൊഴിലാളിവർഗത്തെ സൃഷ്ടിക്കുന്നു. ജന്മിത്ത കാർഷികവ്യവസറയുടെ നാശമാണ് സ്വത്തൊന്നുമില്ലാത്ത ഈ പുതിയ നാഗരികവർഗത്തിന്റെ ഉത്ഭവത്തിനു വഴിയൊരുക്കിയത്. ജന്മിത്തം ക്ഷയിച്ചതോടെ അടിമത്തവും ചെറുകർഷകരും ഭൂമിയിൽനിന്നു പുറന്തള്ളപ്പെട്ടു. ഉപജീവനമാർഗം നഷ്ടപ്പെട്ട അവർ തൊഴിലന്വേഷിച്ച് നഗരങ്ങളിലേക്കു കുടിയേറി. നിയമത്തിന്റെയും പോലീസിന്റെയും സമ്മർദംമൂലം നഗരങ്ങളിൽ പുതിയതായി പണികഴിപ്പിക്കപ്പെട്ട ഫാക്ടറികളിൽ പണിയെടുക്കാൻ അവർ നിർബന്ധിതരായി. പുതിയതായി ഉടലെടുത്ത വലിയ സ്വത്തൊന്നുമില്ലാത്ത സാമൂഹിക സംഘം ഉൽപ്പാദനപ്രക്രിയയിൽ തൊഴിലാളികളുടെ ഒരു വർഗമായിത്തീർന്നു.

വർഗസമരത്തിന്റെ ഉപജ്ഞാതാവാണ് മാക്സ്. സാമൂഹികമാറ്റത്തിന്റെ പ്രധാന ചാലകശക്തിയാണ് വർഗസമരമെന്ന് അദ്ദേഹം വിശ്വസിച്ചു. 'കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ' യിൽ (The Communist Manifesto) മാക്സും ഏംഗൽസും അവരുടെ അഭിപ്രായങ്ങൾ വ്യക്തവും സംക്ഷിപ്തവുമായ രീതിയിൽ അവതരിപ്പിക്കുന്നുണ്ട്. അതിന്റെ പ്രാരംഭ വരികൾ ഇങ്ങനെ പ്രഖ്യാപിക്കുന്നു: *നാളിതുവരെയുള്ള സമൂഹങ്ങളുടെ ചരിത്രം വർഗസമരങ്ങളുടെ ചരിത്രമാണ്.* വർഗസമരത്തിന്റെ പ്രകൃതം ഓരോ ചരിത്രകാലഘട്ടത്തിലും വ്യത്യസ്തമായിരുന്നുവെന്ന് അവർ ചൂണ്ടിക്കാട്ടി. പ്രാകൃതസമൂഹത്തിൽനിന്ന് ആധുനിക സമൂഹത്തിലേക്കുള്ള മാറ്റത്തിന്റെ ഓരോ ഘട്ടത്തിലും മർദ്ദകരും മർദ്ദിതരും തമ്മിൽ സംഘർഷങ്ങൾ ഉണ്ടായിട്ടുണ്ട്. മാക്സും ഏംഗൽസും ഇപ്രകാരം തുടരുന്നു: *സ്വതന്ത്രനും അടിമയും കുലീനനും സാധാരണക്കാരനും ജന്മിയും കുടിയാനും സംഘടിത സംഘനേതാവും തൊഴിൽപരിശീലനം നേടിയവരും മുതലാളിയും തൊഴിലാളിയും, ഒറ്റവാക്കിൽ മർദ്ദകനും മർദ്ദിതനും തമ്മിൽ എപ്പോഴും പരസ്പരം എതിർത്തുകൊണ്ടു ചിലപ്പോൾ ഒളിഞ്ഞും മറ്റു ചിലപ്പോൾ പരസ്യമായും നിരന്തരമായ സമരം നടത്തിയിരുന്നു.*

ഓരോ കാലഘട്ടത്തിലെയും എതിരിടുന്ന വർഗങ്ങളെ തിരിച്ചറിയുന്നത് ഉൽപ്പാദന പ്രക്രിയയിലെ വൈരുധ്യങ്ങളിൽനിന്നാണ്. മുതലാളിത്തവ്യവസ്ഥിതിയിൽ എല്ലാ ഉൽപ്പാദന മാർഗങ്ങളും (മൂലധനം, ഫാക്ടറികൾ, യന്ത്രം, ഭൂമി മുതലായവ) ബൂർഷ്വാസിയുടെ അഥവാ മുതലാളിമാരുടെ ഉടമസ്ഥതയിലാണ്. ഉൽപ്പാദനമാർഗങ്ങളുടെമേൽ തൊഴിലാളികൾക്ക് പണ്ടുണ്ടായിരുന്ന ഉടമസ്ഥത അവർക്കു നഷ്ടപ്പെട്ടു. അങ്ങനെ മുതലാളിത്ത സാമൂഹികക്രമത്തിൽ തൊഴിലാളികൾക്കു ജീവിക്കാൻ സ്വന്തം അധ്വാനം കൂലിക്കായി വിൽക്കുകയല്ലാതെ മറ്റൊരു മാർഗവുമുണ്ടായിരുന്നില്ല. കാരണം, അവരുടെ ഉടമസ്ഥതയിൽ ഒന്നുമുണ്ടായിരുന്നില്ല.



സഹപാഠികൾക്കിടയിലുള്ള സംഘങ്ങൾ മാക്സിന്റെ കാഴ്ചപ്പാടിൽ വർഗമാണോ? ഇതിനോട് നിങ്ങൾക്കുള്ള യോജിപ്പും വിയോജിപ്പും എഴുതുക.

തൊഴിൽശാലയിലെ തൊഴിലാളികളും കൃഷിക്കാരും ഒരേ വർഗത്തിലാണോ? ഒരേ തൊഴിൽശാലയിലെ മാനേജർമാരും തൊഴിലാളികളും ഒരേ വർഗത്തിലാണോ? നഗരത്തിൽ താമസിക്കുന്ന പണക്കാരായ തൊഴിൽശാലാ ഉടമകളും ഗ്രാമത്തിൽ താമസിക്കുന്ന പാവപ്പെട്ട, ഭൂമിയുടെ ഉടമസ്ഥരല്ലാത്ത കർഷകരും ഒരേ വർഗത്തിലാണോ? ഒരേ ഗ്രാമത്തിൽ താമസിക്കുന്ന വലിയ ഭൂവുടമകളായ ജന്മിമാരും ഭൂവുടമകളായ സാധാരണകർഷകരും ഒരേ വർഗത്തിലാണോ?


മുകളിൽ തന്നിരിക്കുന്ന ഉദാഹരണങ്ങൾക്കുള്ള വിശദീകരണത്തിന് ഉചിതമായ കാരണങ്ങൾ കണ്ടെത്തുക. (നിർദേശങ്ങൾ: ഓരോ സംഘവും വച്ചുപുലർത്തുന്ന താൽപ്പര്യങ്ങൾ എന്തൊക്കെയാണെന്ന് നോക്കുക; ഉൽപ്പാദനപ്രക്രിയയിൽ ഓരോരുത്തർക്കുമുള്ള സ്ഥാനം വിലയിരുത്തുക).

രണ്ടുവർഗങ്ങൾ പരസ്പരം പോരടിക്കുന്നുണ്ടെങ്കിലും അവർക്കിടയിൽ സ്വമേധയാ സംഘട്ടനമുണ്ടാവുകയില്ല. കാരണം, വർഗസമരമുണ്ടാവണമെങ്കിൽ അവർ തങ്ങളുടെ വർഗതാൽപ്പര്യങ്ങളെക്കുറിച്ചും സ്വത്വത്തെക്കുറിച്ചും ബോധ്യമുള്ളവരായിരിക്കണം. അതുപോലെ അവരുടെ എതിരാളികളുടെ താൽപ്പര്യങ്ങളും സ്വത്വങ്ങളും അവർ തിരിച്ചറിയണം. രാഷ്ട്രീയമുന്നേറ്റത്തിലൂടെ വർഗബോധം (Class Consiousness) വളർത്തിയെടുത്താൽ മാത്രമേ വർഗസംഘട്ടനം സംഭവിക്കുകയുള്ളൂ. ഇത്തരം സംഘട്ടനങ്ങളിലൂടെ മർദ്ദിത-കീഴാളവർഗങ്ങൾ പ്രബലവർഗത്തെ അഥവാ ഭരണവർഗത്തെ നിഷ്കാസനം ചെയ്യുന്നതിനെയാണ് വിപ്ലവം എന്നു പറയുന്നത്.

സാമ്പത്തികപ്രക്രിയകൾ വൈരുധ്യങ്ങൾ സൃഷ്ടിക്കുമെന്നും അവ വർഗസമരത്തിലേക്കു നയിക്കുമെന്നും മാക്സ് പ്രസ്താവിച്ചു. പക്ഷേ, സാമ്പത്തികപ്രക്രിയകൾ സ്വയം വിപ്ലവത്തിലേക്കു നയിക്കുകയില്ല. സമൂഹത്തിന്റെ സമ്പൂർണപരിവർത്തനത്തിന് സാമൂഹികവും രാഷ്ട്രീയവുമായ പ്രക്രിയകൾകൂടി ആവശ്യമാണ്. സാമ്പത്തിക-സാമൂഹിക-രാഷ്ട്രീയ പ്രക്രിയകൾ തമ്മിലുള്ള ബന്ധങ്ങൾ സങ്കീർണങ്ങളാകുന്നതിന് പ്രത്യയശാസ്ത്രങ്ങളുടെ സാന്നിധ്യം കാരണമായിട്ടുണ്ട്. ഭരണവർഗം എക്കാലത്തും ഒരു പ്രബല പ്രത്യയശാസ്ത്രം ഉയർത്തിപ്പിടിക്കാറുണ്ട്. ഈ പ്രബല പ്രത്യയശാസ്ത്രം ഭരണവർഗത്തിന്റെ ആധിപത്യത്തെയും നിലവിലുള്ള സാമൂഹികക്രമത്തെയും ന്യായീകരിക്കുന്നു. ഉദാഹരണത്തിന്, ജനങ്ങൾ ദരിദ്രരായത് സമ്പന്നരുടെ ചൂഷണം കൊണ്ടല്ലെന്നും അത് അവരുടെ വിധിയാണെന്നും അല്ലെങ്കിൽ കഴിഞ്ഞ ജന്മത്തിലെ പാപഫലമാണെന്നുമൊക്കെ ഈ പ്രത്യയശാസ്ത്രങ്ങൾ ദരിദ്രരെ വിശ്വസിപ്പിക്കാൻ ശ്രമിച്ചു. എന്നാൽ പ്രബലപ്രത്യയശാസ്ത്രങ്ങൾ എപ്പോഴും വിജയിക്കാറില്ല.

ബദൽ ലോകവീക്ഷണങ്ങളും എതിർ പ്രത്യയശാസ്ത്രങ്ങളും അവയെ വെല്ലുവിളിക്കാറുണ്ട്. വർഗങ്ങളുടെ ഇടയിൽ അവബോധം അസന്തുലിതമായി നിലനിൽക്കുമ്പോൾ മുൻകൂട്ടി തീരുമാനിക്കപ്പെടാത്ത ഒരു ചരിത്രസാഹചര്യത്തിൽ എങ്ങനെയാണ് ഒരു വർഗം പ്രതികരിക്കുക? അതുകൊണ്ട് മാക്സിന്റെ അഭിപ്രായത്തിൽ സാമ്പത്തികപ്രക്രിയകളാണ് വർഗസമരങ്ങൾ സൃഷ്ടിക്കുന്നത്. എങ്കിലും ഇതു രാഷ്ട്രീയവും സാമൂഹികവുമായ അവസരങ്ങളെയും ആശ്രയിച്ചിരിക്കുന്നു. അനുകൂലമായ സാഹചര്യങ്ങൾ ഉണ്ടാവുമ്പോൾ വർഗസമരങ്ങൾ വിപ്ലവത്തിൽ കലാശിക്കും.

**എമിൽ ദുർഖീം (Emile Durkheim - 1858 - 1917 )**



1858 ഏപ്രിൽ 15-ന് ഫ്രാൻസിലെ ജർമൻ അതിർത്തിക്കടുത്തുള്ള ലോറൈൻ പ്രദേശത്തെ എപ്പിനൽ എന്ന സ്ഥലത്താണ് ദുർഖീം ജനിച്ചത്. അദ്ദേഹം ഒരു യഥാസ്ഥിതിക ജൂതകുടുംബത്തിലാണ് ജനിച്ചത്. അദ്ദേഹത്തിന്റെ അച്ഛനും മുത്തച്ഛനും മുതുമുത്തച്ഛനും ജൂതപുരോഹിതന്മാരായിരുന്നു. തുടക്കത്തിൽ എമിലിനെയും ജൂതമതപഠനത്തിനായി സ്കൂളിൽ അയച്ചു.

1876: തത്ത്വശാസ്ത്രം പഠിക്കാനായി പാരിസിലെ ഇക്കോൾ നോർമൽ സുപ്പീരിയറിൽ ചേർന്നു.

1887: ബോർഡക്സ് സർവകലാശാലയിൽ വിദ്യാഭ്യാസ-സമൂഹശാസ്ത്രവിഭാഗത്തിൽ ലക്ചററായി നിയമിതനായി.

1893: അദ്ദേഹത്തിന്റെ ഗവേഷണപ്രബന്ധമായ 'തൊഴിൽവിഭജനം സമൂഹത്തിൽ' പ്രസിദ്ധീകരിച്ചു.

1895: Rules of Sociological Method പ്രസിദ്ധീകരിച്ചു.

1897: ഫ്രാൻസിലെ ആദ്യത്തെ സമൂഹശാസ്ത്രജേണലായ, 'സമൂഹശാസ്ത്രരീതിയിലെ നിയമങ്ങൾ' (Anee Sociologique) ആരംഭിച്ചു. അദ്ദേഹത്തിന്റെ പ്രശസ്തമായ പഠനം 'ആത്മഹത്യ' (Suicide) പ്രസിദ്ധീകരിച്ചു.

1902: പാരിസ് സർവകലാശാലയിൽ വിദ്യാഭ്യാസവകുപ്പിന്റെ അധ്യക്ഷപദവി ഏറ്റെടുത്തു. ഈ വിദ്യാഭ്യാസ ചെയർ പിന്നീട് 1913ൽ ചെയർ ഓഫ് എജ്യുക്കേഷൻ & സോഷ്യോളജി എന്നു പുനർനാമകരണം ചെയ്തു.

1912: 'മതപരമായ ജീവിതത്തിന്റെ പ്രാരംഭരൂപങ്ങൾ' (The Elementary Forms of Religious Life) എന്ന ഗ്രന്ഥം പ്രസിദ്ധീകരിച്ചു.

1917: 59-ാം വയസ്സിൽ മകൻ ആന്ദ്രേ ഒന്നാം ലോകയുദ്ധത്തിൽ കൊല്ലപ്പെട്ടതിനെ തുടർന്ന് ഹൃദയാഘാതത്താൽ മരിച്ചു.

സമൂഹശാസ്ത്രത്തെ ഒരു ഔപചാരിക വിഷയമാക്കി മാറ്റിയത് എമിൽ ദുർഖീം ആണ്. 1913ൽ അദ്ദേഹം പാരിസിലെ പ്രഥമ സമൂഹശാസ്ത്ര പ്രഫസറായി. ഒരു യഥാസ്ഥിതിക ജൂതകുടുംബത്തിൽ ജനിച്ച ദുർഖീമിന് പ്രാഥമികവിദ്യാഭ്യാസം ലഭിച്ചത് ജൂത മതവിദ്യാലയത്തിൽനിന്നാണ്. 1896-ൽ അദ്ദേഹം എക്കോൾ നോർമൽ സുപ്പീരിയറിൽ ചേരുകയും മതപരമായ കെട്ടുപാടുകൾ ഉപേക്ഷിച്ച് ഒരു അജ്ഞേയവാദി (Agnostic)

യായി മാറുകയുമുണ്ടായി. എങ്കിലും അദ്ദേഹത്തിനു ലഭിച്ച സദാചാരശിക്ഷണം സമൂഹശാസ്ത്രപരമായ ചിന്തകളിൽ വലിയ സ്വാധീനം ചെലുത്തി. വ്യക്തികളുടെ പെരുമാറ്റരീതികളെ നിർണയിക്കുന്ന മുഖ്യസവിശേഷതകളാണ് സദാചാരനിയമങ്ങൾ. ഒരു മതാധിഷ്ഠിത കുടുംബത്തിൽ നിന്നുവന്ന ദുർഖീം മതത്തെ മതേതര കാഴ്ചപ്പാടിലൂടെ മനസ്സിലാക്കാൻ ശ്രമിച്ചു. ഈ ആഗ്രഹം അദ്ദേഹം സഫലീകരിച്ചത് 'മതജീവിതത്തിന്റെ പ്രാഥമികരൂപങ്ങൾ' എന്ന അദ്ദേഹത്തിന്റെ അവസാനത്തെ ഗ്രന്ഥത്തിന്റെ രചനയിലൂടെയാണ്.

വ്യക്തിക്കു മുകളിൽ ധാർമിക സമുദായമായി നിലനിൽക്കുന്ന ഒരു സാമൂഹിക വസ്തുത (Social fact) യായാണ് ദുർഖീം സമൂഹത്തെ കണ്ടത്. ജനങ്ങളെ സംഘങ്ങളിൽ കൂട്ടിനിർത്തുന്ന ബന്ധങ്ങൾ സമൂഹത്തിന്റെ നിലനിൽപ്പിന് അത്യാവശ്യമാണ്. ഈ ബന്ധങ്ങൾ അഥവാ ഐക്യദാർഢ്യം വ്യക്തികളെ സംഘങ്ങളുടെ വഴക്കങ്ങളോടും പ്രതീക്ഷകളോടും ചേർന്നുപോകാൻ സമ്മർദം ചെലുത്തുന്നു. ഇതു വ്യക്തികളുടെ പെരുമാറ്റരീതികളെ നിയന്ത്രിക്കുന്നു. പെരുമാറ്റരീതികൾ പ്രവചിക്കാനാവുമെന്ന് ദുർഖീം അഭിപ്രായപ്പെടുന്നു. പെരുമാറ്റരീതികൾ നിരീക്ഷിച്ചുകൊണ്ട് അവയെ നിയന്ത്രിക്കുന്ന വഴക്കങ്ങൾ, സംഹിതകൾ, സാമൂഹിക ഐക്യദാർഢ്യം എന്നിവ തിരിച്ചറിയാൻ കഴിയും. അങ്ങനെ ജനങ്ങളുടെ പെരുമാറ്റരീതികൾ പഠിച്ചുകൊണ്ട് അദൃശ്യമായ കാര്യങ്ങളായ ആശയങ്ങൾ, വഴക്കങ്ങൾ, മൂല്യങ്ങൾ തുടങ്ങിയവയെ അനുഭവസിദ്ധപരമായി (Empirical) പരിശോധിക്കാൻ കഴിയും.

കൂട്ടായ തീരുമാനപ്രകാരം വ്യക്തികളുടെമേൽ ചുമത്തപ്പെടുന്ന ഒരു പെരുമാറ്റസംഹിതയായാണ് ദുർഖീം സാമൂഹികതയെ കണ്ടത്. ഇത് നമ്മുടെ ദൈനംദിന ജീവിതശീലങ്ങളിൽ പ്രകടമാണ്. ധാർമികവസ്തുതകളുടെ (Moral Facts) അടിസ്ഥാനത്തിൽ സമൂഹത്തെ ശാസ്ത്രീയമായി മനസ്സിലാക്കാനാണ് ദുർഖീം ശ്രമിച്ചത്. ധാർമികവസ്തുതകൾ മറ്റുള്ളവയെപോലുള്ള പ്രതിഭാസങ്ങളാണെന്ന് അദ്ദേഹം എഴുതി. തിരിച്ചറിയാൻ കഴിയുന്ന ചില സവിശേഷതകളുള്ള പ്രവർത്തനനിയമങ്ങളാണ് അവയിൽ അടങ്ങിയിരിക്കുന്നത്. അവയെ നിരീക്ഷണവിധേയമാക്കാനും വിവരിക്കാനും തരംതിരിക്കാനും ചില നിയമങ്ങളുടെ അടിസ്ഥാനത്തിൽ വിശദീകരിക്കാനും കഴിയും. പ്രത്യേക സാഹചര്യങ്ങളുടെ പ്രതിഫലനങ്ങളാണ് ധാർമിക സംഹിതകൾ. അതുകൊണ്ട് ഒരു സമൂഹത്തിനു യോജിച്ച ധാർമികത മറ്റൊരു സമൂഹത്തിന് അനുയോജ്യമായിരിക്കില്ല. നിലവിലുള്ള സാമൂഹികസാഹചര്യങ്ങളെ ധാർമികസംഹിതകളിലൂടെ അനുമാനിക്കാൻ കഴിയുമെന്ന് ദുർഖീം വാദിച്ചു. ഇത് സമൂഹശാസ്ത്രത്തെ പ്രകൃതിശാസ്തങ്ങളുമായി താരതമ്യപ്പെടുത്തുകയും ഒരു ശാസ്ത്രീയവിഷയമായി സമൂഹശാസ്ത്രത്തെ സ്ഥാപിക്കുകയും ചെയ്യുന്നു.

### സമൂഹശാസ്ത്രത്തെക്കുറിച്ചുള്ള ദുർഖീമിന്റെ വീക്ഷണം (Durkheim's Vision of Sociology)

സമൂഹശാസ്ത്രത്തെ ഒരു പുതിയ ശാസ്ത്രീയവിഷയമായിട്ടാണ് ദുർഖീം കണ്ടത്. സമൂഹശാസ്ത്രത്തിന് രണ്ടു സവിശേഷതകളുണ്ട്. ഒന്നാമതായി, സമൂഹശാസ്ത്തിലെ പ്രതിപാദ്യവിഷയം അഥവാ സാമൂഹിക വസ്തുതകളെക്കുറിച്ചുള്ള പഠനം മറ്റു ശാസ്ത്രങ്ങളിൽനിന്നു വ്യത്യസ്തമാണ്. സമൂഹശാസ്ത്രത്തെ മറ്റു ശാസ്ത്രങ്ങളിൽ നിന്നു വ്യത്യസ്തമാക്കുന്നത് അതിന്റെ ആവിർഭാവതല (Emergent Level) പഠനമാണ്. അതായത്, സാമൂഹികപ്രതിഭാസം ആവിർഭവിക്കുന്ന സങ്കീർണമായ കൂട്ടായ ജീവിതതലമാണ്. ഉദാ

ഹരണത്തിന്, സാമൂഹികസ്ഥാപനങ്ങളായ കുടുംബം, മതം, സാമൂഹികമൂല്യങ്ങൾ, സൗഹൃദം, ദേശസ്നേഹം മുതലായവ അവയ്ക്കുപരിയായ ഒരു സങ്കീർണമായ കൂട്ടായ്മയിൽ മാത്രമേ ഉണ്ടാവുകയുള്ളൂ. വ്യക്തികൾ ചേർന്നാണ് കൂട്ടായ്മ ഉണ്ടാവുന്നതെങ്കിലും അത് വ്യക്തികൾക്കു പരിയായ ഒന്നാണ്. ഉദാഹരണത്തിന്, ഒരു ഫുട്ബോൾടീം വ്യക്തികൾ ചേർന്നാണ് രൂപീകരിക്കപ്പെടുന്നതെങ്കിലും അത് വ്യക്തികൾക്കുപരിയായ ഒന്നായിത്തീരുന്നു. അതുപോലെ സാമൂഹിക അസ്തിത്വങ്ങളായ സംഘം, രാഷ്ട്രീയപ്പാർട്ടികൾ, തെരുവുസംഘങ്ങൾ, മതസമുദായങ്ങൾ, ദേശങ്ങൾ മുതലായവ വ്യക്തികൾക്കു പരിയായ ഒരു യാഥാർഥ്യമാണ്. ഈ ആവിർഭാവതലമാണ് സമൂഹശാസ്ത്രം പഠിക്കുന്നത്.

ദുർഖീമിന്റെ സമൂഹശാസ്ത്രവീക്ഷണത്തിന്റെ രണ്ടാമത്തെ സവിശേഷത, സമൂഹശാസ്ത്രം പ്രകൃതിശാസ്ത്രങ്ങളെപോലെ അനുഭവസിദ്ധമായ ഒരു വിജ്ഞാനശാഖയാണ് എന്നതാണ്. സാമൂഹികപ്രതിഭാസങ്ങൾക്ക് അമൂർത്ത സ്വഭാവമുള്ളതു കാരണം ഇതു സ്ഥാപിക്കാൻ പ്രയാസമുള്ള അവകാശവാദമാണ്. ജൈനസമുദായം, ബംഗാളി സംസാരിക്കുന്ന ജനത, നേപ്പാളികൾ അല്ലെങ്കിൽ ഈജിപ്ഷ്യൻ ദേശീയസമൂഹം എന്നിങ്ങനെയുള്ള കൂട്ടായ്മകളെ നമുക്കു ദർശിക്കാൻ സാധ്യമല്ല. ഒരു മതത്തെയോ കുട്ടിയെയോ മേഘങ്ങളെയോ നമുക്കു കാണാൻ കഴിയും പോലെ, ഒരു കുടുംബം അല്ലെങ്കിൽ നാടകസംഘം എന്നിവ പോലെയുള്ള ചെറിയ സാമൂഹികപ്രതിഭാസങ്ങളിൽപോലും നമുക്ക് വ്യക്തികളെ മാത്രമേ വ്യക്തമായി കാണാൻ കഴിയൂ. അവിടെയൊന്നും വ്യക്തികൾ ചേർന്നുണ്ടാക്കുന്ന കൂട്ടായ്മയെ കാണാൻ കഴിയില്ല. സമൂഹശാസ്ത്രം സാമൂഹികവസ്തുതകൾ പോലുള്ള അമൂർത്ത വിഷയങ്ങളാണ് കൈകാര്യം ചെയ്യുന്നതെങ്കിലും അവയെ നിരീക്ഷിക്കാനും അനുഭവസിദ്ധമായ തെളിവുകൾകൊണ്ട് പരിശോധിക്കാനും കഴിയുമെന്നു കാണിച്ചുകൊടുത്തതാണ് ദുർഖീമിന്റെ ഏറ്റവും മുഖ്യമായ നേട്ടം. സാമൂഹികവസ്തുതകളെ പ്രത്യക്ഷമായി നിരീക്ഷിക്കാൻ കഴിയുകയില്ലെങ്കിലും പെരുമാറ്റരീതികളിലൂടെ പരോക്ഷമായ നിരീക്ഷണത്തിനു വിധേയമാക്കാൻ സാധിക്കും. അനുഭവസിദ്ധമായി ദത്തങ്ങൾ ശേഖരിച്ചുകൊണ്ട് നടത്തിയ ഇത്തരം പഠനങ്ങൾക്ക് ഉദാഹരണമാണ് അദ്ദേഹത്തിന്റെ 'ആത്മഹത്യ' (Suicide) എന്ന പഠനം. ഒരു വ്യക്തിയുടെ ആത്മഹത്യ സ്വകാര്യകാരണങ്ങളാലോ സാഹചര്യങ്ങളാലോ ആയിരിക്കാം. എന്നാൽ ഒരു സമുദായത്തിലെ ശരാശരി ആത്മഹത്യാനിരക്ക് വൻതോതിൽ കൂടുമ്പോൾ സാമൂഹിക വസ്തുതയാകുന്നു. ഇത്തരത്തിൽ സാമൂഹികവസ്തുതകളെ സാമൂഹിക പെരുമാറ്റത്തിലൂടെ, പ്രത്യേകിച്ച് സാമൂഹിക പെരുമാറ്റത്തിന്റെ കൂട്ടായ മാതൃകകളിലൂടെ നിരീക്ഷിക്കാൻ കഴിയും. സാമൂഹികവസ്തുതകൾ എന്നാൽ എന്താണ്? സാമൂഹികവസ്തുതകൾ വസ്തുക്കളെപ്പോലെയാണ്. അവ വ്യക്തിക്കു ബാഹ്യമാണെങ്കിലും അവരുടെ സ്വഭാവത്തെ അടക്കി നിർത്തുന്നു (constrain). നിയമം, വിദ്യാഭ്യാസം, മതം പോലെയുള്ള സ്ഥാപനങ്ങൾ എന്നിവ അവയിലുൾപ്പെടുന്നു. ജനങ്ങളുടെ കൂട്ടായ്മയിൽ നിന്നാണ് സാമൂഹിക വസ്തുതകൾ ആവിർഭവിക്കുന്നത്. അവ ഒരു വ്യക്തിക്കുവേണ്ടിയുള്ളതല്ല. എന്നാൽ വ്യക്തിയിൽനിന്നു സ്വതന്ത്രമായ ഒരു പൊതുസ്വഭാവമാണുള്ളത്.

### സമൂഹത്തിലെ തൊഴിൽവിഭജനം (Division of Labour in Society)

ദുർഖീം അദ്ദേഹത്തിന്റെ 'തൊഴിൽവിഭജനം സമൂഹത്തിൽ' (Division of labour in society) എന്ന ആദ്യഗ്രന്ഥത്തിൽ പ്രാകൃതകാലം മുതൽ ആധുനികകാലഘട്ടം വരെയുള്ള

സമൂഹത്തിന്റെ പരിണാമം അവതരിപ്പിച്ചിട്ടുണ്ട്. അതത് സമൂഹത്തിൽ നിലനിന്നിരുന്ന സാമൂഹിക ഐക്യദാർഢ്യത്തിന്റെ (Social solidarity) സ്വഭാവമനുസരിച്ചാണ് അദ്ദേഹം സമൂഹത്തെ വിഭജിച്ചത്. പ്രാകൃതസമൂഹം യാന്ത്രിക ഐക്യദാർഢ്യത്തിന്റെയും (Mechanical solidarity) ആധുനികസമൂഹം ജൈവ ഐക്യദാർഢ്യത്തിന്റെയും (Organic solidarity) അടിസ്ഥാനത്തിലാണ് സംഘടിപ്പിക്കപ്പെട്ടതെന്ന് അദ്ദേഹം വാദിച്ചു. വ്യക്തികൾ തമ്മിലുള്ള സാദൃശ്യത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപിക്കപ്പെടുന്നതാണ് യാന്ത്രിക ഐക്യദാർഢ്യം. ചെറിയ ജനസംഖ്യയുള്ള സമൂഹങ്ങളിലാണ് ഇതു കണ്ടുവരുന്നത്. ഒരേപോലെയുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സ്വയംപര്യാപ്തതയുള്ള വ്യത്യസ്ത സംഘങ്ങളുടെ ഒരു കൂട്ടായ്മയാണത്. ജനങ്ങൾ തമ്മിലുള്ള ഐക്യത്തിന്റെ അടിസ്ഥാനം സാദൃശ്യവും വ്യക്തിബന്ധങ്ങളുമായതിനാൽ അത്തരം സമൂഹങ്ങളിൽ വ്യത്യസ്തതകളെ അതു പൊറുപ്പിക്കില്ല. സാമൂഹികമാനദണ്ഡങ്ങളിൽ നിന്നുള്ള വ്യതിയാനങ്ങൾ ശിക്ഷകൾ ക്ഷണിച്ചുവരുത്തുകയും ചെയ്യുന്നു. മറ്റൊരർഥത്തിൽ പറഞ്ഞാൽ, യാന്ത്രിക ഐക്യദാർഢ്യത്തെ അടിസ്ഥാനമാക്കിയുള്ള സമൂഹങ്ങളിൽ സാമുദായികമാനദണ്ഡങ്ങളിൽ നിന്നുള്ള വ്യതിയാനങ്ങൾ തടയിടാൻ കർശനമായ അടിച്ചമർത്തൽ നിയമങ്ങൾ (Repressive Laws) നടപ്പിലാക്കും. ഇത്തരം സമൂഹങ്ങളിൽ വ്യക്തിയും സമുദായവും തമ്മിൽ ഗാഢമായ കെട്ടുറപ്പ് നിലനിൽക്കുന്നു. പെരുമാറ്റച്ചട്ടങ്ങ ളുടെ ലംഘനം സമുദായത്തെ ശിഥിലമാക്കുമെന്ന ഭയമാണ് ഇത്തരം നിയമങ്ങൾ കൊണ്ടുവരാനുള്ള കാരണം.

അംഗങ്ങൾക്കിടയിൽ നിലനിൽക്കുന്ന വ്യത്യസ്തതകളുടെ അടിസ്ഥാനത്തിലുള്ള ജൈവ ഐക്യദാർഢ്യമാണ് ആധുനികസമൂഹത്തിന്റെ സവിശേഷത. വ്യക്തിബന്ധങ്ങൾക്കു വലിയ പ്രാധാന്യമില്ലാത്ത വലിയ ജനസംഖ്യയുള്ള സമൂഹങ്ങളിലാണ് ഇതു കണ്ടുവരുന്നത്. അത്തരത്തിലുള്ള സാമൂഹികസ്ഥാപനങ്ങളിലെ സംഘങ്ങൾക്ക് അഥവാ യൂണിറ്റുകൾക്ക് സ്വയംപര്യാപ്തത ഉണ്ടായിരിക്കില്ല. അതിനാൽ നിലനിൽപ്പിനു വേണ്ടി മറ്റു സംഘങ്ങളെ അവർക്ക് ആശ്രയിക്കേണ്ടിവരുന്നു. പരസ്പരാശ്രയത്വമാണ് ജൈവ ഐക്യദാർഢ്യത്തിന്റെ സത്ത. അത് വ്യക്തികൾക്കു പ്രാധാന്യം നൽകുകയും അവരുടെ വ്യത്യസ്ത പങ്കുകളും ബന്ധങ്ങളും അംഗീകരിക്കുകയും ചെയ്യുന്നു. ആധുനിക സമൂഹത്തിലെ നിയമങ്ങൾ മർദ്ദനാത്മകമല്ല, തിരുത്തലുകൾക്കു വിധേയമാണ്. എന്നാൽ പ്രാകൃതസമൂഹങ്ങളിലെ നിയമം തെറ്റുകാരെ ശിക്ഷിക്കുന്നതിനും സംഘടിതമായി പ്രതികാരനടപടികളെടുക്കുന്നതിനുമാണ് ശ്രമിച്ചിരുന്നത്. ആധുനികസമൂഹത്തിൽ വ്യക്തിക്ക് ഒരുപരിധിവരെ സ്വാശ്രയത്വം നൽകുന്നു. എന്നാൽ പ്രാകൃതസമൂഹങ്ങളിൽ വ്യക്തി കൂട്ടായ്മയിൽ ലയിച്ചുചേരുകയാണ് ചെയ്യുന്നത്.

ഒരേ ലക്ഷ്യങ്ങളുള്ള വ്യക്തികൾ ഒന്നിച്ചുചേർന്ന് സംഘങ്ങളും സമാജങ്ങളും രൂപീകരിക്കുക എന്നത് ആധുനികസമൂഹ ങ്ങളുടെ സവിശേഷതയാണ്. ഈ സംഘ ങ്ങൾക്കെല്ലാം നിശ്ചിത ലക്ഷ്യങ്ങളാണുള്ളത്. അതുകൊണ്ടു തന്നെ അവ പരസ്പരം വ്യത്യസ്തതകൾ നിലനിർത്തുന്നുണ്ടെങ്കിലും അതിലെ അംഗങ്ങളുടെ മൊത്തം ജീവിതത്തെ ഏറ്റെടുക്കാൻ ആഗ്രഹിക്കുന്നില്ല. ചുരുക്കത്തിൽ, വ്യക്തികൾക്ക് വ്യത്യസ്ത സാഹചര്യങ്ങളിൽ വ്യത്യസ്ത സ്വത്വങ്ങളുണ്ട്. സമുദായത്തിന്റെ തണലിൽനിന്നു മാറി അവരുടെ പങ്കിനും ധർമങ്ങൾക്കുമനുസരിച്ച് സ്വത്വം രൂപപ്പെടുത്താൻ വ്യക്തികളെ ഇതു സഹായിക്കുന്നു. അടിസ്ഥാനാവശ്യങ്ങളായ ഭക്ഷണം, വസ്ത്രം, പാർപ്പിടം, വിദ്യാഭ്യാസം എന്നിവ നിറവേറ്റുന്നതിന് എല്ലാ വ്യക്തികൾക്കും മറ്റുള്ളവരെ ആശ്രയിക്കേണ്ടിവരുന്നു. ഇത് മറ്റുള്ളവരുമായുള്ള അവരുടെ ഇടപെടലുകളുടെ തീവ്രത വർധിപ്പിക്കുന്നു. ഇത്തരം സമൂഹങ്ങളിൽ

സാമൂഹികബന്ധങ്ങളെ നിയന്ത്രിക്കുന്നതിന് വ്യക്തിപരമല്ലാത്ത നിയമങ്ങളും നിയന്ത്രണങ്ങളും ആവശ്യമാണ്. കാരണം വലിയ ജനസംഖ്യയുള്ള സമൂഹങ്ങളിൽ വ്യക്തിബന്ധങ്ങൾ നിലനിർത്താൻ കഴിയുകയില്ല.

ദുർഖീമിന്റെ അഭിപ്രായത്തിൽ തൊഴിൽ വിഭജനമാണ് ഇത്തരം ജൈവിക ഐക്യം നിലനിർത്തുന്നത്. അദ്ദേഹം ഒരു പുതിയ ശാസ്ത്രീയവിജ്ഞാനശാഖ സൃഷ്ടിക്കുന്നതിനായി പരിശ്രമിച്ചു. അനുഭവസിദ്ധങ്ങളായ പഠനങ്ങളിലൂടെ വ്യത്യസ്ത സാമൂഹിക ഐക്യദാർഢ്യങ്ങളെ ഒരു സാമൂഹികവസ്തുത എന്ന രീതിയിൽ ചർച്ചചെയ്യാമെന്നദ്ദേഹം തെളിയിച്ചു. വിവിധ സമൂഹങ്ങളെക്കുറിച്ചും സാമൂഹികബന്ധങ്ങളെക്കുറിച്ചും വസ്തുനിഷ്ഠവും മതേതരവുമായ അദ്ദേഹത്തിന്റെ അപഗ്രഥനങ്ങൾ സമൂഹത്തിന്റെ ഒരു പുതിയ ശാസ്ത്രം എന്ന നിലയിൽ സമൂഹ ശാസ്ത്രത്തിന്റെ ആവിർഭാവത്തിനു വഴി തെളിച്ചു.

**മാക്സ് വെബർ (Max Weber) (1864-1920)**



1864 ഏപ്രിൽ 21-ന് ജർമനിയിലെ എർഫട്ട് എന്ന സ്ഥലത്തെ ഒരു പ്രഷ്യൻ കുടുംബത്തിൽ മാക്സ് വെബർ ജനിച്ചു. അദ്ദേഹത്തിന്റെ പിതാവ് മജിസ്ട്രേറ്റും രാഷ്ട്രീയക്കാരനും സ്വേച്ഛാധിപത്യത്തിന്റെ അനുകൂലിയും ബിസ്മാർക്കിന്റെ അനുയായിയുമായിരുന്നു. മാതാവ് ഹെയ്ഡൽബർഗിലെ പുരോഗമനചിന്താഗതിയുള്ള പ്രശസ്തമായ ഒരു കുടുംബത്തിലെ ഒരംഗമായിരുന്നു.

1882: നിയമപഠനത്തിനുവേണ്ടി ഹെയ്ഡൽബർഗിലേക്കു പോയി.

1884: ഗോട്ടിംഗൻ (Gottingen), ബെർലിൻ എന്നീ സർവകലാശാലകളിൽ പഠിച്ചു.

1889: A Contribution to the History of Medieval Business Organization എന്ന ഗവേഷണപ്രബന്ധം ഡോക്ടറേറ്റിനു വേണ്ടി സമർപ്പിച്ചു.

1891: Roman Agrarian history and significance for public and private Law എന്ന പ്രബന്ധം സമർപ്പിച്ചു. ഈ പ്രബന്ധത്തിലൂടെയാണ് അദ്ദേഹം ഒരു അധ്യാപകനായി മാറുന്നത്.

1893: മെറിനീ സ്കാൻജറിനെ (Marianne Schintger) വിവാഹം കഴിച്ചു.

1894–96 ആദ്യം ഫ്രീബെർഗിലും പിന്നീട് ഹെയ്ഡൽബർഗിലും സാമ്പത്തികശാസ്ത്ര പ്രഫസറായി നിയമിക്കപ്പെട്ടു.

1897–1901: നാഡീസംബന്ധമായ രോഗം ബാധിച്ച് കിടപ്പിലാവുകയും ജോലിചെയ്യാൻ കഴിയാതെ പിന്നീട് റോമിലേക്കു പോവുകയും ചെയ്തു.

1901: ജോലിയിൽ തിരിച്ചെത്തി.

1903: ആർക്കൈവ്സ് ഫോർ സോഷ്യൽ സയൻസസ് ആന്റ് സോഷ്യൽ വെൽഫയർ എന്ന ജേണലിന്റെ അസോസിയേറ്റ് എഡിറ്ററായി.

1904: അമേരിക്കയിലേക്കു യാത്ര. പ്രോട്ടസ്റ്റന്റ് എതിക്സ് ആന്റ് ദി സ്പിരിറ്റ് ഓഫ് ക്യാപ്പിറ്റലിസം പ്രസിദ്ധീകരിച്ചു.

1919: മ്യൂണിക്ക് സർവകലാശാലയിൽ ഇക്കോണമിക്സ് പ്രഫസറായി.

1920: മരണം.

അദ്ദേഹത്തെ പ്രശസ്തനാക്കിയ എല്ലാ രചനകളും മരണശേഷം മാത്രമാണ് വിവർത്തനം ചെയ്യപ്പെടുകയും പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കപ്പെടുകയും ചെയ്തത്.



കാൾ മാക്സിന്റെയും ദുർഖീമിന്റെയും സാമൂഹിക തൊഴിൽവിഭജനത്തെക്കുറിച്ചുള്ള വാദഗതികൾ താരതമ്യംചെയ്യുക. സമൂഹത്തിന്റെ പരിണാമത്തെക്കുറിച്ചും ഉൽപ്പാദനരംഗത്ത് സങ്കീർണമായ സാമൂഹികസംഘടനകളെക്കുറിച്ചും തൊഴിൽവിഭജനത്തെക്കുറിച്ചും വ്യത്യസ്ത സാമൂഹികസംഘങ്ങൾക്കിടയിൽ അതുണ്ടാക്കുന്ന അനിവാര്യമായ പരസ്പരാശ്രയത്വത്തെക്കുറിച്ചും ഇവർ രണ്ടുപേരും ഒരേ അഭിപ്രായം അംഗീകരിക്കുന്നു. എന്നാൽ ദുർഖീം ഐക്യദാർഢ്യത്തിനു പ്രാധാന്യം നൽകുമ്പോൾ മാക്സ് സംഘർഷങ്ങൾക്കാണു പ്രാധാന്യം നൽകുന്നത്. ഇതേക്കുറിച്ച് നിങ്ങളുടെ അഭിപ്രായമെന്താണ്? ആധുനികസമൂഹത്തെക്കുറിച്ചുള്ള മാക്സിന്റെ നിഗമനങ്ങൾ തെറ്റാണെന്നു നിങ്ങൾ കരുതുന്നുണ്ടോ? ഉദാഹരണത്തിന്, ജനങ്ങൾ വ്യത്യസ്ത വർഗപശ്ചാത്തലങ്ങളിൽ സംഘടനാതാൽപ്പര്യത്തോടെ ഒരുമിച്ചുകൂടുന്ന സാഹചര്യത്തെക്കുറിച്ചു നിങ്ങൾ ചിന്തിക്കുന്നുണ്ടോ? മാക്സിന് ഇന്നും ഒരു സ്ഥാനം ഉണ്ടെന്ന പ്രതിവാദഗതി നിങ്ങൾ അംഗീകരിക്കുന്നുണ്ടോ?

വ്യക്തിക്ക് കൂടുതൽ സ്വാതന്ത്ര്യമുള്ള ആധുനികസമൂഹത്തിൽ ദുർഖീമിന് തെറ്റുപറ്റിയെന്ന് നിങ്ങൾ കരുതുന്നുണ്ടോ? ഉദാഹരണത്തിന്, വസ്ത്രം, സംഗീതം പോലെയുള്ള പോപ്പുലർ ഫാഷനുകളെ ബഹുജനമാധ്യമങ്ങളുടെ പ്രചാരം മാനകവൽക്കരിച്ചു എന്നതു ശരിയാണോ? ഇന്നു വ്യത്യസ്ത സാമൂഹികസംഘങ്ങളിലും രാഷ്ട്രങ്ങളിലും പ്രദേശങ്ങളിലുമുള്ള ജനങ്ങൾ മുൻകാലങ്ങളേക്കാൾ ഒരേ സംഗീതം ശ്രവിക്കാനും ഒരേതരത്തിലുള്ള വസ്ത്രം ധരിക്കാനും ഇഷ്ടപ്പെടുന്നുണ്ടോ? ഇതിൽനിന്നു ദുർഖീമിന് തെറ്റുപറ്റിയെന്നു തോന്നുണ്ടോ? ഈ പശ്ചാത്തലത്തിൽ അനുകൂലമായും പ്രതികൂലമായുമുള്ള വാദഗതികൾ എന്തായിരിക്കും?

ഓർക്കുക, സമൂഹശാസ്ത്രം ഗണിതശാസ്ത്രം പോലെ ഒരേയൊരു മറുപടിമാത്രം നൽകുന്നതല്ല. മനുഷ്യരെ സംബന്ധിച്ചും സമൂഹത്തെക്കുറിച്ചുമുള്ളതെല്ലാം ഒന്നിൽ കൂടുതൽ ശരിയുത്തരങ്ങൾക്ക് സാധ്യതയുള്ളവയാണ്. അഥവാ ഒരു സാഹചര്യത്തിൽ ശരിയാവുന്നത് മറ്റൊരു സാഹചര്യത്തിൽ തെറ്റായിരിക്കും. അല്ലെങ്കിൽ ഭാഗികമായി ശരിയോ തെറ്റോ ആയിരിക്കും. മറ്റൊരുതരത്തിൽ പറഞ്ഞാൽ സാമൂഹികലോകം അതീവസങ്കീർണമാണ്. അത് സമയത്തിനും സ്ഥലത്തിനുമനുസരിച്ച് മാറിക്കൊണ്ടിരിക്കുന്നു. അതുകൊണ്ടുതന്നെ ഒരു ഉത്തരം ഒരു പ്രത്യേക സാഹചര്യത്തിൽ ശരിയോ തെറ്റോ ആകുന്നതെങ്ങനെയെന്നതിനെക്കുറിച്ചു ശ്രദ്ധാപൂർവം പഠിക്കുക എന്നത് ഏറെ പ്രാധാന്യമർഹിക്കുന്നു.

ജർമൻ സാമൂഹികചിന്തകനായ മാക്സ് വെബർ അദ്ദേഹത്തിന്റെ കാലഘട്ടത്തിലെ പ്രഗല്ഭരിലൊരാളായിരുന്നു. ഏറെക്കാലം ശാരീരികവും മാനസികവുമായ രോഗം ബാധിച്ചിട്ടും സമൂഹശാസ്ത്രരചനകളിൽ മികച്ച സംഭാവനകൾ നൽകി. പലവിഷയങ്ങളെക്കുറിച്ചും അദ്ദേഹം രചനകൾ നടത്തിയിട്ടുണ്ടെങ്കിലും സാമൂഹികപെരുമാറ്റത്തെക്കുറിച്ചുള്ള വ്യാഖ്യാനാത്മക സമൂഹശാസ്ത്രരൂപത്തിലും ശക്തി, ആധിപത്യം എന്നീ വിഷയങ്ങളിലും അദ്ദേഹം ശ്രദ്ധ കേന്ദ്രീകരിച്ചു. അദ്ദേഹത്തിന്റെ മറ്റൊരു പ്രധാന പഠനം ആധുനികസമൂഹത്തിലെ യുക്തിവൽക്കരണ (Rationalisation) പ്രക്രിയയെക്കുറിച്ചും ലോകത്തിലെ വ്യത്യസ്ത മതങ്ങൾ ഈ പ്രക്രിയയുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്നതിനെക്കുറിച്ചുമാണ്.

### മാക്സ് വെബറും വ്യാഖ്യാനാത്മക സമൂഹശാസ്ത്രവും (Max Weber and Interpretive Sociology)

സമൂഹശാസ്ത്രത്തിന്റെ ആത്യന്തിക ലക്ഷ്യം സാമൂഹികപെരുമാറ്റങ്ങളെ വ്യാഖ്യാനിച്ചു മനസ്സിലാക്കലാണെന്ന് വെബർ വാദിച്ചു. ഭൗതികലോകത്തെ നിയന്ത്രിക്കുന്ന പ്രകൃതി നിയമങ്ങൾ കണ്ടുപിടിക്കുക എന്ന ലക്ഷ്യമുള്ള പ്രകൃതിശാസ്ത്രങ്ങളിൽനിന്നു തികച്ചും വ്യത്യസ്തമാണിത്. അതുകൊണ്ടുതന്നെ സമൂഹശാസ്ത്രത്തിന്റെ മുഖ്യപ്രതിപാദ്യ വിഷയം സാമൂഹികപെരുമാറ്റമാണ് (Social action). മനുഷ്യ പെരുമാറ്റങ്ങൾക്ക് നിഷ്ഠമായ അർഥങ്ങളുള്ളതുകൊണ്ടുതന്നെ സമൂഹശാസ്ത്രത്തിന്റെ അന്വേഷണരീതികൾ പ്രകൃതി ശാസ്ത്രത്തിൽനിന്നു വ്യത്യസ്തമാണ്. മനുഷ്യരുടെ അർഥവത്തായ എല്ലാ സ്വഭാവങ്ങളും സാമൂഹികപെരുമാറ്റമാണെന്ന് വെബർ അഭിപ്രായപ്പെട്ടു. അതായത്, പെരുമാറ്റം അർഥവത്തായിരിക്കും. സാമൂഹികപെരുമാറ്റത്തെക്കുറിച്ചു പഠിക്കുമ്പോൾ പ്രവർത്തകർ പ്രവർത്തനത്തിനു കൽപ്പിച്ചിട്ടുള്ള അർഥം കണ്ടുപിടിക്കുക എന്നതാണ് സമൂഹശാസ്ത്രത്തിന്റെ മുഖ്യചുമതല. ഈ ചുമതല നിറവേറ്റാൻ കഴിയണമെങ്കിൽ സമൂഹശാസ്ത്രജ്ഞർ സ്വയംതന്നെ പ്രവർത്തനങ്ങളുടെ അർഥം സങ്കൽപ്പിച്ചെടുക്കണം. സഹഭാവധാരണയെക്കുറിച്ചുള്ള വ്യവസ്ഥാപിതമായ പഠനമാണ് സമൂഹശാസ്ത്രം. അതായത്, ഈ ധാരണയുടെ അടിസ്ഥാനം സഹതാപമല്ല (Sympathy), സഹഭാവമാണ് (Empathy). സാമൂഹികപ്രവർത്തകർക്കു പിറകിലുള്ള പ്രേരണകളും ആത്മനിഷ്ഠമായ അർഥങ്ങളും മനസ്സിലാക്കാൻ സഹഭാവധാരണ സമൂഹശാസ്ത്രജ്ഞരെ പ്രാപ്തരാക്കുന്നു.

സമൂഹശാസ്ത്രങ്ങൾ വളർത്തിയെടുക്കേണ്ട പ്രത്യേകവും സങ്കീർണവുമായ വസ്തു നിഷ്ഠതയെക്കുറിച്ച് ആദ്യമായി ചർച്ചചെയ്തത് മാക്സ് വെബറാണ്. സാമൂഹികലോകം സ്ഥാപിക്കപ്പെട്ടിട്ടുള്ളത് ആത്മനിഷ്ഠാപരമായ മാനുഷികാർഥങ്ങൾ, മൂല്യങ്ങൾ, വികാരങ്ങൾ, മുൻവിധികൾ, ആശയങ്ങൾ എന്നിവയിന്മേലാണ്. ഈ ലോകത്തെക്കുറിച്ചു പഠിക്കാൻ സമൂഹശാസ് ത്രങ്ങൾക്ക് ആത്മനിഷ്ഠപരമായ അർഥങ്ങൾ ചർച്ചചെയ്യൽ അനിവാര്യമാണ്. ഈ അർഥങ്ങൾ മനസ്സിലാക്കുന്നതിനും കൃത്യമായി വിശദീകരിക്കുന്നതിനും സമൂഹശാസ്ത്രജ്ഞർ സഹഭാവധാരണ എന്ന അന്വേഷണ രീതി തുടർച്ചയായി പ്രയോഗിക്കേണ്ടിവരും. ആത്മനിഷ്ഠമായ വസ്തുതകളെക്കുറിച്ചാണ് നടത്തുന്നതെങ്കിലും ഈ അന്വേഷണങ്ങൾ വസ്തുനിഷ്ഠമാണ്.

സമൂഹത്തിൽ പ്രവർത്തിക്കുന്നവരുടെ (Social Actor) പ്രേരണകളും ആത്മനിഷ്ഠമായ അർഥങ്ങളും സത്യസന്ധമായി രേഖപ്പെടുത്താൻ സഹ ഭാവധാരണ സമൂഹശാസ്ത്രജ്ഞനോട് ആവശ്യപ്പെടുന്നു. സമൂഹശാസ്ത്രജ്ഞന്റെ വ്യക്തിപരമായ അഭിപ്രായങ്ങളും വിശ്വാസങ്ങളും ഈ പ്രക്രിയയെ ഒരുതരത്തിലും സ്വാധീനിക്കാൻ പാടില്ല.

സമൂഹശാസ്ത്രജ്ഞർ മറ്റുള്ളവരുടെ ആത്മനിഷ്ഠമായ വികാരങ്ങൾ വിശദീകരിക്കുകയാണു വേണ്ടത്. അല്ലാതെ വിധിയെഴുതുകയല്ല. ഇത്തരത്തിലുള്ള വസ്തുനിഷ്ഠതയെ വെബർ മൂല്യനിരപേക്ഷത (Value Neutrality) എന്നാണു വിളിച്ചത്.

സമൂഹശാസ്ത്രജ്ഞർ ആത്മനിഷ്ഠമായ മൂല്യങ്ങളെ സ്വന്തം വികാരങ്ങളുടെയോ അഭിപ്രായങ്ങളുടെയോ അടിസ്ഥാനത്തിൽ സ്വാധീനിക്കപ്പെടാതെ നിഷ്പക്ഷമായി രേഖപ്പെടുത്തണം. ആത്മനിഷ്ഠമായ വിശ്വാസങ്ങളും മുൻവിധികളുമുള്ള സമൂഹത്തിലെ അംഗമായ സമൂഹശാസ്ത്രജ്ഞന് ഇത് ഏറെ പ്രയാസകരമാണെന്ന് വെബർ അംഗീകരിക്കുന്നുണ്ട്. മറ്റുള്ളവരുടെ മൂല്യങ്ങളും കാഴ്ച

പ്പാടുകളും വിശദീകരിക്കുമ്പോൾ മൂല്യ നിരപേക്ഷത പാലിക്കാൻ സമൂഹശാസ്ത്ര ജ്ഞർ സ്വയം വലിയതോതിൽ അച്ചടക്കം പാലിക്കേണ്ടതുണ്ട്. അതുകൊണ്ടുതന്നെ ഇത്തരം സന്ദർഭങ്ങളിൽ അവൻ ചില ഉറച്ച തീരുമാനങ്ങൾ (Iron will) എടുക്കേണ്ടിവരും.

സമൂഹശാസ്ത്രപഠനത്തിൽ സഹഭാവ ധാരണ കൂടാതെ ആദർശമാതൃക (Ideal type) എന്നൊരു രീതിശാസ്ത്രപരമായ പഠനരീതി വെബർ നിർദ്ദേശിക്കുന്നുണ്ട്. ഒരു സാമൂഹി കപ്രതിഭാസത്തിന്റെ മുഖ്യസവിശേഷതകൾ ഉയർത്തിക്കാണിക്കുന്ന യുക്തിപരമായ സറിരത പുലർത്തുന്ന മാതൃകകളാണ് ആദർശമാതൃകകൾ. യാഥാർഥ്യങ്ങളെ പുനരുൽപ്പാദിപ്പിക്കുന്നതിനു പകരം ആശയ പരമായി അപഗ്രഥിക്കാനാണ് ഈ ടൂൾ ഉപയോഗിക്കുന്നത്. ആദർശമാതൃകയിൽ സാമൂഹികപ്രതിഭാസത്തിന്റെ അപഗ്രഥന തലത്തിൽ പ്രാധാന്യമർഹിക്കുന്ന സവിശേ ഷതകൾ പെരുപ്പിച്ചു കാണിക്കുകയും അല്ലാ ത്തവ അവഗണിക്കുകയും ചെയ്യുന്നു. എന്നാൽ വിശാല അർഥത്തിൽ വിലയിരുത്തുമ്പോൾ ആദർശമാതൃകകൾ യാഥാർഥ്യവുമായി പൊരു ത്തപ്പെട്ടുപോകുന്നുണ്ടെങ്കിലും അതിന്റെ പ്രധാന ജോലി സാമൂഹികപ്രതിഭാസത്തിന്റെ പ്രധാന സവിശേഷതകളും ബന്ധങ്ങളും അപഗ്രഥനം ചെയ്യാൻ സഹായിക്കലാണ്. ഒരു ആദർശമാതൃകയെ വിലയിരുത്തുന്നത് വിവ രണത്തിൽ അതു പാലിക്കുന്ന കൃത്യതയു ടെയും സമഗ്രതയുടെയും അടിസറാനത്തിൽ അല്ല, കാര്യങ്ങൾ അപഗ്രഥിക്കുന്നതിനും മനസ്സിലാക്കുന്നതിനും അത് എത്രത്തോളം സഹായകമാണ് എന്നതിന്റെ അടിസറാന ത്തിലാണ്.

വ്യത്യസ്ത നാഗരികതകളിലെ സാമൂഹിക ലോകവും ലോകമതങ്ങളുടെ മൂല്യങ്ങളും തമ്മിലുള്ള ബന്ധം വിശകലനം ചെയ്യാൻ വെബർ ആദർശമാതൃക ഉപയോഗപ്പെടു ത്തിയിട്ടുണ്ട്. ഈ പശ്ചാത്തലത്തിലാണ് വെബർ ക്രിസ്തുമതത്തിലെ പ്രൊട്ടസ്റ്റന്റ് വിഭാഗങ്ങളുടെ മൂല്യങ്ങൾ യൂറോപ്പിൽ മുതലാളിത്തത്തിന്റെ വളർച്ചയെ ഏറെ സ്വാധീനിച്ചു എന്ന് അഭിപ്രായപ്പെടുന്നത്.

ആദർശമാതൃക ഉപയോഗിച്ച് വെബർ അധികാരത്തെ പരമ്പരാഗതം (traditional) , വ്യക്തിപ്രഭാവം (charismatic), യുക്തിപരവും (Rational) നിയമപരവുമായ (Legal) അധികാരം എന്നിങ്ങനെ മൂന്നായി തിരിക്കുന്നുണ്ട്. ഇതിൽ പരമ്പരാഗത അധികാരത്തിന്റെ ഉറവിടം ആചാരങ്ങളും കീഴ്വഴക്കങ്ങളുമാണ്. ദിവ്യ സ്രോതസ്സുകളിൽനിന്നോ അല്ലെങ്കിൽ ദൈവത്തിൽനിന്നോ ലഭിക്കുന്ന അംഗീകാ രത്തെ വ്യക്തിപ്രഭാവ അധികാരമെന്നു വിളിക്കാം. യുക്തിപരവും നിയമപരവുമായ അധികാരം നിയമത്തിൽ അധിഷ്ഠിതമാണ്. ഇത് ആധുനികസമൂഹത്തിന്റെ സവിശേഷത യുമാണ്. ലിഖിതമായ നിയമങ്ങളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിലാണ് ഇവ നിലകൊള്ളുന്നത്. അതു നടപ്പിലാക്കു ന്നതിനുള്ള ചുമതല ഉദ്യോഗസറരിൽ നിക്ഷിപ്തമാണ്.

### ഉദ്യോഗസ്ഥവൃന്ദം (Bureaucracy)

സ്വകാര്യജീവിതത്തിൽനിന്നു തികച്ചും വ്യത്യസ്തമായ ഒരു സംഘാടനരീതിയാണ് ഉദ്യോഗസ്ഥവൃന്ദം. പൊതുമേഖലയിലുള്ള പെരുമാറ്റരീതികൾ ചില ബാഹ്യരീതി കളിലൂടെയും നിയമങ്ങളിലൂടെയും നിയ ന്ത്രണങ്ങളിലൂടെയും നടപ്പാക്കുന്നു എന്ന താണ് ഇതിന്റെ പ്രത്യേകത. കൂടാതെ ഒരു പൊതുസറാപനം എന്ന നിലയ്ക്ക് ഉദ്യോഗസറ വൃന്ദം ഉദ്യോഗസറരുടെ അധികാരത്തെ ഉത്തരവാദിത്വങ്ങളുടെ പേരിൽ നിയന്ത്രി ക്കുന്നു. ഇത് ഒരിക്കലും അവർക്ക് പരമാധി കാരം നൽകുന്നില്ല.

താഴെ പറയുന്നവയാണ് ഉദ്യോഗസ്ഥ വൃന്ദത്തിന്റെ പ്രധാന സവിശേഷതകൾ

1. ഉദ്യോഗസ്ഥരുടെ പ്രവർത്തനം (Functioning of officials )
2. സ്ഥാനങ്ങളുടെ ശ്രേണീകരണം (Hierarchical ordering of positions)
3. ലിഖിതപ്രമാണത്തിൻമേലുള്ള ആശ്രയത്വം (Reliance on written documents)
4. ഓഫീസ് നടത്തിപ്പ് (Office Management)
5. ഓഫീസിലെ പെരുമാറ്റം (Conduct in office)

**ഉദ്യോഗസ്ഥരുടെ പ്രവർത്തനം**: ബ്യൂറോക്രസിയിൽ ഉദ്യോഗസ്ഥർക്കു നിയമത്താൽ നിർവചിക്കപ്പെട്ട നിശ്ചിത അധികാരപരിധി ഉണ്ടായിരിക്കും. അത് നിയമങ്ങളുടെയും അടിസ്ഥാനത്തിലായിരിക്കും. ഉദ്യോഗസ്ഥവൃന്ദത്തിലെ ദൈനംദിനപ്രവർത്തനങ്ങൾ ഔദ്യോഗികചുമതലകളായി വീതിച്ചു കൊടുക്കും. കൂടാതെ ഉന്നതാധികാരികളുടെ കല്പനകൾ കീഴുദ്യോഗസ്ഥർ കൃത്യമായി നടപ്പിലാക്കുകയും വേണം. നിശ്ചിതയോഗ്യത യുള്ളവരെ മാത്രമേ ചുമതലാനിർവഹണത്തിന് നിയമിക്കുകയുള്ളൂ. ഉദ്യോഗസ്ഥ വൃന്ദത്തിലെ ഔദ്യോഗികപദവികൾ ഉദ്യോഗസ്ഥരുടെ കാലാവധി കഴിഞ്ഞാലും നില നിൽക്കും.

**സ്ഥാനങ്ങളുടെ ശ്രേണീകരണം**

അധികാരവും ഓഫീസും ശ്രേണീബന്ധിതമാണ്. ഇതിൽ ഉയർന്ന ഉദ്യോഗസ്ഥർക്കെതിരെയുള്ള തീരുമാനങ്ങൾ തൃപ്തികരമല്ലെങ്കിൽ അവർക്ക് മേലധികാരിക്കൾക്ക് അപ്പീൽ നൽകാൻ അധികാരമുണ്ടായിരിക്കും.

**ലിഖിതപ്രമാണത്തിലുള്ള ആശ്രയത്വം**

ഒരു ഉദ്യോഗസ്ഥവൃന്ദത്തിലെ ഭരണ നിർവഹണം നടക്കുന്നതു രേഖകളായി സൂക്ഷിക്കപ്പെടുന്ന ലിഖിതപ്രമാണങ്ങളുടെ അടിസ്ഥാനത്തിലാണ്. ഇത്തരത്തിൽ സഞ്ചിതമായ പല തീരുമാനങ്ങളും ഓഫീസുകളിൽ സൂക്ഷിക്കപ്പെടും. ഉദ്യോഗസ്ഥരുടെ ഔദ്യോഗികമേഖല സ്വകാര്യജീവിതത്തിൽനിന്നു വേർതിരിക്കുന്നതിന്റെ ഭാഗമായിട്ടാണിത്.

**ഓഫീസ് നടത്തിപ്പ്**

ഓഫീസ് നടത്തിപ്പ് സവിശേഷവൽക്കരിക്കപ്പെട്ട ഒരു ആധുനിക പ്രവർത്തനമാണ്. അതിനാൽ പരിശീലനം ലഭിച്ച വിദഗ്ധരായ വ്യക്തികളുടെ സേവനം ഇതിനാവശ്യമാണ്.

**ഓഫീസിലെ പെരുമാറ്റം**

ഔദ്യോഗികപ്രവർത്തനങ്ങൾ നിർവഹിക്കുന്നതിന് ഓഫീസ് സമയത്തേക്കാൾ കൂടുതൽ സമയശ്രദ്ധ ആവശ്യമാണ്. അതു കൊണ്ട് ഒരുദ്യോഗസ്ഥന്റെ ഓഫീസിലുള്ള പെരുമാറ്റത്തെ നിയന്ത്രിക്കാൻ ചില നിയ മങ്ങളും ചട്ടങ്ങളുമുണ്ട്. ഇത് അയാളുടെ/അവളുടെ ഓഫീസിലുള്ള പെരുമാറ്റരീതിയെ സ്വകാര്യ മണ്ഡലത്തിലുള്ള പെരുമാറ്റരീതിയിൽ നിന്നു വേർതിരിക്കുന്നു. ഈ പെരുമാറ്റ ച്ചട്ടങ്ങളും നിയന്ത്രണങ്ങളും നിയമാനു സൃതമായതിനാൽ ഉദ്യോഗസ്ഥർക്ക് ഉത്തരം നൽകാൻ ബാധ്യതയുണ്ട്.

രാഷ്ട്രീയാധികാരത്തിന്റെ ആധുനികരൂപമായിട്ടാണ് വെബർ ഉദ്യോഗസ്ഥവൃന്ദത്തെ അവതരിപ്പിക്കുന്നത്. ഒരു വ്യക്തിയുടെ കഴിവും പരിശീലനവും ഉത്തരവാദിത്വങ്ങളും അതു നടപ്പിലാക്കുന്ന അധികാരികൾ എങ്ങനെയാണ് അംഗീകരിക്കുന്നത് എന്നദ്ദേഹം ഇവിടെ വരച്ചുകാണിക്കുന്നു. ഉദ്യോഗസ്ഥരുടെ ചുമതലകളും അധികാരങ്ങളും നിയമങ്ങളുടെ അടിസ്ഥാനത്തിൽ പരിധി നിർണയിക്കപ്പെട്ടതുകൊണ്ടുതന്നെ പൊതുമണ്ഡലങ്ങളിൽ അവരുടെ ഗുണഭോക്താക്കളോട് അവരെ പ്പോഴും വിധേയരായിരിക്കും.



താഴെ കൊടുത്തവ വെബറിന്റെ അഭിപ്രായത്തിൽ ഉദ്യോഗസ്ഥവൃന്ദത്തിന്റെ പരിധിയിൽ എത്രത്തോളം വരുന്നു എന്നു വിലയിരുത്തുക.

1. നിങ്ങളുടെ ക്ലാസ്മുറി
2. നിങ്ങളുടെ വിദ്യാലയം
3. ഒരു ഫുട്ബോൾ ടീം
4. ഒരു ഗ്രാമസഭ
5. ഒരു സിനിമാതാരത്തിന്റെ ഫാൻസ് അസോസിയേഷൻ
6. ഒരു കൂട്ടുകുടുംബം
8. ഒരു ഗ്രാമസമുദായം
9. ഒരു കപ്പലിലെ യാത്രാസംഘം
10. ഒരു കുറ്റവാളിസംഘം
11. ഒരു മതനേതാവിന്റെ അനുയായികൾ
12. ഒരു തിയേറ്ററിൽ സിനിമകാണുന്നവർ

ഇവയിൽ ഏതൊക്കെയാണ് ഉദ്യോഗസ്ഥവൃന്ദത്തിന്റെ സവിശേഷതകൾ ഉൾക്കൊള്ളുന്നത്? കാരണങ്ങൾ ചർച്ചചെയ്യുക. ചർച്ചയിലെ യോജിപ്പുകളും വിയോജിപ്പുകളും ശ്രദ്ധിക്കുക.



**അൽപ്പംകൂടി...**

### പാശ്ചാത്യ സമൂഹശാസ്ത്രജ്ഞർ

കാൾ മാക്സ്: വിപ്ലവകാരിയായ സമാജവാദി (Socialist). വിമർശനാത്മക യാഥാർഥ്യവാദദർശന കാഴ്ചപ്പാടിൽ മുതലാളിത്തത്തിന്റെയും വർഗത്തിന്റെയും ചരിത്ര-ഭൗതികവാദ സങ്കൽപ്പനങ്ങൾ വികസിപ്പിച്ചെടുത്തു.

എമിൽ ദുർഖീം: ഒരു പ്രജാധിപത്യ (Republican Reformist Liberal) പരിഷ്കരണ ഉദാരമതി. അദ്ദേഹത്തിന്റെ സമൂഹശാസ്ത്രരീതികളുടെ നവ ഗുണാത്മക ചട്ടങ്ങൾ (neo- positivist rules) ഐക്യദാർഢ്യം, ക്രമരാഹിത്യം, തൊഴിൽവിഭജനം, സംഘടിതക്ഷോഭം (Collective effervescence) എന്നീ ആശയങ്ങൾ രൂപീകരിക്കുന്നതിൽ സഹായിച്ചു.

മാക്സ് വെബർ: ഒരു അശുഭാപ്തിവിശ്വാസ 'സന്മാർഗ' ഉദാരമതി (Pessimistic 'ethical' liberal). മൂല്യോചിത ആദർശമാതൃകയുടെ നവ-കാന്ത്യൻ (Neo-kantian) വിജ്ഞാനസിദ്ധാന്തത്തിന്റെ ചട്ടക്കൂടിൽ നിന്നാണ് അദ്ദേഹം സംസ്കാരം, സാമ്പത്തികവ്യവസ്ഥ, ശക്തി എന്നിവയുടെ ബഹുമുഖപഠനങ്ങൾ നടത്തിയത്.

***Reference***

Korgen. K.O. (*et al*) 2009. The Engaged Sociologist. USA, Pine Forge Press



**അന്യവൽക്കരണം (Alienation)**

ഉൽപ്പാദനപ്രക്രിയിൽനിന്നും തൊഴിലിൽനിന്നും ഉൽപ്പന്നത്തിൽനിന്നും പ്രകൃതിയിൽനിന്നും എന്തിനേറെ, അവനവനിൽനിന്നുതന്നെയും മാറ്റിനിർത്തപ്പെടുന്ന മുതലാളിത്തത്തിലെ അവസ്ഥ.

**ജ്ഞാനോദയം (Enlightenment)**

പണ്ഡിതന്മാരാൽ മതപ്രമാണങ്ങൾ തള്ളിക്കളയപ്പെട്ട പതിനെട്ടാം നൂറ്റാണ്ടിൽ യുക്തിചിന്തയെ സത്യാന്വേഷണത്തിന്റെ ശരിയായ മാർഗമായിക്കണ്ടും മനുഷ്യനെ കേന്ദ്രസ്ഥാനത്തുനിർത്തിയും നടത്തപ്പെട്ട സാമൂഹിക ഇടപെടൽ.

**സാമൂഹികവസ്തുത (Social Fact)**

വ്യക്തികളാൽ നിർമിതമല്ലാത്ത സാമൂഹികയഥാർഥ്യങ്ങളുടെയും പെരുമാറ്റത്തിന്റെയും വിശ്വാസങ്ങളുടെയും കൂട്ടായ ക്രമങ്ങൾ **(Collective Pattern)** എന്നാൽ വ്യക്തികളിൽ സമർദം ചെലുത്തുകയും പെരുമാറ്റങ്ങളെ സ്വാധീനിക്കുകയും ചെയ്യുന്നു.

**ഉൽപ്പാദനോപാധി (Mode of Production)**

നീണ്ടകാലം നിലനിന്ന ഭൗതിക ഉൽപ്പാദനവ്യവസ്ഥ. ഓരോ ഉൽപ്പാദനോപാധിയും ഉൽപ്പാദനരീതികളാലും ഉൽപ്പാദനബന്ധങ്ങളാലും വ്യത്യാസപ്പെട്ടിരിക്കുന്നു.

**കാര്യാലയം (Office)**

ഉദ്യോഗസ്ഥമേധാവിത്വത്തിന്റെ പശ്ചാത്തലത്തിൽ വ്യക്തമായ അധികാരശക്തിയോടും ഉത്തരവാദിത്തങ്ങളോടുംകൂടിയ അനൗപചാരിക അധികാരമുള്ള അമൂർത്തമായ പൊതുസ്ഥാനം. അവിടെ നിയമിക്കപ്പെട്ട വ്യക്തികൾക്കതീതമായ നിലനിൽപ്പ് ആ കാര്യാലയത്തിനുണ്ട്.



1. സമൂഹശാസ്ത്രത്തിന്റെ വളർച്ചയ്ക്ക് ജ്ഞാനോദയത്തിന്റെ ആവശ്യകത എന്ത്?
2. സമൂഹശാസ്ത്രത്തിന്റെ ഉത്ഭവത്തിന് വ്യാവസായികവിപ്ലവത്തിന്റെ സ്വാധീനങ്ങൾ എന്തെല്ലാം?
3. ഉൽപ്പാദനോപാധികളുടെ ഘടകങ്ങൾ എന്തെല്ലാം?
4. മാക്സിന്റെ അഭിപ്രായത്തിൽ വർഗങ്ങൾ എന്തുകൊണ്ടാണ് സംഘർഷത്തിൽ ഏർപ്പെടുന്നത്?
5. സാമൂഹികവസ്തുതകൾ എന്നാലെന്ത്? അവയെ എങ്ങനെ തിരിച്ചറിയാം?
6. യാന്ത്രിക ഐക്യദാർഢ്യവും ജൈവ ഐക്യദാർഢ്യവും തമ്മിലുള്ള വ്യത്യാസങ്ങൾ എന്തെല്ലാം?
7. സാമൂഹിക ഐക്യദാർഢ്യത്തിന്റെ സൂചകങ്ങൾ സദാചാരനിയമമാണെന്ന് ഉദാഹരണസഹിതം വിശദീകരിക്കുക.
8. ഉദ്യോഗസ്ഥവൃന്ദത്തിന്റെ അടിസ്ഥാനലക്ഷണങ്ങൾ എന്തെല്ലാം?
9. സാമൂഹ്യശാസ്ത്രത്തിലെ (Social Science) വസ്തുനിഷ്ഠതയുടെ പ്രത്യേകതകൾ അല്ലെങ്കിൽ വ്യത്യസ്തത എന്താണ്?
10. ഇന്ത്യൻ സമകാലീനകാലഘട്ടത്തിൽ സാമൂഹികപ്രസ്ഥാനങ്ങളുടെ രൂപീകരണത്തിലേക്കു നയിച്ച ആശയങ്ങളോ സിദ്ധാന്തങ്ങളോ തിരിച്ചറിഞ്ഞ് എഴുതുക.
11. ഇന്ത്യയെക്കുറിച്ച് മാക്സും വെബറും എഴുതിയത് വിവരിക്കുക.
12. പഴയ ചിന്തകരുടെ രചനകൾ നാം പഠിക്കുന്നതെന്തിനാണ്? അവ പഠിക്കാതിരിക്കാനുള്ള ചില കാരണങ്ങൾകൂടി കണ്ടെത്തുക.



Bendix, Reinhard. 1960. *Max Weber: An Intellectual Portrait*. Anchor Books, New York

Durkheim, Emile. 1964. *The Division of Labour in Society*, (trans. By George Simpson), Macmillan, New York


IGNOU. 2004. ESO 13-1: *Early Sociology,* IGNOU, New Delhi

# ഇന്ത്യൻ സമൂഹശാസ്ത്രജ്ഞർ

# 5

R5Q6V1

# INDIAN SOCIOLOGISTS



യൂറോപ്പിലെ സാഹചര്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഇന്ത്യൻ സമൂഹശാസ്ത്രം യൗവനദശയിലാണ്. ഏതാണ്ട് ഒരു നൂറ്റാണ്ടു മുമ്പു മാത്രമാണ് സമൂഹശാസ്ത്രം ഒരു പാഠ്യവിഷയമായി ഇന്ത്യയിൽ ഉയർന്നുവരുന്നത്. പ്രാചീനകാലം മുതൽതന്നെ സമൂഹത്തെ സംബന്ധിച്ച ചിന്തകൾ ഇവിടെ നിലനിന്നിരുന്നു. എങ്കിലും ബ്രിട്ടീഷ് ഭരണാധികാരികളാണ് സമൂഹപഠനം ഒരു അക്കാദമികപരിശ്രമമായി പ്രോത്സാഹിപ്പിച്ചതും വളർത്തിയെടുത്തതും.

1919-ൽ ബോംബേ സർവകലാശാലയിൽ സമൂഹശാസ്ത്രപഠനം ആരംഭിച്ചു. ഇതോടെ ഇന്ത്യയിൽ സമൂഹശാസ്ത്രത്തിന് ഒരു പഠനവിഷയമെന്ന നിലയിൽ അംഗീകാരം ലഭിച്ചുതുടങ്ങി. തുടർന്ന് 1920-കളിൽ കൽക്കത്ത, ലഖ്നോ സർവകലാശാലകളിൽ സമൂഹശാസ്ത്രത്തിലും നരവംശശാസ്ത്രത്തിലും പഠനവും ഗവേഷണവും ആരംഭിച്ചു. ഇന്ത്യയിലെ എല്ലാ പ്രധാന സർവകലാശാലകളിലും ഇന്ന് സമൂഹശാസ്ത്രം (Sociology), സമൂഹനരവംശ

ശാസ്ത്രം (Social Anthropology), നരവംശ ശാസ്ത്രം (Anthropology) എന്നിവയുടെ പഠനവകുപ്പുകളുണ്ട്. ആദ്യകാലത്ത് ഇന്ത്യൻ സമൂഹശാസ്ത്രത്തിന്റെരൂപം എങ്ങനെയായിരിക്കുമെന്ന് ഒരു നിശ്ചയവുമില്ലായിരുന്നു. അങ്ങനെയൊരു വിഷയം ഇന്ത്യയിൽ വേണമോയെന്നു തന്നെ സംശയം ഉന്നയിക്കപ്പെട്ടു.

ഇന്ത്യൻ സമൂഹശാസ്ത്രത്തിന്റെ സ്ഥാപകരായ ചില വ്യക്തികളെ ഈ പാഠഭാഗത്തു നാം പരിചയപ്പെടുന്നു. ഇവർ സമൂഹശാസ്ത്രത്തെ രൂപപ്പെടുത്തുന്നതിലും അതിനെ ഇന്ത്യയുടെ ചരിത്ര-സാമൂഹിക സാഹചര്യങ്ങളുമായി പൊരുത്തപ്പെടുത്തുന്നതിലും പ്രധാന പങ്കുവഹിച്ചു.

ഇന്ത്യൻ സാഹചര്യങ്ങളുടെ അസാധാരണത്വം അവർക്കു മുന്നിൽ ചില ചോദ്യങ്ങളും ഉയർത്തുകയുണ്ടായി. 'ആധുനികത' (Modernity) യെ മനസ്സിലാക്കാനുള്ള ഒരു ശ്രമത്തിന്റെ ഭാഗമായാണ് പാശ്ചാത്യ സമൂഹശാസ്ത്രം ഉയർന്നുവന്നത്. എങ്കിൽ ഇന്ത്യയെപ്പോലുള്ളൊരു രാജ്യത്ത് സമൂഹശാസ്ത്രത്തിന്റെ പങ്ക് എന്തായിരിക്കും? ഇന്ത്യൻ ആധുനികതയ്ക്ക് ഒരു പ്രധാന വ്യത്യാസമുണ്ടായിരുന്നു. കൊളോണിയൽ അധിനിവേശവുമായി ബന്ധപ്പെട്ടുകൊണ്ടാണ് ഇന്ത്യയിൽ ആധുനികത കടന്നുവന്നത് എന്നതാണ് ആ വ്യത്യാസം.

രണ്ടാമതായി, യൂറോപ്യൻ സമൂഹത്തിൽ ആദിമസമൂഹങ്ങൾ ഉണർത്തിയ ജിജ്ഞാസയാണ് സമൂഹനരവംശശാസ്ത്രം ഉയർന്നുവരാനുള്ള കാരണം. എങ്കിൽ, ഇന്ത്യയിൽ അതിന്റെ പങ്ക് എന്തായിരിക്കും? ഇന്ത്യ പ്രാചീനവും പുരോഗതി പ്രാപിച്ചതുമായ ഒരു സംസ്കാരമായിരുന്നു എന്നതിനൊപ്പം ആദിമസമൂഹങ്ങളും ഇന്ത്യയിൽ നിലനിന്നിരുന്നു.

വികസനാസൂത്രിതവും ജനാധിപത്യത്തിൽ അധിഷ്ഠിതവുമായി രൂപീകരിക്കാൻ പോകുന്ന പരമാധികാര സ്വതന്ത്ര ഇന്ത്യയിൽ സമൂഹശാസ്ത്രത്തിന് ഉപയോഗപ്രദമായ എന്തു പങ്കാണ് നിർവഹിക്കാനുള്ളത്?

ഇന്ത്യൻ സമൂഹശാസ്ത്രത്തിന് വഴിതെളിച്ചവർക്ക് ഈ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തേണ്ടതുണ്ടായിരുന്നുവെന്ന് മാത്രമല്ല, അവർക്ക് പുതിയ ചോദ്യങ്ങൾ ഉയർത്തേണ്ടത് അനിവാര്യവുമായിത്തീരുകയും ചെയ്യുന്നു. സമൂഹശാസ്ത്രത്തെ ഇന്ത്യൻ സാഹചര്യത്തിൽ പ്രവൃത്തിപഥത്തിൽ കൊണ്ടുവരുക എന്നതുമാത്രമായിരുന്നു അതിനൊരു പോംവഴി. ആദ്യകാലങ്ങളിൽ ഇന്ത്യക്കാർ സമൂഹശാസ്ത്രജ്ഞരും നരവംശശാസ്ത്രജ്ഞരുമായത് തികച്ചും യാദൃച്ഛികമായാണ്. ഇന്ത്യയിലെ ആദ്യകാല സമൂഹനരവംശശാസ്ത്രജ്ഞരിൽ പ്രമുഖനായിരുന്ന എൽ.കെ. അനന്തകൃഷ്ണ അയ്യരുടെ ജീവിതം ഉദാഹരണമായെടുക്കാം.

**എൽ.കെ. അനന്തകൃഷ്ണ അയ്യർ**
**(1861–1937)**



എൽ. കെ. അനന്തകൃഷ്ണ അയ്യർ തന്റെ തൊഴിൽജീവിതമാരംഭിച്ചത് ഗുമസ്തനായാണ്. തുടർന്ന് കൊച്ചി രാജ്യത്ത് സ്കൂൾ അധ്യാപകനായും പിന്നീട് കോളേജ് അധ്യാപകനായും അദ്ദേഹം ജോലി ചെയ്തു. 1902-ൽ കൊച്ചിരാജ്യത്തെ ദിവാൻ ആ പ്രദേശത്തെ വംശപഠനസർവേ (Ethnographic Survey) നടത്തുന്നതിൽ സഹായിക്കാൻ അദ്ദേഹത്തോട് ആവശ്യപ്പെട്ടു. പ്രതിഫലം പറ്റാതെ അനന്തകൃഷ്ണയ്യർ ഈ ജോലി ഏറ്റെടുത്തു. സമാനമായ സേവനം ബ്രിട്ടീഷ് ഗവൺമെന്റ് മറ്റു പലയിടങ്ങളിലേക്കും അദ്ദേഹത്തിൽനിന്ന് ആവശ്യപ്പെട്ടു. പ്രവൃത്തിദിവസങ്ങളിൽ എറണാകുളം മഹാരാജാസ് കോളേജിലെ അധ്യാപകനായും വാരാന്ത്യങ്ങളിൽ വംശശാസ്ത്ര സർവേയുടെ

സൂപ്രണ്ടായും അദ്ദേഹം പ്രവർത്തിച്ചു. അദ്ദേഹത്തിന്റെ പ്രവർത്തനത്തെ ബ്രിട്ടിഷ് നരവംശശാസ്ത്രജ്ഞരും അക്കാലത്തെ ഭരണാധികാരികളും അഭിനന്ദിച്ചു. മൈസൂർ രാജ്യത്ത് അത്തരത്തിലുള്ളൊരു സർവേ നടത്തുന്നതിൽ സഹായിക്കാനും അദ്ദേഹം ക്ഷണിക്കപ്പെട്ടു.

ഒരുപക്ഷേ സ്വയം പഠിച്ച് നരവംശശാസ്ത്രത്തിൽ ദേശീയവും അന്തർദേശീയവുമായ അംഗീകാരം നേടിയെടുത്ത ആദ്യത്തെ അക്കാദമികപ്രവർത്തകനും പണ്ഡിതനുമാണ് അനന്തകൃഷ്ണ അയ്യർ. മദ്രാസ് സർവകലാശാലയ്ക്ക് അദ്ദേഹത്തിന്റെ സേവനം ലഭ്യമാക്കി. കൽക്കത്ത സർവകലാശാലയിൽ റീഡറായി നിയമിക്കപ്പെട്ട അദ്ദേഹം ഇന്ത്യയിൽ ആദ്യത്തെ ബിരുദാനന്തരബിരുദ നരവംശശാസ്ത്ര വകുപ്പ് സ്ഥാപിക്കുന്നതിൽ പ്രധാന പങ്കുവഹിക്കുകയും ചെയ്തു. 1917 മുതൽ 1932 വരെ അദ്ദേഹം കൽക്കത്ത സർവകലാശാലയിൽ തുടർന്നു. ഔപചാരികമായി നരവംശശാസ്ത്രത്തിൽ യോഗ്യതകളൊന്നും നേടിയിട്ടില്ലായിരുന്നെങ്കിലും ഇന്ത്യൻ ശാസ്ത്ര കോൺഗ്രസ്സിന്റെ വംശപഠന (Ethnology) വിഭാഗത്തിൽ അനന്തകൃഷ്ണ അയ്യർ അധ്യക്ഷനായി തിരഞ്ഞെടുക്കപ്പെട്ടു. യൂറോപ്യൻ സർവകലാശാലകളിൽ പ്രഭാഷണപര്യടനം നടത്തുന്നതിനിടെ ജർമൻ സർവകലാശാല ഡോക്ടറേറ്റ് നൽകി അദ്ദേഹത്തെ ആദരിക്കുകയുണ്ടായി. കൊച്ചിരാജ്യത്തിൽനിന്ന് അദ്ദേഹത്തിന് റാവു ബഹദൂർ, ദിവാൻ ബഹദൂർ എന്നീ പട്ടങ്ങൾ ലഭിച്ചു.

**ശരത്ചന്ദ്ര റായ് (1871–1942)**

ഇന്ത്യൻ നരവംശശാസ്ത്രത്തിന്റെ മുൻഗാമികളിൽ ഒരാളായ ശരത്ചന്ദ്ര റായ് യാദൃച്ഛികമായി നരവംശശാസ്ത്രജ്ഞനായി (accidental anthropologist) തീർന്ന അഭിഭാഷകനാണ്. കൽക്കത്തയിലെ റിപ്പൻ കോളേജിൽനിന്ന് നിയമബിരുദമെടുക്കുന്നതിനു മുമ്പ് റായ് ഇംഗ്ലീഷിൽ ബിരുദവും ബിരുദാനന്തരബിരുദവും നേടി. നിയമപരിശീലനം തുടങ്ങിയ ഉടനെ റാഞ്ചിയിലെ ഒരു ക്രൈസ്തവ മിഷനറി സ്കൂളിൽ ഇംഗ്ലീഷ് അധ്യാപകനായി ജോലിചെയ്യാൻ അദ്ദേഹം തീരുമാനിച്ചു. 1898-ൽ എടുത്ത ഈ തീരുമാനം അദ്ദേഹത്തിന്റെ ജീവിതത്തിലെ ഒരു വഴിത്തിരിവായി. തുടർന്ന് 44 വർഷം അദ്ദേഹം റാഞ്ചിയിൽത്തന്നെ താമസിച്ചു. ഇതിനിടെ അദ്ദേഹം സ്കൂൾ അധ്യാപകന്റെ ജോലി ഉപേക്ഷിച്ച് റാഞ്ചിയിലെ കോടതിയിൽ നിയമപരിശീലനം തുടങ്ങി. നരവംശശാസ്ത്ര വിഷയങ്ങളിൽ അദ്ദേഹത്തിന് താൽപ്പര്യം ജനിച്ചത് അക്കാലത്താണ്. നാഗ്പൂർ പ്രദേശത്തെ (ഇപ്പോഴത്തെ ഝാർഖണ്ഡ്) ആദിവാസിജനതകളുടെ സാമൂഹികാവസ്ഥയെക്കുറിച്ചും സംസ്കാരത്തെക്കുറിച്ചും അദ്ദേഹം പഠനങ്ങൾ നടത്തുകയും അതിൽ ആധികാരികത നേടുകയും ചെയ്തു. താമസിയാതെ കോടതിയിലെ ഔദ്യോഗിക വ്യാഖ്യാതാവായി (Official Interpreter) അദ്ദേഹം നിയമിക്കപ്പെട്ടു.

ശരത്ചന്ദ്ര റായിക്ക് ഗോത്രസമൂഹങ്ങളുടെ പഠനങ്ങളിൽ താൽപ്പര്യം ജനിച്ചത് അദ്ദേഹത്തിന്റെ തൊഴിലിന്റെ ഉപോൽപ്പന്നമായിട്ടാണ്. ഗോത്രസമൂഹങ്ങളുടെ ആചാരങ്ങളും നിയമങ്ങളും അദ്ദേഹത്തിന് കോടതിയിൽ വ്യാഖ്യാനിക്കണമായിരുന്നു. ഗോത്രസമുദായങ്ങൾക്കിടയിൽ വ്യാപകമായി സഞ്ചരിച്ച് അവർക്കിടയിൽ ഫീൽഡ്‌വർക്ക് (Field Work) നടത്തിയാണ് അദ്ദേഹം ഇതിനായുള്ള വിവരങ്ങൾ ശേഖരിച്ചത്. ഇതെല്ലാം പ്രതിഫലേച്ഛയില്ലാത്ത, ജ്ഞാനനിർമിതിക്കുവേണ്ടി മാത്രമുള്ള (Amateur) പഠനങ്ങളായിരുന്നു. വിശദാംശങ്ങളിലുള്ള അദ്ദേഹത്തിന്റെ സൂക്ഷ്മനിരീക്ഷണവും ചുറുചുറുക്കും വിലയേറിയ ഏകവിഷയക പ്രബന്ധങ്ങളും (Monograph) ഗവേഷണലേഖനങ്ങളും രചിക്കാൻ സഹായിച്ചു. ഔദ്യോഗികജീവിതകാലത്തുതന്നെ അദ്ദേഹം നൂറിലധികം ലേഖനങ്ങൾ ഇന്ത്യയിലെയും ബ്രിട്ടനിലെയും അക്കാദമികജേണലുകളിൽ പ്രസിദ്ധീ

കരിച്ചു. കൂടാതെ ഒറാവോൻ, മുണ്ട, ഖരിയ എന്നീ ഗോത്രസമൂഹങ്ങളെക്കുറിച്ച് അദ്ദേഹം വിഖ്യാതമായ ഏകവിഷയക പ്രബന്ധങ്ങൾ രചിച്ചു. താമസിയാതെ ഇന്ത്യയിലെയും ബ്രിട്ടനിലെയും നരവംശശാസ്ത്രജ്ഞർക്കിടയിൽ റായി പ്രസിദ്ധനായിത്തീർന്നു. 1922-ൽ 'മാൻ ഇൻ ഇന്ത്യ' (Man In India) എന്ന ജേണൽ അദ്ദേഹം ആരംഭിച്ചു. പ്രസിദ്ധീകരണം ഇപ്പോഴും തുടരുന്ന ഈ ജേണൽ ഇന്ത്യയിൽ ഇത്തരത്തിലുള്ള ആദ്യത്തേതാണ്.

അനന്തകൃഷ്ണ അയ്യരും ശരത്ചന്ദ്ര റായിയും ഇന്ത്യൻ സമൂഹശാസ്ത്രത്തിന്റെ യഥാർഥ വഴികാട്ടികളാണ്. ഇങ്ങനെയൊരു വിജ്ഞാനശാഖ ഇന്ത്യയിൽ നിലവിൽവന്നിട്ടില്ലാത്ത, ഒരു സ്ഥാപനവും അത്തരം പഠനങ്ങളെ പ്രോത്സാഹിപ്പിക്കാൻ ഇല്ലാത്ത ഒരു കാലത്ത് ഇവർ ഈ മേഖലയിൽ പഠനങ്ങളാരംഭിച്ചു.

അയ്യരും റായിയും ജനിച്ചതും ജീവിച്ചതും മരിച്ചതും ബ്രിട്ടിഷ് ഭരണകാലത്തെ ഇന്ത്യയിലാണ്. എന്നാൽ അവർക്കുശേഷം വന്ന പ്രമുഖരായ സമൂഹശാസ്ത്രജ്ഞർ കൊളോണിയൽ കാലഘട്ടത്തിലാണ് ജനിച്ചതെങ്കിലും സ്വതന്ത്ര ഇന്ത്യയിൽ പ്രവർത്തിക്കാൻ ഭാഗ്യം സിദ്ധിച്ചവരാണ്.

ജി.എസ്.ഘുരെ, ഡി.പി. മുഖർജി, എ.ആർ. ദേശായി, എം.എൻ. ശ്രീനിവാസ് എന്നിവരാണ് ഇന്ത്യയിലെ പ്രമുഖ സമൂഹശാസ്ത്രജ്ഞർ. ഇന്ത്യൻ സമൂഹശാസ്ത്രത്തിന് ജന്മമേകിയ ഔദ്യോഗിക സ്ഥാപനങ്ങൾക്കു രൂപം നൽകുന്നതിൽ അവർ പ്രധാന പങ്കുവഹിക്കുകയുണ്ടായി. സമൂഹശാസ്ത്രത്തിന്റെ പാശ്ചാത്യപാരമ്പര്യങ്ങൾ അവരെ ആഴത്തിൽ സ്വാധീനിച്ചിരുന്നു. ജി.എസ്. ഘുരെയും ഡി.പി. മുഖർജിയും 1890കളിൽ ജനിച്ചു. എ.ആർ. ദേശായിയും എം.എൻ. ശ്രീനിവാസും അവരേക്കാൾ 15 വയസ്സിന് ഇളയവരാണ്. എന്നാൽ ഇന്ത്യൻ സമൂഹശാസ്ത്രം ഏതു രൂപം കൈക്കൊള്ളണം എന്ന് മുൻഗാമികൾ ഉയർത്തിയ ചോദ്യത്തിന് ചില ഉത്തരങ്ങൾ നൽകാൻ അവർക്കു കഴിഞ്ഞു.

**ജി.എസ്. ഘുരെ (1893-1983) (G.S.Ghrurye)**



ഗോവിന്ദ് സദാശിവ് ഘുരെ 1893 ഡിസംബർ 12-ന് പശ്ചിമ ഇന്ത്യയിലെ മാൽവനിലെ കൊങ്കൺ തീരദേശത്തു ജനിച്ചു. ഒരിക്കൽ ലാഭകരമായിരുന്ന കുടുംബത്തിന്റെ കച്ചവടം പിന്നീടു തകർന്നു.

1916: എൽഫിസ്റ്റൺ കോളേജിൽ (ബോംബെ) ബി.എ. സംസ്കൃതത്തിന് ചേർന്നു.

1916: സംസ്കൃതം ബി.എ. ഹോണേഴ്സ് പാസായി (ബോംബെ)

1918: എം.എ. ബിരുദം സംസ്കൃതത്തിലും ഇംഗ്ലീഷിലും

1919: ബോംബെ സർവകലാശാലയിൽനിന്നു സ്കോളർഷിപ്പോടുകൂടി സമൂഹശാസ്ത്രത്തിൽ (Sociology) ഉപരിപഠനത്തിന് പുറംരാജ്യത്തേക്കു തിരഞ്ഞെടുക്കപ്പെട്ടു. ലണ്ടൻ സ്കൂൾ ഓഫ് ഇക്കണോമിക്സിൽ എൽ. ടി. ഹോബ് ഹൗസിന്റെ (L.T. Hobhouse) കീഴിലും പിന്നീട് ഡബ്ല്യു. എച്ച്.ആർ. റിവേഴ്സിന്റെ (W.H.R. Rivers) കീഴിൽ കാംബ്രിഡ്ജിലും പഠനം തുടർന്നു.

1923: റിവേഴ്സിന്റെ പെട്ടെന്നുള്ള മരണത്തിനുശേഷം എ.സി. ഹാഡന്റെ കീഴിൽ പിഎച്ച്ഡി. പ്രബന്ധം അവതരിപ്പിച്ചു. 'ജാതിയും വർഗവും ഇന്ത്യയിൽ' എന്ന പേരിൽ പ്രസിദ്ധീകരിച്ചു.

1924: ബോംബെ സർവകലാശാലയിൽ സമൂഹശാസ്ത്രവിഭാഗത്തിൽ റീഡറും തലവനുമായി നിയമിക്കപ്പെട്ടു. ഈ സ്ഥാനത്ത് 35 വർഷം അദ്ദേഹം തുടർന്നു.

| | |
|---|---|
| 1936: | ബോംബെ സർവകലാശാല സമൂഹശാസ്ത്രവകുപ്പിൽ ജി.ആർ. പ്രദാനിന് (G.R. Pradhan) അദ്ദേഹത്തിന്റെ കീഴിൽ ആദ്യത്തെ പിഎച്ച്.ഡി. നൽകപ്പെട്ടു. ഇത് ഇന്ത്യൻ സർവകലാശാലകളിൽ ആദ്യത്തേത് ആയിരുന്നു. |
| 1945: | എം.എ. ബിരുദം പരിഷ്കരിച്ച് പൂർണരൂപത്തിൽ കോഴ്സ് ആരംഭിച്ചു. |
| 1951: | ഇന്ത്യൻ സോഷ്യോളജിക്കൽ സൊസൈറ്റി രൂപീകരിക്കുകയും അതിന്റെ ആദ്യത്തെ പ്രസിഡന്റാവുകയും ചെയ്തു. |
| 1952: | 'സോഷ്യോളജിക്കൽ ബുള്ളറ്റിൻ' എന്ന ഇന്ത്യൻ സോഷ്യോളജിക്കൽ സൊസൈറ്റിയുടെ ആദ്യത്തെ ജേണൽ പുറത്തിറക്കി. |
| 1959: | സർവകലാശാലയിൽനിന്നു വിരമിച്ചു. അദ്ദേഹത്തിന്റെ 30 ഓളം പുസ്തകങ്ങളിൽ 17 എണ്ണം ഈ കാലയളവിലാണ് രചിക്കപ്പെട്ടത്. |
| 1983: | തൊണ്ണൂറാംവയസ്സിൽ അന്തരിച്ചു. |

ഇന്ത്യയിലെ സ്ഥാപനവൽകൃത (Institutionalised) സമൂഹശാസ്ത്രത്തിന്റെ ഉപജ്ഞാതാവാണ് ജി.എസ്. ഘുരെ. അദ്ദേഹം ബോംബെ സർവകലാശാലയിലെ ബിരുദാനന്തരബിരുദ പഠനവകുപ്പിന്റെ ആദ്യ മേധാവിയാണ്. വകുപ്പുമേധാവിയായി മുപ്പത്തിയഞ്ചു വർഷത്തോളം അദ്ദേഹം സേവനമനുഷ്ഠിക്കുകയുണ്ടായി. ധാരാളം ഗവേഷകപണ്ഡിതരുടെ മാർഗദർശിയായി അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. അദ്ദേഹമാണ് ഇന്ത്യൻ സോഷ്യോളജിക്കൽ സൊസൈറ്റിയുടെയും (Indian Sociological Society) അതിന്റെ ജേണലായ 'സോഷ്യോളജിക്കൽ ബുള്ളറ്റിനി'ന്റെയും സ്ഥാപകൻ. ഘുരെയുടെ രചനകൾ സമ്പന്നവും വിപുലവും പരപ്പേറിയതുമാണ്. സർവകലാശാലകളിൽ നിന്നു സാമ്പത്തികവും അക്കാദമികവുമായ പിന്തുണ വളരെക്കുറച്ചു മാത്രം ലഭിച്ചിരുന്ന കാലഘട്ടത്തിൽ സമൂഹശാസ്ത്രത്തെ ഒരു ഇന്ത്യൻ വിജ്ഞാനശാഖയാക്കി വളർത്തിയെടുക്കുന്നതിൽ അദ്ദേഹം പ്രധാന പങ്കുവഹിച്ചു. ഒരേ സ്ഥാപനത്തിനുള്ളിൽ അധ്യാപനത്തെയും ഗവേഷണത്തെയും സജീവമായി ഒന്നിപ്പിക്കുകയും സമൂഹനരവംശശാസ്ത്രത്തെയും സമൂഹശാസ്ത്രത്തെയും ലയിപ്പിച്ച് ഒരു മിശ്രവിജ്ഞാനശാഖയാക്കി മാറ്റുകയും ചെയ്യുക എന്നത് ഘുരെയുടെ നേതൃത്വത്തിൽ ബോംബെ സർവകലാശാല വിജയകരമായി നടപ്പിലാക്കി. ഇത് അദ്ദേഹത്തിന്റെ പിൻഗാമികൾ പിൽക്കാലത്ത് ആവേശത്തോടെ തുടർന്നു കൊണ്ടുപോകുകയുണ്ടായി.

ജാതി (Caste), വംശം (race) എന്നിവയെക്കുറിച്ചുള്ള രചനകളുടെ പേരിലാണ് ഘുരെ മുഖ്യമായും അറിയപ്പെട്ടത്. എങ്കിലും ഗോത്രങ്ങൾ, ബന്ധുത്വം, കുടുംബം, വിവാഹം, സംസ്കാരം, നാഗരികത, നഗരങ്ങളുടെ ചരിത്രപരമായ പങ്ക്, മതം, സംഘർഷത്തിന്റെയും സമന്വയത്തിന്റെയും സമൂഹശാസ്ത്രം എന്നീ വിഷയങ്ങളെക്കുറിച്ചെല്ലാം അദ്ദേഹം ഏറെ എഴുതിയിട്ടുണ്ട്.

പ്രസരണവാദം (Diffusionism), ഹിന്ദുമതത്തെക്കുറിച്ചും ചിന്തയെക്കുറിച്ചും ഓറിയന്റലിസ്റ്റുകൾ നിർമിച്ച വിജ്ഞാനം, ദേശീയത, ഹിന്ദുസ്വത്വത്തിന്റെ സാംസ്കാരികവശങ്ങൾ എന്നിവ ജി.എസ്. ഘുരെയെ സ്വാധീനിച്ച ധൈഷണികവും പ്രസക്തവുമായ ആശയങ്ങളിൽ പ്രധാനപ്പെട്ടവയാണ്.

ഗോത്രസംസ്കാരങ്ങളെ, അഥവാ 'പ്രാക്തന' (Aboriginal) സംസ്കാരങ്ങളെക്കുറിച്ച് പ്രധാനപ്പെട്ട ചില പഠനങ്ങൾ ഘുരെ നടത്തി. ഈ വിഷയത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ രചനകളും വെരിയർ എൽവിനുമായുള്ള (Verrier Elwin) സംവാദവും അദ്ദേഹത്തെ സമൂഹശാസ്ത്രത്തിനു പുറത്തും അക്കാദമികലോകത്തും പ്രസിദ്ധനാക്കിത്തീർത്തു.

1930-കളിലും 40-കളിലും ഇന്ത്യയിൽ ഗോത്രസമൂഹങ്ങൾക്കുള്ള സ്ഥാനത്തെക്കുറിച്ചും രാഷ്ട്രം എങ്ങനെ ഗോത്രസമൂഹങ്ങളെ സമീപിക്കണം എന്നതിനെക്കുറിച്ചും ധാരാളം തർക്കങ്ങളും ചർച്ചകളും നടക്കുകയുണ്ടായി. ഇന്ത്യയിലെ ഗോത്രങ്ങളെക്കുറിച്ചുള്ള പഠനങ്ങളിൽ ബ്രിട്ടിഷ് ഭരണാധികാരികളും നരവംശശാസ്ത്രജ്ഞരും പ്രത്യേക താൽപ്പര്യമെടുത്തിരുന്നു. ഇതിൽ പ്രധാനിയാണ് വെരിയർ എൽവിൻ. ഇന്ത്യയിൽ ഒരു ക്രൈസ്തവ മിഷനറിയായി പ്രവർത്തിച്ചിരുന്ന എൽവിൻ ഗോത്രസംസ്കാരങ്ങളെക്കുറിച്ച് ധാരാളം പഠനങ്ങൾ നടത്തി. ഇന്ത്യയിലെ ഗോത്രവർഗക്കാർ ഹിന്ദുമതത്തിൽനിന്ന് വ്യത്യസ്തമായൊരു സംസ്കാരമുള്ള പ്രാക്തനജനതയാണെന്ന് എൽവിനും കൂട്ടരും കണ്ടെത്തി. നിഷ്കളങ്കരും ലളിതജീവിതം നയിക്കുന്നവരുമായ ഗോത്രവർഗക്കാരെ ഹൈന്ദവർ സാംസ്കാരികമായി തരംതാഴ്ത്തുമെന്ന് അവർ കണ്ടെത്തി. ഗോത്രജനത ചൂഷണത്തിനു വിധേയമായി സാംസ്കാരിക അധഃപതനത്തിന് ഇടയാവുകയുണ്ടായി എന്നും അവർ ചൂണ്ടിക്കാട്ടി. ഗോത്രജനതയെ മുഖ്യധാരാ ഹിന്ദുമതത്തിലേക്ക് ചേർക്കാനുള്ള സമ്മർദങ്ങളും നടക്കുന്നുണ്ടെന്ന് അവർ വിലയിരുത്തി. ഈ സാഹചര്യത്തിൽ ഗോത്രവർഗത്തനിമ സംരക്ഷിക്കാനും അവരുടെ ജീവിതരീതികളും സംസ്കാരവും നിലനിർത്താനുമുള്ള ചുമതല രാഷ്ട്രത്തിനുണ്ടെന്ന് അവർ വാദിച്ചു.

ദേശീയവാദികളായ ഇന്ത്യക്കാർ ബ്രിട്ടിഷ് ഭരണകർത്താക്കളുടെയും നരവംശശാസ്ത്രജ്ഞരുടെയും ഈ വാദഗതികളെ ശക്തമായെതിർത്തു. ഇന്ത്യയുടെ ഐക്യത്തെക്കുറിച്ചും ഇന്ത്യൻ സമൂഹത്തെയും സംസ്കാരത്തെയും നവീകരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും അവർക്കു ബോധമുണ്ടായിരുന്നു. ഗോത്രസംസ്കാരത്തെ സംരക്ഷിക്കാനുള്ള ശ്രമങ്ങൾ വഴിതെറ്റിയെന്നും പ്രാക്തനജനതയെ കേവലം 'പ്രാകൃതസംസ്കാരത്തിന്റെ' കാഴ്ചബംഗ്ലാവുകളാക്കി മാറ്റിത്തീർക്കുകയാണ് ചെയ്തതെന്നും അവർ കുറ്റപ്പെടുത്തി. ഹിന്ദുമതത്തിൽ തന്നെ ധാരാളം പിന്നാക്കാവസ്ഥയുള്ളത് പരിഷ്കരിക്കപ്പെടേണ്ടവയാണെന്നും ഗോത്രവർഗങ്ങൾക്കും വികസനം ആവശ്യമാണെന്നും ദേശീയവാദികളായ ഇന്ത്യക്കാർ വാദിച്ചു. ദേശീയവാദവീക്ഷണത്തിന്റെ ഏറ്റവും അറിയപ്പെടുന്ന വക്താവായിരുന്നു ഘുരെ.

ഒരു വ്യത്യസ്ത സാംസ്കാരികവിഭാഗമായി ഇന്ത്യൻ ഗോത്രവർഗക്കാരെ ചിത്രീകരിക്കരുതെന്നും അവരെ 'പിന്നാക്കഹിന്ദുക്കളായി' കാണണമെന്നും ഘുരെ വാദിച്ചു. ഈ വാദം വളരെയേറെ എതിർപ്പുകൾ വിളിച്ചുവരുത്തുകയുണ്ടായി.

ഗോത്രവർഗങ്ങൾ വളരെ കാലമായി ഹിന്ദുമതവുമായി നിരന്തര സമ്പർക്കങ്ങൾ വച്ചുപുലർത്തിക്കൊണ്ടിരിക്കുകയാണെന്ന് തെളിവുകൾ സഹിതം ഘുരെ സ്ഥാപിക്കാൻ ശ്രമിച്ചു. ഇതിലൂടെ ഇന്ത്യയിലെ പ്രാകൃതസമുദായങ്ങൾ എക്കാലത്തും ഒറ്റപ്പെട്ടവരായിരുന്നു എന്ന ക്ലാസിക്കൽ നരവംശശാസ്ത്രജ്ഞരുടെ വാദഗതിയെ അദ്ദേഹം എതിർത്തു.

ഇന്ത്യയിലെ ഗോത്രവർഗക്കാർ ഒറ്റപ്പെട്ട സമൂഹങ്ങളായിരുന്നില്ലെന്നും അവർക്ക് ഹിന്ദുമതവുമായി നിരന്തര സമ്പർക്കമുണ്ടായിരുന്നുവെന്നുമുള്ള ഘുരെയുടെ വാദത്തെ ആരും എതിർത്തിരുന്നില്ലെങ്കിലും മുഖ്യധാരാസംസ്കാരത്തിന്റെ സ്വാധീനത്തെ വിലയിരുത്തുന്നതിൽ അഭിപ്രായവ്യത്യാസങ്ങൾ കാണാമായിരുന്നു. മുഖ്യധാരാസംസ്കാരത്തിലേക്കുള്ള സ്വാംശീകരണം (Assimilation) ഗോത്രവർഗക്കാരെ കടുത്ത ചൂഷണത്തിലേക്കു നയിക്കുമെന്നും അവരുടെ തനതു സംസ്കാരങ്ങൾ തിരോഭവിക്കുന്നതിന് അതു കാരണമാകുമെന്നും സംരക്ഷണവാദികൾ (Protectionists) വിശ്വസിച്ചു. ഘുരെയും ദേശീയവാദികളും ഈ അഭിപ്രായത്തോടു വിയോജിച്ചു. ഈ ദുഷ്ഫലങ്ങൾ ഗോത്രവർഗക്കാരെ

മാത്രം ബാധിക്കുന്നതല്ലെന്ന് അവർ വാദിച്ചു. ഇന്ത്യൻ സമൂഹത്തിലെ എല്ലാ പിന്നാക്ക – കീഴാള വിഭാഗങ്ങൾക്കും ഇവ ബാധകമാണെന്ന് അവർ ചൂണ്ടിക്കാട്ടി. വികസനത്തിലേക്കുള്ള പാതയിലെ ഒഴിച്ചുകൂടാൻ പറ്റാത്ത തടസ്സങ്ങളായാണ് അവർ ഈ ദുഷ്ഫലങ്ങളെ കണ്ടത്.



ഗോത്രവർഗസമുദായ പ്രസ്ഥാനങ്ങൾ അവരുടെ രാഷ്ട്രീയ-സാംസ്കാരികത്തനിമ നിലനിർത്താൻ മുമ്പോട്ടു വന്നതിന്റെ നിരവധി ഉദാഹരണങ്ങൾ നമ്മുടെ മുന്നിലുണ്ട്. വികസനത്തിന്റെ പേരിൽ ഉയർന്നു വന്ന വലിയ ഡാമുകളുടെയും ഖനികളുടെയും ഫാക്ടറികളുടെയും പേരിൽ ആദിവാസികൾ നിർബന്ധപൂർവം നേരിടേണ്ടിവന്ന ആനുപാതികമല്ലാത്ത ക്ലേശങ്ങളും ഭാരങ്ങളും ദുരിതങ്ങളും നമ്മൾ കണ്ടതാണ്. ഇത്തരത്തിൽ നിങ്ങളുടെ ചുറ്റുപാടുമുള്ള സംഘർഷങ്ങൾ കണ്ടെത്തുക. അവയ്ക്കുള്ളിലെ പ്രശ്നങ്ങൾ വിശകലനം ചെയ്യുക. പ്രശ്നപരിഹാരത്തിന് നിങ്ങൾക്കും നിങ്ങളുടെ സഹപാഠികൾക്കുമുള്ള നിർദേശങ്ങൾ എന്തെല്ലാമാണെന്ന് എഴുതുക.

### ജാതി, വംശം എന്നിവയെക്കുറിച്ചുള്ള ഘുരെയുടെ കാഴ്ചപ്പാട് (Ghurye on Caste and Race)

അക്കാദമികലോകത്ത് ഘുരെയ്ക്ക് കീർത്തി നേടിക്കൊടുത്ത പഠനഗ്രന്ഥമാണ് 'ഇന്ത്യയിലെ ജാതിയും വംശവും' (Caste and Race in India). കാംബ്രിഡ്ജ് സർവകലാശാലയിൽ സമർപ്പിച്ച ഗവേഷകപ്രബന്ധമായിരുന്നു അത്. അക്കാലത്ത് ഇന്ത്യൻ നരവംശശാസ്ത്രത്തിന്റെ പ്രധാനപ്പെട്ട ഉത്കണ്ഠകളായിരുന്ന ജാതി, വംശം എന്നിവയെ പഠനവിധേയമാക്കിയതു കൊണ്ടാണ് ഘുരെയുടെ കൃതി ശ്രദ്ധ പിടിച്ചുപറ്റിയത്.

ജി.എസ്. ഘുരെ ഈ പുസ്തകത്തിലൂടെ ജാതിയും വംശവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് നിലവിലുണ്ടായിരുന്ന പ്രധാനപ്പെട്ട സിദ്ധാന്തങ്ങളെയെല്ലാം വിമർശിച്ചു.

ശാരീരികസവിശേഷതകളായ തലയോട്ടിയുടെ ചുറ്റളവ്, മൂക്കിന്റെ നീളം, തലയോടിന്റെ വലുപ്പം, അല്ലെങ്കിൽ തലച്ചോർ സ്ഥിതിചെയ്യുന്ന തലയോട്ടിയുടെ ഭാഗം എന്നിവയുടെ അടിസ്ഥാനത്തിൽ മനുഷ്യരെ വ്യത്യസ്ത വർഗങ്ങളായി വേർതിരിക്കാൻ കഴിയുമെന്ന പ്രബലമായൊരു കാഴ്ചപ്പാട് (Dominant view) റിസ്‌ലിയും (Herbert Risley) കൂട്ടരും വച്ചുപുലർത്തി. ജാതിയും വംശവും തമ്മിലുള്ള ബന്ധത്തെപ്പറ്റി അക്കാലത്തു നിലനിന്നിരുന്ന വിശ്വാസത്തെ സഹായിക്കുന്നതായിരുന്നു ഇത്. നരവംശശാസ്ത്രവിഷയങ്ങളിൽ വലിയ താൽപ്പര്യമുണ്ടായിരുന്ന ബ്രിട്ടിഷ് കൊളോണിയൻ ഉദ്യോഗസ്ഥനായ ഹെർബർട്ട് റിസ്‌ലിയാണ് (Herbert Risely) ഈ പ്രബല വീക്ഷണത്തിന്റെ മുഖ്യവക്താവ്.

വംശങ്ങളുടെ പരിണാമത്തെക്കുറിച്ചു പഠിക്കാൻ ഏറ്റവും ഉചിതമായ പരീക്ഷണശാല ഇന്ത്യയാണെന്ന് റിസ്‌ലിയും കൂട്ടരും വിശ്വസിച്ചു. കാരണം, വ്യത്യസ്ത വിഭാഗങ്ങൾ തമ്മിലുള്ള മിശ്രവിവാഹം ഇന്ത്യയിലെ ജാതിവ്യവസ്ഥ കർശനമായി വിലക്കിയിരുന്നു. ജാതിയുടെ (Caste) ഉത്ഭവം വംശത്തിൽ (Race) നിന്നാണെന്ന് റിസ്‌ലി വാദിച്ചു. വിവിധ ജാതിവിഭാഗങ്ങൾ വ്യത്യസ്ത വംശങ്ങളിൽപ്പെട്ടവരാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. റിസ്‌ലിയുടെ വീക്ഷണത്തിൽ, ഉയർന്നവരെന്നു പറയപ്പെടുന്ന ജാതിക്കാർ ഇന്തോ-ആര്യൻ വംശീയ വിഭാഗത്തിൽപ്പെട്ടവരാണ്. അതേസമയം താഴ്ന്നവരെന്നു വിളിക്കപ്പെട്ട ജാതിക്കാർ അനാര്യന്മാരായ തദ്ദേശീയരോ മംഗലോയ്ഡുകളോ, അല്ലെങ്കിൽ മറ്റു വംശീയവിഭാഗങ്ങളിൽപ്പെട്ടവരോ ആയിരിക്കും. വിവിധ വിഭാഗങ്ങളുടെ ശാരീരിക സവിശേഷതകളിലുള്ള (മൂക്കിന്റെ നീളം, തലയോട്ടിയുടെ വലുപ്പം തുടങ്ങിയവ) വ്യത്യാസങ്ങൾ കാണിക്കുന്നത് ഇന്ത്യ

യിലെ യഥാർഥ ആദിമനിവാസികൾ കീഴാളജാതികളിൽപ്പെട്ടവരായിരുന്നുവെന്നാണ്. എവിടെനിന്നോ വന്ന് ഇന്ത്യയിൽ സ്ഥിരതാമസമാക്കിയ ആര്യർ (Aryans) അവരെ കീഴ്പ്പെടുത്തുകയായിരുന്നുവെന്ന് റിസ്‌ലിയും കൂട്ടരും നിരീക്ഷിച്ചു.

ജി.എസ്. ഘുരെ റിസ്‌ലിയുടെ വാദത്തെ അടിസ്ഥാനപരമായി എതിർത്തിരുന്നില്ലെങ്കിലും അവ പൂർണമായും ശരിയല്ലെന്നു വിശ്വസിച്ചു. ആര്യരാണ് ഉന്നത ജാതിക്കാർ എന്നും താണജാതിക്കാർ അനാര്യരാണെന്നുമുള്ള റിസ്‌ലിയുടെ സിദ്ധാന്തം വടക്കേ ഇന്ത്യയിൽ മാത്രമേ സത്യമാകുന്നുള്ളുവെന്ന് അദ്ദേഹം വാദിച്ചു. ഇന്ത്യയിലെ മറ്റു ഭാഗങ്ങളിൽ സംഘങ്ങൾ തമ്മിലുള്ള വ്യത്യാസങ്ങൾ അത്ര വലുതായിരുന്നില്ല. സിന്ധു- ഗംഗാ സമതലമൊഴികെയുള്ള ഇന്ത്യയുടെ മിക്ക ഭാഗങ്ങളിലും വ്യത്യസ്ത വംശീയവിഭാഗങ്ങൾ കാലങ്ങളായി ഇടകലർന്നു ജീവിച്ചുപോന്നിരുന്നതിനാൽ അവർക്കിടയിൽ 'വംശവിശുദ്ധി' (Racial purity) യൊന്നും നിലനിന്നിരുന്നില്ല. വടക്കേ ഇന്ത്യയിൽ മാത്രമായിരുന്നു മിശ്രവിവാഹം നിരോധിച്ചുകൊണ്ട് 'വംശവിശുദ്ധി' നിലനിർത്തിയിരുന്നത്. രാജ്യത്തിന്റെ ഇതര ഭാഗങ്ങളിൽ വംശീയമായി മുൻപേതന്നെ വേർതിരിക്കപ്പെട്ടിരുന്ന വിഭാഗങ്ങൾക്കിടയിൽ മാത്രമാണ് സ്വഗണവിവാഹം നിലനിന്നിരുന്നത്. ഇങ്ങനെ റിസ്‌ലിയുടെ വീക്ഷണം ഭാഗികമായി ശരിയും ഭാഗികമായി തെറ്റുമാണെന്ന് ഘുരെ സമർഥിക്കാൻ ശ്രമിച്ചു.

ഇരുപതാം നൂറ്റാണ്ടിന്റെ പൂർവാർധത്തിൽ ജാതിയുടെ വംശസിദ്ധാന്തം (Racial Theory) ശരിയാണെന്ന് കരുതപ്പെട്ടിരുന്നുവെങ്കിലും ഇപ്പോൾ ഈ സിദ്ധാന്തത്തെ ആരും അംഗീകരിക്കുന്നില്ല. ആര്യരെക്കുറിച്ചും ഇന്ത്യയിലേക്കുള്ള അവരുടെ ആഗമനത്തെക്കുറിച്ചും ചരിത്രകാരർക്കിടയിൽ വ്യത്യസ്ത അഭിപ്രായങ്ങൾ നിലനിന്നിരുന്നു. ഘുരെ എഴുതിക്കൊണ്ടിരുന്ന കാലഘട്ടത്തിൽ ഇതെല്ലാം സമൂഹശാസ്ത്രത്തിന്റെ പ്രധാന പ്രതിപാദ്യവിഷയങ്ങളായിരുന്നു, ആയതിനാൽ അദ്ദേഹത്തിന്റെ രചനകൾ ശ്രദ്ധ പിടിച്ചുപറ്റി.

### ജാതിയുടെ നിർവചനം (Definition of Caste)

ഘുരെ ജാതിക്ക് നൽകിയ സമഗ്രമായ നിർവചനം ഏറെ ശ്രദ്ധേയമാണ്. ആറു സവിശേഷതകൾക്ക് ഊന്നൽ നൽകിക്കൊണ്ടാണ് അദ്ദേഹം ജാതിക്ക് നിർവചനം നൽകിയത്.

**1. ഖണ്ഡവിഭജനം (Segmental Division)**

ജാതി ഖണ്ഡവിഭജനത്തെ അടിസ്ഥാനമാക്കിയുള്ള ഒരു സാമൂഹികസ്ഥാപനമാണ്. പരസ്പരം നിഷേധാത്മകവും അടഞ്ഞതുമായ അനേകം ഖണ്ഡങ്ങളായി അഥവാ കംപാർട്ട്മെന്റുകളായി സമൂഹം വിഭജിക്കപ്പെട്ടിരിക്കുന്നു എന്നാണ് ഇതിനർഥം. ഓരോ ജാതിയെയും അത്തരത്തിലുള്ള ഒരു കംപാർട്ട്മെന്റായി സമൂഹം വിഭജിച്ചിരിക്കുന്നു. ഒരു പ്രത്യേക ജാതിയിലെ മാതാപിതാക്കൾക്കു ജനിക്കുന്ന കുട്ടികൾ എപ്പോഴും ആ ജാതിയിൽപ്പെട്ടവരായിരിക്കും. ജാതിയിൽ അംഗമാകാൻ ആ ജാതിയിൽ ജനിക്കുകയല്ലാതെ മറ്റു മാർഗങ്ങളൊന്നുമില്ല. ചുരുക്കത്തിൽ, ഒരു വ്യക്തിയുടെ ജാതി ജന്മനാ തീരുമാനിക്കപ്പെടുന്നു. ഇത് ഒഴിവാക്കാനോ മാറ്റാനോ സാധ്യമല്ല. ജാതി ഒരു അടഞ്ഞ സമ്പ്രദായമാണ് (Closed System).

**2. ശ്രേണീബദ്ധമായ വിഭജനം (Hierarchical Division)**

ജാതിയുടെ അടിസ്ഥാനം ശ്രേണീബദ്ധമായ വിഭജനമാണ്. ജാതികൾക്കിടയിൽ തുല്യതയില്ല. ഓരോ ജാതിയും മറ്റു ജാതികളേക്കാൾ ഉയർന്നതോ താഴ്ന്നതോ ആയി കണക്കാക്കുന്നതിനാൽ ഉയർന്നവർ ശ്രേണിയിൽ മുകളിലും താഴ്ന്നവർ ശ്രേണിയിൽ താഴെയുമായുള്ള ഒരു ശ്രേണീകരണം ജാതിസമൂഹത്തിൽ ഉണ്ടായിരിക്കും. രണ്ടു ജാതികൾ സൈദ്ധാന്തികമായി ഒരിക്കലും തുല്യരല്ല.

**3. സാമൂഹികമായ പാരസ്പര്യത്തിനുമേലുള്ള നിയന്ത്രണങ്ങൾ (Restrictions on Social Interaction)**

ജാതി വ്യക്തികളുടെ സാമൂഹികമായ പാരസ്പര്യത്തിനുമേൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഭക്ഷണം പങ്കിടുന്ന കാര്യത്തിൽ - ഏതൊക്കെ ഭക്ഷണം ഏതൊക്കെ വിഭാഗങ്ങൾ തമ്മിൽ പങ്കിടാം എന്നതിനെ സംബന്ധിച്ച് വിശദമായ നിയമങ്ങളുണ്ട്. 'ശുദ്ധാശുദ്ധസങ്കൽപ്പ'മാണത് (Purity-pollution) പ്രധാനമായും നിയന്ത്രിക്കുന്നത്. സാമൂഹികസമ്പർക്കങ്ങളിലും ഈ നിയമങ്ങൾ ബാധകമാണ്. ഉദാ: തൊട്ടുകൂടായ്മ. (ഒരു പ്രത്യേക ജാതിയിൽപ്പെട്ടവരുടെ സ്പർശം മലിനപ്പെടുത്തുമെന്ന ചിന്ത.)

**4. വ്യതിരിക്ത അവകാശങ്ങളും കടമകളും (Differential Rights and Duties)**

ശ്രേണീകരണം, പരസ്പരപ്രവർത്തനത്തിനുമേലുള്ള നിയന്ത്രണങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ വ്യത്യസ്ത ജാതികൾക്ക് വ്യത്യസ്തമായ അവകാശങ്ങളും കടമകളുമുണ്ട്. വിവിധ ജാതികൾ തമ്മിലുള്ള പാരസ്പര്യങ്ങളിൽ ഈ നിയമം ബാധകമാണ്.

**5. തൊഴിൽ തിരഞ്ഞെടുപ്പ്**

ജാതിസമ്പ്രദായം തീവ്രമായ തൊഴിൽവിഭജനത്തിൽ അടിയുറച്ചുനിൽക്കുന്നു. ജന്മം ജാതിയെ തീരുമാനിക്കുന്നുവെന്ന് പറഞ്ഞതുപോലെത്തന്നെ ഓരോ ജാതിക്കും അവരവരുടേതായ തൊഴിലും തീരുമാനിക്കപ്പെട്ടിട്ടുണ്ട്. വീട്ടുവിഴ്ചയില്ലാത്ത തൊഴിൽവിഭജനം (Division of Labour) ഈ സമ്പ്രദായത്തിൽ നിലനിൽക്കുന്നു.

**6. വിവാഹബന്ധങ്ങളിലെ നിയന്ത്രണങ്ങൾ**

സ്വഗണവിവാഹം (Endogamy) ജാതിയുടെ മുഖമുദ്രയാണ്. ബഹിർഗണവിവാഹം (Exogamy) എതിർക്കപ്പെടുന്നു. ഇത് ജാതിയുടെ തുടർച്ച ഉറപ്പാക്കുന്നു.

ജി.എസ്. ഘുരെയുടെ നിർവചനം ജാതിസമ്പ്രദായത്തെക്കുറിച്ചുള്ള പഠനത്തെ ക്രമബദ്ധമാക്കി. അദ്ദേഹത്തിന്റെ നിർവചനം വിശിഷ്ട സാഹിത്യങ്ങൾ ചൂണ്ടിക്കാട്ടിയവ അടിസ്ഥാനപ്പെടുത്തിയാണ്. എന്നാൽ പ്രായോഗികതലത്തിൽ ഇവ പലതും മാറിക്കൊണ്ടേയിരിക്കുന്നു. വംശശാസ്ത്രപഠനങ്ങൾ അവ ചൂണ്ടിക്കാട്ടുന്നു.

**ദുർജതി പ്രസാദ് മുഖർജി (1894–1961)**

1920-നും 1950-നും ഇടയിൽ ഇന്ത്യൻ സമൂഹശാസ്ത്രമെന്നത് ബോംബെയിലെയും ലഖ്നോവിലെയും സാമ്പത്തികശാസ്ത്രത്തിന്റെയും സമൂഹശാസ്ത്രത്തിന്റെയും സംയുക്ത പഠനവകുപ്പിലായിരുന്നു. മുംബെയിൽ ഘുരെയും ലഖ്നോവിൽ രാധകമൽ മുഖർജിയും, ഡി.പി. മുഖർജിയും, ഡി.എൻ. മുജൂംദാറും ആയിരുന്നു അവയ്ക്ക് നേതൃത്വം നൽകിയത്. ഡി.പി. മുഖർജി, അദ്ദേഹത്തിന്റെ തലമുറയിലെ ഇന്ത്യയിൽ ഏറ്റവും കൂടുതൽ സ്വാധീനമുള്ള പണ്ഡിതനായിരുന്നു. സമൂഹശാസ്ത്രത്തിൽമാത്രമല്ല, പൊതുജീവിതത്തിലും അദ്ദേഹം പ്രമുഖമായ സ്ഥാനംവഹിച്ചു.

പ്രഭാഷകൻ, മാധ്യമപ്രവർത്തകൻ എന്നീ രംഗങ്ങളിലും അദ്ദേഹം പ്രശോഭിച്ചു. സംഗീതം, സാഹിത്യം, സിനിമ, മാർക്സിയൻ ദർശനങ്ങൾ, ആസൂത്രിതവികസനം തുടങ്ങി വൈവിധ്യമാർന്ന മേഖലകളിൽ അദ്ദേഹത്തിന്റെ താൽപ്പര്യങ്ങൾ വ്യാപരിച്ചു. ഒരു രാഷ്ട്രീയപരിപാടി എന്നതിനേക്കാൾ സാമൂഹികവിശകലനരീതി (Social Analysis Method) എന്ന നിലയിൽ മാർക്സിസത്തെ അദ്ദേഹം കണ്ടു.

**പാരമ്പര്യവും മാറ്റവും: ഡി.പി.മുഖർജിയുടെ കാഴ്ചപ്പാട് (D.P.Mukerji on Tradition and Change)**

ഇന്ത്യാചരിത്രത്തോടും സാമ്പത്തികശാസ്ത്രത്തോടും തോന്നിയ അതൃപ്തിയാണ് സമൂഹശാസ്ത്രത്തിലേക്കു തിരിയാൻ ഡി.പി. മുഖർജിയെ പ്രേരിപ്പിച്ചത്. തനതായ

**ദുർജതി പ്രസാദ് മുഖർജി (1894–1961)**



ഉയർന്ന വിദ്യാഭ്യാസപാരമ്പര്യമുള്ള ഒരു മധ്യവർഗ ബംഗാളി ബ്രാഹ്മണകുടുംബത്തിൽ 1894 ഒക്ടോബർ 5-ന് ജനിച്ചു. കൽക്കത്ത യൂണിവേഴ്സിറ്റിയിൽനിന്ന് സയൻസിൽ ബിരുദവും ചരിത്രത്തിലും സാമ്പത്തികശാസ്ത്രത്തിലും ബിരുദാനന്തര ബിരുദവും നേടി.

1924: ലഖ്നോ സർവകലാശാലയിൽ എക്കണോമിക്സ് & സോഷ്യോളജിവിഭാഗത്തിൽ ലക്ചററായി നിയമിതനായി.

1938–41: യുണൈറ്റഡ് പ്രോവിൻസ് ഓഫ് ബ്രിട്ടീഷ് ഇന്ത്യയിലെ (ഇപ്പോഴത്തെ ഉത്തർപ്രദേശ്) ആദ്യത്തെ കോൺഗ്രസ് സർക്കാരിൽ ഇൻഫർമേഷൻ ഡയറക്ടറായി നിയമിതനായി.

1947: ഉത്തർപ്രദേശ് ലേബർ എൻക്വയറി കമ്മിറ്റിയുടെ മെംബറായി സേവനമനുഷ്ഠിച്ചു.

1949: ലഖ്നോ സർവകലാശാലയിൽ വൈസ്ചാൻസലറുടെ പ്രത്യേക നിർദേശപ്രകാരം പ്രഫസറായി നിയമിതനായി.

1953: അലിഗഡ് മുസ്‌ലിം സർവകലാശാലയിൽ സാമ്പത്തികശാസ്ത്ര പ്രഫസറായി നിയമിതനായി.

1955: പുതിയതായി രൂപീകരിച്ച ഇന്ത്യൻ സോഷ്യോളജിക്കൽ സൊസൈറ്റിയിൽ അധ്യക്ഷപ്രസംഗം നടത്തി.

1961: ഡിസംബർ 5ന് അന്തരിച്ചു.

സാമൂഹികവ്യവസ്ഥയാണ് ഇന്ത്യയുടെ മുഖ്യസവിശേഷത എന്ന് അദ്ദേഹം വിശ്വസിച്ചു. അതിനാൽ ഓരോ സാമൂഹ്യശാസ്ത്രവും (Social Sciences) ഇന്ത്യൻ വ്യവസ്ഥയുടെ സാമൂഹികവശങ്ങൾക്കു പ്രാധാന്യം നൽകണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ചരിത്രം, രാഷ്ട്രമീമാംസ, സാമ്പത്തികശാസ്ത്രം എന്നീ വിഷയങ്ങൾ പാശ്ചാത്യലോകവുമായി താരതമ്യം ചെയ്യുമ്പോൾ ഇന്ത്യയിൽ വേണ്ടത്ര വികാസം പ്രാപിച്ചിട്ടില്ലെങ്കിലും സാമൂഹികമാനങ്ങൾ ഏറെയധികം വികസിച്ചിട്ടുണ്ടെന്ന് അദ്ദേഹം സൂചിപ്പിച്ചു.

*ഇന്ത്യൻ സമൂഹം കാലങ്ങളായി അതിശക്തമായി നിലനിന്നിരുന്നുവെന്ന എന്റെ വിശ്വാസം വർധിച്ചുവന്നു. ഇന്ത്യയുടെ ചരിത്രം, സാമ്പത്തികശാസ്ത്രം – എന്തിനേറെ ദർശനങ്ങൾപോലും സാമൂഹികസംഘങ്ങളിലും സാമൂഹീകരിക്കപ്പെട്ട വ്യക്തികളിലും കേന്ദ്രീകരിച്ചിരുന്നു.*
(Mukherji, 1955:2)

സമൂഹത്തെ കേന്ദ്രബിന്ദുവാക്കി ഇന്ത്യയിലെ സാമൂഹികപാരമ്പര്യങ്ങളെക്കുറിച്ച് പഠിക്കുക എന്നതാണ് ഒരു ഇന്ത്യൻ സമൂഹശാസ്ത്രജ്ഞന്റെ ആദ്യ ചുമതല. പാരമ്പര്യത്തെക്കുറിച്ചുള്ള പഠനം ഭൂതകാലത്തെക്കുറിച്ചുള്ള പഠനം മാത്രമല്ലെന്നും പാരമ്പര്യത്തിലുണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ചുള്ള പഠനംകൂടി ഉൾപ്പെടണമെന്നും ഡി.പി. മുഖർജി അഭിപ്രായപ്പെട്ടു. പാരമ്പര്യം സജീവവും ചലനാത്മകവുമാണെന്നാണ് മുഖർജിയുടെ വീക്ഷണം. ഇതിനെ ജൈവപാരമ്പര്യം (Living Tradition) എന്ന് അദ്ദേഹം കണക്കാക്കി. ഭൂതകാലവുമായുള്ള ബന്ധം നിലനിർത്തി വർത്തമാനകാലവുമായി പൊരുത്തപ്പെട്ട് കാലങ്ങളിലൂടെ മാറിക്കൊണ്ടിരിക്കുന്ന ഒന്നാണ് പാരമ്പര്യം. ഡി.പി. മുഖർജി ചൂണ്ടിക്കാട്ടിയതുപോലെ, "ഇന്ത്യൻ സമൂഹശാസ്ത്രജ്ഞൻ വെറും ഒരു സമൂഹശാസ്ത്രജ്ഞൻ മാത്രമായിരുന്നാൽ പോരാ, അയാൾ ആദ്യം ഒരിന്ത്യക്കാരനായിരിക്കണം." ഇന്ത്യൻ

സാമൂഹികവ്യവസ്ഥയെക്കുറിച്ചും അതുമായി ബന്ധപ്പെട്ട മറ്റു കാര്യങ്ങളെക്കുറിച്ചും ആഴത്തിൽ മനസ്സിലാക്കാനായി ഇന്ത്യയുടെ നാട്ടാചാരങ്ങളും നാട്ടുനടപ്പുകളും പാരമ്പര്യങ്ങളും ഉൾക്കൊള്ളുകയും പങ്കുവയ്ക്കുകയും വേണം എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ഉയർന്നതെന്നും താഴ്ന്നതെന്നും പരിഗണിക്കപ്പെട്ടുപോരുന്ന ഭാഷകളെക്കുറിച്ചും സംസ്കാരങ്ങളെക്കുറിച്ചും സമൂഹശാസ്ത്രജ്ഞർ പഠിക്കണമെന്ന് ഡി.പി. മുഖർജി ആവശ്യപ്പെട്ടു. സംസ്കൃതവും പേർഷ്യനും അറബിഭാഷയും മാത്രമല്ല, പ്രാദേശിക ഭാഷകളും അവർക്ക് സുപരിചിതമായിത്തീരണം.

പാശ്ചാത്യ വ്യാഖ്യാനംപോലെ ഇന്ത്യൻ സംസ്കാരവും സമൂഹവും വ്യക്ത്യധിഷ്ഠിതമല്ലെന്ന് ഡി.പി. വാദിച്ചു. ഒരു വ്യക്തി അംഗമാകുന്ന സാമൂഹിക-സാംസ്കാരിക സംഘമാണ് അയാളുടെ ആഗ്രഹങ്ങളെ നിർണയിക്കുന്നത്. അതിൽനിന്ന് വ്യതിചലിക്കുക അദ്ദേഹത്തിനു സാധ്യമല്ല. അതിനാൽ ഇന്ത്യൻ സാമൂഹികവ്യവസ്ഥ ആഭിമുഖ്യം വച്ചുപുലർത്തുന്നത് സംഘത്തോടോ (Group), വിഭാഗത്തോടോ (Sect) അല്ലെങ്കിൽ ജാതിയോടോ (Caste) ആണ്. അല്ലാതെ സ്വമേധയായുള്ള വ്യക്തിഗത പ്രവർത്തനങ്ങളോടല്ല (Voluntaristic Individual action).

ഇന്ത്യൻ പാരമ്പര്യത്തിന്റെ കേന്ദ്രം വ്യക്തിയല്ല, സാമൂഹിക-സാംസ്കാരിക സംഘമാണെന്ന് ഡി.പി. വാദിച്ചു. പാരമ്പര്യം എന്ന പദത്തിന്റെ മൂലാർഥം 'പ്രസാരണം ചെയ്യുക' (to transmit) എന്നാണെന്ന് ഡി.പി. ചൂണ്ടിക്കാണിച്ചു. ഇതിനെ സംസ്കൃതത്തിൽ 'പരമ്പര' (പിന്തുടർച്ച) അല്ലെങ്കിൽ 'ഐതിഹ്യം' എന്നു പറയുന്നു. 'ഇതിഹാസം' അഥവാ 'ചരിത്രം' എന്ന മൂലത്തിൽനിന്നാണ് ഇത് ഉത്ഭവിച്ചിട്ടുള്ളത്. ഭൂതകാലത്തിൽ ആഴത്തിൽ വേരോട്ടമുള്ളവയാണ് പാരമ്പര്യങ്ങൾ. കഥകളുടെയും മിത്തുകളുടെയും ആവർത്തിച്ചുള്ള ഓർമപുതുക്കലും പുനരാഖ്യാനവും പാരമ്പര്യത്തെ സജീവമായി നിലനിർത്തുന്നു.

പാരമ്പര്യത്തിന് ഭൂതകാലവുമായുള്ള ബന്ധം 'മാറ്റത്തെ' നിഷേധിക്കുന്നില്ല. അത് യഥാർഥത്തിൽ മാറ്റങ്ങളുമായി പൊരുത്തപ്പെടുകയാണ് ചെയ്യുന്നത്.

മാറ്റത്തിന്റെ ആന്തരികവും ബാഹ്യവുമായ ഉറവിടങ്ങൾ എല്ലാ സമൂഹത്തിലും നിലനിൽക്കുന്നു. പാശ്ചാത്യസമൂഹങ്ങളിൽ അത് സമ്പദ്‌വ്യവസ്ഥയാണ്. എന്നാൽ ഇന്ത്യയിൽ അങ്ങനെയല്ല. ജാതിപാരമ്പര്യങ്ങൾ ഇന്ത്യയിലെ വർഗസംഘർഷങ്ങളെ മയപ്പെടുത്തുകയും മറച്ചുവയ്ക്കുകയുമാണ് ചെയ്യുന്നതെന്ന് ഡി.പി. വിശ്വസിച്ചു. ഇന്ത്യയിൽ സമ്പദ്‌വ്യവസ്ഥയിൽ അധിഷ്ഠിതമായ പുതിയ വർഗബന്ധങ്ങൾ സൂക്ഷ്മമായ രീതിയിൽ ഇനിയും ഉയർന്നുവന്നിട്ടില്ലെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ആന്തരികവും സാമ്പത്തികവുമായ മാറ്റങ്ങളുടെ കാരണങ്ങൾക്ക് ഒരു വിവരണം നൽകുക എന്നതാണ് ഇന്ത്യൻ സമൂഹശാസ്ത്രത്തിന്റെ ആദ്യ ചുമതലയെന്ന് ഡി.പി. അഭിപ്രായപ്പെട്ടു. ഇന്ത്യൻ പാരമ്പര്യം അംഗീകരിച്ചിട്ടുള്ള 'മൂന്നു പരിവർത്തനതത്ത്വങ്ങൾ' ഉണ്ടായിരുന്നുവെന്ന് അദ്ദേഹം വിശ്വസിച്ചു. ശ്രുതി, സ്മൃതി, അനുഭവം എന്നിവയാണ് മാറ്റത്തിന്റെ ഈ മൂന്നു തത്ത്വങ്ങൾ. ഇതിൽ അവസാനത്തെ തത്ത്വമായ അനുഭവം അഥവാ വ്യക്തിപരമായ അനുഭവം വിപ്ലവകരമായ ഒരു ആശയമാണ്. ഇന്ത്യൻ സാഹചര്യത്തിൽ വ്യക്തിപരമായ അനുഭവം അതിവേഗത്തിൽ കൂട്ടായ അനുഭവമായി മാറുകയുണ്ടായി. അനുഭവം അഥവാ സംഘങ്ങളുടെ കൂട്ടായ അനുഭവം ഇന്ത്യൻ സമൂഹത്തിൽ മാറ്റത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട തത്ത്വമായിത്തീർന്നു. സ്മൃതിയിലും ശ്രുതിയിലുമാണ് ഉന്നതമായ പാരമ്പര്യങ്ങൾ (High Tradition) കേന്ദ്രീകരിക്കപ്പെട്ടിരുന്നത്. എന്നാൽ സംഘങ്ങളുടെയും വിഭാഗങ്ങളുടെയും കൂട്ടായ അനുഭവങ്ങൾ 'ഉന്നതമായ പാരമ്പര്യത്തെ' ഓരോ കാലത്തും വെല്ലുവിളിച്ചു. ഭക്തിപ്രസ്ഥാനം ഇതിനുദാഹരണമാണ്. ഹിന്ദുക്കളുടെ കാര്യത്തിൽ മാത്രമല്ല, ഇന്ത്യയിലെ

മുസ്‌ലിം സംസ്കാരത്തിന്റെ കാര്യത്തിലും ഇത് സത്യമാണെന്ന് ഡി.പി. സമർഥിച്ചു. ഇന്ത്യയിലെ സൂഫികൾ വിശുദ്ധഗ്രന്ഥങ്ങളേക്കാൾ ഊന്നൽ നൽകിയത് സ്നേഹത്തിനും അനുഭവത്തിനുമാണ്. ഇത് മാറ്റങ്ങൾ കൊണ്ടുവരുന്നതിൽ പ്രധാനമായിത്തീർന്നു. ഇന്ത്യൻ സാഹചര്യത്തിൽ മാറ്റത്തിന്റെ പ്രധാനശക്തി വ്യാവഹാരിക യുക്തിബോധമല്ല (Discursive reason, ബുദ്ധിവിചാരം) മറിച്ച് മാറ്റത്തിന്റെ ചരിത്രപരമായ ശ്രേഷ്ഠനിർവാഹകർ, അനുഭവവും സ്നേഹവുമാണെന്ന് ഡി.പി. അഭിപ്രായപ്പെട്ടു.

ഇന്ത്യൻ സാഹചര്യത്തിൽ സംഘർഷങ്ങളും കലാപങ്ങളും ഉണ്ടാകുന്നത് കൂട്ടായ അനുഭവങ്ങളിലൂടെയാണ്. സംഘർഷങ്ങൾ പാരമ്പര്യത്തിൽ മാറ്റങ്ങളുണ്ടാക്കുന്നുവെങ്കിലും പാരമ്പര്യത്തിന് ഇതുകൊണ്ടൊന്നും കോട്ടം സംഭവിക്കുന്നില്ല. കാരണം, കാര്യങ്ങളെ പൂർവസ്ഥിതിയിലേക്കു (Resilience) കൊണ്ടുവരാനുള്ള കഴിവ് പാരമ്പര്യത്തിനുണ്ട്.

മുഖർജിയുടെ അഭിപ്രായത്തിൽ, മാറ്റങ്ങൾ ചാക്രികമായി ആവർത്തിക്കപ്പെടുന്നതുകൊണ്ട് പാരമ്പര്യവും തകരാതെ നിലനിർത്തപ്പെടുന്നു. ഉദാഹരണത്തിന്, യാഥാസ്ഥിതികത്വത്തെ വെല്ലുവിളിച്ചുകൊണ്ട് ജനകീയകലാപങ്ങൾ ഉണ്ടാവുകയും അവ യാഥാസ്ഥിതികത്വത്തെ പരിവർത്തനം ചെയ്യുന്നതിൽ വിജയിക്കുകയും ചെയ്യുന്നു. കാലക്രമേണ യാഥാസ്ഥിതികത്വം വീണ്ടും തിരിച്ചുവരുകയും കാര്യങ്ങൾ പൂർവസ്ഥിതിയിലെത്തുകയും ചെയ്യും. വിപ്ലവം പാരമ്പര്യത്തിന്റെ അതിരുകൾക്കുള്ളിലാണ് നിലകൊള്ളുന്നത്. മാറ്റത്തിന്റെ ഈ പ്രക്രിയ ജാതിസമൂഹത്തിന്റെ ഒരു സവിശേഷതയാണ്. ഇവിടെ വർഗങ്ങളുടെയും വർഗബോധത്തിന്റെയും രൂപീകരണം തടയപ്പെടുന്നു.

പാശ്ചാത്യ ബൗദ്ധികപാരമ്പര്യങ്ങളിൽനിന്ന് ചിന്താശൂന്യമായി കടംകൊള്ളുന്നതിനെ മുഖർജി നിശിതമായി വിമർശിക്കുകയുണ്ടായി. വികസനാസൂത്രണം ഉൾപ്പെടെയുള്ള ആശയങ്ങൾ പാശ്ചാത്യലോകത്തു നിന്ന് കടംകൊണ്ടതിനെ അദ്ദേഹം ശക്തമായെതിർത്തു.

പാരമ്പര്യം ആരാധിക്കപ്പെടേണ്ടതോ അവഗണിക്കപ്പെടേണ്ടതോ അല്ലെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ആധുനികത അനിവാര്യമാണ്. എന്നാൽ അതിനെ അന്ധമായി സ്വീകരിക്കാൻ പാടില്ല. പാരമ്പര്യത്തെയും ആധുനികതയെയും സ്വീകരിക്കുമ്പോഴും അവ രണ്ടിനോടും വിമർശനാത്മകമായ നിലപാട് കൈക്കൊണ്ട ഒരു പണ്ഡിതനാണ് ഡി.പി. മുഖർജി. പാരമ്പര്യത്തിന്റെയും ആധുനികതയുടെയും ആരാധകനും വിമർശകനുമായത് തന്റെ ബൗദ്ധികകാഴ്ചപ്പാടുകൾ രൂപപ്പെടുത്തുന്നതിൽ ഏറെ സഹായിച്ചുവെന്ന് ഡി.പി. മുഖർജി വെളിപ്പെടുത്തി.



ജൈവപാരമ്പര്യം (Living Tradition)എന്നത് ചർച്ചചെയ്യുക. ഡി.പി. മുഖർജിയുടെ അഭിപ്രായത്തിൽ ജൈവപാരമ്പര്യം ഇന്നലെകളുമായി ബന്ധം വച്ചുപുലർത്തിക്കൊണ്ടുതന്നെ പുതിയവ ഉൾച്ചേർക്കുന്നു. പഴമയും പുതുമയും ചേർന്നുനിൽക്കുന്നതാണ് ജൈവപാരമ്പര്യം. മുതിർന്നവരിൽനിന്നു ചില പാരമ്പര്യശീലങ്ങളിൽ അഥവാ ആചാരാനുഷ്ഠാനങ്ങളിൽ മാറ്റങ്ങൾക്കു വിധേയമായവയെയും വിധേയമാകാത്തവയെയും ചോദിച്ചറിഞ്ഞ് എഴുതുക. ഉദാഹരണത്തിന്

a. കളികളിലുണ്ടായ മാറ്റങ്ങൾ (ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും).
b. ഉത്സവങ്ങളുടെ നടത്തിപ്പിൽ
c. ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും വസ്ത്രധാരണരീതികൾ.
d. നിങ്ങൾക്ക് താൽപ്പര്യമുള്ള മറ്റു മേഖലകൾ.

ഇവ നിങ്ങളുടെ സുഹൃത്തുക്കളോടും മുതിർന്നവരോടും ചർച്ചചെയ്തു കണ്ടെത്തുക. എഴുതുമ്പോൾ (1) പത്തുവർഷം മുമ്പുണ്ടായിരുന്ന ശീലങ്ങൾ (2) ഇരുപതുവർഷം മുമ്പ് (3) നാൽപ്പതുവർഷം മുമ്പ് (4) അറുപതുവർഷം മുമ്പ് എന്നിങ്ങനെ കണ്ടെത്തിയെഴുതാൻ ശ്രമിക്കുക.

**എ.ആർ. ദേശായി (A.R. DESAI) (1915 – 1994)**
**(അക്ഷയ് രമൺലാൽ ദേശായി)**



| | |
|---|---|
| 1915: | ബറോഡയിൽ ജനിച്ചു. ബറോഡ, സൂറത്ത്, ബോംബെ എന്നിവിടങ്ങളിൽ ആദ്യകാല വിദ്യാഭ്യാസം. |
| 1934–39: | ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ (CPI) അംഗം. |
| 1946: | ജി.എസ്. ഘുരെയുടെ കീഴിൽ പി.എച്ച്.ഡി. പ്രബന്ധം സമർപ്പിച്ചു. |
| 1948: | ദേശായിയുടെ പി.എച്ച്.ഡി. പ്രബന്ധം 'ഇന്ത്യൻ ദേശീയതയുടെ സാമൂഹികപശ്ചാത്തലം' എന്ന ശീർഷകത്തിൽ പ്രസിദ്ധപ്പെടുത്തി. |
| 1951: | ബോംബെ സർവകലാശാലയിലെ സമൂഹശാസ്ത്രവകുപ്പിൽ ചേർന്നു. |
| 1961: | 'ഇന്ത്യയിലെ ഗ്രാമീണപരിവർത്തനം' (Rural Transition in India) എന്ന ഗ്രന്ഥം പ്രസിദ്ധീകരിച്ചു. |
| 1967: | പ്രഫസറും വകുപ്പുമേധാവിയുമായി നിയമിക്കപ്പെട്ടു. |
| 1975: | State and Society in India : Essays in Dissent എന്ന ഗ്രന്ഥം പ്രസിദ്ധീകരിച്ചു. |
| 1976: | സമൂഹശാസ്ത്രവകുപ്പിൽനിന്ന് വിരമിച്ചു. |
| 1979: | ഇന്ത്യയിലെ കർഷകസമരങ്ങൾ (Peasant Struggles In India) എന്ന പുസ്തകം പ്രസിദ്ധീകരിച്ചു. |
| 1986: | 'സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെ കർഷകസമരങ്ങൾ' (Agrarian Struggles in India after Independence) പ്രസിദ്ധീകരിച്ചു. |

സജീവരാഷ്ട്രീയത്തിൽ ഇടപെടുകയും രാഷ്ട്രീയപ്പാർട്ടികളിൽ അംഗത്വം നേടുകയും ചെയ്ത അപൂർവ സമൂഹശാസ്ത്രജ്ഞരിൽ ഒരാളാണ് എ.ആർ. ദേശായി. ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ (CPI) അദ്ദേഹം അംഗമായിരുന്നു. പിന്നീട് പാർട്ടിയിലുള്ള അംഗത്വം അദ്ദേഹം രാജിവയ്ക്കുകയുണ്ടായി. എങ്കിലും മുഖ്യധാരയിൽനിന്നു വേറിട്ടുനിന്നിരുന്ന മാർക്സിസ്റ്റ് രാഷ്ട്രീയ ഗ്രൂപ്പുകളുമായി ബന്ധപ്പെട്ടുകൊണ്ട് അദ്ദേഹം പ്രവർത്തിച്ചു.

ദേശായിയുടെ പിതാവ് ബറോഡയിലെ ഒരു ഉദ്യോഗസ്ഥനും അറിയപ്പെടുന്ന എഴുത്തുകാരനുമായിരുന്നു. സോഷ്യലിസത്തോടും ഗാന്ധിയൻ രീതിയിലുള്ള ഇന്ത്യൻ ദേശീയതയോടും അദ്ദേഹത്തിന് സഹാനുഭൂതിയുണ്ടായിരുന്നു. ബാല്യത്തിൽത്തന്നെ അമ്മയെ നഷ്ടപ്പെട്ട ദേശായിയെ പിതാവാണ് വളർത്തിക്കൊണ്ടുവന്നത്. പിതാവിന് ഇടയ്ക്കിടെ സ്ഥലമാറ്റം കിട്ടിയതിനാൽ അദ്ദേഹത്തോടൊപ്പം രാജ്യത്തിലെ വിവിധ ഭാഗങ്ങളിലേക്കു പോകാൻ ദേശായി നിർബന്ധിതനാവുകയും ഒരു ദേശാടനജീവിതം നയിക്കുകയും ചെയ്തു.

ബറോഡയിലെ ബിരുദപൂർവ പഠനത്തിനുശേഷം ജി.എസ്. ഘുരെയുടെ കീഴിൽ പഠിക്കുന്നതിനായി ദേശായി ബോംബെ സർവകലാശാലയിലെ സമൂഹശാസ്ത്രവകുപ്പിൽ ചേർന്നു. ഇന്ത്യൻ ദേശീയതയുടെ സാമൂഹികവശങ്ങളെക്കുറിച്ച് അദ്ദേഹം ഗവേഷണപ്രബന്ധം എഴുതുകയും 1946-ൽ ഡോക്ടറേറ്റ് ലഭിക്കുകയും ചെയ്തു. 1948-ൽ

അദ്ദേഹത്തിന്റെ പ്രബന്ധം പ്രസിദ്ധീകരിക്കപ്പെട്ടു (The Social Background of Indian Nationalism).

ഇന്ത്യൻ ദേശീയതയുടെ ഒരു മാർക്സിയൻ അപഗ്രഥനമാണ് ഈ പുസ്തകത്തിലൂടെ ദേശായി നടത്തിയത്. ബ്രിട്ടിഷ് കോളനിവാഴ്ചാ സാഹചര്യങ്ങളുടെ സാമ്പത്തികപ്രക്രിയകളെയും വിഭജനങ്ങളെയും പ്രാധാന്യത്തോടെ അദ്ദേഹം സമീപിച്ചു. ഈ പുസ്തകത്തിന് ധാരാളം വിമർശകരുണ്ടായെങ്കിലും അത് വളരെയധികം പ്രശസ്തമായിത്തീരുകയും അനേകവട്ടം പുനപ്രസിദ്ധീകരിക്കപ്പെടുകയും ചെയ്തു.

ദേശായിയുടെ പഠനമേഖലയിൽ കർഷക പ്രസ്ഥാനങ്ങൾ, ഗ്രാമീണ സമൂഹശാസ്ത്രം, ആധുനികവൽക്കരണം, നാഗരികപ്രശ്നങ്ങൾ, രാഷ്ട്രീയസമൂഹശാസ്ത്രം, രാഷ്ട്രത്തിന്റെ രൂപങ്ങൾ, മനുഷ്യാവകാശങ്ങൾ തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്.

മാക്സിയൻ ദർശനത്തിന് ഇന്ത്യൻ സമൂഹശാസ്ത്രത്തിൽ അത്ര വലിയ പ്രാധാന്യമോ സ്വാധീനമോ ഉണ്ടായിരുന്നില്ല എന്നതിനാൽ എ.ആർ. ദേശായി കൂടുതൽ അറിയപ്പെട്ടത് സമൂഹശാസ്ത്രത്തിനു പുറത്താണ്. ധാരാളം ബഹുമതികളും അദ്ദേഹത്തിനു ലഭിക്കുകയുണ്ടായി. ഇന്ത്യൻ സോഷ്യോളജിക്കൽ സൊസൈറ്റിയുടെ പ്രസിഡന്റായും അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു. ഇന്ത്യൻ സമൂഹശാസ്ത്രത്തിലെ അസാധാരണ വ്യക്തിത്വമായാണ് അദ്ദേഹം നിലകൊള്ളുന്നത്.

### രാഷ്ട്രത്തെക്കുറിച്ച് എ.ആർ. ദേശായി (A.R.Desai on the State)

ആധുനിക മുതലാളിത്തരാഷ്ട്രത്തെക്കുറിച്ചു പഠിക്കുന്നതിൽ എ.ആർ. ദേശായി വലിയ താൽപ്പര്യം പ്രകടിപ്പിച്ചിരുന്നു. മാക്സിയൻ കാഴ്ചപ്പാടിലൂടെയാണ് അദ്ദേഹം ഈ വിഷയത്തെ സമീപിച്ചത്. ദേശായി ക്ഷേമരാഷ്ട്രം (Welfare state) എന്ന സങ്കൽപ്പനത്തെ നിശിതമായി വിമർശിച്ചു. 'ദി മിത്ത് ഓഫ് വെൽഫെയർ സ്റ്റേറ്റ്' (The Myth of the Welfare State) എന്ന പ്രബന്ധത്തിൽ അദ്ദേഹം ഈ സങ്കൽപ്പനത്തെ നിശിതമായി വിമർശിക്കുകയും അതിന്റെ പോരായ്മകൾ ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നു. ദേശായിയുടെ വീക്ഷണത്തിൽ ക്ഷേമരാഷ്ട്രത്തിന് താഴെപ്പറയുന്ന തനതായ ചില സവിശേഷതകളുണ്ട്.

1. ക്ഷേമരാഷ്ട്രം ഒരു ക്രിയാത്മകരാഷ്ട്രമാണ് – അത് 'ലെസെഫെയർ സിദ്ധാന്തം' (Laissez faire) വിഭാവനം ചെയ്യുന്ന രാഷ്ട്രത്തിൽനിന്നു തികച്ചും വ്യത്യസ്തമാണ്. ക്രമസമാധാനം നിലനിർത്തുന്നതിന് രാഷ്ട്രത്തിന്റെ കുറഞ്ഞ ഇടപെടൽ മാത്രമേ ആവശ്യമുള്ളൂവെന്ന് ലെസെഫെയർ സിദ്ധാന്തം വാദിക്കുന്നു. ക്ഷേമരാഷ്ട്രം ഇടപെടുന്ന രാഷ്ട്രമാണ് (Interventionist State). സമൂഹനന്മയ്ക്കു വേണ്ടി സാമൂഹികനയങ്ങൾ രൂപകൽപ്പന ചെയ്യാനും നടപ്പിലാക്കാനും ഗണ്യമായ അധികാരങ്ങൾ അത് ഉപയോഗിക്കുന്നു.
2. ക്ഷേമരാഷ്ട്രത്തിന്റെ ആവിർഭാവത്തിന് ജനാധിപത്യം ഒഴിച്ചുകൂടാനാവാത്ത ഒരുപാധിയാണ്. ആയതിനാൽ ക്ഷേമരാഷ്ട്രം ഒരു ജനാധിപത്യരാഷ്ട്രമായിരിക്കും. ഔപചാരികമായ ജനാധിപത്യസ്ഥാപനങ്ങൾ, പ്രത്യേകിച്ച് ബഹുകക്ഷി തിരഞ്ഞെടുപ്പുകൾ എന്നിവ ക്ഷേമരാഷ്ട്രത്തിന്റെ അടിസ്ഥാന സവിശേഷതയാണ്. ഉദാര (Liberal) ചിന്തകർ അതുകൊണ്ടാണ് സോഷ്യലിസ്റ്റ് –കമ്മ്യൂണിസ്റ്റ് രാഷ്ട്രങ്ങളെ ക്ഷേമരാഷ്ട്രത്തിൽനിന്ന് ഒഴിവാക്കിയിട്ടുള്ളത്.
3. ക്ഷേമരാഷ്ട്രങ്ങളിൽ മിശ്രസമ്പദ്‌വ്യവസ്ഥ (Mixed Economy) യാണുള്ളത്. സ്വകാര്യ മുതലാളിത്തസംരംഭങ്ങളും പൊതുമേഖലാ സംരംഭങ്ങളും ഒരുമിച്ചു നിൽക്കുന്ന സമ്പ

ദ്വ്യവസ്ഥയാണ് 'മിശ്രസമ്പദ്വ്യവസ്ഥ'. ഒരു ക്ഷേമരാഷ്ട്രം മുതലാളിത്തവിപണിയെ ഉന്മൂലനം ചെയ്യാൻ ശ്രമിക്കില്ല. വ്യവസായത്തിലും മറ്റു മേഖലകളിലുമുള്ള പൊതുനിക്ഷേപത്തെ തടയുകയുമില്ല. അടിസ്ഥാന വസ്തുക്കൾ, സാമൂഹിക അന്തർഘടന (Social Infrastructure) എന്നിവയിൽ പൊതുമേഖല ശ്രദ്ധ കേന്ദ്രീകരിക്കുമ്പോൾ ഉപഭോഗവസ്തുക്കളുടെ രംഗത്ത് സ്വകാര്യ വ്യവസായം ആധിപത്യം പുലർത്തുന്നു.

ക്ഷേമരാഷ്ട്രത്തിന്റെ സവിശേഷതകൾ വിശദീകരിച്ചുകൊണ്ടാണ് ദേശായി അതിന്റെ പോരായ്മകൾ ചൂണ്ടിക്കാണിച്ചത്. ക്ഷേമരാഷ്ട്രത്തിന്റെ പ്രകടനം അളക്കുന്നതിന് താഴെ പറയുന്ന ചില മാനദണ്ഡങ്ങൾ അദ്ദേഹം നിർദേശിച്ചു:

ക്ഷേമരാഷ്ട്രത്തിന്റെ പ്രകടനം അളക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

1. ദാരിദ്ര്യം, സാമൂഹികവിവേചനം എന്നിവയിൽനിന്നുള്ള മോചനവും സുരക്ഷയും എല്ലാ പൗരർക്കും ക്ഷേമരാഷ്ട്രം ഉറപ്പുവരുത്തുന്നുണ്ടോ?
2. വരുമാനം സമ്പന്നരിൽനിന്ന് ദരിദ്രരിലേക്കു പുനർവിതരണം നടത്തിക്കൊണ്ടും സമ്പത്തിന്റെ കേന്ദ്രീകരണം തടഞ്ഞുകൊണ്ടും വരുമാനത്തിലെ അസമത്വങ്ങൾ ക്ഷേമരാഷ്ട്രം ഇല്ലാതാക്കുന്നുണ്ടോ?
3. മുതലാളിത്തത്തിന്റെ ലാഭപ്രേരണയെ സമൂഹത്തിന്റെ യഥാർഥ ആവശ്യങ്ങൾക്ക് കീഴ്പ്പെടുത്തുന്ന വിധത്തിൽ ക്ഷേമരാഷ്ട്രം സമ്പദ്വ്യവസ്ഥയെ മാറ്റിയിട്ടുണ്ടോ?
4. സാമ്പത്തികക്കുതിപ്പുകളുടെയും മാന്ദ്യങ്ങളുടെയും ചാക്രികവലയങ്ങളിൽനിന്ന് സ്വതന്ത്രമായ സുസ്ഥിര വികസനം ക്ഷേമരാഷ്ട്രം ഉറപ്പാക്കിയിട്ടുണ്ടോ?
5. എല്ലാവർക്കും തൊഴിൽ നൽകാൻ ക്ഷേമരാഷ്ട്രത്തിനു കഴിയുന്നുണ്ടോ?

ബ്രിട്ടൻ, അമേരിക്ക, യൂറോപ്യൻ രാഷ്ട്രങ്ങൾ എന്നിവ ക്ഷേമരാഷ്ട്രങ്ങളാണെന്ന അവരുടെ അവകാശവാദം ഊതിപ്പെരുപ്പിച്ചതാണെന്ന് ഈ മാനദണ്ഡങ്ങൾ ഉപയോഗിച്ച് ദേശായി കണ്ടെത്തി. മിക്ക ആധുനിക മുതലാളിത്തരാജ്യങ്ങളും അവയുടെ പൗരർക്ക് സാമൂഹിക-സാമ്പത്തിക സുരക്ഷിതത്വം ഏറ്റവും കുറഞ്ഞ അളവിൽ പോലും നൽകുന്നതിൽ പരാജയപ്പെട്ടിരിക്കുകയാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. സാമ്പത്തിക അസമത്വങ്ങൾ കുറച്ചുകൊണ്ടുവരുന്നതിൽ രാജ്യങ്ങൾ പരാജയപ്പെടുന്നതിന് ഒപ്പംതന്നെ സാമ്പത്തിക അസമത്വത്തെ അവർ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. ഈ ക്ഷേമരാഷ്ട്രങ്ങൾ വിപണിയുടെ ചാഞ്ചാട്ടങ്ങളിൽനിന്ന് വിമുക്തമായ സുസ്ഥിരവികസനം കൈവരിക്കുന്നതിലും പരാജയപ്പെട്ടു. സാമ്പത്തികശേഷിയുടെ അമിതസ്വാധീനം, അമിതമായ തൊഴിലില്ലായ്മ എന്നിവ മറ്റു പരാജയങ്ങളാണ്. ഈ വാദഗതികളുടെ അടിസ്ഥാനത്തിൽ ക്ഷേമരാഷ്ട്രമെന്ന സങ്കൽപ്പനം ഒരു ഐതിഹ്യമാണെന്ന് (Myth) ദേശായി സമർഥിച്ചു.

രാഷ്ട്രത്തെക്കുറിച്ചുള്ള (State) മാക്സിയൻ വ്യാഖ്യാനവും ദേശായി എഴുതിയിട്ടുണ്ട്. അദ്ദേഹത്തിന്റെ വീക്ഷണം ഏകപക്ഷീയമായിരുന്നില്ലെന്ന് ഈ രചനകളിൽ നമുക്കു കാണാൻ കഴിയും. കമ്മ്യൂണിസ്റ്റ് രാഷ്ട്രങ്ങളുടെ ന്യൂനതകൾ തുറന്നു വിമർശിക്കുന്നതിൽ അദ്ദേഹം ഒരിക്കലും വൈമുഖ്യം കാട്ടിയിട്ടില്ല.

കമ്മ്യൂണിസത്തിൽ ജനാധിപത്യത്തിനുള്ള പ്രാധാന്യവും അദ്ദേഹം എടുത്തുകാണിച്ചു. സോഷ്യലിസ്റ്റ് രാഷ്ട്രങ്ങൾ സ്വാതന്ത്ര്യവും നിയമവാഴ്ചയും ഉയർത്തിപ്പിടിക്കണമെന്ന് അദ്ദേഹം വാദിച്ചു.

എ.ആർ. ദേശായിയുടെ അഭിപ്രായത്തിൽ ക്ഷേമരാഷ്ട്രം ഒരു മുതലാളിത്തരാഷ്ട്രത്തിന്റെ ഇടപെടൽ നടത്തേണ്ടതാണെന്ന് ആഗ്രഹിച്ചു. അദ്ദേഹം ക്ഷേമരാഷ്ട്രത്തെ

മാക്സിയൻ കാഴ്ചപ്പാടിലും സോഷ്യലിസത്തിന്റെ നിലപാടിലും നിന്ന് വിമർശിച്ചു.



പൗരർക്കുവേണ്ടി രാഷ്ട്രം ചെയ്യേണ്ടുന്ന കാര്യങ്ങളേക്കാൾ കൂടുതൽ സ്വതന്ത്രവിപണിക്ക് ചെയ്യാൻ കഴിയും എന്ന കാഴ്ചപ്പാട് ഈ കാലത്ത് വളർന്നുവരുകയാണ്. എന്നാൽ ഒരു ക്ഷേമരാഷ്ട്രം ഇതിനെതിരാണ്. ഈ കാഴ്ചപ്പാടുകൾ ക്ലാസിൽ ചർച്ച ചെയ്യുക. രണ്ടുഭാഗങ്ങൾക്കും സ്വതന്ത്രമായ അവതരണത്തിന് അവസരം നൽകണം.

1. മുൻകാലങ്ങളേക്കാൾ രാഷ്ട്രം പൗരരുടെ ആവശ്യങ്ങൾക്ക് ഇടപെടുന്നത് കൂടുകയാണോ കുറയുകയാണോ ചെയ്യുന്നത്?
2. രാഷ്ട്രം അതിന്റെ കടമകൾ നിർത്തി വച്ചാൽ എന്തു സംഭവിക്കും?
3. നിങ്ങളുടെ സ്കൂളിന്റെയും പരിസരത്തിന്റെയും അവസ്ഥ കൂടുതൽ പ്രയാസകരമായിത്തീരുമോ, മെച്ചപ്പെട്ടതായിത്തീരുമോ, ബാധിക്കാതിരിക്കുമോ?
4. പണക്കാരെയും മധ്യവർഗത്തെയും, പാവപ്പെട്ടവരെയും ഇത് ഒരേരീതിയിൽ ബാധിക്കുമോ? ഇതിനെ കുറിച്ച് അവരുടെ അഭിപ്രായങ്ങൾ വ്യത്യസ്തമാണോ? ചർച്ചചെയ്യുക.

റോഡ്, വൈദ്യുതി, ജലം, തെരുവുവിളക്കുകൾ, വിദ്യാലയം, ശൗചാലയങ്ങൾ, പോലീസ്സേന, ആശുപത്രി, ഗതാഗതം തുടങ്ങിയ മേഖലകളിൽ രാഷ്ട്രത്തിന്റെ ഇടപെടൽ എപ്രകാരമായിരിക്കണമെന്നതിൽ വ്യത്യസ്ത സാമൂഹികസംഘങ്ങൾക്കും വർഗങ്ങൾക്കും (Groups and Classes) ഇടയിലുള്ള നിലപാടുവ്യത്യാസങ്ങൾ കണ്ടെത്തുക.

**എം.എൻ. ശ്രീനിവാസ് (1916–1999)**

സ്വതന്ത്ര ഇന്ത്യയിലെ ഏറ്റവും പ്രശസ്തനായ സമൂഹശാസ്ത്രജ്ഞനാണ് എം.എൻ. ശ്രീനിവാസ്. ബോംബെ സർവകലാശാലയിൽ നിന്നും ഓക്സ്ഫഡ് സർവകലാശാലയിൽ നിന്നുമായി അദ്ദേഹം രണ്ടു ഗവേഷണബിരുദങ്ങൾ നേടിയിട്ടുണ്ട്. ബോംബെയിൽ പഠിക്കുന്ന കാലത്ത് അദ്ദേഹം ജി.എസ്. ഘുര്യെയുടെ ശിഷ്യനായിരുന്നു. ഓക്സ്ഫഡ് സർവകലാശാലയിലെ സമൂഹനരവംശശാസ്ത്രവകുപ്പിൽ അദ്ദേഹം ഗവേഷണപഠനങ്ങൾ നടത്തി. ഈ അവസരം അദ്ദേഹത്തിന്റെ ബൗദ്ധിക അഭിനിവേശത്തെ മാറ്റിമറിച്ചു.

ശ്രീനിവാസിന്റെ ഗവേഷണപ്രബന്ധം 'ദക്ഷിണേന്ത്യയിലെ കൂർഗുകൾക്കിടയിലെ മതവും സമൂഹവും' (Religion and Society Among the Coorgs of South India) എന്ന പേരിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. ഈ രചന അദ്ദേഹത്തിന് അന്തർദേശീയ പ്രശസ്തി നേടിക്കൊടുത്തു. ബ്രിട്ടിഷ് സമൂഹനരവംശശാസ്ത്രത്തിന്റെ ഘടനാപര-നിർവഹണവാദത്തെ ഉപയോഗിച്ചുള്ള വിശദമായ വംശശാസ്ത്രപഠനമായിരുന്നു അത്. ഓക്സ്ഫഡിലെ ഇന്ത്യൻ സമൂഹശാസ്ത്രവകുപ്പിൽ ലക്ചറർ തസ്തികയിൽ നിയമിക്കപ്പെട്ടുവെങ്കിലും 1951-ൽ ജോലി രാജിവച്ച് ശ്രീനിവാസ് ഇന്ത്യയിലേക്കു മടങ്ങി. ബറോഡയിലെ മഹാരാജാ സയാജിറാവു സർവകലാശാലയിൽ പുതിയതായി രൂപീകരിക്കപ്പെട്ട സമൂഹശാസ്ത്രവകുപ്പിന്റെ മേധാവിയായി അദ്ദേഹം ചുമതലയേറ്റു. ഡൽഹി സ്കൂൾ ഓഫ് ഇക്കണോമിക്സിൽ 1959-ൽ ഒരു സമൂഹശാസ്ത്രവകുപ്പ് സ്ഥാപിക്കുന്നതിനുള്ള ചുമതല അദ്ദേഹം ഏറ്റെടുക്കുകയും അവിടെ പ്രഫസറായി നിയമിക്കപ്പെടുകയും ചെയ്തു. ഇന്ത്യയിലെ സമൂഹശാസ്ത്രപഠനത്തിന്റെ ഒരു പ്രധാന കേന്ദ്രമായി താമസിയാതെ ഇവിടം മാറി.

**മൈസൂർ നരസിംഹചർ ശ്രീനിവാസ് (M.N.SRINIVAS)**

മൈസൂരിലെ ഒരു അയ്യങ്കാർ കുടുംബത്തിൽ 1916 നവംബർ 16-ന് ജനിച്ചു. മൈസൂർ യൂണിവേഴ്സിറ്റിയിലായിരുന്നു അദ്ദേഹത്തിന്റെ വിദ്യാഭ്യാസം. ജി.എസ്. ഘുരെയുടെ കീഴിൽ ബോംബെയിൽ അദ്ദേഹം എം.എ. പഠനം പൂർത്തീകരിച്ചു.



1942: കൂർഗുകൾക്കിടയിലെ വിവാഹവും കുടുംബവും എന്ന എം.എ. പ്രബന്ധം പുസ്തകമായി പ്രസിദ്ധീകരിച്ചു.

1944: പി.എച്ച്.ഡി. പ്രബന്ധം ജി.എസ്. ഘുരെയുടെ മേൽനോട്ടത്തിൽ ബോംബെ സർവകലാശാലയിൽ സമർപ്പിച്ചു.

1945: ഓക്സ്ഫഡിൽ റാഡ്ക്ലിഫ് ബ്രൗണിന്റെയും പിന്നീട് ഇവാൻസ് - പ്രിച്ചാർഡിന്റെയും കീഴിൽ പഠനം തുടർന്നു.

1947: ഓക്സ്ഫഡിൽ നിന്നു സമൂഹനരവംശശാസ്ത്രത്തിൽ ഡി. ഫിൽ ബിരുദം നേടി.

1948: ഇന്ത്യൻ സമൂഹശാസ്ത്രത്തിൽ ലക്ചററായി ഓക്സ്ഫഡിൽ നിയമനം.

1951: ഓക്സ്ഫഡിൽ നിന്നു രാജിവച്ച് ബറോഡയിലെ മഹാരാജാ സയാജി റാവു സർവകലാശാലയിൽ പ്രഫസർഷിപ്പ് ഏറ്റെടുക്കുകയും അവിടെ സമൂഹശാസ്ത്രവകുപ്പ് രൂപീകരിക്കുകയും ചെയ്തു.

1959: ഡൽഹി സ്കൂൾ ഓഫ് ഇക്കണോമിക്സിൽ പ്രഫസർഷിപ്പ് ഏറ്റെടുക്കുകയും അവിടെ സമൂഹശാസ്ത്ര വകുപ്പ് രൂപീകരിക്കുകയും ചെയ്തു.

1971: ഡൽഹി സർവകലാശാലയിൽനിന്ന് രാജിവച്ച് ബാംഗ്ലൂരിൽ മറ്റുള്ളവരോടൊപ്പം ചേർന്ന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ ആൻഡ് ഇക്കണോമിക് ചെയ്ഞ്ച് സ്ഥാപിച്ചു.

1999: നവംബർ 30 ന് അന്തരിച്ചു.

സ്ഥാപനങ്ങളും പഠനവകുപ്പുകളും രൂപീകരിക്കുന്നതിനു വേണ്ടിയായിരുന്നു എം.എൻ. ശ്രീനിവാസ് തന്റെ ഊർജവും സമയവും പ്രധാനമായും ചെലവഴിച്ചതെന്ന് അദ്ദേഹം പലപ്പോഴും പരിഭവപ്പെടാറുണ്ടായിരുന്നു. സ്വന്തം ഗവേഷണത്തിന് വളരെ കുറച്ചുസമയം മാത്രമേ അദ്ദേഹത്തിന് കിട്ടിയിരുന്നുള്ളൂ. ഇത്തരം ബുദ്ധിമുട്ടുകൾ ഉണ്ടായിരുന്നിട്ടും അദ്ദേഹം മികവുറ്റ ഒരുപിടി പുസ്തകങ്ങൾ രചിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ പ്രധാന പഠനവിഷയങ്ങൾ ജാതി, ആധുനികവൽക്കരണവും സാമൂഹികമാറ്റത്തിന്റെ മറ്റു പ്രക്രിയകളും, ഗ്രാമസമൂഹം തുടങ്ങിയവയാണ്. ശ്രീനിവാസിന്റെ അന്തർദേശീയ ബന്ധങ്ങളും കൂട്ടുകെട്ടുകളും ലോകഭൂപടത്തിൽ ഇന്ത്യൻ സമൂഹശാസ്ത്രത്തിന് ഒരു സ്ഥാനം നേടിയെടുക്കുന്നതിന് സഹായിച്ചു. ബ്രിട്ടീഷ് സമൂഹനരവംശശാസ്ത്രവുമായും അമേരിക്കൻ നരവംശശാസ്ത്രവുമായും അദ്ദേഹത്തിന് ശക്തമായ ബന്ധങ്ങളുണ്ടായിരുന്നു. പ്രത്യേകിച്ച് ലോക നരവംശശാസ്ത്രത്തിന്റെ ശക്തികേന്ദ്രമായിരുന്ന ഷിക്കാഗോ സർവകലാശാലയുമായും അദ്ദേഹത്തിന് അടുപ്പമുണ്ടായിരുന്നു. തുടർന്നുവന്ന പതിറ്റാണ്ടുകളിൽ സമൂഹശാസ്ത്രജ്ഞരുടെ ഒരു പുത്തൻ തലമുറയ്ക്ക് പരിശീലനം നൽകുന്നതിൽ ഘുരെയെപ്പോലെയും ലഖ്നോ പണ്ഡിതന്മാരെപ്പോലെയും എം.എൻ. ശ്രീനിവാസ് വിജയിച്ചു.

## ഗ്രാമത്തെക്കുറിച്ച് എം.എൻ. ശ്രീനിവാസ് (M.N.Srinivas on the Village)

ഇന്ത്യൻ ഗ്രാമവും ഗ്രാമസമൂഹവും ജീവിതകാലം മുഴുവൻ എം.എൻ. ശ്രീനിവാസിന്റെ സജീവ പഠനമേഖലയായിരുന്നു. സർവേയും അഭിമുഖങ്ങളും നടത്തുന്നതിന് അദ്ദേഹം ഗ്രാമങ്ങളിൽ ഹ്രസ്വസന്ദർശനങ്ങൾ നടത്തി. മൈസൂരിനടുത്തുള്ള ഗ്രാമത്തിൽ ഒരു വർഷക്കാലം ഫീൽഡ്‌വർക്ക് നടത്തിയപ്പോഴാണ് ഗ്രാമസമൂഹത്തെക്കുറിച്ച് അദ്ദേഹത്തിന് നേരിട്ടുള്ള അറിവു ലഭിക്കുന്നത്. ഫീൽഡ്‌വർക്കിന്റെ അനുഭവം തുടർന്നങ്ങോട്ടുള്ള അദ്ദേഹത്തിന്റെ പഠനങ്ങൾക്കും ഗവേഷണങ്ങൾക്കും വലിയ തോതിൽ ഉപകരിക്കുകയുണ്ടായി.

ഗ്രാമസമൂഹത്തിന്റെ വിശദമായ വംശീയ വിവരണങ്ങൾ തയാറാക്കാനുള്ള ഒരു സംഘടിതശ്രമത്തെ 1950 കളിലും 1960 കളിലും ശ്രീനിവാസ് പ്രോത്സാഹിപ്പിക്കുകയും ഏകോപിപ്പിക്കുകയും ചെയ്തു. ഗ്രാമപഠനങ്ങൾ ഇന്ത്യൻ സമൂഹശാസ്ത്രത്തിന്റെ ഒരു പ്രധാന മേഖലയായി വളർത്തിയെടുക്കുന്നതിൽ എസ്.സി. ദുബെ, ഡി.എൻ. മജൂംദാർ എന്നിവരോടൊപ്പം ശ്രീനിവാസും അക്കാലത്ത് പ്രധാന പങ്കുവഹിക്കുകയുണ്ടായി.

ഗ്രാമത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ രചനകൾ രണ്ടു വിശാല തരത്തിലുള്ളവയാണ് .

a. ഗ്രാമങ്ങളിൽ നടത്തിയ ഫീൽഡ്‌വർക്കിന്റെ വംശപഠനപരമായ (Ethnographic) വിവരങ്ങൾ അല്ലെങ്കിൽ അത്തരം വിവരണങ്ങളെക്കുറിച്ചുള്ള ചർച്ചകൾ.
b. സാമൂഹികവിശകലനത്തിനുള്ള ഒരു ഏകകം (Unit)എന്ന നിലയിൽ ഇന്ത്യൻ ഗ്രാമങ്ങളെക്കുറിച്ചുള്ള ചരിത്രപരവും ധാരണാപരവുമായ ചർച്ചകൾ.

രണ്ടാം വിഭാഗത്തിൽപ്പെടുന്ന രചനകളിൽ ഗ്രാമത്തിന്റെ ഒരു സാമാന്യ സങ്കൽപ്പനമെന്ന നിലയിലുള്ള ഉപയോഗത്തെക്കുറിച്ച് ഒരു സംവാദത്തിൽ ശ്രീനിവാസ് ഏർപ്പെട്ടു. ലൂയി ഡ്യൂമണ്ടിനെപ്പോലെയുള്ള സാമൂഹിക നരവംശശാസ്ത്രജ്ഞർ ജാതിയാണ് ഗ്രാമത്തേക്കാൾ പ്രധാനപ്പെട്ടതെന്നു വിശ്വസിച്ചു. ഗ്രാമം എന്നത് ഒരു കൂട്ടം ജനങ്ങൾ പ്രത്യേക സ്ഥലത്ത് താമസിക്കുന്നതായിട്ട് മാത്രമാണ് അവർ കണ്ടത്. ഗ്രാമങ്ങൾ നിലനിൽക്കുകയോ തിരോഭവിക്കുകയോ ചെയ്യാം. ജനങ്ങൾ ഒരു ഗ്രാമത്തിൽ നിന്ന് മറ്റൊന്നിലേക്കു മാറിത്താമസിച്ചേക്കാം. എന്നാൽ സാമൂഹികസ്ഥാപനങ്ങളായ ജാതിയും മതവും അവർ എവിടേക്കുപോയാലും അവരോടൊപ്പമായിരിക്കും. അതിനാൽ ഗ്രാമത്തിനെ ഒരു പഠന ഏകകമായി വലിയ പ്രാധാന്യം നൽകുന്നത് നമ്മെ വഴിതെറ്റിക്കുമെന്ന് ഡ്യൂമണ്ട് വിശ്വസിച്ചു.

ഡ്യൂമണ്ടിന്റെയും കൂട്ടരുടെയും കാഴ്ചപ്പാടിനെ ശ്രീനിവാസ് ശക്തമായെതിർത്തു. ഗ്രാമം വളരെ പ്രസക്തിയുള്ള ഒരു സാമൂഹിക അസ്തിത്വമാണെന്ന് അദ്ദേഹം വിശ്വസിച്ചു. ഗ്രാമങ്ങൾ ഒരു ഏകോപന ശക്തിയായാണ് പ്രവർത്തിച്ചിരുന്നതെന്ന് ശ്രീനിവാസ് വാദിച്ചു. ഗ്രാമീണ സാമൂഹികജീവിതത്തിൽ ഗ്രാമൈക്യത്തിന് വലിയ പ്രാധാന്യമുണ്ടായിരുന്നുവെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

ഭരണകർത്താക്കളായ ബ്രിട്ടിഷ് നരവംശശാസ്ത്രജ്ഞർ ഇന്ത്യൻ ഗ്രാമങ്ങളെ മാറ്റമില്ലാത്തതും സ്വയംപര്യാപ്തവുമായ ചെറു പരമാധികാരരാഷ്ട്രങ്ങളായാണ് (Little Republics) ചിത്രീകരിച്ചിരുന്നത്. ഈ വീക്ഷണത്തെയും ശ്രീനിവാസ് വിമർശിച്ചു. ചരിത്രപരവും സമൂഹശാസ്ത്രപരവുമായ തെളിവുകൾ ഉപയോഗിച്ചുകൊണ്ട് ഗ്രാമങ്ങൾ പരിവർത്തനരഹിതമാണെന്ന ആശയത്തെ അദ്ദേഹം പൊളിച്ചെഴുതി. ഗ്രാമങ്ങളിൽ ഗണ്യമായ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് അദ്ദേഹം വാദിച്ചു. പ്രാദേശികതലത്തിൽ ഗ്രാമങ്ങൾ മറ്റു പ്രദേശങ്ങളുമായി സാമൂഹിക-സാമ്പത്തിക-രാഷ്ട്രീയബന്ധങ്ങൾ നിലനിർത്തിയിരുന്നതായും ചൂണ്ടിക്കാട്ടി.

ഗവേഷണത്തിനുള്ള ഒരു ഇടം (Site) എന്ന നിലയിൽ ഗ്രാമങ്ങൾ ഇന്ത്യൻ സമൂഹശാസ്ത്രത്തിന് പലവിധത്തിൽ ഉപകരിച്ചിട്ടുണ്ട്. വംശപഠനപരമായ (Ethnographic) ഗവേഷണരീതികളുടെ പ്രാധാന്യം വരച്ചുകാട്ടാൻ ഗ്രാമങ്ങൾ സഹായിച്ചു. സ്വതന്ത്ര ഇന്ത്യ വികസനാസൂത്രണ പരിപാടി നടപ്പിലാക്കിയപ്പോൾ രാജ്യത്തിന്റെ ഗ്രാമീണമേഖലയിൽ ത്വരിതഗതിയിലുള്ള സാമൂഹികമാറ്റങ്ങൾ ഉണ്ടായി. ഗ്രാമങ്ങളിൽ നടന്ന വംശശാസ്ത്രപരമായ പഠനങ്ങൾ ഈ മാറ്റങ്ങളുടെ ഒരു ദൃക്സാക്ഷിവിവരണം നൽകുന്നു. ഇന്ത്യൻ ഗ്രാമങ്ങളെക്കുറിച്ചുള്ള ഈ വിവരണങ്ങൾ നഗരങ്ങളിലെ ജനങ്ങളുടെയും നയരൂപീകരണ ചുമതലയുള്ളവരുടെയും പ്രശംസ പിടിച്ചുപറ്റി. ഇന്ത്യയുടെ ഹൃദയഭാഗമായ ഗ്രാമങ്ങളിൽ എന്താണ് സംഭവിക്കുന്നതെന്നു മനസ്സിലാക്കാൻ ഈ വിവരണങ്ങളിലൂടെ അവർക്കു സാധിച്ചു. ഗ്രാമപഠനങ്ങൾ ഇന്ത്യൻ സമൂഹശാസ്ത്രത്തിന് പുതിയ മാനം നൽകി. പ്രാകൃതമനുഷ്യനെക്കുറിച്ചുള്ള പഠനത്തിൽ ഒതുങ്ങിനിൽക്കാതെ ആധുനികവൽക്കരിക്കപ്പെടുന്ന സമൂഹത്തിന്റെ പഠനത്തിലും അതിനു പ്രസക്തിയുണ്ടെന്നു തെളിയിക്കപ്പെട്ടു.



അന്യഗ്രഹത്തിൽ നിന്നു നിങ്ങളുടെ ഒരു സുഹൃത്ത് എത്തിയെന്നു കരുതുക. 'ഗ്രാമ'മെന്ന് അദ്ദേഹം കേട്ടിട്ടേയില്ല. എപ്പോഴെങ്കിലും നിങ്ങളുടെ സുഹൃത്ത് ഒരു ഗ്രാമത്തിലെത്തപ്പെട്ടാൽ അത് തിരിച്ചറിയാനുള്ള അഞ്ചു സൂചകങ്ങൾ (Clues)എന്തെല്ലാമായിരിക്കും എന്നു പറയുക. നിങ്ങളുടെ ക്ലാസ് ചെറുസംഘങ്ങളായി വേർതിരിഞ്ഞിരുന്ന് ഇത് ചെയ്യണം. ഓരോ സംഘവും കണ്ടെത്തിയ അഞ്ചു സൂചകങ്ങൾ താരതമ്യം ചെയ്യുക. ഏതു സൂചകമാണ് ആവർത്തിക്കപ്പെട്ടത്? ആ ആവർത്തിക്കപ്പെട്ട സൂചകത്തിന് ഗ്രാമത്തിന്റെ ഒരു നിർവചനം നൽകുന്നതിൽ സഹായിക്കാൻ കഴിയുമോ? നിങ്ങൾ നൽകിയ സൂചകങ്ങൾ ഒന്നുംതന്നെ ഇല്ലാത്ത ഗ്രാമങ്ങൾ നിലവിലുണ്ടോ? കണ്ടെത്തുക.



1950-കളിൽ നാഗരിക ഇന്ത്യക്കാർക്ക് സമൂഹശാസ്ത്രജ്ഞർ ആരംഭിച്ച ഗ്രാമപഠനങ്ങളോടു വലിയ താൽപ്പര്യമായിരുന്നു. ഇന്ന് അത്തരം ഒരു താൽപ്പര്യം നഗരങ്ങളിൽ നിലനിൽക്കുന്നതായി നിങ്ങൾക്ക് തോന്നുന്നുണ്ടോ? ആധുനികകാലത്ത് ദിനപത്രങ്ങളിൽ, സിനിമകൾ, ടെലിവിഷൻ എന്നിവകളിൽ സാധാരണയായി ഗ്രാമങ്ങളെ എത്രമാത്രം പ്രതിപാദിക്കാറുണ്ട്? നഗരത്തിലാണ് വസിക്കുന്നതെങ്കിൽ ഇപ്പോഴും നിങ്ങൾ ഗ്രാമത്തിലെ ബന്ധുക്കളുമായി ബന്ധം വച്ചുപുലർത്താറുണ്ടോ? നഗരത്തിൽനിന്നു ഗ്രാമത്തിലേക്ക് താമസംമാറ്റിയ ആരെയെങ്കിലും നിങ്ങൾക്ക് പരിചയമുണ്ടോ? തിരികെ നഗരത്തിലേക്കു പോകണമെന്ന് അവർ ആഗ്രഹിക്കുന്നുണ്ടോ? നഗരങ്ങളിൽനിന്നു ഗ്രാമത്തിലേക്കു മാറിത്താമസിക്കണമെന്ന് ആഗ്രഹിക്കുന്നവർ പറയുന്ന കാരണങ്ങൾ എന്തെല്ലാമാവാം? അങ്ങനെയുള്ളവരെ അറിയില്ലെങ്കിൽ എന്തുകൊണ്ടാണ് ആളുകൾക്ക് ഗ്രാമങ്ങളിൽ ജീവിക്കാൻ താൽപ്പര്യമില്ലെന്ന് നിങ്ങൾ കരുതുന്നത്? ഗ്രാമങ്ങളിൽനിന്നു നഗരത്തിൽ പോയി താമസിക്കാൻ ജനങ്ങൾ എന്തുകൊണ്ടായിരിക്കാം ആഗ്രഹിക്കുക?

## ഉപസംഹാരം

പുതുതായി സ്വതന്ത്രമായതും ആധുനികവൽക്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്നതുമായ ഇന്ത്യയിലെ സമൂഹശാസ്ത്രത്തിന് തനതായ വ്യക്തിത്വം നൽകിയവരാണ് ജി.എസ്. ഘുരെ, ഡി.പി. മുഖർജി, എ.ആർ. ദേശായി, എം.എൻ. ശ്രീനിവാസ് എന്നിവർ. സമൂഹശാസ്ത്രത്തെ വ്യത്യസ്ത രീതിയിൽ ദേശീയവൽക്കരിക്കുന്നതിൽ അവർ പ്രധാന പങ്കുവഹിച്ചു.

മുൻഗാമികളിൽനിന്നു ലഭിച്ച അറിവുകൾക്കപ്പുറത്തേക്ക് കാര്യങ്ങളെ വരുംതലമുറ കൊണ്ടെത്തിക്കുന്നത് ഏതൊരു വിഷയത്തിന്റെയും ആരോഗ്യത്തിന്റെയും ശാക്തീക

രണത്തിന്റെയും സൂചനയാണ്. ഇത് ഇന്ത്യൻ സമൂഹശാസ്ത്രത്തിനും സംഭവിച്ചുകൊണ്ടേയിരിക്കുന്നു. മുൻഗാമികളുടെ നിഗമനങ്ങളും കണ്ടെത്തലുകളും ക്രിയാത്മകമായ വിമർശനങ്ങൾക്കു വിധേയമാക്കി, വിഷയത്തെ വളർച്ചയിലേക്കു നയിക്കുകയാണ് പുതുതലമുറ. ഈ പഠനപ്രക്രിയയുടെയും വിമർശനത്തിന്റെയും സൂചനകൾ പാഠപുസ്തകത്തിൽ മാത്രമല്ല, ഇന്ത്യൻ സമൂഹശാസ്ത്രത്തിലാകെയും കാണാൻ കഴിയുന്നു.



**അൽപ്പംകൂടി...**

**ഇന്ത്യൻ സമൂഹശാസ്ത്രത്തിനു മാർഗം തെളിച്ചവരിൽ ചിലർ...**

രാധാകമൽ മുഖർജി, ഡി.പി. മുഖർജി, ജി.എസ്. ഘുരെ എന്നിവർ അക്കാദമിക രംഗത്തെ സമകാലികരായിരുന്നു. അധ്യാപകർ, ഗവേഷണ വഴികാട്ടികൾ, എഴുത്തുകാർ എന്നീ നിലകളിൽ (ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ) ഇന്ത്യൻ സമൂഹശാസ്ത്രത്തിൽ അവർ വ്യക്തിമുദ്ര പതിപ്പിച്ചിരുന്നു. സാമൂഹ്യശാസ്ത്രത്തെ (Social Science) പ്രത്യേക അറകളാക്കുന്നതിനെ രാധാകമൽ മുഖർജി വിമർശിച്ചിരുന്നു. സമൂഹശാസ്ത്രം, ധനതത്ത്വശാസ്ത്രം, ചരിത്രം എന്നിവയെ സംയോജിപ്പിച്ചുള്ള നിരവധി രചനകൾ അദ്ദേഹം നടത്തുകയുണ്ടായി. സാമൂഹ്യശാസ്ത്രങ്ങൾക്കിടയിൽ നിലനിൽക്കുന്ന ബന്ധങ്ങൾ, സമാനതകൾ തുടങ്ങിയവ കണ്ടെത്താൻ അദ്ദേഹം എപ്പോഴും ശ്രമിച്ചിരുന്നു.

ഇന്ത്യൻ സമൂഹത്തെ പാരമ്പര്യത്തിന്റെയും ആധുനികതയുടെയും വൈരുധ്യാത്മകത അടിസ്ഥാനപ്പെടുത്തി ഡി.പി. മുഖർജി പഠിക്കുകയുണ്ടായി. ഇന്ത്യൻ സംസ്കാരത്തിൽ വേരൂന്നിയിട്ടില്ലാത്ത ഒരു ഇന്ത്യക്കാരന്റെയും വ്യക്തിത്വം സന്തുലിതമല്ലെന്ന് മുഖർജി വിശ്വസിച്ചു.

വംശശാസ്ത്രജ്ഞനായിരുന്ന ജി.എസ്. ഘുരെ ഗോത്രവർഗങ്ങളുടെയും ജാതിയുടെയും പഠനങ്ങളിൽ ഏറെ താൽപ്പര്യം കാട്ടി. സാമൂഹിക ഉദ്ഗ്രഥനമായിരുന്നു അദ്ദേഹത്തിന്റെ നിലപാടുകൾ.

എ.ആർ. ദേശായി, എം.എൻ. ശ്രീനിവാസ്, ആന്ദ്രേ ബെറ്റ്ലി, ഐരാവതി കാർവെ, യോഗേന്ദ്രസിങ്, ടി. കെ. ഉമ്മൻ, ഡി.എൻ. മജുംദാർ, എൻ.കെ. ബോസ്, എസ്.സി. ദുബെ, കെ.എം. കപാഡിയ, ജേക്കബ് ജോൺ കട്ടക്കയം എന്നിവരുടെ സംഭാവനകൾ ഇന്ത്യൻ സമൂഹശാസ്ത്രത്തെ മുന്നോട്ടു നയിക്കുന്നു.

https://www.coursehero.com



**നിർവാഹകർ – നരവംശശാസ്ത്രജ്ഞർ (Administrator - Anthropologists)**

പത്തൊൻപതാം നൂറ്റാണ്ടിലെയും ഇരുപതാം നൂറ്റുണ്ടിലെയും ബ്രിട്ടിഷ് ഇന്ത്യാ ഗവൺമെന്റ് ഉദ്യോഗസ്ഥരെ സൂചിപ്പിക്കുന്ന പദം. സെൻസസ്, പ്രത്യേക സർവേകൾ, നരവംശപഠനം എന്നിവ നടത്തുന്നതിൽ ഇവർ പ്രത്യേക തൽപ്പരരായിരുന്നു.

**മനുഷ്യസംബന്ധഗണിതം (Anthropometry)**

മനുഷ്യന്റെ ശരീരഭാഗങ്ങളുടെ, പ്രത്യേകിച്ച് തലയോട്ടിയുടെ രൂപവും മൂക്കിന്റെ നീളവും തലയുടെ ചുറ്റളവും മറ്റും ഉപയോഗിച്ച് വർഗങ്ങളെ പഠിക്കുന്ന നരവംശശാസ്ത്രം.

**സ്വാംശീകരണം (Assimilation)**

വിപുലമായ സംസ്കാരങ്ങൾ ചെറുസംസ്കാരങ്ങളെ ഉൾക്കൊണ്ട് തങ്ങൾക്കുള്ളിലേക്കു സ്വീകരിക്കുന്നതിനെയാണ് സാംസ്കാരികസ്വാംശീകരണം എന്നു പറയുന്നത്. ചെറുസംസ്കാരങ്ങൾ അതോടെ ഇല്ലാതാവുന്നു.

**സ്വഗണവിവാഹം (Endogamy)**

സ്വന്തംവിഭാഗത്തിൽനിന്നു മാത്രം വിവാഹം കഴിക്കാൻ നിർബന്ധിക്കുന്ന സാമൂഹികസ്ഥാപനം. ഉദാഹരണം ജാതി.

**ബഹിർഗണവിവാഹം (Exogamy)**

സ്വന്തംവിഭാഗത്തിനു പുറത്തുനിന്നു മാത്രം വിവാഹം കഴിക്കാൻ നിർബന്ധിക്കുന്ന സാമൂഹികസ്ഥാപനം. ഉദാ: സപിണ്ഡ ബഹിർഗണവിവാഹം, സഗോത്ര ബഹിർഗണവിവാഹം (രക്തബന്ധത്തിന് അപ്പുറത്തുനിന്നു മാത്രം വിവാഹം അനുവദിക്കൽ).

**ലെയ്സെസ് ഫെയർ (Laissez - faire)**

ഒരു ഫ്രഞ്ച് പദം (ശൈലി). വിട്ടുകളയുക, അങ്ങനെ പൊയ്ക്കോട്ടെ, സ്വതന്ത്രവിപണിയുടെ നിയന്ത്രണാധികാരത്തിൽ വിശ്വസിക്കുന്ന ഭരണകൂടത്തിന്റെ സാമ്പത്തികബന്ധങ്ങൾ.



1. സമൂഹനരവംശശാസ്ത്രത്തിലേക്ക് അനന്തകൃഷ്ണയ്യരും ശരത്ചന്ദ്ര റായിയും എത്തിപ്പെട്ടത് എങ്ങനെ?
2. ആദിവാസിസമൂഹത്തെ എങ്ങനെ സമീപിക്കണമെന്നുള്ള പ്രധാനപ്പെട്ട രണ്ടു വാദമുഖങ്ങൾ എന്തെല്ലാം?
3. ഇന്ത്യയിലെ വർഗങ്ങളെയും ജാതിയെയും സംബന്ധിച്ച് ഹെർബർട്ട് റിസ്‌ലിയുടെയും ജി.എസ്. ഘുരെയുടെയും നിലപാടുകൾ എന്തെല്ലാം?
4. ജാതിയുടെ സമൂഹനരവംശശാസ്ത്ര നിർവചനം ചുരുക്കി എഴുതുക.
5. ഡി.പി. മുഖർജി ജൈവപാരമ്പര്യം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്താണ്? ഇന്ത്യൻ സമൂഹശാസ്ത്രജ്ഞർ പാരമ്പര്യത്തിൽ അധിഷ്ഠിതമായിരിക്കണം എന്ന് അദ്ദേഹം നിർബന്ധിക്കാൻ കാരണമെന്ത്?
6. ഇന്ത്യൻ സംസ്കാരത്തിന്റെയും പാരമ്പര്യത്തിന്റെയും സവിശേഷതകൾ എന്തെല്ലാമാണ്? അവ എങ്ങനെയെല്ലാമാണ് മാറ്റത്തിന്റെ ക്രമത്തെ ബാധിക്കുന്നത്?
7. ക്ഷേമരാഷ്ട്രം എന്നാൽ എന്ത് ? ക്ഷേമരാഷ്ട്രങ്ങളുടെ അവകാശവാദത്തെ എങ്ങനെയാണ് എ.ആർ. ദേശായി വിമർശനാത്മകമായി സമീപിച്ചത്?
8. ഗ്രാമത്തെ സമൂഹശാസ്ത്രപഠനത്തിന്റെ വിഷയമായി പരിഗണിക്കണമെന്നതിൽ ലൂയിസ് ഡ്യൂമണ്ടും എം.എൻ. ശ്രീനിവാസും തമ്മിലുണ്ടായ തർക്കത്തിലെ വാദങ്ങൾ എന്തെല്ലാമാണ്?
9. ഇന്ത്യൻ സമൂഹശാസ്ത്രചരിത്രത്തിൽ ഗ്രാമപഠനങ്ങളുടെ പ്രാധാന്യമെന്ത്? ഗ്രാമപഠനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിൽ എം.എൻ. ശ്രീനിവാസന്റെ പങ്കെന്ത്?
10. ഇന്ത്യയിലെ ഗോത്രങ്ങളെക്കുറിച്ച് ഒരു ദേശീയ കാഴ്ചപ്പാട് രൂപപ്പെടുത്തിയ സമൂഹശാസ്ത്രജ്ഞൻ ആരാണ്?
11. ഡി.പി. മുഖർജി ഇന്ത്യൻ പാരമ്പര്യത്തിന്റെ മാറ്റങ്ങൾ പഠിക്കാനുള്ള മൂന്നു തത്ത്വങ്ങൾ പറയുന്നുണ്ട്. അവ എന്തെല്ലാം?
12. ഇന്ത്യൻ ഗോത്രവിഭാഗങ്ങളെക്കുറിച്ചുള്ള ബ്രിട്ടിഷ് കാഴ്ചപ്പാടിനെ ഘുരെ വിമർശിക്കാനുള്ള കാരണങ്ങൾ?
13. ജാതിയുടെ നിർവചനത്തിനായി ഘുരെ ആറു പ്രത്യേകതകൾ പറയുന്നു. ഏതെല്ലാം?
14. സമകാലിക ഇന്ത്യൻ സമൂഹത്തിലെ ജാതികളിൽ ജി.എസ്. ഘുരെ ചൂണ്ടിക്കാട്ടിയ ജാതിയുടെ പ്രത്യേകതകൾ നിരീക്ഷിക്കാൻ കഴിയുമോ? നിങ്ങളുടെ നിരീക്ഷണങ്ങളുടെ ഒരു കുറിപ്പ് തയാറാക്കുക.
15. 'അനുഭവം' അല്ലെങ്കിൽ വ്യക്തിപരമായ അനുഭവമാണ് പാരമ്പര്യത്തെ സജീവമാക്കുന്ന വിപ്ലവാത്മകമായ തത്ത്വം - ഡി.പി. മുഖർജിയുടെ വീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ ഈ പ്രസ്താവന വിലയിരുത്തുക.
16. പാരമ്പര്യത്തെക്കുറിച്ചും മാറ്റത്തെക്കുറിച്ചുമുള്ള ഡി.പി. മുഖർജിയുടെ വാദമുഖങ്ങൾ ചുരുക്കി പ്രസ്താവിക്കുക.
17. ക്ഷേമരാഷ്ട്രത്തിന്റെ പ്രത്യേകതകളായി എ.ആർ. ദേശായി ചൂണ്ടിക്കാട്ടിയവ എന്തെല്ലാം?

DESAI, A.R. 1975. *State and Society in India: Essays in Dissent*. Popular Prakashan, Bombay

DESHPANDE, SATISH. 'Fashioning a Postcolonial Discipline: M.N. Srinivas and Indian Sociology' in Uberoi, Sundar and Deshpande (eds) (in press)

GHURYE, G.S. 1969. *Caste and Race in India*, Fifth Edition, Popular Prakashan, Bombay

PRAMANICK, S.K. 1994. *Sociology of G.S. Ghurye*, Rawat Publications, Jaipur, and New Delhi

MUKERJI, D.P. 1946. *Views and Counterviews*. The Universal Publishers, Lucknow

MUKERJI, D.P. 1955. 'Indian Tradition and Social Change', Presidential Address to the All India Sociological Conference at Dehradun, Reproduced in T.K. Oommen and Partha N. Mukherji (eds) 1986. *Indian Sociology: Reflections and Introspections*, Popular Prakashan, Bombay

MADAN, T.N. 1994. *Pathways: Approaches to the Study of Society in India*. Oxford University Press, New Delhi

PATEL, SUJATA. '*Towards a Praxiological Understanding of Indian Society:* The Sociology of A.R. Desai', in Uberoi, Sundar and Deshpande (eds) (in press)

SRINIVAS, M.N. 1955. *India's Villages*. Development Department, Government of West Bengal. West Bengal Government Press, Calcutta

SRINIVAS, M.N. 1987. 'The Indian Village: Myth and Reality' in *the Dominant Caste and other Essays*. Oxford University Press, New Delhi

UBEROI, PATRICIA, NANDINI SUNDAR AND SATISH DESHPANDE (eds) (in press). *Disciplinary Biographies: Essays in the History of Indian Sociology and Social Anthropology*. Permanent Black, New Delhi

UPADHYA, CAROL. 'The Idea of Indian Society: G.S. Ghurye and the Making of Indian Sociology', in Uberoi, Sundar and Deshpande (eds) (in press)